# ക്വുർആൻ പഠനത്തിനൊരു മുഖവുര

(രണ്ടാം പതിപ്പ്)

•

എ എം ഉസ്മാൻ
(റിട്ട. ചീഫ് എൻജി.)

യുവത
ബുക്ക്ഹൗസ്

MALAYALAM
TITLE : **QUR'AN PADHANATHINORU MUKHAVURA**
AUTHOR : **A M USMAN**
COVER : MUJEEB KOKKUR & SALIH
FIRST EDITION: MAY 2000
SECOND EDITION:DEC 2009
DTP: MICROPRINT, CALICUT-2
PRINTED AT: KAIRALI OFFSET PRINTS, CLT-2
PRICE: RS 40.00
YBH 159, C 2000
COPYRIGHT RESERVED WITH PUBLISHER
YUVATHA
BOOK HOUSE
P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 2701812

## ■ പ്രസാധകക്കുറിപ്പ്

വിശുദ്ധ ക്വുർആന്റെ വ്യത്യസ്ത രൂപത്തിലുള്ള പഠനങ്ങൾ മുസ്‌ലിം സമുദായത്തിനകത്തും പുറത്തും നൂറ്റാണ്ടുകളായി നടന്നുവരുന്നു. തന്റെ ജീവിതത്തെ പ്രകാശമാനമാക്കിയ ക്വുർആന്റെ ദിവ്യപ്രകാശം പൂർണവും സ്ഫുടവുമായ ആത്മീയജ്യോതിസ്സോടെ നമ്മുടെ മുമ്പിലെത്തിക്കാനാണ് ഗ്രന്ഥകർത്താവ് ഈ കൃതിയിലൂടെ ശ്രമിക്കുന്നത്. ഇത് ഒരു വ്യാഖ്യാനമല്ല, യാന്ത്രികവും ചൈതന്യരഹിതവുമായ പരിശോധനയുമല്ല; ആസ്വാദനമാണ്, മാനസികമായ ആസ്വാദനം. ക്വുർആനെ മനസ്സിലാക്കാനാഗ്രഹിക്കുന്നവർക്ക് ഈ കൃതി അനുഗ്രഹമായിത്തീരും.

കോഴിക്കോട് **ഡയറക്ടർ**
20-12-09 യുവത

## ഉള്ളടക്കം


മുൻവേദങ്ങളിൽ നിന്നും വേറിട്ടുനില്ക്കുന്ന ഗ്രന്ഥം ......... 7

ക്വുർആൻ ഒരു പ്രേരകശക്തി .......................................... 14

വിവർത്തനത്തിലെ വെല്ലുവിളികൾ ................................ 21

പഠനവും വ്യാഖ്യാനവും ചില അടിസ്ഥാന തത്വങ്ങളും ... 43

മുഅ്ജിസത്തുകൾക്ക് ദുർവ്യാഖ്യാനങ്ങൾ ........................70

തേജോവാഹിയായ ദൈവസന്ദേശം .................................. 94

# മുൻവേദങ്ങളിൽ നിന്നും വേറിട്ടുനില്ക്കുന്ന ഗ്രന്ഥം

"സ്തുതികീർത്തനങ്ങളെല്ലാം അല്ലാഹുവിന്നാണ്. തന്റെ ദാസന് ഗ്രന്ഥം ഇറക്കിയവൻ. അവൻ അതിൽ വക്രതയേ ഉണ്ടാക്കിയിട്ടില്ല" (18:1). "അതിനു കാരണം, അല്ലാഹു ഗ്രന്ഥത്തെ ഇറക്കിയത് സത്യത്തോടുകൂടിയാണ്. വേദഗ്രന്ഥത്തിൽ ഭിന്നിക്കുന്നവർ വിദൂരമായ അകല്ച്ചയിലത്രെ!"(2:176)

"...അല്ലാഹുവിങ്കൽ നിന്നു ഞങ്ങൾക്ക് ഇതാ ഒരു വെളിച്ചവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നെത്തിയിരിക്കുന്നു. അതുവഴി അല്ലാഹു അവന്റെ തൃപ്തി നേടുന്നവരെ സമാധാനമാർഗങ്ങളിലേക്കു വഴികാണിക്കും; അവന്റെ അനുമതിയാൽ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്കു കൊണ്ടുവരികയും അവരെ നേർമാർഗത്തിലേക്കു നയിക്കുകയും ചെയ്യും"(5:15,16). "എന്നാൽ ബുദ്ധിമാൻമാരല്ലാതെ (യാഥാർഥ്യങ്ങൾ) ചിന്തിച്ചു ഗ്രഹിക്കുന്നില്ല."(2:269)

പ്രാചീന വേദങ്ങളെയെല്ലാം അതിശയിപ്പിച്ചുകൊണ്ട് സ്വച്ഛമായ ഒളി വീശുന്ന സർവ സുരക്ഷിതമായ പരിശുദ്ധ ക്വുർആൻ കരുണാനിധി തന്റെ ദൂതനു നല്കിയ കരുണാസമ്പൂർണമായ സന്ദേശസംഹിതയത്രെ.

ക്വുർആനിനു മുമ്പിറങ്ങിയ പ്രാചീന വേദങ്ങൾ കാലപ്പഴക്കത്തിൽ അവശേഷിപ്പിക്കാതെയോ, അല്ലെങ്കിൽ മൂലഗ്രന്ഥം ഒരു പകർപ്പുപോലും നിലവിലില്ലാതെ രൂപാന്തരപ്പെടുകയോ ചെയ്തു. പരിശുദ്ധ ക്വുർആൻ എല്ലാ ജനസമുദായങ്ങൾക്കുമുള്ള സന്ദേശമാണ് (81:27). അതിലെ മതവിധികൾ മറ്റെല്ലാ മതസിദ്ധാന്തങ്ങളെയും മികച്ചു വിജയിക്കുന്നു (9:33; 48:28; 61:9). ഓരോ പ്രവാചകനും തന്റെ ജനതയ്ക്കു ദൈവസങ്കല്പങ്ങൾ നല്കിവന്നു. ഈ പ്രാചീന സന്ദേശങ്ങളുടെയെല്ലാം പരിപൂർണ രൂപമാണ് അന്ത്യപ്രവാചകൻ വഴി അല്ലാഹു ലോകർക്ക് പ്രത്യക്ഷമാക്കിയ ക്വുർആൻ. ഇനി ഒരു ദൈവദൂതനോ ദിവ്യസന്ദേശമോ വരാനില്ല; അതിന്നാവശ്യവുമില്ല.

എല്ലാം സൃഷ്ടിക്കുന്നതിനു മുമ്പായിത്തന്നെ കാരുണ്യം തന്റെ സ്വയം ബാധ്യതയാക്കി നിയമിച്ച അല്ലാഹു (6:12) അവന്റെ കാരുണ്യത്തെ പ്രകടിപ്പിക്കുവാൻ വേണ്ടി മനുഷ്യനെ സൃഷ്ടിച്ചു(11:19); അവന് സന്ദേശങ്ങൾ വഴി മാർഗദർശനം നല്കി. ആ സന്ദേശപരമ്പരയുടെ പരിപൂർണത ലഭ്യമായ (5:3) പ്രവാചക ശ്രേഷ്ഠൻ 'സർവലോകങ്ങൾക്കും കാരുണ്യ'മായി വിളങ്ങി (21:107). ജനസമുദായങ്ങൾക്കെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ള കരുണ പ്രഖ്യാപിക്കുവാൻ കരുണാനിധി തന്റെ ദൂതന് കാരുണ്യത്തിന്റെ ഗ്രന്ഥം നല്കി. "പരമകാരുണികൻ! അവൻ ക്വുർആൻ പഠിപ്പിച്ചു"(55:1.2). "അവനാകുന്നു തന്റെ ദാസനിൽ പ്രത്യക്ഷമായ ലക്ഷ്യവചനങ്ങളെ അവതരിപ്പിച്ചത്. നിങ്ങളെ ഇരുളുകളിൽ നിന്ന് വെളിച്ചത്തിലേക്കു വിമുക്തരാക്കുവാൻ വേണ്ടി. (എന്തുകൊണ്ടെന്നാൽ) അല്ലാഹു നിശ്ചയായും കനിവുറ്റവനും കരുണാനിധിയുമത്രെ''(57:9). ''തത്വസമ്പൂർണമായ ഗ്രന്ഥത്തിലെ വാകൃങ്ങളാണിവ. സൽകർമികൾക്ക് ഇതൊരു മാർഗദർശനവും കാരുണ്യവുമാണ്"(31:2,3). "നാം നിനക്ക് ഇറക്കിയിട്ടുള്ള ഗ്രന്ഥം എല്ലാ കാര്യങ്ങളും വിവരിക്കുന്നതായും മുസ്‌ലിംകൾക്ക് മാർഗദർശനവും കാരുണ്യവും സന്തോഷവാർത്തയുമായിട്ടുമത്രെ!''(16:89)

അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം അതിന്റെ പൂർണദശയിൽ സ്ഫുരിക്കുന്ന തേജോമയമായ പരിശുദ്ധ ക്വുർആനിന്റെ മുമ്പിൽ പ്രകാശം അപൂർണമായിരുന്ന മുൻസന്ദേശങ്ങൾ നിഷ്പ്രഭങ്ങളായി. ഉദിച്ചുയർന്ന സൂര്യനു മുമ്പിൽ നക്ഷത്രങ്ങളുടെ തിളക്കവും, അതു തുടർന്നു നിലകൊള്ളേണ്ട ആവശ്യവും ഇല്ലാതാകുന്നതുപോലെ. കാരുണ്യം സ്വന്തം ബാധ്യതയാക്കിയ അല്ലാഹുവിന്റെ നിയമത്തിന് ഒരു താഴ്ചയോ സ്തംഭനമോ അസാധ്യമെങ്കിൽ ക്വുർആനിന്റെ ആ പരിപൂർണ പ്രകാശത്തെ ഒട്ടും മങ്ങാതെയും മറയാതെയും സൂക്ഷിക്കുകയെന്നതും അവൻ സ്വയം സ്വീകരിച്ച ബാധ്യതയാണ്.

''(മനുഷ്യനെ സത്യം തികച്ചും) ഉണർത്തുന്ന (ക്വുർആൻ) തങ്ങൾക്കു വന്നെത്തിയപ്പോൾ അതിനെ നിഷേധിക്കുന്നവർ (എത്ര അധപ്പതിച്ചവർ). അതു (മറ്റെല്ലാ വേദങ്ങളെയും) വിജയിക്കുന്ന സുശക്ത ഗ്രന്ഥമത്രെ! അതിന്റെ മുമ്പിലൂടെയോ പിന്നിലൂടെയോ അസത്യം അതിനെ സമീപിക്കുകയില്ല. അത് അതീവ തന്ത്രജ്ഞനും സ്തുത്യർഹനുമായ (അല്ലാഹുവിൽ) നിന്നുള്ള അവതരണത്രെ"(4:41,42). "നിശ്ചയമായും നാം തന്നെയാണ് അതിന്റെ കാവൽക്കാരൻ" (15:9). മുൻവേദങ്ങളുടെ നിഷ്കളങ്കമായ നിലനില്പോ, ക്വുർആനുശേഷം അവയുടെ ആവശ്യകതയോ അല്ലാഹുവിന്റെ പദ്ധതിയിൽ പെട്ടതല്ല എന്നതിനു മതിയായ കാരണങ്ങളുണ്ട്. ഇതര ഗ്രന്ഥങ്ങളുടെ പ്രാധാന്യം ശോഷിച്ചു കളങ്കപ്പെടുത്തുവാനും കാലാന്തരത്തിൽ നാമാവശേഷമാകുവാനുമിടയായ കാരണങ്ങളിലൊന്ന് മൂലഗ്രന്ഥം സൂക്ഷിച്ചു പതിവായി ഓതുകയും ഓർമി

ക്കുകയും ചെയ്യുന്നതിനു പകരം അതിനെ കാലക്രമത്തിൽ അഗണ്യ മാക്കി ഓരോ പുരോഹിതന്റെയും പ്രസാധകന്റെയും പരിഭാഷകന്റെയും കാലോചിതമായ മനോഗതിപോലെ ഓരോ പതിപ്പിലും ഓരോ ഭാഷയിലും മാറ്റങ്ങൾ വരുത്തി ഭാഷാന്തരം ചെയ്യപ്പെട്ട വേദങ്ങൾക്കു പ്രാധാന്യവും മഹത്വവും നല്കുന്നു എന്നുള്ളതാണ്. അങ്ങനെയിരിക്കെ പരിശുദ്ധ ക്വുർ ആനെ അല്ലാഹു കാത്തുരക്ഷിക്കും എന്നതിന്റെ ഒരു വശമാണ്, ആ മൂലഗ്രന്ഥത്തിന്റെ പ്രാധാന്യമോ മഹത്വമോ ഉപയോഗമോ കവരുകയോ കുറയ്ക്കുകയോ പകർത്തുകയോ ചെയ്യുന്ന ഒരു ഭാഷാന്തര ഗ്രന്ഥം അല്ലെങ്കിൽ ഒരു 'മലയാള ക്വുർആനോ' 'ഇംഗ്ലീഷ് ക്വുർആനോ' നിർമി ക്കുക സാധ്യമാവുകയില്ല എന്നുള്ളത്.

## ഒരേയൊരു ക്വുർആൻ

പരിശുദ്ധതയുടെ പരിപൂർണതയിൽ വിളങ്ങുന്ന ക്വുർആൻ ശരീഫ് മനുഷ്യനിർമിതമല്ല. ആകാശഭൂമികൾ സൃഷ്ടിക്കുന്നതിനു മുമ്പായി പര മകാരുണികനായ അല്ലാഹു 'എന്റെ കരുണ എന്റെ ക്രോധത്തെ കവ ച്ചുവെക്കാൻ' എന്ന നിയമം സ്വയം ബാധ്യതയാക്കി. ഇതിന്റെ സാക്ഷീ കരണമായി അവന്റെ കരുണയെ പരിപൂർണമായി പ്രഖ്യാപിക്കുകയും അതിലേക്കു മനുഷ്യനെ ക്ഷണിക്കുകയും ചെയ്യുന്ന അവന്റെ സന്ദേശ സൂക്തങ്ങൾ സംരക്ഷിതഫലകത്തിൽ രചിക്കപ്പെട്ടു. അല്ലാഹുവിൽ നിന്നു പരിപൂർണതിൽ പ്രവഹിക്കേണ്ട പ്രകാശവും കരുണയും അർഹിക്കു വാനും വഹിക്കുവാനും പര്യാപ്തമായ സ്വഭാവവൈശിഷ്ട്യവും ധാര ണാശക്തിയും ആത്മീയ പ്രഭാവവും പ്രദാനംചെയ്ത് 'സർവലോക ങ്ങൾക്കും കാരുണ്യ'മായും 'പ്രകാശം പരത്തുന്ന വിളക്കാ'യും മുഹ മ്മദ് മുസ്ത്വഫാ(സ)യെ നിയോഗിച്ചു. ഈ അന്ത്യപ്രവാചകനു ജിബ്രീൽ( അ) ആ ദിവ്യവചനങ്ങൾ അവസരോചിതമായി അല്ലാഹുവിന്റെ കല്പ നപ്രകാരം ഇരുപത്തിമൂന്നു കൊല്ലങ്ങളിൽ മുഴുമിക്കുമാറ് ഹൃദയത്തി ലേക്ക് എത്തിച്ചുകൊടുത്തു. ഈ വചനങ്ങളെല്ലാം ഒന്നും വിട്ടുപോ കാതെയും ഒരൊറ്റ പദത്തിനോ ലിപിക്കോ വള്ളിക്കോ പുള്ളിക്കോ വ്യത്യാസം കൂടാതെയും നബി(സ) പ്രഖ്യാപിക്കുകയും ആ വാക്യങ്ങ ളെല്ലാം നബിയുടെ മുമ്പിൽ വെച്ചുതന്നെ എഴുതപ്പെടുകയും സ്വഹാബി കൾ മനപ്പാഠമാക്കുകയും ചെയ്തു. 'ലൗഹി'ൽ സൂക്ഷിക്കപ്പെട്ട ക്വുർ ആനും, നബി(സ്വ)യും സ്വഹാബികളും ഓതുകയും ഓർമിക്കുകയും ചെയ്ത ക്വുർആനും, ഇക്കാലം കോടിക്കണക്കായ പ്രതികളിലും മന പ്പാഠം സൂക്ഷിക്കുന്ന ലക്ഷക്കണക്കായ ഹൃദയങ്ങളിലും നിലകൊള്ളുന്ന ക്വുർആനും അധ്യായങ്ങളിലും വചനങ്ങളിലും മാത്രമല്ല, ഒരൊറ്റ അക്ഷ രത്തിലോ നിർത്തൽ സംബന്ധമായ ഒരു ചിഹ്നത്തിൽ പോലുമോ യാതൊരു വ്യത്യാസവുമില്ല. ഏട്ടിലും ഹൃദയങ്ങളിലുമായുള്ള ഇത്ര സുര ക്ഷിതമായ ഒരു സൂക്ഷിപ്പ് മറ്റൊരു വേദവും ഇന്നവകാശപ്പെടുന്നില്ല.

ക്രൈസ്തവ ചരിത്രകാരൻ ബോസ്വെർത് സ്മിത്ത് എഴുതുന്നു: “ബൈബിൾ പ്രത്യേകിച്ചും ഇങ്ങനെ അവകാശപ്പെടുന്നില്ല. ഒട്ടധികം കവികൾ, നിയമജ്ഞർ എന്നിവരുടെയും അതിനു മുമ്പുണ്ടായിരുന്നതും പലപ്പോഴും പരസ്പര വൈപരീത്യമുള്ള ഏടുകൾ ഉൾക്കൊള്ളിച്ചുകൊണ്ടും നിർമിച്ച ഒരു ഗ്രന്ഥമാണ് ബൈബിൾ.”

ക്വുർആന്റെ എല്ലാ പ്രാചീന ഗ്രന്ഥങ്ങളിലും വച്ച് ഏറ്റവും ശുദ്ധമാണെന്ന് ‘വെറി’ എഴുതുന്നു. മുഹമ്മദ് പ്രഖ്യാപിച്ച ആ വചനങ്ങൾക്കു യാതൊരു കുറയ്ക്കലോ ചേർക്കലോ ലവലേശം വ്യത്യാസമോ വന്നിട്ടില്ലെന്നു പാൾമർ, ആർനോൾഡ്, ലെയ്ൻപോൾ, മൂർ, ജോവി, ഹിറ്റി മുതലായ പല അമുസ്ലിം ചരിത്രകാരന്മാരും വ്യക്തമായി സമ്മതിച്ചിട്ടുണ്ട്. ക്വുർആനിൽ യാതൊരു വ്യത്യാസമോ കലർപ്പോ ഭവിക്കാതെ അതിന്റെ പരിശുദ്ധത ഇന്നും എന്നും നിലകൊള്ളും. കാരണം, അതിന്റെ സൂക്ഷിപ്പു ബാധ്യത അല്ലാഹുവിന്റെ വാഗ്ദാനമാണ്.

## വചനങ്ങളുടെ അതുല്യത

“(നബിയേ,) നീ പറയുക: മനുഷ്യരും ജിന്നുകളും ആകമാനം സമ്മേളിച്ച് ഈ ക്വുർആന് തുല്യമായതു കൊണ്ടുവരാൻ ശ്രമിച്ചാൽ, അവർ (അതിന്നായി) പരസ്പരം സഹായിച്ചാൽ പോലും അതിനോട് തുല്യമായ ഒന്ന് അവർ കൊണ്ടുവരികയില്ല”(17:88). “അതല്ല, അവർ പറയുന്നുവോ, അത് അവൻ കെട്ടിച്ചമച്ചതാണെന്ന്? (നബിയേ, അവരോട്) പറയുക: അങ്ങനെയെങ്കിൽ അതിനു തുല്യമായ പത്ത് അധ്യായങ്ങൾ നിങ്ങൾ നിർമിച്ചുകൊണ്ടുവരിക. (ഇതിലേക്കു സഹായത്തിനായി) അല്ലാഹു ഒഴികെ നിങ്ങൾക്കു കഴിയുന്നവരെയെല്ലാം ക്ഷണിച്ചുകൊള്ളുക; നിങ്ങൾ നേരു പറയുന്നവരാണെങ്കിൽ.”(11:13)

നമ്മുടെ ദാസനു നാം ഇറക്കിക്കൊടുത്തതിൽ നിങ്ങൾ സംശയത്തിലാണെങ്കിൽ അതുപോലുള്ള ഒരധ്യായം നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനു പുറമെ നിങ്ങൾക്കു സഹായികളെ നിങ്ങൾ വിളിച്ചുകൊൾക”(2:23). ക്വുർആനിന്റെ കർത്താവ് അല്ലാഹുവല്ലാതെ, അത് മുഹമ്മദിന്റെ സ്വയംകൃതമാണെന്നു പറയുന്നവരോട് ക്വുർആൻ തുല്യമായ ഒരധ്യായമെങ്കിലും കൊണ്ടുവരിക എന്ന വെല്ലുവിളിവാക്യം 10:38ലും ഉൾക്കൊള്ളുന്നു.

ഈ വെല്ലുവിളിക്കു ഇതേവരെ ഒരൊറ്റ പ്രത്യുത്തരവുമുണ്ടായിട്ടില്ല. മൂന്നു ചെറു സൂക്തങ്ങടങ്ങിയ ഒരു വരി മാത്രം വരുന്ന അധ്യായമാണ് ‘സൂറത്തുൽ കൗസർ’. രണ്ടോ മൂന്നോ വരികൾ മാത്രം വരുന്ന മറ്റു പല അധ്യായങ്ങളുമുണ്ട്. ഇത്തരം ഒരു ചെറിയ അധ്യായത്തിനോടെങ്കിലും സാമ്യംവഹിക്കുന്ന ഒന്നു നിർമിക്കാൻ അറബി സാഹിത്യത്തിൽ പ്രശക്തി നേടിയ പലരും ദീർഘകാലം ശ്രദ്ധചെലുത്തി ശ്രമിക്കുകയുണ്ടായി. എന്നാൽ ക്വുർആൻ വചനങ്ങളുടെ വിപുലവും വിശിഷ്ടവുമായ അർഥപുഷ്ടിയും ഹൃദയം കവരുന്ന സിദ്ധാന്തങ്ങളും ശക്തവും

പ്രശോഭനീയവുമായ രചനയും ആവേശമുണ്ടാക്കുന്ന ഛന്ദസ്സും സ്വരാവരോഹവും അവരുടെ ഉദ്യമങ്ങൾക്കു മുമ്പിൽ വിഘ്നം സൃഷ്ടിച്ചു. നിരാശയാൽ അവരുടെ ഹൃദയം തളർന്നു. വിരലുകൾ മരവിച്ചു. തൂലിക സ്തംഭിച്ചു. എങ്കിലും ഏതൊരു ദിവ്യവചനത്തെ എതിരിടുവാൻ അവർ ശ്രമപ്പെട്ടോ ആ വചനത്തെ അവരുടെ ഹൃദയത്തിൽനിന്നോ അധരത്തിൽ നിന്നോ അകറ്റുവാൻ അവർക്ക് സാധ്യമായില്ല. അതിന്റെ പ്രചോദനം അവരെ കീഴടക്കി. പരാജയത്തെ അവർ മറന്നു. ആ ദിവ്യസൂക്തങ്ങളിലെ സത്യസന്ദേശങ്ങൾ അവരുടെ ഹൃദയത്തെ കവർന്നു. അവർ സത്യമൊഴി അരുളി. വിജയത്തിലേക്ക് ഉയർന്നെത്തി. ക്വുർആന് സാമ്യമുള്ള വചനങ്ങൾ നിർമിക്കുവാൻ ശ്രമപ്പെട്ടവരിൽ അധികം പേരുടെയും അനുഭവം ഇതായിരുന്നു.

“അറബി സാഹിത്യകാരന്മാരിൽ വെച്ച് അതിനിപുണർ പോലും ക്വുർആന്റെ ഉൽകൃഷ്ടതയോടു സമം നില്ക്കുന്ന ഒന്നും തന്നെ രചിച്ചിട്ടില്ലെന്നുള്ളതിൽ അത്ഭുതപ്പെടാനില്ല” (Palmer). “മുഹമ്മദ് അവകാശപ്പെട്ട ഒരേയൊരു അമാനുഷിക കൃത്യമായിരുന്നു (ക്വുർആൻ). അതു തന്റെ എന്നും നിലനില്ക്കുന്ന അമാനുഷിക (Miracle) എന്നായിരുന്നു അതിനെ അദ്ദേഹം വിളിച്ചത്. അത് ഒരു അമാനുഷിക കൃത്യമെന്നതു തീർച്ചതന്നെ” (Bose worth smith). അമുസ്ലിംകൾപോലും ഇങ്ങനെ എഴുതുവാൻ പ്രേരിതരായെങ്കിൽ വിശുദ്ധ ക്വുർആന്റെ ആവേശത്തിനു ഹൃദയപൂർവം വശംവദനായ മുസൽമാൻ അതിന്റെ പ്രഭാവം പുകഴ്ത്തുവാൻ പര്യാപ്തമൊഴികൾ കാണാതെ വിഷമിച്ചിരുന്നതിൽ ആശ്ചര്യമില്ല.

“ഈ ക്വുർആൻ അല്ലാഹുവല്ലാതെ മറ്റാരാലും നിർമിക്കപ്പെടാവുന്നതല്ല”(10:37). ഈ സത്യം ലക്ഷീകരിക്കുന്ന ക്വുർആൻ വചനങ്ങൾക്കുള്ള സവിശേഷതകളിൽ ചിലതു താഴെ സൂചിപ്പിക്കാം:

1. അത്ഭുതാവഹവും അതുല്യവുമായ രചന. 2. ഹൃദയം കവരുന്ന ഛന്ദസ്സും രോമാഞ്ചമുണ്ടാക്കുന്ന സ്വരാവരോഹവും 3. ഓതുവാനും ഓർക്കുവാനും മനപ്പാഠമാക്കാനും ഏറ്റവും സുഗമമായ വാക്സരണി 4. കേട്ടാൽ മതിവരാതാക്കുകയും കേൾക്കുന്നവരെ ഹഠാദാകർഷിക്കുകയും ചെയ്യുന്ന ഭാഷാസരണി 5. അതിൽ വിവരിക്കുന്ന മുൻ സംഭവങ്ങളിലും പ്രവചനങ്ങളിലുമുള്ള വ്യക്തമായ പരാമർശം. 6. എതിർവാദമറ്റ തത്വസിദ്ധാന്തങ്ങളും ശാസ്ത്രീയ രഹസ്യങ്ങളും. 7. വിശ്വാസകാര്യങ്ങളുടെ സ്വീകാര്യയോഗ്യത. 8. ധാർമിക ശാസനകളുടെ പരിപൂർണമായ അനുയോജ്യതയും പ്രായോഗികതയും. 9. ദോഷബാധയിൽ നിന്നു നാശത്തിൽ നിന്നും മനുഷ്യനെ ഭീതിയോടെ പിന്തിരിപ്പിക്കുവാൻ പര്യാപ്തമായ ഹൃദയവും അധരങ്ങളും വിറപ്പിക്കുകയും അശ്രുക്കൾ വീഴ്ത്തുകയും ചെയ്യുന്ന മുന്നറിയിപ്പുകൾ. 10. നന്മയിലേക്കും വിജയത്തിലേക്കും മുന്നേറുവാൻ മനുഷ്യനെ പ്രോത്സാഹിപ്പിക്കുകയും ഹൃദയത്തിൽ പ്രസാദവും പ്രത്യാശയും ഉളവാക്കുകയും ചെയ്യുന്ന സന്തോഷവാർത്തകൾ.

11. വിഷാദത്തിലും വിഷമതയിലും ആപത്ഘട്ടത്തിൽപോലും ഹൃദയം പതറാതെ അല്ലാഹുവിന്റെ ഓർമയിൽ സത്യവിശ്വാസിയുടെ ഹൃദയം പ്രശാന്തവും സംതൃപ്തവുമാക്കുന്ന സാന്ത്വനവാക്കുകളും രക്ഷാപ്രതിജ്ഞകളും.

12. എത്ര എഴുതിയാലും മതിയാകാത്ത, ഓരോ വചനത്തിനുമുള്ള അർഥ പുഷ്ടി.

13. അവ്യക്തതയോ വക്രതയോ വൈകല്യമോ വൈരുധ്യമോ ഒരിടത്തും സ്പർശിക്കാത്ത അത്ഭുതകരമായ അനുയുക്തത.

14. വിവിധ വചനങ്ങളുടെ ഏകതാനതയോടു കൂടിയ സമീകരണം, ദൃഢീകരണം, വിശദീകരണം.

15. ഏതെങ്കിലും അധ്യായത്തിൽ ഒരു വചനമോ ഏതെങ്കിലും വചനത്തിൽ ഒരു പദമോ പാരായണത്തിലോ ഓർമയിലോ പിഴവായി മാറിപ്പോയാൽ ആ വൈകല്യം തെളിഞ്ഞുനില്ക്കുമാറുള്ള മൂലവചനങ്ങളുടെ അമാനുഷികമായ പരിപൂർണത.

16. ഒരൊറ്റ ചരിത്രസംഭവമോ ശാസ്ത്രീയരഹസ്യമോ പ്രാപഞ്ചിക നിയമമോ ശാരീരിക കർമമോ അതായും അതിന്നായും മാത്രം വിവരിക്കാതെ, ദൈവസ്മരണയിലേക്കോ പാരത്രികമോ ആത്മീയമോ ആയ ലക്ഷ്യത്തിലേക്കോ നയിക്കുന്ന സൂക്തക്രമീകരണം.

17. പാദാർഥിക വശം X ആത്മീയ വശം, ശാരീരിക വശം X മാനസിക വശം, ഭൗതികവശം X പാരത്രിക വശം  വിശ്വാസ വശം X പ്രവർത്തന വശം, ബാഹ്യവശം X ആന്തരിക വശം എന്നിവ സംയോജിപ്പിച്ച സമതുലിതമായ പ്രതിപാദനങ്ങൾ.

18. പരമരഹസ്യങ്ങളും ഗൂഢതത്വങ്ങളും സംക്ഷിപ്തമായി പ്രത്യക്ഷമാക്കുന്ന അതിവിശിഷ്ടവും വിചിത്രവുമായ അലങ്കാരപ്രയോഗങ്ങൾ, സാങ്കേതിക പ്രയോഗങ്ങൾ, ദൃഷ്ടാന്തപ്രയോഗങ്ങൾ.

19.ഏതൊരു ജ്ഞാനിക്കും ചിന്തകനും ഏതൊരു വിഷയത്തിലും ഏതു സന്ദർഭത്തിലും ക്വുർആനോട് എത്ര ആത്മാർഥമായി അടുക്കുന്നുവോ, അത്ര വർധിച്ച തോതിൽ അതാതു രംഗത്ത് പോഷണം നല്കുന്ന അളവറ്റ ധന്യത.

20. കുറഞ്ഞ വാക്കുകൾ കൊണ്ട് ഒരൊറ്റ വചനത്തിൽ തന്നെ പല വിഷയങ്ങളും ലളിതമായി ഉൾക്കൊള്ളുന്ന സംക്ഷിപ്തമായ രചനാവിശേഷം.

21. വളച്ചുകെട്ടി വലിച്ചുനീട്ടുന്ന പ്രതിപാദനങ്ങൾ കൂടാതെ ശരവേഗത്തിൽ ഹൃദയത്തിൽ പതിക്കുന്ന യുക്തിവാദശൈലി.

22. ഹൃദയാന്തരത്തിലെ വികാരമണ്ഡലത്തിൽ കൊടുങ്കാറ്റുപോലെ ആഞ്ഞുവീശി ആട്ടിയുലച്ച് അതിനു വിധേയമാക്കുന്ന ദിവ്യശക്തി.

23. എഴുതിയാലൊടുങ്ങാത്ത ആശയങ്ങൾ ഉൾക്കൊള്ളുന്ന അർധോക്തികൾ.

മേൽ സൂചിപ്പിച്ച ഇനങ്ങൾ, എഴുതുമ്പോൾ ഓർമവന്നതും വാക്കു

കളുടെ കഴിവിൽപെട്ടതും മാത്രമാണ്. അനുഭവങ്ങളിൽ ചിലത് പ്രത്യേകിച്ചും വികാരത്തെയും ആവേശത്തെയും സ്പർശിക്കുന്നവ വാക്കുകൾക്ക് അധീനമല്ല. അവ സ്വയം അനുഭവിച്ചുവേണം അറിയുവാൻ. മേൽ കാണിച്ചതും അല്ലാത്തതുമായ സവിശേഷതകളെല്ലാം ഉൾക്കൊള്ളുന്ന ഒരേയൊരു ഗ്രന്ഥം പരിശുദ്ധ ക്വുർആൻ മാത്രമാണ്. ഇവയിൽ ഒരൊറ്റ സവിശേഷതപോലും ക്വുർആനിനുള്ള ആ പരിപൂർണ നിലയിൽ ഇന്നു നിലവിലുള്ള മറ്റൊരു ഗ്രന്ഥത്തിനുമില്ല എന്നു തീർത്തുപറയാം.

## മാറ്റിമറിക്കപ്പെട്ട ജനത

ക്വുർആന്റെ ദിവ്യശക്തി ഗ്രഹിക്കുവാൻ, അതിന്റെ പ്രബോധനം ഏതൊരു ജനതയ്ക്ക് അവരുടെ മാതൃഭാഷയിൽ ആദ്യമായി ലഭിച്ചുവോ അവരിൽ എന്തു സംഭവിപ്പിക്കുവാൻ അതിനു സാധിച്ചു എന്നു നോക്കിയാൽ മതി. ഈ സംഗതിയിൽ അമുസ്‌ലിം തൂലികപോലും എന്തു സാക്ഷ്യം വഹിക്കുന്നുവെന്നും പരിശോധിച്ചാൽ അതിനേക്കാൾ അധികമായ സാക്ഷാൽ പരമാർഥം ആർക്കും അനുമാനിക്കും.

“അതുവരേയും വട്ടംതിരിഞ്ഞും പരസ്പരം എതിരിട്ട് വിഭിന്നരൂപമായ അറേബ്യൻ വ്യക്തികളെ ദൃഢവും സുസംഘടിതവുമായ ഒരു സമുദമായമാക്കി ഇണക്കിച്ചേർക്കുമാറ് അതു (ക്വുർആൻ) കേട്ടിരുന്നവരുടെ ഹൃദയത്തെ ആകർഷിച്ചു, സുശക്തമായി ഉൽബോധിപ്പിച്ചു. അതുവരെ തുടർന്നുപോന്ന അറേബ്യൻ മനോഗതിയെ കവച്ചുവെക്കുമാറ് അതിലെ ആശയങ്ങൾ അത്ര സജീവമായിരുന്നുവെങ്കിൽ അതിന്റെ വാക്വൈഭവം സമഗ്രമായിരുന്നു. കാരണം, നിഷ്ഠൂരമായ വർഗക്കാരിൽ നിന്നു സംസ്കാരമുള്ള ഒരു സമുദായത്തെ സൃഷ്ടിക്കാനും, നൂറ്റാണ്ടുകൾ പഴകിയ ചരിത്രത്തിന്റെ വിടവിലൂടെ ഒരു പുത്തൻ കണ്ണി നെയ്തുചേർക്കുവാനും അതിനു സാധിച്ചു.” (Dr. Staingas)

“മക്ക മാത്രമല്ല, (അറേബ്യ) ഉപദ്വീപ് ആകമാനം ചരിത്രകാലത്തിനു മുമ്പുതൊട്ടേ ആത്മീയമായ ഉറക്കത്തിൽ മൂടിക്കിടക്കുകയായിരുന്നു. ജൂതമാർഗത്തിനോ ക്രൈസ്തവമതത്തിനോ തത്വാന്വേഷണത്തിനോ അറേബ്യൻ മനോഗതിയെ ഏറ്റവും തുച്ഛമായും യാദൃച്ഛികമായും സ്വാധീനിക്കുവാൻ കഴിഞ്ഞുവെങ്കിൽ, അതു ശാന്തമായ ജലാശയത്തിലെ മേൽപ്പരപ്പിൽ അങ്ങുമിങ്ങുമായുണ്ടായ ഓളംവെട്ടലിനു സമമായിരുന്നു. അടിത്തലത്തിൽ യാതൊരു അനക്കമോ ഇളക്കമോ ഉണ്ടായില്ല. ജനങ്ങൾ അന്ധവിശ്വാസത്തിലും ദുഷ്ടതയിലും ദുഷ്കർമങ്ങളിലും ആണ്ടുപോയിരുന്നു. അവരുടെ മതം കടുത്ത ബിംബാരാധനയായിരുന്നു. ഹിജ്റയുടെ പതിമൂന്നു കൊല്ലങ്ങൾക്കു മുമ്പ് മക്കാപട്ടണം ഈ അധോഗതിയിൽ നിർജീവമായിക്കിടന്നിരുന്നു. എന്നാൽ ഈ പതിമൂന്നു കൊല്ലങ്ങൾ എന്തൊരു പരിവർത്തനമാണുണ്ടാക്കിയത്! അറേബ്യൻ പ്രവാചകരുടെ ഹൃദയമിളക്കുന്ന വചനങ്ങൾ കേട്ടപ്പോൾ മാത്രമാണ് അവർ അവരുടെ ഉറക്കത്തിൽ നിന്നുണർന്നത്. അവർ പെട്ടെന്ന് ഉദ്യുക്തമായ ഒരു പുതിയ ജീവിതത്തിലേക്കു തുള്ളിച്ചാടി.” (Muir)

# ക്വുർആൻ ഒരു പ്രേരകശക്തി

“അല്ലെങ്കിൽ കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിന്നു നിങ്ങളെ വഴികാണിക്കുന്നതാരാണ്...?” (27:63). “അവന്റെ കരുണയ്ക്കു മുന്നോടിയായി സന്തോഷവാർത്ത അറിയിക്കുന്നതായ കാറ്റിനെ നിയോഗിക്കുന്നവൻ അവനത്രെ! അങ്ങനെ അതു ഭാരിച്ച മേഘങ്ങളെ ചുമന്നാൽ നാം അതിനെ നിർജീവമായ ഒരു ഭൂമിയിലേക്കു നയിക്കുന്നു. എന്നിട്ടു നാം അതിൽനിന്നു ജലത്തെ വർഷിപ്പിക്കുന്നു. അങ്ങനെ നാം അതുമൂലം എല്ലാ (തരം) പഴങ്ങളെയും ഉത്പാദിപ്പിക്കുന്നു...”(7:57) 15:22, 25:48,49; 30:46, 48 എന്നിവയും നോക്കുക)

“അല്ലാഹു ഏറ്റവും വിശിഷ്ടമായ ഒരു വാർത്തയാണ് ഇറക്കിയിട്ടുള്ളത്; പരസ്പരം സമീകരണവും ആവർത്തനവും ഉള്ള ഒരു ഗ്രന്ഥത്തെ. അതിനാൽ തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ വിറകൊള്ളുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവിന്റെ ഓർമയിലേക്ക് അലിഞ്ഞുചേരുന്നു. ഇതത്രെ അല്ലാഹുവിന്റെ വഴികാട്ടൽ...”(39:23)

“(നബിയേ) പറയുക: നിങ്ങൾ അതിൽ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്തുകൊള്ളുക. നിശ്ചയമായും ഇതിനുമുമ്പ് അറിവു നല്കപ്പെട്ടവർക്ക് ഇത് ഓതിക്കൊടുത്താൽ അവർ സുജൂദു ചെയ്യുന്നവരായി മുഖംകുത്തി വീഴും... അവർ കരഞ്ഞുകൊണ്ടു മുഖം കുത്തി വീഴുകയും അത് അവർക്കു (ഭക്തിനിർഭരമായ) വിനയം വർധിപ്പിക്കുകയും ചെയ്യും.”(5:83)

ദൈവവാക്യങ്ങളുടെ പ്രബോധനം ആഞ്ഞടിക്കുന്ന കാറ്റുപോലെ മനുഷ്യവികാരങ്ങളാകുന്ന മേഘങ്ങളെ വഹിച്ചുകുതിക്കുമ്പോൾ, ആ കോളിളക്കത്തിൽ ഹൃദയാന്തരം ഒരു വൃക്ഷംപോലെ ആഞ്ഞുലയുന്നു. ബാഹ്യം മൂടുന്ന തൊലി വൃക്ഷത്തിന്റെ ഇലകൾ പോലെ വിറച്ചുതുള്ളുന്നു. ഈർപ്പമുള്ള വായുമണ്ഡലത്തിൽ കാരുണ്യത്തിന്റെ സന്ദേശവാഹകനായ കാറ്റുമൂലം രൂപമെടുക്കുന്ന മേഘങ്ങൾ പോലെ വിശ്വാസത്തിന്റെ ഈർപ്പമുള്ള ഹൃദയമണ്ഡലത്തിൽ കരുണയുടെ ആവേശം

വീശുന്ന ദിവ്യസൂക്തങ്ങൾ വികാരപടലങ്ങളെ തട്ടിയുണർത്തുന്നു. ഈ നുവർത്തനത്തിൽ, നിർജീവമായ ഭൂമിയെ സജീവമാക്കുന്ന വർഷപാതം പോലെ സത്യവിശ്വാസികളുടെ നയനങ്ങളിൽ നിന്നു ഹൃദയത്തെ ധന്യമാക്കുന്ന അശ്രുപ്രവാഹം ഉണ്ടാകുന്നു. കാറ്റിൽ ആഞ്ഞുലയുമ്പോൾ വൃക്ഷച്ചുവട്ടിലെ മണ്ണു പിളരുകയും തുടർന്നു വർഷിക്കുന്ന ജലം അതിലൂടെ ഊറിയിറങ്ങുകയും ചെയ്യുന്നു. പിളരുകയും ജലത്തിൽ അലിയുകയും ചെയ്ത മണ്ണിലൂടെ വേരുകൾ കൂടുതൽ ആണ്ടുപോയി വികസിക്കുകയും കൂടുതൽ പോഷണം യഥേഷ്ടം കായ്കനികൾ ഉണ്ടാകുകയും ചെയ്യുന്നു. ക്വുർആൻ വാക്യങ്ങളുടെ ആവേശത്തിൽ ആഞ്ഞുലയുന്ന ഹൃദയമാകുന്ന വൃക്ഷത്തിന്റെ വിശ്വാസമാകുന്ന വേര് സുദൃഢവും സുരക്ഷിതവും ആകുകയും ജീവിലക്ഷ്യം എന്നെന്നേക്കും സഫലമാകുകയും ചെയ്യുന്നു. "…. അവരുടെ ഹൃദയങ്ങൾ പിടയ്ക്കുകയും അവന്റെ സൂക്തങ്ങൾ വായിച്ചു കേൾപ്പിച്ചാൽ അവരുടെ വിശ്വാസം വർധിക്കുകയും ചെയ്യുന്നു…'' (8:2). ''ഉത്തമ മൊഴി ഒരുത്തമ വൃക്ഷംപോലെയാണ്. അതിന്റെ വേര് ദൃഢവും അതിന്റെ ശാഖകൾ വാനത്തിലേക്ക് (ഉയർന്ന്) എത്തുന്നതുമാണ്. അതിന്റെ രക്ഷിതാവിന്റെ അനുമതിയാൽ അത് എക്കാലത്തും ഫലങ്ങൾ നല്കിക്കൊണ്ടിരിക്കുന്നു…" (14:24,25). "…. ഇൻജീലിൽ അവരുടെ (അന്ത്യ ദൂതന്റെയും അനുയായികളുടെയും) ഉപമ ഒരു ധാന്യവിത്തു (വിതച്ചത്) പോലെയാണ്. അത് അതിന്റെ കൂമ്പു പുറപ്പെടുവിക്കുന്നു. എന്നിട്ടതിനെ ശക്തമാക്കുന്നു. പിന്നീട് അതിന്റെ കൂമ്പു പുറപ്പെടുവിക്കുന്നു. എന്നിട്ടതിനെ ശക്തമാക്കുന്നു. പിന്നീട് അതിന്റെ തടി കരുത്തുണ്ടായി വർണിക്കുന്നു. അങ്ങനെ അതു കർഷകനെ അത്ഭുതപ്പെടുത്തുമാണ് അതിന്റെ സ്വയം തണ്ടിന്മേൽ നിന്നു (പൂർണമായി വളർന്നു) ഉയരുന്നു…"(48:29)

കൊടുങ്കാറ്റിന്റെ കോളിളക്കവും പേമാരിയും ശമിച്ചശേഷം ആകാശം തെളിഞ്ഞാൽ എന്തെന്നില്ലാത്ത ഒരു ശാന്തിയും സമാധാനവും വിളങ്ങും. ക്വുർആൻ വചനങ്ങൾ വികാരങ്ങളെ താഡനം ചെയ്യുകയാൽ ഹൃദയവും ചർമവും വിറയ്ക്കുകയും കണ്ണുകൾ അശ്രുവാർക്കുകയും ചെയ്യുന്ന അവസ്ഥയെ അനുഗമിക്കുന്ന ഹൃദയം ശാഥന്മാകുന്ന ദിശയിലാണ് ദൈവസന്ദേശത്തിന്റെ പ്രകാശം ഹൃദയാന്തരത്തിൽ തെളിഞ്ഞുവിളങ്ങുന്നത്. ആ ദശയിൽ ഹൃദയം അല്ലാഹുവിന്റെ ഓർമയിലും സ്തുതികീർത്തനത്തിലും തൃപ്തിയടയുന്നു. അല്ലാഹുവിങ്കലേക്കു ഹൃദയം നയിക്കുകയാൽ അവൻ നേർവഴിയിലാക്കുകയും തദ്വാരാ അന്ത്യദിനത്തിൽ ഉൽകൃഷ്ടപദവി പ്രാപിക്കുകയും ചെയ്യുന്നവരുടെ വിശേഷതയാണ്. "അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ ഓർമയിൽ അവരുടെ ഹൃദയം സമാധാനം കൊള്ളുകയും ചെയ്യുന്നു"(13:27-29) എന്നുള്ളത്. ആ (ക്വുർആൻ വചനങ്ങളാൽ ) "തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ വിറകൊള്ളുന്നു. പിന്നീട് അവരുടെ ചർച്ചകളും ഹൃദയങ്ങളും

അല്ലാഹുവിന്റെ ഓർമയിലേക്ക് അലിഞ്ഞുചേരുന്നു. ഇതത്രേ അല്ലാഹുവിന്റെ വഴികാട്ടൽ."(39:23)

വിജ്ഞാനസമ്പൂർണമായ ക്വുർആൻ സന്ദേശങ്ങൾ (10:1; 31:2) വഴി അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് അവൻ മാർഗദർശനം നല്കുന്നു (2:2) ഈ മാർഗദർശനമാണു മനുഷ്യനെ ശ്രേഷ്ഠനും വിജയിയുമാക്കുന്ന ജ്ഞാനത്തിന്റെ അടിസ്ഥാനം.

## പരലോകലക്ഷ്യവും വിജ്ഞാനത്തിലേക്കുള്ള വഴിയും

'എന്നാൽ ഇഹലോകജീവിതമെന്നതു വെറും വഞ്ചനാപരമായ വിഭവങ്ങൾ മാത്രമാണ്'(57:20, 3:184). ഈ പ്രപഞ്ചം അതായും അതിന്നായും മാത്രം ഗണിക്കുമ്പോൾ അന്തസ്സാരശൂന്യവും ഇരുൾമുറ്റിയതുമായ നശ്വരതയുടെ പ്രകടനം മാത്രമാണ്. എന്നാൽ പരലോകത്തുവെച്ചു പരിപൂർണ യാഥാർഥ്യത്തിൽ പ്രത്യക്ഷമാകുന്ന മനുഷ്യന്റെ ആത്മീയവശത്തിനു വിധേയമായ നിലയിൽ മാത്രമാണ് ഈ ലോകം നിലയും വിലയും സാരവും ലക്ഷ്യവും ഉൾക്കൊള്ളുന്നത്. അതിനാൽ ഈ ജീവിതത്തെ മാത്രം ലക്ഷ്യമാക്കുന്ന അറിവ്, പിശാചിന്റെ കൈകളിൽ പെട്ട് അന്ധകാരത്തിൽ ചലിക്കുന്ന അന്ധത മാത്രമാണ്. യഥാർഥ വിശ്വാസത്തെയും അതിനെ ദൃഢീകരിക്കുകയും സഫലീകരിക്കുകയും ചെയ്യുന്ന സൽകർമങ്ങളെയും തദ്വാരാ എന്നെന്നും നിലകൊള്ളുന്ന പരലോകജീവിതവിജയത്തെയും ലക്ഷ്യമാക്കിയുള്ള അറിവ് മാത്രമാണ് യഥാർഥ ജ്ഞാനം.

എന്നാൽ പരലോക പ്രാപ്തിക്കുള്ള ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയാണ്. അതിനാൽ ഏതൊരു ദാസനും ഉണ്ടാകുന്ന, തന്റെ രക്ഷിതാവ് തന്നെക്കുറിച്ചു തൃപ്തിപ്പെടുമോ ഇല്ലയോ എന്ന ഉൽക്കണ്ഠയും ഭയവും വർധിപ്പിക്കുന്ന യാഥാർഥ്യങ്ങളുടെ ബോധമാണ് വിജ്ഞാനത്തിന്റെ ആസ്പദം. അതായത് അല്ലാഹുവിനോടുള്ള ഭയഭക്തിയാണ് വിജ്ഞാനത്തിന്റെ പ്രാരംഭവും അതിലേക്കുള്ള വഴിയും പരിപൂർത്തിയും. "അവന്റെ ദാസന്മാരിൽ അറിവുള്ളവർ മാത്രമാണ് അല്ലാഹുവിനെ ഭയപ്പെടുന്നവർ"(53:28). "ഏതൊരുവനു വിജ്ഞാനം നല്കപ്പെട്ടുവോ അവന് ഒട്ടധികം നന്മ നല്കപ്പെട്ടു"(2:269). "നിങ്ങളിൽ നിന്നു വിശ്വസിക്കുന്നവരെയും ജ്ഞാനം നല്കപ്പെട്ടവരെയും അല്ലാഹു പല പദവികൾ ഉയർത്തും" (58:11). "നിങ്ങളിൽ വെച്ച് അല്ലാഹുവിങ്കൽ ഏറ്റവും മാന്യൻ അല്ലാഹുവിനെ ഏറ്റവും ഭയപ്പെടുന്നവനാണ്"(49:13). "നിങ്ങൾക്കു വിജയം ലഭിക്കേണ്ടതിലേക്കായി അല്ലാഹുവിനെ ഭയപ്പെടുക"(2:189). "തന്റെ രക്ഷിതാവിന്റെ സന്നിധിയെ ഭയപ്പെടുന്നവനുണ്ട് രണ്ടു സ്വർഗത്തോപ്പുകൾ"(55:46). "നിശ്ചയമായും തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവർക്കുണ്ട് മാപ്പും മഹത്തായ പ്രതിഫലവും."(67:12)

"ഒരുവനെ വഴികാണിക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നുവോ

അവന്റെ മാർവിടത്തെ (അല്ലാഹുവിങ്കലേക്കുള്ള സമർപ്പണമായ) ഇസ്‌ലാമിലേക്കു തുറന്നുകൊടുക്കുന്നു"(6:125). അല്ലാഹു ഏതൊരുവന്റെ മാർവിടത്തെ ഇസ്‌ലാമിലേക്കു തുറന്നുകൊടുക്കുന്നുവോ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലാണെന്നു വാക്യം 39:22 വ്യക്തമാക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഈ പ്രകാശം ഏവരുടെ ഹൃദയത്തിലാണോ ഒളിമിന്നുന്നത്, ആ "പുരുഷന്മാർക്ക് വാണിജ്യമോ ക്രയിവിക്രയമോ, അല്ലാഹുവിന്റെ ഓർമയിൽ നിന്നോ നമസ്കാരം (ക്രമപ്രകാരം) അനുഷ്ഠിക്കുന്നതിൽ നിന്നോ സകാത്തു കൊടുക്കുന്നതിൽ നിന്നോ അവരെ പിന്തിരിപ്പിക്കുന്നില്ല. ഹൃദയങ്ങളും കണ്ണുകളും (ഭയവിഹ്വലതയാൽ) കീഴ്മേലായി മറിയുന്ന ഒരു (ഭയങ്കര) ദിനത്തെ അവർ ഭയപ്പെടുന്നു."(24:37)

## വിശ്വാസികളിൽ ചെലുത്തിയ സ്വാധീനം

അല്ലാഹുവിങ്കൽ നിന്നുള്ള മാർഗദർശനവും പ്രകാശവുമായ ക്വുർആനിന്റെ ഏറ്റവും ആവേശജനകമായ ഭാവം നീതിന്യായത്തിന്റെ പരമാധികാരിയായ അല്ലാഹുവിനെയും അവന്റെ സന്നിധിയിലേക്കു മനുഷ്യനെ മടക്കപ്പെടുന്ന ആ ഭയങ്കര ദിനത്തെയും കുറിച്ച വചനങ്ങളാണ്. ഈ ഉദ്യുക്തസൂക്തങ്ങൾ യഥാർഥ വിശ്വാസമോ വിജ്ഞാനമോ അല്പമെങ്കിലും പ്രതിഫലിക്കുന്ന ഹൃദയത്തെ ഭയവിഹ്വലതയാൽ ഞെട്ടിക്കുകയും കണ്ണുകളിൽ അശ്രുധാരയുണ്ടാക്കുകയും ചെയ്യും. അല്ലാഹുവിങ്കൽ സ്വയം സമർപ്പിക്കുക എന്ന ഇസ്‌ലാമിനു ഹൃദയാന്തരത്തിലെ വികാരങ്ങളെ വിധേയമാക്കുക എന്നതാണ്. കാരണം അതാണ് ആത്മശുദ്ധീകരണത്തിലേക്കും വിജ്ഞാനത്തിന്റെ പ്രകാശത്തിലേക്കുമുള്ള പ്രവേശനം നല്കുന്നത്.

വിജ്ഞാന പോഷണവും സഫലീകരണവും ദൈവഭക്തിയാണെങ്കിൽ വിജ്ഞാന ലബ്ധിയിൽ മുൻഗാമികളുടെ മുന്നണി പ്രാപിച്ച റസൂൽകരീമും അനുയായികളും അവരുടെ ജ്ഞാനത്തെ സജീവമാക്കിയത് ദൈവഭയത്തെ പ്രോജ്ജ്വലിപ്പിച്ച ക്വുർആൻ വചനങ്ങളുടെ ആവേശം കൊണ്ടായിരുന്നു. പ്രവാചക ശ്രേഷ്ഠൻ(സ) ക്വുർആൻ ഓതിയിരുന്നപ്പോൾ, പ്രത്യേകിച്ചും ഏകാന്തമായ രാത്രി നമസ്കാരത്തിൽ ദൈവഭയത്താൽ ഹൃദയം വിറയ്ക്കുമാറ് ആവേശഭരിതമായിരുന്നു. പലപ്പോഴും താടി മുഴുവൻ കണ്ണുനീരിൽ നനഞ്ഞുകുതിർന്നു. ഒരു രാത്രിയിൽ മാർവിടം മുഴുവൻ നനയുമാറ് കരഞ്ഞതായും നിവേദനങ്ങളുണ്ട്. ഒരു രാത്രിയിൽ സൂറത്തുൽ മാഇദ ഓതുമ്പോൾ, ഈസാ നബി(അ) നീതിന്യായദിനത്തിൽ അല്ലാഹുവിന്റെ ചോദ്യത്തിനുത്തരമായി പറയുന്ന "നീ അവരെ ശിക്ഷിക്കുന്നതാണെങ്കിൽ, അവർ നിശ്ചയമായും നിന്റെ അടിമകൾ മാത്രമാണ്. അവർക്ക് നീ മാപ്പുകൊടുക്കുന്നപക്ഷം നിശ്ചയമായും നീ തന്നെയാണ് അതിപ്രതാപിയും പരമജ്ഞനും." എന്ന

118-ാം വാക്യം എത്തിയപ്പോൾ നബി(സ) ആ വാക്യംതന്നെ അതേ നില്പിൽ രാത്രി മുഴുവനും പിടയ്ക്കുന്ന ഹൃദയത്തിന്റെ പ്രതിധ്വനിയിൽ വിറയ്ക്കുന്ന അധരങ്ങളാൽ ആവർത്തിച്ചുരുവിട്ടു.

ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കപ്പെടുന്നതിനു മുമ്പായി മനുഷ്യൻ യാതൊന്നുമല്ലായിരുന്നു. അതിനാൽ അവന്റെ സ്രഷ്ടാവും രക്ഷിതാവും പരമാധികാരിയും സർവശക്തനുമായ അല്ലാഹുവിന് അവന്റെ വെറും അടികമളായ മനുഷ്യരെ- അവന്റെ സ്വന്തം സൃഷ്ടിയായ മനുഷ്യരെ- യാതൊരു അനീതിയും അവരിൽ നിന്നുണ്ടാകാതെ തന്നെ ശിക്ഷിക്കുകയോ മാപ്പുകൊടുക്കുകയോ ചെയ്യുവാനുള്ള പരമാവകാശമുണ്ട്. അത് അവന്റെ തൃപ്തിയനുസരിച്ചു മാത്രം! അതിനാൽ എല്ലാറ്റിലും ഉപരിയായി നില്ക്കുന്ന അല്ലാഹുവിന്റെ തൃപ്തി (9:72) ക്കായി, അതു നഷ്ടപ്പെട്ടു പോയാലുള്ള ദാരുണാവസ്ഥയെ ഭയന്നുകൊണ്ടും അതു ലഭിച്ചാലുള്ള പരമസൗഭാഗ്യത്തെ ആശിച്ചുകൊണ്ടും സുകൃതത്തിലേക്ക് എത്തിച്ചേരു (2:195; 7:56, 57:21; 3:132). ദൈവസാമീപ്യമുള്ള അളവ് വിജ്ഞാനമാണെങ്കിൽ (58:11) അതിന്റെ സാക്ഷാൽ അളവുകോൽ ദൈവഭയം മാത്രമാണ് (35:28; 49:13, 55:46, 67:12) "... അവരിൽ വെച്ച് അല്ലാഹുവിനോട് ഏറ്റവും അടുത്തവർ ആരാണോ, അവർ അവന്റെ റഹ്മത്തിനെ ആശിക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും നിന്റെ രക്ഷിതാവിന്റെ ശിക്ഷ ഏറ്റവും ഭയപ്പെടേണ്ടതുതന്നെ" (17:57). അത്യുന്നതവും അല്ലാഹുവിനോട് ഏറ്റവും സമീപസ്ഥവും മറ്റാരും എത്തിച്ചേരാത്തതുമായ വിശിഷ്ടപദവി പ്രവാചകശ്രേഷ്ഠൻ എന്ന നിലക്ക് അല്ലാഹു മുഹമ്മദ് മുസ്ത്വഫാ(സ)ക്കു വാഗ്ദാനം ചെയ്തുവെങ്കിൽ, ആ സ്ഥാനത്ത് നബിക്കുപോലും അല്ലാഹുവിന്റെ അബ്ദ് എന്ന നിലയിൽ അല്ലാഹുവിനെയും അവന്റെ ശിക്ഷയെയും അധികമധികം ഭയന്നുതന്നെ വേണം എത്തിച്ചേരുവാൻ. അതിനാൽ നബി(സ) പ്രഭാതം വരെ നമസ്കാരത്തിൽ വാക്യം 5:118 ഉരുവിട്ടതിൽ തന്നെക്കുറിച്ചും തന്റെ ജനതയെ കുറിച്ചുമുള്ള ആശങ്കയും ഭീതിയും എത്രകണ്ടുണ്ടായിരുന്നുവെന്നു ഗ്രഹിക്കുവാൻ നാം കൂടുതൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

അബൂബക്കർ(റ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അവിടുത്തെ നര ബാധിച്ചിരിക്കുന്നുവല്ലോ! നബി(സ) പറഞ്ഞു: ഹൂദും അൽ വാകിഅയും അൽമുർസലാത്തും അമ്മ യതസാഅലൂനും ഇദശ്ശംസു കുവ്വിറത്തും (വി.ഖു. 11,56,77,78,79 അധ്യായങ്ങൾ) ആണ് എന്നെ നര ബാധിപ്പിച്ചത് (തിർമിദി). അബൂബക്കർ സ്വിദ്ദീക്(റ) പ്രത്യേകിച്ചും നബിയുടെ മറ്റു സ്വഹാബാക്കൾ പൊതുവിലും ഖുർആൻ വാക്യങ്ങളാൽ എത്ര പുളകംകൊള്ളുകയും കരഞ്ഞു കണ്ണീരൊഴുക്കുകയും ചെയ്തിരുന്നുവെന്നതു പൊതുവിൽ അറിയപ്പെടുന്ന പരമാർഥമാണ്. ഖലീഫ ഉമർ(റ) ഒരൊട്ടകത്തിന്മേൽ യാത്ര ചെയ്തിരുന്നപ്പോൾ ഒരാൾ 'സൂറതുത്ത്വൂർ' (അധ്യായം 52) ഓതുന്ന ശബ്ദം കാതിൽ പതിഞ്ഞു. "നിശ്ചയ

മായും തന്റെ രക്ഷിതാവിന്റെ ശിക്ഷ വന്നുഭവിക്കുക തന്നെ ചെയ്യും." എന്നർഥം വരുന്ന് 7-ാംവാക്യം കേട്ടമാത്രയിൽ ഹൃദയം കിടുക്കിയ ഭയത്താൽ മോഹാലസ്യപ്പെട്ട് ഒട്ടകപ്പുറത്തു നിന്നു മറിഞ്ഞുവീണു. ബോധമില്ലാതെ വളരെ നേരം നിലത്തു കിടക്കുകയുണ്ടായി.

ഉമറുബ്നു അബ്ദിൽഅസീസ് പതിവായുള്ള രാത്രിനമസ്കാരത്തിൽ ഒരിക്കൽ 'സൂറതുല്ലൈൽ' (92-ാം അധ്യായം) ഓതുമ്പോൾ കത്തിജ്വലിക്കുന്ന നരകാഗ്നിയെക്കുറിച്ചുള്ള താക്കീതുനല്കുന്ന 14-ാം വാക്യം എത്തിയപ്പോൾ അത്യുച്ചത്തിൽ പൊട്ടിക്കരഞ്ഞു നിലംപതിച്ചു. പ്രഭാതത്തിന് അല്പം മുമ്പ് ബോധംവന്നപ്പോൾ അതേ വാക്യം തന്നെ ഉരുവിടാനും ഭയംകൊണ്ട് വിറയ്ക്കുവാനും തുടങ്ങി.

ഇമാം മാലിക്ക്(റ) ഇമാമായി നിന്നു പ്രഭാത നമസ്കാരത്തിൽ സൂറതുൽക്വാരിഅ(അധ്യായം 101) ഓതുകയായിരുന്നു. "മനുഷ്യർ വിതറപ്പെട്ട ഇയ്യാമ്പാറ്റകൾ പോലെ ആയിത്തീരുന്ന ആ ദിനം" എന്നു വിവരിക്കുന്ന 4-ാം വാക്യം എത്തിയപ്പോൾ ഉള്ളിൽ തിങ്ങിനിന്ന വിങ്ങൽ പൊട്ടിപ്പുറപ്പെടാതിരിക്കാൻ വളരെ ശ്രമപ്പെട്ടുകൊണ്ടായിരുന്നു അദ്ദേഹം നമസ്കാരം പൂർത്തിയാക്കിയത്. എന്നാൽ അതിനെത്തുടർന്ന് മൂന്നു ദിവസം "എന്റെ രക്ഷിതാവേ, ആ ദിനത്തിൽ നീ എന്നെ കൈവിടുകയാണെങ്കിൽ" എന്നു വിലപിക്കുകയാൽ ശിഷ്യന്മാർക്കു പോലും അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ കഴിഞ്ഞില്ല.

ഖലീഫ മൻസ്വൂർ ഒരിക്കൽ യാത്രയിൽ ഒരാൾ സൂറതുമർയം (അധ്യായം 19) ഓതുന്നതു കേട്ടു. കുറ്റവാളികളെ ദാഹിച്ചുവലഞ്ഞ മൃഗങ്ങളെപ്പോലെ നരകത്തിലേക്കു തെളിച്ചോടിക്കുന്ന ആ ദിനത്തെക്കുറിച്ച് 86 -ാം വാക്യം കേട്ടമാത്രയിൽ ഹൃദയം നിശ്ചലമായി. അദ്ദേഹത്തിന്റെ ഹൃദയം പിന്നെ തുടിച്ചില്ല. അല്ലാഹുവിനെക്കുറിച്ച ഭയത്താൽ അന്ത്യശ്വാസം വലിച്ച മഹാനായിരുന്നു അദ്ദേഹം.

## വെളിച്ചം, അവിശ്വാസികളുടെ ഹൃദയങ്ങളിലേക്കും

പരിശുദ്ധ ക്വുർആനിന്റെ അത്ഭുതാവഹമായ പ്രഭാവം, സത്യവിശ്വാസകളിൽ മാത്രമല്ല, സത്യത്തിലേക്കു ചായുന്ന മനോഗതിയുള്ള മുൻവേദക്കാരിലും പ്രവർത്തിക്കാതിരിക്കയില്ല എന്നീ വാക്യങ്ങളിലുള്ള പ്രത്യേക സൂചന ഇവരെക്കുറിച്ചാണ്. മക്കയിലെ അവിശ്വാസികളുടെ മർദനങ്ങളെ ഭയന്നോടി അബ്സീനിയയിൽ അഭയം പ്രാപിച്ച മുസ്ലിംകളെ അവിടെനിന്നും തുരത്തുവാൻ കച്ചകെട്ടിയ ക്വുറൈശികൾ, ആ മുസ്ലിംകൾ അറേബ്യയിലെ ബിംബങ്ങളെ മാത്രമല്ല, ഈസാ നബിയെപ്പോലും പുച്ഛിക്കുന്നവരാണെന്നു ക്രിസ്ത്യാനിയായിരുന്ന അന്നത്തെ അബ്സീനിയൻ ചക്രവർത്തിയായ നീഗസിനെ അറിയിച്ചു. ഈ അപരാധത്തിനു സമാധാനം പറയേണ്ടിവന്ന മുസ്ലിംനേതാവ് ഈസാനബിയെക്കുറിക്കുന്ന സൂറതു മർയമിലെ ഒരു ഭാഗം നീഗസിനെ ഓതിക്കേൾപ്പി

ച്ചു. ആ വചനങ്ങളിൽ ആവേശഭരിതനായ ചക്രവർത്തി കണ്ണീർപൊഴിക്കുകയും ആ വചനങ്ങളിൽ ഈസാനബി(അ)യെക്കുറിച്ചു പറഞ്ഞ പരമാർഥം പരിപൂർണമാണെന്നു സമ്മതിക്കുകയും ചെയ്തു. പിന്നീട് മരണത്തിനു മുമ്പായി നീഗസ് ഇസ്‌ലാം സ്വീകരിച്ചു. അറബി ഭാഷയും ക്വുർആനും മത്സരോദ്ദേശ്യത്തോടുകൂടി പഠിച്ചു പാണ്ഡിത്യം നേടിയ പല ക്രൈസ്തവ പുരോഹിതന്മാരും പില്ക്കാലത്തു ക്വുർആൻ വചനങ്ങളിൽ ആകൃഷ്ടരായി പല ത്യാഗങ്ങളും സഹിച്ചുകൊണ്ടു സത്യം പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്.

പ്രവാചകരുടെ കാലത്തും പിന്നീടും അല്ലാഹു മാർഗദർശനം നല്കുവാനിച്ഛിച്ച അവിശ്വാസികളും ക്വുർആൻ സൂക്തങ്ങൾ അവരുടെ ഹൃദയം കവരുകയാൽ അതു കേട്ടമാത്രയിൽ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. നബിയുടെ കഴുത്തറുക്കുവാൻ ഊരിപ്പിടിച്ച വാളോടെ പുറപ്പെട്ട ഉമർ വഴിയിൽ തന്റെ സ്വന്തം സഹോദരിയിൽ നിന്നു കേട്ട ക്വുർആൻ വചനങ്ങൾ കാരണമായിരുന്നു ഹൃദയം തുറന്ന് നബിയുടെ സന്നിധിയിൽ പോയി മുസ്‌ലിമായത്. നബിയുടെ ശത്രുക്കളുടെ അഭീഷ്ടസിദ്ധിക്കായി ആഭിചാരവിദ്യ കൊണ്ടു നബിയെ കീഴ്പ്പെടുത്തുവാൻ പുറപ്പെട്ട യമനിലെ സമദ്, നബി(സ) ഓതിയിരുന്ന ക്വുർആൻവചനങ്ങൾ കേട്ടു പുളകിതനായി ഉടനടി സത്യവചനം ചൊല്ലിക്കൊടുക്കാൻ നബിയോടഭ്യർഥിക്കയാണുണ്ടായത്.

നബിയോടു അറപ്പും വെറുപ്പും കരുതിപ്പോന്ന പ്രസിദ്ധ കവി തുഫൈലുബ്നു അംറും ക്വുർആൻ കേട്ടമാത്രയിൽ ഹൃദയമലിഞ്ഞ് ഇസ്‌ലാം സ്വീകരിച്ചു.” ഇതൊരു പ്രബോധനവും വ്യക്തമായി വിളങ്ങുന്ന ക്വുർആനും മാത്രമാകുന്നു. ജീവനോടിരിക്കുന്നവനെ താക്കീതു ചെയ്യുവാനും സത്യനിഷേധികളുടെ പേരിലുള്ള (അന്ത്യദിനത്തിലെ വിധി) മൊഴി ന്യായീകരിക്കുവാൻ വേണ്ടിയുമാണ്”(36:69,70). “ക്വുർആൻ ഓതപ്പെടുമ്പോൾ അത് ശ്രദ്ധിച്ചു കേൾക്കുകയും നിശ്ശബ്ദരമായിരിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് (അല്ലാഹുവിൽ നിന്നുള്ള) കാരുണ്യം അനുഭവിക്കേണ്ടതിലേക്കായി. നിന്റെ രക്ഷിതാവിനെ നിന്റെ അന്തരംഗത്തിൽ വിനയത്തോടും ഭയത്തോടും ഓർമിക്കുക...” (7:204,205). “നാം ഈ ക്വുർആനിനെ നിന്നിൽ ഇറക്കിയിട്ടുള്ളത് നീ ദുരിതപ്പെടേണ്ടതിനല്ല. എന്നാൽ ഏതൊരുവൻ (അല്ലാഹുവിനെ) ഭയപ്പെടുന്നുവോ അവനെ ഓർമിപ്പിച്ചുണർത്തുവാൻ മാത്രമാകുന്നു. ഇതു ഭൂമിയെയും അത്യുന്നതമായ ആകാശങ്ങളെയും സൃഷ്ടിച്ചവനിൽ നിന്നുള്ള ഒരു അവതരണമാണ്.”(20:2-4)

# വിവർത്തനത്തിലെ വെല്ലുവിളികൾ

“അങ്ങനെ നാം നിനക്ക് അറബിയിലുള്ള ക്വുർആനെ പ്രചോദനം ചെയ്തുതന്നു. പട്ടണങ്ങളുടെ മാതാവിനെയും (മക്ക) അതിനു ചുറ്റുമുള്ളവരെയും താക്കീതു ചെയ്യുവാനും യാതൊരു സംശയവുമില്ലാത്ത സമ്മേളനദിനത്തെക്കുറിച്ചു മുന്നറിയിപ്പ് നല്കാനും...”(42:7)

“ഒരു മനുഷ്യൻ തന്നെയാണ് നബിയെ ഇതു പഠിപ്പിക്കുന്നത് എന്ന് അവർ പറയുന്നതു തീർച്ചയായും നാം അറിയുന്നുണ്ട്. അവർ സങ്കല്പിക്കുന്ന ആ മനുഷ്യന്റെ ഭാഷ അറബിഭാഷയുമാണ്”(16:103). “നിശ്ചയമായും നാം അതിനെ നിങ്ങൾ ഗ്രഹിക്കണ്ടതിലേക്കായി അറബിയിലുള്ള ക്വുർആനായി ഇറക്കിയിരിക്കുന്നു.”(12:2)

ക്വുർആന്റെ മുൻ വിവരിച്ച വിശേഷതകളിൽ ഒന്നുപോലും പ്രത്യേകിച്ച് മനുഷ്യവികാരങ്ങളിൽ ആഞ്ഞടിക്കുന്ന പ്രഭാവം അതിന്റെ പ്രശോഭനീയമായ പരിപൂർണതയ്ക്കു ഭംഗംപറ്റാതെ ഭാഷാന്തരത്തിൽ പ്രതിഫലിപ്പിക്കുവാൻ സാധ്യമല്ല. അങ്ങനെയിരിക്കെ മൂലവചനങ്ങൾക്കുള്ള എല്ലാ വിശിഷ്ട വിശേഷതകളും സംയോജിപ്പിച്ചുകൊണ്ട് ആ വിവർത്തനത്തിൽ പകർത്തുക എന്നത് എത്ര അസാധ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

മൂലഗ്രന്ഥത്തിന്റെ ഉപയോഗവും പ്രാധാന്യവും കുറയ്ക്കുകയോ കവരുകയോ ചെയ്യുന്ന, ഇതര വേദങ്ങൾക്കുണ്ടായിത്തീർന്നതുപോലുള്ള ‘മലയാളം ക്വുർആൻ’ അല്ലെങ്കിൽ ‘ഇംഗ്ലീഷ് ക്വുർആൻ’ എന്നു വിളിക്കാവുന്ന ഒരു ഭാഷാന്തര ക്വുർആൻ നിർമിക്കാവുന്നതല്ല എന്നതിനു മറ്റൊരു കാരണം, മുമ്പു വിവരിച്ച ക്വുർആനിന്റെ സുരക്ഷിതമായ കാവൽബാധ്യത അല്ലാഹു ഏറ്റെടുത്തതുതന്നെ.

## ഇതര ഭാഷകൾ വഴിമുട്ടുന്നു

ക്വുർആനിൽ ഉപയോഗിച്ച പല അറബിപദങ്ങളുടെയും മുഴുവൻ സാരമോ ധന്യതയോ മറ്റേതൊരു ഭാഷയിലുമുള്ള തുല്യത സങ്കല്പിക്കാവുന്ന ഒറ്റ പദങ്ങൾകൊണ്ടു മാത്രമല്ല, കൂടുതൽ പദങ്ങൾ ഉപയോഗിച്ചാൽ പോലും പ്രതിഫലിപ്പിക്കുക പ്രയാസമാണ്. പല അധ്യായങ്ങ

ളുടെയും പ്രാരംഭത്തിൽ ഉപയോഗിച്ചിട്ടുള്ള അക്ഷരപ്രയോഗങ്ങളെ പകർത്തുവാൻ മറ്റേതൊരു ഭാഷയിലുമുള്ള ലിപികൾക്കോ മൊഴികൾക്കോ സാധ്യമല്ല. ക്വുർആനിലെ വിചിത്രമായ അലങ്കാരപ്രയോഗങ്ങളോ ഗൂഢതത്വങ്ങൾ ലക്ഷീകരിക്കുന്ന ദൃഷ്ടാന്തപ്രയോഗങ്ങളോ അവയുടെ പൂർണപ്രഭയിലും അത്ര സംക്ഷിപ്തമായും ചിത്രീകരിക്കുക തർജമയിൽ അസാധ്യംതന്നെ. എങ്കിലും അവയുടെ അഴകും കഴമ്പും കൊഴുപ്പും വലിയ വീഴ്ചകൂടാതെ നിഴലിപ്പിക്കുവാൻ പോലും ഏതൊരു വിവർത്തകനും അതിയായി ശ്രമിക്കേണ്ടിവരും. ഇതര സാഹിത്യത്തിലോ അവയുടെ വ്യാകരണത്തിലോ തുല്യതയില്ലാത്ത ക്വുർആനിലെ ചില പ്രത്യേക ആവർത്തനപ്രയോഗങ്ങൾ, അർധോക്തി പ്രയോഗങ്ങൾ, ഒരേ വാചകത്തിലുള്ള വ്യാകരണരൂപാന്തരങ്ങൾ എന്നിവയും പരിഭാഷകന്റെ വിഷമതകൾ വർധിപ്പിക്കുകയാണ്.

"അല്ലാഹുവിന്റെ വചനത്തിന് ഇതര വചനങ്ങളേക്കാൾ ഉപരിയിലുള്ള മേന്മ അല്ലാഹുവിന് അവന്റെ സൃഷ്ടികൾക്കുപരിയുള്ള മേന്മ പോലെയാണ്." (തിർമിദി, ദാരിമി, ബൈഹക്വി)

മൂലവചനങ്ങളുടെ അടിസ്ഥാനസാരവും തത്വവും സാരമാകും വിധം പ്രതിഫലിപ്പിക്കുന്ന പരിഭാഷയിലെ ആശയങ്ങൾ ക്വുർആനിൽ അധികമാണെങ്കിലും അതിലെ മനുഷ്യനിർമിതമായ ഭാഷാന്തരമൊഴികൾ ദിവ്യമായ മൂലവചനങ്ങളുടെ പുണ്യം ഒരിക്കലും അർഹിക്കുകയില്ല.

"ഈ ഗ്രന്ഥം, ഒരു സുശക്തമായ സജീവസ്വരം, ഓതേണ്ടതിനു തന്നെ നിയമിതമാണ്. അത് ആസ്വദിക്കുവാൻ മൂലമൊഴികളിൽ തന്നെ അതു കേൾക്കണം. അതിന്റെ ഛന്ദസ്സും വാക്യാലങ്കാരവും വാക്സരണിയും അടിച്ചുവീശുന്ന പ്രഭാവവും അല്പമൊന്നുമല്ല. ഇവ നഷ്ടപ്പെടാതെ പരിഭാഷയിൽ പകർത്തുക സാധ്യമല്ല."(ഫിലിപ് ഹിറ്റി)

"അതിന്റെ സാഹിത്യവൈശിഷ്ട്യവും മൂലവചനങ്ങൾ ഓതിയാൽ ആത്മാവിലേക്കു പ്രവഹിക്കുന്ന മൂർച്ചയേറിയ സാരപുഷ്ടിയും പകർത്തുന്ന ഒരു പരിഭാഷ അതിന്ന് സാധ്യമല്ല. എന്നെ സംബന്ധിച്ചിടത്തോളം ക്വുർആന്റെ ലളിത ഗംഭീരമായ രചന, സാങ്കേതിക പ്രയോഗങ്ങളുടെ വൈചിത്ര്യം, വാങ്മൂല വർണനകളുടെ തേജസ്സ് എന്നിവ അതിനെ മറ്റെല്ലാ വേദങ്ങളിൽ നിന്നും വിശിഷ്ടമാക്കുന്നു." ലേഡി കോബോൾ.

## പാരായണമാകുന്ന പ്രത്യേകത

ക്വുർആനിലെ അധ്യായങ്ങളോ വചനങ്ങലോ ചില പ്രത്യേക സന്ദർഭങ്ങളിലോ സാധാരണയായോ ഓതുന്നതിലുള്ള ഗുണങ്ങളും ഫലങ്ങളും പല ഹദീസുകളും വ്യക്തമാക്കുന്നുണ്ട്. ഈ വിശേഷ ഗുണങ്ങൾ ലഭിക്കുവാൻ മൂലവചനങ്ങൾ ഓതുക തന്നെ വേണം. പരിഭാഷ മാത്രം വായിച്ചാൽ മതിയാകില്ല. നമസ്കാരത്തിൽ ഓതിവരുന്ന സൂറതുൽഫാതി

ഹക്കും മറ്റ് അധ്യായങ്ങൾക്കും പകരം അവയുടെ പരിഭാഷ ഉരുവിട്ടാൽ നമസ്കാരം സ്വീകാര്യമാവുകയില്ല. ഇങ്ങനെ മൂലഗ്രന്ഥത്തിന്റെ സുരക്ഷിതമായ ഉപയോഗം കോടിക്കണക്കായ മുസ്ലിംകളാൽ ദൈനംദിനം നിർവഹിച്ചുപോരുന്നുണ്ട്. ഇത്രയധികം ഓതിവരുന്ന മറ്റൊരു ഗ്രന്ഥമോ വചനങ്ങളോ ലോകത്തിലില്ല എന്നത് അമുസ്ലിംകൾ പോലും സമ്മതിക്കുന്ന പരമാർഥമാണ്. "തീർച്ചയായും ഈ ക്വുർആനിനെ ഓർമവെക്കുവാൻ നാം ഏറ്റവും സുഗമം ആക്കിയിരിക്കുന്നു..." (54:17,22,19:97). ഈ പ്രത്യേകതയും ക്വുർആന്റെ ഒരു ദിവ്യഗുണമാണ്.

ലോകത്തിന്റെ നാനാഭാഗത്തും ജീവിക്കുന്ന മുസ്ലിംകളിൽ ലക്ഷക്കണക്കിനുള്ളവർ ക്വുർആൻ മുഴുവൻ മനപ്പാഠം സൂക്ഷിച്ചുവരുന്നുണ്ട്. റമദ്വാനിലെ രാത്രികളിലായി തറാവീഹു നമസ്കാരത്തിൽ ക്വുർആൻ ഒന്നോ രണ്ടോ പ്രാവശ്യം മുഴുവനുമോതുന്ന പതിവ് ലോകത്തിലെവിടെയും കാണാം. പാരായണത്തിൽ ഇമാമിനു വല്ല മറവിയും വന്നാൽ ഓർമിപ്പിക്കുവാൻ മനപ്പാഠമുള്ള പലരും ഒന്നാംവരിയിൽ അധികം പള്ളികളിലും ഉണ്ടാകാറുണ്ട്. എല്ലാ രാത്രികളിലും പതിവായി തഹജ്ജുദ് നമസ്കാരത്തിൽ ഒന്നോ രണ്ടോ ജുസ്അ് ഓതി മനപ്പാഠം സൂക്ഷിക്കുന്നവരുടെ എണ്ണവും കേരളക്കരയിൽ, ഇന്ത്യയിലുള്ള മറ്റ് ദേശങ്ങളെ അപേക്ഷിച്ചു വളരെ കുറവാണ് എന്നത് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഇത്രയധികം ജനങ്ങൾ മനപ്പാഠം സൂക്ഷിച്ചുവരുന്ന ക്വുർആൻ പോലെ മറ്റൊരു വേദഗ്രന്ഥം (ഗദ്യമോ പദ്യമോ) ലോകത്തിലില്ല. എന്നാൽ ക്വുർആന്റെ ഏറ്റവും വാക്ചാതുര്യമുള്ള പരിഭാഷയിൽ പോലും ഏതെങ്കിലും ഒരു അധ്യായമെങ്കിലും മനപ്പാഠമാക്കിയതായി നാം കേട്ടിട്ടില്ല. ഈ ഒരു കാര്യം മാത്രം ഓർത്താൽ ക്വുർആന്റെ മൂലവചനങ്ങളുടെ സ്ഥാനവും അവയുടെ പരിഭാഷയുടെ സ്ഥാനവും തമ്മിൽ എത്ര അകലമുണ്ടെന്നു ഗ്രഹിക്കുവാൻ കഴിയും.

അല്ലാഹു മനുഷ്യനെ ഏതൊരു ഇല്ലായ്മയിൽ നിന്നും പിന്നീട് ധൂളിയിൽ നിന്നും സൃഷ്ടിച്ചുവോ ആ ഇല്ലായ്മയിലേക്കും ധൂളിയിലേക്കും ഒരു മുസ്ലിം തന്റെ രക്ഷിതാവിന്റെ മുമ്പിൽ സ്വേച്ഛയും സ്വാർഥതയും വെടിഞ്ഞു ഭയഭക്തിയോടെ സ്വയം അടിയറവു വെക്കുന്ന ഒരു വണക്കമാണു നമസ്കാരം. ഈ നമസ്കാരത്തിൽ, ഹൃദയം അല്ലാഹുവിന്റെ സ്മരണയിൽ അലിഞ്ഞുചേരുവാൻ, ഇമാം ഓതുന്നതു കേൾക്കുകയോ സ്വയം ഓതുകയോ ചെയ്യുന്ന സൂറത്തുൽ ഫാഹിതയും മറ്റു ക്വുർആൻ വചനങ്ങളും ഏറ്റവും സഹായകമാണ്. എന്നാൽ ഈ ക്വുർആൻ സൂക്തങ്ങൾക്കു പകരം അവയുടെ പരിഭാഷയാണ് ഉരുവിടുന്നതെങ്കിൽ ആത്മാർഥതയ്ക്കു പകരം വൈമനസ്യമായിരിക്കും അനുഭവപ്പെടുക.

നിത്യേനയുള്ള നിർബന്ധ നമസ്കാരങ്ങളിലും സുന്നത്തു നമസ്കാരങ്ങളിലും കൂടി ഒരു യഥാർഥ മുസ്ലിം ഓതിവുരുന്ന സൂറതുൽഫാതി

ഹയുടെ എണ്ണം എട്ടു കൊല്ലങ്ങൾക്കുള്ളിൽ ഒരു ലക്ഷത്തിലധികം വരും. “തീർച്ചയായും നാം നിനക്ക് ആവർത്തിക്കപ്പെടുന്ന ഏഴു (വാക്യങ്ങളും) മഹത്തായ ക്വുർആനും നല്കിയിട്ടുണ്ട്”(15:87). എന്നാൽ ഒരു ലക്ഷം പ്രാവശ്യം ഓതിയ അതേ സൂറ ഒരുലക്ഷത്തി ഒന്നാം പ്രാവശ്യം ഓതുമ്പോൾ മുൻ അനുഭവത്തേക്കാൾ കൂടുതൽ പുളകംകൊള്ളുക എന്നതാണ് അനുഭവം. മൂലവചനങ്ങൾക്കുള്ള (വീണ്ടും വീണ്ടും ഓതുമ്പോൾ കൂടുതൽ കൂടുതൽ പ്രകാശവും പ്രഭാവവും വീശുന്ന) ഗുണം പരിഭാഷയിൽ പകർത്താവുന്നതല്ല. ആവർത്തനത്തിൽ പുതുമ പുതുക്കുന്ന ക്വുർആൻ വചനങ്ങളുടെ ദിവ്യഗുണം എത്ര ഭംഗിയിലെഴുതിയ പരിഭാഷയ്ക്കും അപകാശപ്പെടുവാൻ സാധ്യമല്ല. പരിശുദ്ധ ക്വുർആന്നു തുല്യം നില്ക്കുന്ന ഒരധ്യായമെങ്കിലും അറബി ഭാഷയിലെന്നല്ല മറ്റേതൊരു ഭാഷിലും ഒരു വിവർത്തനമെന്ന നിലയിൽപോലും നിർമിക്കുക ആരായാലും ഒരിക്കലും സാധ്യമല്ല.

## പരിഭാഷയുടെ ഉദ്ദേശ്യവും ആവശ്യവും

“എന്ത്! ക്വുർആനെക്കുറിച്ചു (ഹൃദയം തുറന്നു) അവർ ചിന്തിക്കുന്നില്ലയോ? അതല്ല അവരുടെ ഹൃദയങ്ങൾക്കു പൂട്ടുകൾ വച്ചിരിക്കുകയാണോ?''(47:24). ''അവർ ക്വുർആനെക്കുറിച്ചു ചിന്തിക്കുന്നില്ലയോ!”(4:82). “എന്നാൽ ബുദ്ധിമാന്മാരല്ലാതെ (യാഥാർഥ്യങ്ങൾ) ചിന്തിച്ചു ഗ്രഹിക്കുന്നില്ല.”(2:269)

അല്ലാഹുവിനോടുള്ള ഭയത്തിലേക്കും പരലോക സ്മരണയിലേക്കും മനുഷ്യനെ പ്രേരിപ്പിക്കുവാൻ ഈ പ്രപഞ്ചത്തിലെ സൃഷ്ടിനിയമങ്ങളെക്കുറിച്ചും അവയിലുള്ള ദൃഷ്ടാന്തങ്ങളെക്കുറിച്ചും മനുഷ്യനെക്കൊണ്ടു മനസ്സിരുത്തി ചിന്തിപ്പിക്കുന്ന ധാരാളം ക്വുർആൻ വാക്യങ്ങളുണ്ട്.

2:164, 3:189, 190, 6:100, 142, 7:54, 10:6, 13:3, 14:32–34... മുതലായ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നതു ക്വുർആൻ ചിന്താശീലത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നതാണ്. കാരണം മനുഷ്യസമുദായത്തിനു വ്യക്തമായ ദൃഷ്ടാന്തങ്ങളും മാർഗദർശനവും പ്രത്യക്ഷമാക്കുന്ന ഗ്രന്ഥമാണു ക്വുർആൻ (2:159). “ഈ ഗ്രന്ഥം, ഇതിൽ യാതൊരു സംശയവുമില്ല. (ഇതു) സൂക്ഷ്മതയുള്ള ഭക്തന്മാർക്ക് മാർഗദർശനമാണ്” (2:1,2). “നിശ്ചയമായും ഈ ക്വുർആൻ ഏറ്റവും ചൊവ്വായ മാർഗത്തിലേക്കു വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്കു വലുതായ പ്രതിഫലമുണ്ടെന്നുള്ള സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു”(17:9). ക്വുർആൻ മനുഷ്യനെ ഇരുളുകളിൽ നിന്നു വെളിച്ചത്തിലേക്കു നയിക്കുന്ന ഒരു മാർഗദർശനവും എല്ലാ ജനസമുദായങ്ങൾക്കുമുള്ള സന്ദേശവും ജീവനോടുകൂടിയിരിക്കുന്നവരെ താക്കീതു ചെയ്യുന്ന പ്രബോധനവുമാണെന്നും വ്യക്തമാക്കുന്ന പല വാക്യങ്ങളും ആദ്യഭാഗത്ത് ഉദ്ധരിച്ചിട്ടുണ്ട്.

## പഠനത്തിന്റെ അനിവാര്യത

ക്വുർആനിനെക്കുറിച്ചു ഹൃദയം തുറന്നു ചിന്തിക്കണമെന്നും അതൊരു മാർഗദർശനമാണെന്നും പറയുന്നതിന്റെ വിവക്ഷ വ്യക്തമാണ്. ക്വുർആൻ ഓതുവാൻ ആവശ്യമായ അറബി ലിപികൾ മാത്രം പഠിച്ചാൽ മതിയാവുകയില്ല. അതിന്റെ അർഥം അറിയുകയും അതിലെ ഗൂഢ തത്വങ്ങളും സിദ്ധാന്തങ്ങളും മനസ്സിരുത്തി ഗ്രഹിച്ച് അതനുസരിച്ചു വിശ്വാസത്തെ നിയന്ത്രിക്കുകയും ദൃഢീകരിക്കുകയും അതു വ്യക്തമാക്കുന്ന ജീവിതപദ്ധതി പഠിച്ചതറിഞ്ഞു അതനുസരിച്ചു ജീവിതം നയിക്കുകയും ചെയ്യേണ്ടത് ഓരോ വ്യക്തിക്കും സ്വയം കഴിവനുസരിച്ചുള്ള കടമയാണ്.

അല്ലാഹു ഇറക്കിയ സന്ദേശം അവനിൽനിന്നുള്ള കാരുണ്യമാണ്. അതിനു പ്രാപഞ്ചിക നിയമത്തിൽ ഉപമ വഹിക്കുന്ന, അല്ലാഹു ഇറക്കുന്ന മറ്റൊരു കാരുണ്യമാണു മഴ. വർഷപാതത്തിൽ നിന്നുള്ള ഈർപ്പം പഴുതുകളിൽ സ്വീകരിച്ചു സൂക്ഷിച്ചു യഥാക്രമം ഉപയോഗിക്കുന്ന പശിമയുള്ള മണ്ണിൽ മാത്രമേ സസ്യലദാതികൾ വളർന്നു സജീവവും ഫലപ്രദവുമാവുകയുള്ളൂ. നിർജീവമായ ഹൃദയാന്തരത്തെ സജീവമാക്കുവാൻ ക്വുർആന്റെ മാർഗദർശനം സ്വീകരിക്കുക എന്നതിനുള്ള ഉപമയാണിത്. അതായത് ക്വുർആന്റെ സാരം ഹൃദയത്തിൽ ഗ്രഹിച്ചു അലിഞ്ഞുചേരുകയും അതിന്റെ പശിമ പ്രതിഫലിക്കുകയും ജീവിതത്തെ സഫലീകരിക്കുകയും വേണം. എന്നാൽ മണ്ണില്ലാത്ത കടുത്ത മുഴച്ചുനില്ക്കുന്ന പാറപ്പുറത്തു മഴപെയ്യുന്നതായാൽ ആ ജലം അകത്തു പ്രവേശിക്കാതെ മുഴുവൻ പല വഴിയായി ഒഴുകിപ്പോകുന്നു. അതിന്മേൽ യാതൊന്നും വളരുകയില്ല. അർഥം അറിയാതെ ക്വുർആൻ അനുഭവപ്പെടുന്നതിന്റെ ഉപമയാണിത്. എന്നാൽ വീണ്ടും വീണ്ടും മഴ പെയ്യുമ്പോൾ ആ ജലത്തിന്റെ പ്രവർത്തനത്താലും അതിനാൽ നിയന്ത്രിതമായ കാലാവസ്ഥയുടെ ഭേദഗതിയാലും പാറ കാലാന്തരത്തിൽ പൊട്ടിപ്പിളർന്നു വിധേയമാകുന്നു. ആ വിടവിലൂടെ ജലം അകത്തു പ്രവേശിക്കുന്നു. അതിൽ നിന്ന് അരുവികൾ ഒഴുകുന്നു. ജലത്തിന്റെ വീണ്ടുമുള്ള പ്രവർത്തനത്താൽ പാറ തന്നെ ഉരുണ്ടു സാഷ്ടാംഗം വീഴുന്നു (2:74). വീണ്ടും തുടരുന്ന ജലപ്രവർത്തനത്തിൽ ആ പാറക്കഷ്ണങ്ങൾ നുറുങ്ങുന്നു. അതു തന്നെയല്ലേ പിന്നീടു സസ്യങ്ങൾ മുളച്ചുവരുന്ന പശിമയുള്ള മണ്ണ്? ക്വുർആൻ എത്ര കേട്ടിട്ടും ഉള്ളിലേക്കു പ്രവേശനം നല്കാത്ത ഹൃദയം- അതിന്റെ സാരത്തിനും പ്രഭാവത്തിനും വിധേയമാകാത്ത വിധം-കരിങ്കൽ പാറയേക്കാൾ കഠോരമല്ലേ?

അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞിരിക്കുന്നു: "നിർബന്ധ കാര്യങ്ങളും ക്വുർആനും പഠിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുക..."(തിർമിദി). "രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടുപോകുന്നു- അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ റസൂലിന്റെ ചര്യയും. ഇവ രണ്ടും

മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ വഴിപിഴക്കുകയില്ല"(മാലിക്). "നിങ്ങളിൽ ഉത്തമൻ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്"(ബുഖാരി). "അറിവ് മൂന്നു (കാര്യങ്ങളിലാണ്): ക്വുർആനിലെ ആയത്തുൻ മുഹ്കമാത്തുൻ, സ്ഥിരപ്പെട്ട നബിചര്യകൾ, ന്യായമായ നിബന്ധനകൾ. ഇവയ്ക്കു പുറമെയുള്ളത് പുണ്യകരമായിരിക്കും."(അബൂദാവൂദ്, ഇബ്നുമാജ)

മേൽ ഉദ്ധരിച്ച ക്വുർആൻ വാക്യങ്ങളിൽ നിന്നും നബിവചനങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. 'ആയത്തുൻ മുഹ്കമാത്തുൻ' എന്നറിയപ്പെടുന്ന (3:7) ക്വുർആനിന്റെ അടിസ്ഥാനപരവും സാരം സുവ്യക്തവുമായ വാക്യങ്ങളുടെ അർഥം കഴിവനുസരിച്ചു ഗ്രഹിക്കുക ഓരോ മുസ്ലിം പുരുഷനും സ്ത്രീക്കും നിർബന്ധമാണ്. ഭൂരിപക്ഷം ഇമാമുകളും വ്യക്തമാക്കിയ ഒരു സംഗതിയാണിത്. ക്വുർആൻ വാക്യങ്ങളുടെ സാരം ശരിയായി ഗ്രഹിക്കുവാൻ ആവശ്യമായ അറബി ഭാഷാഭ്യസനം പോലും നിർബന്ധമാണെന്നു ചില ഇമാമുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ക്വുർആൻ പരിഭാഷ ചെയ്യുന്നതിന്റെ ഉദ്ദേശ്യം മൂലവചനങ്ങളുടെ പ്രാധാന്യമോ ഉപയോഗമോ ലവലേശം കുറയ്ക്കുവാനോ അതിക്രമിക്കുവാനോ അല്ല. അങ്ങനെയുള്ള ഒരു ഭാഷാന്തര ഗ്രന്ഥം ഉണ്ടാവുക സാധ്യമല്ല. ക്വുർആന്റെ പല സവിശേഷതകളെക്കുറിച്ചും അവയെ വലിയ നഷ്ടം കൂടാതെ പരിഭാഷയിൽ പ്രതിഫലിപ്പിക്കുന്നതിന്റെ അസാധ്യതയെക്കുറിച്ചും വിവരിക്കുകയുണ്ടായി. എത്ര ഭംഗിയായി രചിച്ച പരിഭാഷയുടെയും പ്രയോഗവും പ്രഭാവവും ഇത്രത്തോളം പരിമിതമാണെങ്കിൽ അങ്ങനെയുള്ള ഒരു സാഹസത്തിന് നാം എന്തിനു ശ്രമിക്കണം. ക്വുർആന്റെ സാരപുഷ്ടിയും പ്രഭാവവും നാം അറിയുകയും അനുഭവിക്കുകയും വേണം എന്നതിൽ മുൻ വിവരണപ്രകാരം യാതൊരു സംശയവും ഇല്ലതാനും. ഈ പ്രശ്നത്തിനു എന്താണു പോംവഴി? തൃപ്തികരവും യുക്തവുമായ പോംവഴി, അറബി ഭാഷയിൽ അതിനു സാഹിത്യവും വ്യാകരണവും സഹിതം പ്രാവീണ്യം സമ്പാദിക്കുകയും ക്വുർആന്റെ സവിശേഷമായ പ്രയോഗങ്ങൾക്കുള്ള പ്രത്യേക സാരം പഠിക്കുകയും ചെയ്യുക, കൂടാതെ ക്വുർആനിലെ ലക്ഷ്യങ്ങൾക്കും സിദ്ധാന്തങ്ങൾക്കും നിബന്ധനകൾക്കുമുള്ള താത്വിക വ്യാഖ്യാനവും കർമശാസ്ത്രപരമായ വിവരണവും പ്രയോഗവും ഗ്രഹിക്കുകയും ചെയ്യുക, ഇതിലേക്കായി ഓരോ വാക്യത്തിനും ഇതര വാക്യങ്ങളിലുള്ള സമീകരണവും വിശദീകരണവും ദൃഢീകരിക്കുകയും ഓരോ വാക്യത്തിന്റെയും അതാതു സൂറയിലോ വിഭാഗത്തിലോ ഉള്ള സന്ദർഭവും അനുക്രമവും മാത്രമല്ല വാക്യം ഇറങ്ങിയ അന്തരീക്ഷം, അതിനു നബി(സ) നല്കിയ വ്യാഖ്യാനവും അനുഷ്ഠാന മാതൃകയും ആ വാക്യത്തിന്റെ വെളിച്ചത്തിൽ സഹാബികളോ താബിഉകളോ താബിഉത്താബികളോ തുടർന്ന തലമുറയോ അതിന്റെ അടുത്ത തലമുറയോ എന്തു ഗ്രഹിക്കുകയും പരസ്പരം ഉപദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്തു എന്നതെല്ലാം അറിയേണ്ടിവരും.

ക്വുർആനിലെ ഇങ്ങനെയുള്ള ശരിയായ അറിവു കരസ്ഥമാക്കുവാൻ നിരന്തര പഠനം ചെയ്യേണ്ടിവരും. ബാല്യകാലവും യൗവനവും മുഴുവൻ ഒരു ക്വുർആൻ വിദ്യാർഥിയായി ജീവിച്ചാൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ. ഈ വിപുലമായ അറിവു സമ്പാദനത്തിൽ അറബി മാതൃഭാഷയായുള്ളവനും അല്ലാത്തവനും വേണ്ടിവരുന്ന ശ്രമത്തിലുള്ള വ്യത്യാസം വലിതല്ല. 'അജമി'ക്ക് 'അറബി'യെക്കാൾ രണ്ടോ മൂന്നോ കൊല്ലം കൂടുതൽ ശ്രമിക്കണം എന്നു മാത്രം. കാരണം ഒരറബിക്കു പോലും അറബി സാഹിത്യവും വ്യാകരണവും നല്ലതുപോലെ പഠിച്ചേ തീരൂ. കൂടാതെ ഒരു അറബിക്കു കുട്ടിക്കാലം മുതൽ പരിചയിച്ച കാലോചിതമോ ദേശീയമോ ആയ പല പദപ്രയോഗങ്ങൾ, അവ ക്വുർആന്റെ ശുദ്ധമായ പ്രയോഗങ്ങളോടു വ്യത്യാസമോ വൈപരീത്യമോ ഉള്ളതായി വരുമ്പോൾ അവന്ന് അവ മാറിപ്പഠിക്കേണ്ടതായും പിഴവായ സാരം ഗ്രഹിച്ചുപോകുന്നതിനെ പ്രത്യേകം സൂക്ഷിക്കേണ്ടതായും വരും. ശീലിച്ചത് മാറ്റിപ്പഠിക്കുന്നതിന് ശരിയായത് ആദ്യം പഠിക്കുന്നതിനേക്കാൾ വിഷമമാണല്ലോ. അതിനാൽ ക്വുർആന്റെ സാരവും വിവരണവും ഉൾക്കൊള്ളുന്ന വിപുലമായ പഠനത്തെ ഗണിക്കുമ്പോൾ അറബിഭാഷ, ഒരു മാതൃഭാഷയെന്നോണം വായിക്കുവാനും ഗ്രഹിക്കുവാനും പൊതുവിൽ അറിയുക എന്നതു അതിന്റെ ഒരു ലഘുവശം മാത്രമാണ്. നിർബന്ധമായ അറിവിന്റെ പരിധി നിർണയിക്കാനുള്ളതെങ്കിലും അതിന്റെ അടിസ്ഥാന ഗണനയെ ഇവിടെ സൂചിപ്പിക്കാം.

അല്ലാഹുവിന്റെ സന്നിധിയിൽ മനുഷ്യനുള്ള പദവിയുടെ അളവുകോൽ അവന്റെ 'തക്വ്‌വ'യാണ്. (49:13, 2:189, 43:35, 38:49) തക്വ്‌വയുടെ പൊരുൾ മനുഷ്യന്റെ പരമ വിജയത്തിലേക്കുള്ള ഏക ലക്ഷ്യമായ അല്ലാഹുവിന്റെ സംതൃപ്തിയെ ആശിച്ചുകൊണ്ടു അവന്ന് തൃപ്തിയുള്ളതെന്നറിയിച്ച നന്മയിലേക്കു അഹമഹമികയാ ഓടിയെത്തുകയും അവന്റെ തൃപ്തി നഷ്ടപ്പെട്ടാലുള്ള സർവതോമുഖമായ നാശവും നിത്യശിക്ഷയും ഭയന്നുകൊണ്ടു അവന്നു അതൃപ്തിയുള്ളതാണെന്നറിയിച്ച തിന്മയിൽ നിന്നു സൂക്ഷ്മതയോടെ സുരക്ഷിതമായി അകന്നുനില്ക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ മനുഷ്യന്റെ പദവിക്കുള്ള അളവ് ഒരു വീക്ഷണത്തിൽ 'തക്വ്‌വ'യാണെങ്കിൽ മറ്റൊരു വീക്ഷണത്തിൽ വിജ്ഞാനമാണ്. (58:11, 2:269) മാത്രമല്ല വിജ്ഞാനത്തിന്റെ അടിസ്ഥാനം തന്നെ തക്വ്‌വയാണ് (35:28). അതിനാൽ നാം എത്രകണ്ടു ജ്ഞാനം നേടണം എന്ന ചോദ്യം എത്രകണ്ട് തക്വ്‌വ അനുഷ്ഠിക്കണം എന്ന ചോദ്യത്തോടു സമമാണ്.

നിർബന്ധമായ ജ്ഞാനസമ്പാനത്തിന്റെ പരിധി തക്വ്‌വയുടെ പരിധിയിൽ കണ്ടെത്താം. "അതുകൊണ്ടു നിങ്ങളുടെ കഴിവനുസരിച്ചു നിങ്ങൾ തക്വ്‌വ അനുഷ്ഠിക്കുക"(64:16). മാത്രമല്ല, വാക്യം 2:3 ൽ 'ഇൻഫാക്വ്' (അല്ലാഹുവിന്റെ തൃപ്തിക്കായി ചെലവഴിക്കൽ) തക്വ്‌വയുടെ

സുപ്രധാന ഇനമായി എണ്ണപ്പെടുന്നു. വാക്യം 2:177 ൽ സാൻമാർഗിക തത്വത്തിന്റെ ഒന്നാംഇനം വിശ്വാസകാര്യങ്ങളായും രണ്ടാംഇനം ഇൻഫാക് ആയും കരുതപ്പെടുന്നു. ഈ വാക്യത്തിന്റെ അവസാന പദങ്ങളും "സൻമാർഗി അല്ലെങ്കിൽ പുണ്യവാൻ തക്വ അനുഷ്ഠിക്കുന്നവനാണ്" എന്ന ആശയം ഉൾക്കൊള്ളുന്ന വാക്യം 2:16 ഉം "നിങ്ങൾ സ്വയം ഇഷ്ടപ്പെടുന്നതിൽ നിന്നു ചെലവഴിക്കുന്നതുവരേക്കും നിങ്ങൾ പുണ്യത്തിൽ എത്തിച്ചേരുകയില്ല എന്നും വ്യക്തമാക്കുന്ന വാക്യം 3:9, ഐശ്വര്യാവസ്ഥയിലും ദുരിതാവസ്ഥയിലും ചെലവു ചെയ്യുകയെന്നതു തഖ്വ അനുഷ്ഠിക്കുന്നവരുടെ ഒന്നാം വിശേഷണമായി കാണിക്കുന്ന വാക്യം 3:132, 133 മറ്റും തക്വയും ഇൻഫാക്വും തമ്മിലുള്ള പ്രധാന ബന്ധം വ്യക്തമായി സ്ഥാപിക്കുന്നുണ്ട്. അതിനാൽ ഇൻഫാക്വിന്റെ പരിധിയെക്കുറിക്കുന്ന നിയമവും ജ്ഞാനസമ്പാദനത്തിന്റെ നിയമത്തോടു തുല്യത വഹിക്കണം. എന്നാൽ ഇൻഫാക്വിനെക്കുറിച്ചു വാക്യം 2:219 വ്യക്തമായും 2:215 സൂചനയിലും നമ്മെ പഠിപ്പിക്കുന്നതു സ്വന്തം അത്യാവശ്യങ്ങൾ കഴിച്ചശേഷം മിച്ചമുണ്ടാക്കാൻ കഴിയുന്നതിന് ചെലവാക്കുകയെന്നതാണ്.

മേൽ വിവരണം വ്യക്തമാക്കുന്നത് കഴിവനുസരിച്ചു നിർവഹിക്കുക എന്ന, ഇൻഫാക്വിനെയും തക്വയെയും കുറിക്കുന്ന നിയമം തന്നെയാണു വിദ്യാസമ്പാദനത്തിന്റെയും എന്നാണ്. ഓരോ മുസ്ലിം സ്ത്രീക്കും പുരുഷനും സ്വന്തം കഴിവനുസരിച്ച് വിജ്ഞാനം വർധിപ്പിക്കേണ്ട ബാധ്യതയുണ്ട്. ഓരോ വ്യക്തിയേയും അവനവന്റെ കഴിവനുസരിച്ചല്ലാതെ അല്ലാഹു നിർബന്ധിക്കുകയില്ല... (2:286). എന്നാൽ അല്ലാഹു നല്കിയ സമയവും സൗകര്യവും വ്യർഥമായ കാര്യങ്ങളിൽ ദുരുപയോഗപ്പെടുത്തി നിത്യേന അരമണിക്കൂർ നേരം പോലും ക്വുർആൻ പഠനത്തിനുപയോഗിക്കാൻ സമയമില്ലാത്ത ഇന്നത്തെ യുവാക്കൾ അല്ലാഹു നല്കിയ കഴിവിനെ തള്ളിക്കളഞ്ഞിട്ടു തങ്ങളുടെ രക്ഷിതാവിനോടു കടുത്ത നന്ദികേടു കാണിക്കുകയാണ് ചെയ്യുന്നത്. വിദ്യാവർധനവിനായി നാം സദാ പ്രത്യാശിക്കുകയും പ്രയത്നിക്കുകയും അതിലേക്കായി അല്ലാഹുവിനോടു ഉള്ളഴിഞ്ഞു പ്രാർഥിക്കുകയും ചെയ്യേണ്ടവരാണ്. "നിന്റെ രക്ഷിതാവേ, നീ എനിക്കു അറിവു വർധിപ്പിച്ചു തരണേ എന്നു നീ പ്രാർഥിക്കുക" (20:114). "എന്റെ രക്ഷിതാവേ, നീ എനിക്കു വിജ്ഞാനം നല്കുകയും എന്നെ നീ സൽകർമങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ."(26:8)

ഇസ്ലാമിലെ വിശ്വാസകാര്യങ്ങളെക്കുറിച്ചും അനുഷ്ഠാന കർമങ്ങളെക്കുറിച്ചും വ്യക്തമായി അറിയുക എന്നതു പ്രായപൂർത്തി എത്തുന്നതോടുകൂടിത്തന്നെ വകതിരിവുള്ള ഏതൊരു മുസ്ലിമിന്റെയും കർത്തവ്യത്തിൽ പെട്ടതാണ്. അടിസ്ഥാനപരമായ ഈ ജ്ഞാനസമ്പാദനം ഒരൊഴിവും കൂടാതെ ഏവന്നും നിർബന്ധമാണെന്നതിൽ ഒട്ടും

സംശയമില്ല. നിർബന്ധമായ (മതാനുഷ്ഠാനങ്ങൾക്ക്) ശേഷമുള്ള ഒരു നിർബന്ധമാണ് ന്യായമായ ഉപജീവനം 'തേടൽ' എന്നു റസൂൽ(സ) പറഞ്ഞിരിക്കുന്നു(ബൈഹക്വി). ഈ അടിസ്ഥാനത്തിൽ ഓരോ വ്യക്തി യുടെയും പ്രഭാവവും ജീവിതാന്തരീക്ഷവും അനുസരിച്ചുള്ള ന്യായമായ കച്ചവടം, തൊഴിൽ, ഉദ്യോഗം എന്നീ മാർഗേണ അഹോവൃത്തി തേടു വാനുള്ള ഉദ്ദിഷ്ട ജോലിയെക്കുറിച്ചുള്ള അറിവു സമ്പാദനവും നിർബ ന്ധവിദ്യാഭ്യാസത്തിൽ ഉൾപ്പെടുമെന്നു പറയാം. മതനിയമപ്രകാരം തന്നെ സമുദായത്തിലെ കച്ചവടക്കാർ, തൊഴിലാളികൾ, ഡോക്ടർമാർ, എൻജി നീയർമാർ, മതപണ്ഡിതന്മാർ, തന്ത്രജ്ഞാനികൾ, ഭരണാധികാരികൾ മുത ലായവർ ഉണ്ടായിരിക്കുക സമുദായത്തിന്റെ സ്വാതന്ത്ര്യവും അന്തസ്സും പുലർത്തുവാൻ ആവശ്യമാണ്. ഇതിൽ ഉദ്ദിഷ്ട മാർഗത്തിലേക്കുള്ള അറിവ് നമ്മുടെ സന്താനങ്ങളെ അഭ്യസിപ്പിക്കേണ്ടതും മതകാര്യത്തിൽ നിർബന്ധ അറിവു കൊടുത്തശേഷമുള്ള ഒരു ബാധ്യതയാണ്. എന്നാൽ മതകാര്യങ്ങളിൽ അറിവും പരിശീലനവും നല്കാതെ പരലോകം അഗ ണ്യമാക്കിക്കൊണ്ട് ഇഹലോകത്തിലേക്കു മാത്രമുള്ള ഭൗതിക വിദ്യാ ഭ്യാസം മാത്രം നല്കുന്ന മാതാപിതാക്കൾ തങ്ങളുടെ സന്താനങ്ങളെ 'കുഫ്റി'ലേക്കു നയിക്കുകയാണു ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ ഇഹലോകത്തെ പരലോകത്തേക്കാൾ കൂടുതൽ ആശിക്കുന്നവന്റെ പേര് ക്വുർആൻ പ്രകാരം 'കാഫിർ' എന്നാണ്. മാത്രമല്ല, അങ്ങനെ ചെയ്യുന്ന വൻ എന്നെന്നേക്കും നരകാഗ്നിയിലായിരിക്കും. (16:107,14:2, 3:2:212, 3;86, 78:38)

ഈ സന്ദർഭത്തിൽ ക്വുർആൻ പഠനവും മറ്റും ഉൾക്കൊള്ളുന്ന യഥാർഥ വിജ്ഞാന വർധനവിന്നായി നമ്മുടെ സഹോദരീസഹോദര ന്മാർക്കു ഇന്നത്തെ അന്തരീക്ഷത്തിൽ കഴിവനുസരിച്ച് എന്തു സാധ്യാകും എന്നു പരിശോധിക്കുന്നതു എന്നെന്നേക്കും അനുയുക്തവും ഉപയോ ഗപ്രദവുമായിരിക്കും.

ഒരാൾ ബാല്യം മുതൽക്കേ പകൽ മുഴുവനും ദേഹാധ്വാനം ചെയ്തു ജീവൻ പോറ്റുകയാണ്. ചെറുപ്പത്തിലോ പിന്നീടോ അക്ഷരജ്ഞാനം പോലും ലഭിക്കുവാൻ അയാൾക്കു സാധ്യമായില്ല. ചെറുപ്പകാലത്തിൽ മതാനുഷ്ഠാനങ്ങളെക്കുറിച്ചു മാതാപിതാക്കൾ പറഞ്ഞുകൊടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. അവർക്ക് സാധ്യമായ അടിസ്ഥാന കടമ നിർവഹിച്ചിട്ടുണ്ടെന്നു മാത്രം. അയാളുടെ നമസ്കാരം, തൊഴിൽ, കുടുംബ ബാധ്യത എന്നിവ നിർവഹിച്ചശേഷം, ഒഴിവകിട്ടുന്ന രാത്രി സമയം സ്വയം വായിച്ചു പഠിക്കുവാൻ കഴിവില്ലായ്കയാൽ വല്ല മതോ പദേശവും ആരെങ്കിലും നല്കുന്നുണ്ടെങ്കിൽ അതുവഴിയെങ്കിലും കൂടു തൽ അറിവു നേടേണ്ടതു അയാളുട കടമയായിരിക്കും. നമസ്കാരത്തിൽ ഓതുന്ന സൂറത്തുൽ ഫാതിഹയുടെയും കഴിയുമെങ്കിൽ മറ്റു ചെറിയ സൂറത്തുകളുടെയും അർഥം അയാൾ ഗ്രഹിച്ചിരിക്കേണ്ടതാണ്. എന്നാൽ

ക്വുർആൻ വാചകങ്ങളുടെയെല്ലാം സാരവും വ്യാഖ്യാനവും ശരിയായ പഠിക്കുക അയാൾക്കു നിർബന്ധമാണെന്നു പറയുവാൻ തരമില്ല. കാരണം, അയാൾക്കു കഴിവിൽപെട്ടതല്ല. എന്നാൽ മാതൃഭാഷയിലുള്ള ഒരു ക്വുർആൻ പരിഭാഷ ഇയാൾക്കും ഉപയോഗപ്രദമാകും. എന്തുകൊണ്ടെന്നാൽ ഒഴിവുള്ളപ്പോൾ അക്ഷരജ്ഞാനമുള്ള തന്റെ സന്താനങ്ങളെക്കൊണ്ടോ മറ്റോ ക്വുർആനിലെ ഒരോ വാക്യവും തുടർന്നു അതിന്റെ പരിഭാഷയും വായിച്ചുകേട്ടാൽ അതുവഴി അറിവു വർധിക്കുവാൻ മാത്രമല്ല, ക്വുർആന്റെ ആവേശം അനുഭവിക്കുവാനും അല്ലാഹുവിന്റെ ഓർമയിലേക്കും തക്വ്‌വയിലേക്കും ഹൃദയം കൂടുതൽ പതിക്കുവാനും സാധ്യമാകും. വിജ്ഞാനത്തിന്റെ വിളങ്ങൽ ഈ 'തക്വ്‌വ' വർധനവാണെങ്കിൽ അയാളെ സംബന്ധിച്ചേടത്തോളം ഒരു പരിഭാഷ വായിച്ചുകേൾക്കുക എത്ര ഗുണകരമായിരിക്കുമെന്നു കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ.

പകൽ മുഴുവൻ വിറകുവെട്ടി വൈകുന്നേരം കുളിച്ചു ഒരു തുണിയും ഈറൻമുണ്ട് ചുമലിലും ധരിച്ചു, നമസ്കരിക്കുന്നവരുടെ അണിയിൽ യഥാസമയം ഓടി എത്തുന്ന ഒരു തൊഴിലാളി പണ്ഡിതരെന്നു നടിക്കുന്ന പലരെക്കാൾ നരകത്തിൽ നിന്നു വിദൂരത്തായി മുന്നണിയിൽ സ്വർഗകവാടത്തിൽ പ്രവേശിക്കുവാൻ ഇടയുണ്ടെന്നുള്ളതും നാം മറക്കരുത്. എന്തുകൊണ്ടെന്നാൽ അവരുടെ പരിമിതമായ അറിവ് അവരുടെ ജീവിതത്തെയും ആത്മീയവശത്തെയും ശുദ്ധമാക്കുവാനും ദൈവഭക്തിയുളവാക്കുവാനും അവർ ഉപയോഗിച്ചു. വിപുലമായ അറിവുണ്ടായിട്ടും അതിനെ നിരുപയോഗപ്പെടുത്തുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്നവൻ നീചൻ മാത്രമാണ്. "അന്ത്യനാളിൽ അല്ലാഹുവിങ്കൽ ഏറ്റവും നികൃഷ്ടൻ തന്റെ അറിവുകൊണ്ടു ഗുണം നേടാത്ത പണ്ഡിതനായിരിക്കും."(ദാരിമി)

സമുദായത്തിൽ അരശതമാനമെങ്കിലും ജീവിതം മുഴുവൻ മതപഠനത്തിനും അതു മറ്റുള്ളവരെ പഠിപ്പിക്കുവാനും വിനിയോഗിക്കുന്നവരായി ഓരോ ദേശത്തും ഉണ്ടായിരിക്കുകയെന്നത് സമുദായത്തിന്റെ പൊതുവിലുള്ള ബാധ്യതയാണ്. അല്ലാഹുവിന്റെ ദീനിന്നെതിരെ യുദ്ധം ചെയ്യുന്ന ശത്രുക്കളെ ചെറുക്കുവാൻ സമുദായമൊട്ടാകെ മുന്നോട്ടുവരുന്ന അന്തരീക്ഷത്തിൽപോലും ഒരു സംഘം മതപഠനം തുടരണമെന്ന് വാക്യം 9:122 വ്യക്തമാക്കുന്നുണ്ട്. ഇവരുടെ പഠനത്തിനുള്ള സൗകര്യവും ജീവിതാവശ്യത്തിനുള്ള ചെലവും നിർവഹിക്കുവാൻ സംഘടനാപരമായ ഏർപ്പാടുകൾ സമുദായം നിറവേറ്റേണ്ടതാണ്. നമ്മുടെ ഉലമാക്കളിൽ പല പോരായ്മകളും അനുഭവപ്പെടുന്നുണ്ടെങ്കിൽ അവരെ മാത്രം പഴിക്കുന്നതിൽ ന്യായമില്ല. ധനമുള്ളവർ അതു വർധിപ്പിക്കുവാൻ വേണ്ടി വഞ്ചനയുടെയും പലിശയുടെയും 'ഹറാം' സമ്പാദനത്തിൽ കലർത്തുന്നു. ഊണിനും ഉടുപ്പിനും മാന്യമായ വഴിയടയ്ക്കപ്പെട്ടവർ മാന്യമല്ലാത്ത വഴിക്കു കൈനീട്ടേണ്ടിവരുന്നു.

ഇങ്ങനെ മതപഠനത്തിനായി ജീവിതം മുഴുവൻ വിനിയോഗിക്കുവാൻ സൗകര്യമുള്ളവർക്കാണു ക്വുർആനിൽ അറബി സാഹിത്യവും വ്യാകരണ സഹിതമുള്ളതും വിപുലമായ ഹദീസു പഠനത്തിന്റെ വെളിച്ചത്തിലുള്ള സാരവും വിശദീകരണവും ഉൾക്കൊള്ളുന്ന കൂലങ്കഷമായ പ്രാവീണ്യം നേടുന്നതും നിർബന്ധമായിവരുന്നത്. തന്നെയും കുടുംബത്തെയും പോറ്റുവാൻ ദൈനംദിനം അധികസമയവും ജോലിചെയ്യുകയും ക്ലേശപ്പെടുകയും ചെയ്യേണ്ടവർക്കു ക്വുർആനിൽ അഗാധവും വിപുലവുമായ പാണ്ഡിത്യം കരസ്ഥമാക്കുവാൻ സമയമോ സൗകര്യമോ അന്തരീക്ഷമോ സാധ്യതയോ ഇല്ലെങ്കിൽ കഴിവിൽ പെടാത്ത ആ പാടവം ലഭിക്കുവാൻ അവർ നിർബന്ധിതരല്ല. മതപഠനത്തിനും ക്വുർആൻ പഠനത്തിനും ജീവിതം മുഴുവൻ വിനിയോഗിക്കുവാൻ സാധ്യതയുള്ളവരെക്കുറിച്ചാണ് അനാവശ്യമായ അറബി ഭാഷാപഠനം നിർബന്ധമാണെന്നു പറയുന്നത്. ക്വുർആന്റെ അതിവിസ്തൃതമായ വ്യാഖ്യാനങ്ങൾ, ഒട്ടധികം ഹദീസുകൾ ഇവയെല്ലാം അറബി ഭാഷയിൽ മാത്രമേ കണ്ടെത്തുകയുള്ളൂ എന്നതാണ് പ്രധാന കാരണം. ക്വുർആന്റെ പദങ്ങളുടെ അർഥം മാത്രം ഗ്രഹിക്കേണ്ടതിലുള്ള അറബി പരിചയം സിദ്ധിക്കുവാൻ രണ്ടു കൊല്ലത്തെ പ്രയത്നംകൊണ്ടോ നല്ല പരിഭാഷകൊണ്ടോ സാധിക്കാനാവും.

## ശാസ്ത്രവിഷയങ്ങളിലെ ജ്ഞാനം

മതപഠനം മാത്രം ലഭിക്കുന്നവർക്കു ശാസ്ത്രീയമായ വിഷയങ്ങളിൽ പരിചയമില്ലായ്കയാൽ ക്വുർആനിലെ ശാസ്ത്രീയ നിയമങ്ങളെയും തത്വങ്ങളെയും കുറിക്കുന്ന ലക്ഷ്യങ്ങളോ സൂചനകളോ ശരിയായി ഗ്രഹിക്കുവാൻ സാധ്യമാകുന്നില്ല. എന്നാൽ വെറും പദാർഥികമോ ഭൗതികമോ ആയ ശാസ്ത്രീയ കാര്യങ്ങൾ അതായും അതിന്നായും മാത്രം വിവരിക്കുന്ന ഒരൊറ്റ വചനവും ക്വുർആനിൽ ഇല്ല. ആത്മീയമോ പാരത്രികമോ ആയ യാഥാർഥ്യങ്ങളെയോ ദൈവിക ശക്തിയെയോ വിശേഷണങ്ങളെയോ സാക്ഷീകരിക്കുവാനോ ലക്ഷീകരിക്കുവാനോ വേണ്ടി മാത്രമാണ് പലപ്പോഴും, ശാസ്ത്രജ്ഞന്മാർക്കുപോലും സ്വയം ഗ്രഹിക്കുവാൻ കഴിയാത്ത രഹസ്യങ്ങൾ ക്വുർആൻ സൂചിപ്പിക്കുന്നത്. അതിനാൽ ശാസ്ത്രീയ ജ്ഞാനത്തിനാണു ക്വുർആൻ കൂടുതൽ സ്ഥാനം നല്കുന്നതെന്നോണം ചിലർ വാദിക്കുന്നുണ്ടെങ്കിൽ അത് അസംബന്ധമാണ്.

എന്നാൽ ക്വുർആനിൽ സൂചിപ്പിക്കുന്ന ശാസ്ത്രീയ തത്വങ്ങൾ ശരിയായി ഗ്രഹിച്ചാൽ അത് ലക്ഷീകരിക്കുന്ന ആധ്യാത്മിക തത്വം കൂടുതൽ വ്യക്തമായും ദൃഢമായും ഗ്രഹിക്കുവാൻ കഴിയും. ശാസ്ത്രത്തിൽ ഒരു ശതമാനമോ ക്വുർആനിൽ അര ശതമാനം പോലുമോ അറിവില്ലാത്തവർ പ്രാഥമിക പാഠപുസ്തകത്തിൽ വായിച്ചതും പിന്നീടു തെറ്റാണെന്നു തെളിഞ്ഞതുമായ ശാസ്ത്രീയധാരണകൾക്കു അല്ലാഹുവിന്റെ വാക്കി

നെക്കാൾ കൂടുതൽ സ്വീകാര്യത നല്കി ക്വുർആനിലെ ആ ശാസ്ത്രീയ സൂചന മാത്രമല്ല, അതു ലക്ഷീകരിക്കുന്ന അധ്യാത്മിക തത്വം പോലും വക്രപ്പെടുത്തി ക്വുർആന്നു ദുർവ്യാഖ്യാനം നല്കിയ പല ഉദാഹരണങ്ങളുമുണ്ട്. ശാസ്ത്രം കഴിഞ്ഞ ഒന്നുരണ്ടു ദശാബ്ദത്തിൽ ഒട്ടധികം പുരോഗമിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രഗമനത്തിൽ ശാസ്ത്രജ്ഞൻമാർ സംതൃപ്തിയല്ല കൂടുതൽ വിഷമങ്ങളെയാണു നേരിടുന്നത്. പല ഗവേണ ഫലങ്ങളിലും പരസ്പര വൈരുധ്യങ്ങൾ അവർ വർധിച്ചു കാണുകയാണ് ചെയ്യുന്നത്. ഐൻസ്റ്റീൻ തത്വവും 'ക്വാണ്ടം തത്വവും' തമ്മിലുള്ള പരമ വൈരുധ്യങ്ങൾ; Ether അല്ലെങ്കിൽ 'തൈജവാഹി'യെ പാദാർഥികമായി സങ്കല്പിച്ചാൽ കണ്ടെത്തുന്ന നിയമവൈരുധ്യങ്ങൾ; പ്രകാശത്തിന്റെ അണുകണ നിയമ (Corpuscular theory) വും തിരമാല്യപ്രവർത്തനവും (Wave theory) തമ്മിലുള്ള വൈപരീത്യങ്ങൾ; അതിനിബിഡമായ സാന്ദ്രതയുള്ളതും എന്നാൽ പ്രവർത്തനവശം സ്തംഭനാപരവുമായ പദാർഥി ദശ-മറുവശത്തു ഘനമാനം പൂജ്യമായതും എന്നാൽ സുശക്ത കിരണസ്ഫുരണം ചെയ്തുകൊണ്ടു ആവിർഭാവത്തിൽ മാത്രം തിരിച്ചറിയാൻ കഴിയുന്നതും, പല വാരകൾ വണ്ണമുള്ള ഇരുമ്പുകട്ടിയിൽ കൂടിപോലും മിന്നൽവേഗതയിൽ കയറിക്കിടക്കുന്നതുമായ പാദാർഥിക രൂപത്തിൽ നിന്നു ഭിന്നമായുള്ള അതിന്റെ ശിഥില വശം-മനുഷ്യനും കണ്ടെത്തുവാൻ കഴിഞ്ഞ രണ്ടറ്റങ്ങളായ ഈ രണ്ടു രൂപങ്ങൾക്ക് മധ്യേയുള്ള വ്യത്യസ്ത ഘനമാനവും പ്രകൃതിയും പ്രവർത്തനശക്തിയുമുള്ള പദാർഥത്തിന്റെ വിവിധ രൂപങ്ങൾ. ഇവയെല്ലാം ഓരോ അടിസ്ഥാനപരമായ ശക്തിയുടെ വ്യത്യസ്ത പ്രകടനങ്ങൾ മാത്രമാണെങ്കിൽ, ഈ പ്രപഞ്ചത്തിലെ എണ്ണമറ്റ പരസ്പര ബന്ധങ്ങളാലും അന്യോന്യം താരതമ്യത്താലും മാത്രം ആവിർഭവിക്കുകയും പ്രത്യക്ഷമാവുകയും പ്രവർത്തിക്കുകയും നശിക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്ന ഈ ലോകത്തിൽ കാണപ്പെടുന്ന ക്രമവും ക്രമീകരണവും സമതുലിത സ്വഭാവവും പരസ്പര വൈരുധ്യങ്ങളെ കവച്ചുവെക്കുന്നുണ്ടെങ്കിൽ അതിലെല്ലാമുള്ള രഹസ്യങ്ങളെക്കുറിച്ചു യാതൊന്നും അറിയുവാൻ കഴിയാതെ ശാസ്ത്രജ്ഞന്മാർ അതിയായി വിഷമപ്പെടുന്ന ഒരു കാലമാണിത്.

18-ാം നൂറ്റാണ്ടിൽ കാന്റ്, ലാപ്ലേസ് തുടങ്ങിയവർ നടത്തിയ വിപുലമായ ഗവേഷണങ്ങളുടെ ഫലമായി ശാസ്ത്രജ്ഞന്മാർ ധരിച്ചുപോന്ന പ്രപഞ്ചത്തിന്റെ ആവിർഭാവദശകളെ കുറിക്കുന്ന പല തത്വങ്ങളും ഇക്കഴിഞ്ഞ ശതകത്തിൽ മറിച്ചെഴുതേണ്ടതായി വന്നിട്ടുണ്ട്. ഇയ്യിടെ റഷ്യയിലെ പ്രശസ്തനായ അമ്പാർട്ട് സീമിയാൻ തന്റെ ജീവിതകാലം മുഴുവൻ നീണ്ടുനിന്ന ഗവേഷണഫലമായി പദാർഥത്തിന്റെ ആവിർഭാവത്തിലെ ഒരു ദശയെക്കുറിച്ച് പുറപ്പെടുവിച്ച തത്വം ക്വുർആനിലെ വാക്യം 21:30ൽ ഉൾക്കൊള്ളുന്നതിന്റെ വ്യാഖ്യാനമാണിത്. എന്നാൽ അതിനു മുമ്പുള്ള ദശകളെ കുറിച്ചു ഇദ്ദേഹത്തിന് ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ല. വ്യത്യസ്ത ദശക

ങ്ങളിൽ ചിലതു വ്യക്തമായും ചിലതു ഊഹങ്ങളായും ചിലർ ഗ്രഹിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം ഇന്നും വ്യക്തമായി സ്ഥാപിക്കുവാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ ദശകളെല്ലാം പരിശുദ്ധ ക്വുർആൻ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ഈ വാക്യങ്ങളെ വിവരിക്കുന്ന ഭംഗിയായ ചില നബിവചനങ്ങളുമുണ്ട്. പ്രധാന വാക്യങ്ങൾ 11:7; 6:1; 41:11, 12, 21:3033 എന്നിവയാണ്. ശാസ്ത്രം വഴി മനുഷ്യനു ഗ്രഹിക്കുവാൻ കഴിയാത്ത എന്തെല്ലാം രഹസ്യങ്ങൾ ഈ വിഷയത്തെക്കുറിച്ചു ക്വുർആനിന്റെയും നബിവചനങ്ങളുടെയും അടിസ്ഥാനത്തിൽ മുസ്‌ലിം ചിന്തകന്മാർ മുമ്പുതന്നെ എത്രയൊക്കെ ഗ്രഹിച്ചിട്ടുണ്ടെന്നതിനു മേൽവാക്യങ്ങൾക്കു തഫ്സീർ റാസിയും ഇബ്നു കസീറും നല്കി വ്യാഖ്യാനങ്ങൾ വായിച്ചാൽ വ്യക്തമാകും. മാത്രമല്ല, മേൽ കാണിച്ച വാക്യങ്ങൾ വായിച്ചാൽ ശാസ്ത്രീയ വിവരങ്ങൾക്കായി മാത്രം അവ ഉപയോഗിക്കാതെ ആ സംഗതികൾ മഹത്തായ അധ്യാത്മിക തത്വങ്ങൾക്കു അനുയോജ്യമായ ലക്ഷ്യങ്ങളായി മാത്രമാണ് ക്വുർആൻ പ്രതിപാദിക്കുന്നതെന്നും വ്യക്തമാകും.

പ്രപഞ്ചത്തിന്റെ ആവിർഭാവദശകളെക്കുറിച്ചു മനുഷ്യന്റെ അറിവിലുള്ള വീഴ്ചകൾക്കു മാത്രമല്ല, മേൽ കാണിച്ച ശാസ്ത്രീയ നിയമങ്ങളിലുള്ള പരസ്പരം വൈരുധ്യങ്ങൾക്കെല്ലാം പ്രയോഗങ്ങളിലും സൂചനകളിലും പോംവഴി കാണിച്ചിട്ടുണ്ട്.

ജലത്തിന്റെ പ്രകൃതിയെയും പ്രവർത്തനങ്ങളെയും മഴയുടെയും മറ്റും ഉത്ഭവത്തെയും കുറിച്ചു മനുഷ്യൻ ഗ്രഹിച്ചതിലുള്ള പല വീഴ്ചകളെയും പരിശുദ്ധ ക്വുർആൻ ഭംഗിയായി തിരുത്തിയിട്ടുണ്ട്. ഭൂമിയിൽ പെയ്യുന്നതെല്ലാം കാർമേഘങ്ങൾ വഹിക്കുന്ന ബാഷ്പകണങ്ങളിൽ നിന്നു വർഷിക്കുന്നതു മാത്രമല്ലെന്നും പ്രത്യേകിച്ചു വലിയ കോളിളക്കവും കൊടുങ്കാറ്റും തുടർന്നുണ്ടാകുന്ന അതിവർഷത്തിൽ അതിന്റെ വലിയ ശതമാനം മനുഷ്യൻ അറിയാത്ത നിലയിൽ വിദൂരമായ ഉപരിലോകത്ത് എവിടെയോ നിന്ന് ഉത്ഭവിക്കുന്നതാണെന്നും വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ (ആകെ വർഷിക്കുന്ന മഴവെള്ളം, കാർമേഘങ്ങൾക്കു നല്കുവാൻ കഴിയുന്ന ജലത്തേക്കാൾ ഒട്ടധികം കാണപ്പെടുന്നതിൽ നിന്ന്) ഈയിടെയാണു ശാസ്ത്രജ്ഞന്മാർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞത്. എന്നാൽ ക്വുർആനിലെ പലയിടത്തും ആകാശത്തുനിന്നാണ് ജലം ഇറക്കുന്നതെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ ആ പദങ്ങളുടെ സാരം മറ്റു ചില സന്ദർഭങ്ങളിൽ മേഘത്തിൽ നിന്നുള്ള മഴ എന്നു പറഞ്ഞതിൽ നിന്നു വ്യത്യസ്തമാണ്. ആകാശത്തു നിന്ന് ഇറക്കുന്ന ജലം എന്നർഥം വരുന്ന ക്വുർആനിലെ അറബി പദങ്ങൾക്കു മേഘത്തിൽ നിന്നു വർഷിക്കുന്ന മഴയെന്നു ചിലർ പരിഭാഷ ചെയ്തിട്ടുണ്ടെങ്കിൽ അതു ശരിയല്ല. നൂഹ് നബി(അ)ന്റെ കാലത്തുണ്ടായ ജലപ്രളയത്തിനു കാരണമായി "അപ്പോൾ നാം ആകാശത്തിന്റെ വാതിലുകളെ പ്രവഹിക്കുന്ന ജല

ത്താൽ തുറന്നുവിട്ടു”(54:11) എന്ന വാക്യത്തിന്റെ നേരെയുള്ള അർഥ ത്തിൽ നിന്നു ഇതു വ്യക്തമാണ്. എന്നാൽ കാർമേഘങ്ങളിൽ നിന്നു മാത്രമേ മഴയുണ്ടാകൂ എന്ന രണ്ടാം ക്ലാസിൽ പഠിച്ച വലിയ ശാസ്ത്ര ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വാക്യം, കാർമേഘത്തിൽ നിന്നുള്ള അതിവർഷത്തിനുള്ള അലങ്കാര പ്രയോഗമാണന്നു പറയു കയും തിർമിദിയും അബൂദാവൂദും നിവേദനം ചെയ്തിട്ടുള്ള ഒരു നബി വചനത്തിൽ വ്യക്തമാക്കുന്ന വാനലോക ജലാശയത്തെ പുച്ഛഭാവത്തിൽ നിഷേധിക്കുകയും ചെയ്യുന്നവർ അല്ലാഹുവിന്റെയും അവൻ അവന്റെ റസൂലിനു നല്കിയതുമായ അറിവിന്ന് എത്രമാത്രം വില കല്പിക്കുന്നു!

ഖുർആൻ വാക്യം 32:5 ൽ ഉപരിലോകത്തിലെ ഒരു നാൾ ഭൂമി യിലെ നമ്മുടെ സമയ അളവിന്റെ ആയിരം കൊല്ലങ്ങൾക്കു സമമാ ണെന്നും വാക്യം 70:4 ൽ ഒരു ദിനം 50,000 കൊല്ലങ്ങളുടെ അളവാ ണെന്നും വിവരിക്കുന്നു. (അതായത് ഒരു ദിനം 177.5 ലക്ഷം ദിനങ്ങൾക്കു സമമാണെന്ന്). അദൃശ്യലോകത്തിലെ വ്യത്യസ്ത സ്ഥാനമനുസരിച്ചു അവിടത്തെ ഒരു ദിനം ആയിരമോ അൻപതിനായിരമോ ഭൂമിയിലെ കൊല്ലങ്ങൾക്കു സമമായിരിക്കും. യാദൃച്ഛികത്വത്തിന്റെ ഭേദഗതികളെ മാത്രം കുറിക്കുന്ന ഈ ലോകത്തിന്റെ കാലയളവും യാഥാർഥ്യമുള്ള ആത്മീയദശകളെ കുറിക്കുന്നതും ഓരോ വ്യക്തിക്കും വ്യത്യസ്തമായി പ്രവഹിക്കുന്നതുമായ പരലോകത്തിലെ കാലഗതിയും തമ്മിലുള്ള വ്യത്യാസം പല വാക്യങ്ങളിലും കൂടി ഭംഗിയായി ഖുർആൻ പ്രതിപാദി ക്കുന്നുണ്ട്. അതിനെ സ്പർശിക്കാതെ തന്നെ, മേൽ കാണിച്ച രണ്ടു വാക്യ ങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഈ ഭൂമിയിലെ കാലഗതി ഉപരിലോ കത്തിലെ കാലഗതിയോടു വഴിദൂരമനുസരിച്ചു അതിവേഗത്തിൽ ചലി ക്കുന്നു എന്ന തത്വം വ്യക്തമാണ്.

ഈ തത്വത്തിന്റെ പ്രാപഞ്ചിക വശം ആദ്യമായി ഗ്രഹിച്ചതു ഐൻസ്റ്റിൻ ആയിരുന്നു. ഇതിനെക്കുറിച്ചു കൂടുതൽ പഠനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ശാസ്ത്രീയ തത്വത്തിന്റെ അടിസ്ഥാന ത്തിൽ ഒരാൾ ഭൂമിയിൽ നിന്നു ഒരു റോക്കറ്റിൽ പതിന്നാലു പ്രകാശസം വത്സരങ്ങൾ ദൂരെയുള്ള ഒരു ഗോളത്തിലേക്കു പ്രകാശവേഗതയുടെ 99 ശതമാനം വേഗതയിൽ പോയി ആ ഗോളത്തിൽ അല്പം താമസിച്ച ശേഷം, പോയ വേഗതയിൽ തന്നെ മടങ്ങിവരികയാണെങ്കിൽ അയാൾ ഭൂമിയിൽ എത്തുമ്പോൾ ഭൂമിയിൽ 29 കൊല്ലം കഴിഞ്ഞിരിക്കും. എന്നാൽ അയാൾ ധരിച്ച വാച്ചുപ്രകാരവും അയാളുടെ ശാരീരിക ഗതിയിലും നാലുകൊല്ലം മാത്രമേ കഴിഞ്ഞിട്ടുണ്ടാവുകയുള്ളൂ. യാത്രയ്ക്കു പുറ പ്പെടുമ്പോൾ അയാൾക്കു പതിനെട്ടു വയസ്സും മകനു ഒരു വയസ്സുമാ ണെങ്കിൽ അയാൾ ഭൂമിയിൽ മടങ്ങിയെത്തുമ്പോൾ അയാൾക്കു ഇരുപ ത്തിരണ്ടു വയസ്സും മകനു മുപ്പതു വയസ്സും പ്രായം ചെന്നിരിക്കും!! പോകുന്ന വഴിയുടെ ദൂരം വർധിക്കുന്തോറും ഈ വ്യത്യാസം കൂടുത

ലായിത്തീരും. ഉദാഹരണമായി, ഒരാൾ പതിനഞ്ചു ലക്ഷം പ്രകാശവർഷങ്ങൾ ദൂരെയുള്ള ഗോളത്തിലേക്കു പ്രകാശത്തിന്റെ 99 ശതമാനം വേഗതയിൽ പോയി ഉടനെ മടങ്ങിവരുന്ന പക്ഷം ഭൂമിയിൽ മുപ്പതു ലക്ഷത്തിൽ പരം കൊല്ലങ്ങൾ കഴിഞ്ഞിരിക്കും. എന്നാൽ അയാൾക്ക് അൻപത്തഞ്ചു വയസ്സു മാത്രമേ കൂടിയിട്ടുണ്ടാവുകയുള്ളൂ. ഈസാനബി(അ) അനന്തകോടി പ്രകാശവർഷം അകലെയുള്ള നാലാം വാനത്തിൽ പ്രകാശത്തെക്കാൾ വർധിച്ച വേഗതയിൽ പോയി കുറേക്കാലം താമസിച്ച് മടങ്ങിയെത്തുമ്പോൾ ഭൂമിയിൽ പതിനായിരം കൊല്ലങ്ങൾ തന്നെ കഴിഞ്ഞിരിക്കാമെങ്കിലും അദ്ദേഹത്തിനു വാർധക്യം ബാധിച്ചിരിക്കുകയില്ലെന്നു മാത്രമല്ല അധികപക്ഷവും ഒറ്റ ശ്വാസനിശ്വാസത്തിന്നനുസരിച്ചു കഴിഞ്ഞിരിക്കാൻ വഴിയില്ല. സ്വയം ദേഹഗതി അത്രകണ്ടു മന്ദീഭവിക്കുമെങ്കിൽ ഭൂമിയിൽ മടങ്ങിയെത്തിയതിനിടയ്ക്കു ഒരു പ്രാവശ്യമെങ്കിലും പാദാർഥിക ഭക്ഷണമോ പാനീയമോ ദേഹപോഷണത്തിനു ആവശ്യമായിരിക്കയില്ല എന്നു തന്നെയുമല്ല ഒരു ശ്വാസം കഴിയേണ്ട വായുവിന്റെ ആവശ്യം പോലും നേരിടേണ്ടി വന്നിരിക്കയില്ല.

പ്രകാശത്തേക്കാൾ കൂടുതൽ വേഗതയിലുള്ള ചലനഫലത്തെക്കുറിച്ചു ശാസ്ത്രജ്ഞന്മാർ ഇന്നും ചിന്തിച്ചിട്ടില്ല. കാരണം അതു ഈ പ്രപഞ്ചത്തിൽ അസാധ്യമെന്നാണ് അവരുടെ ധാരണം. എന്നാൽ ഈസാനബി(അ) ന്റെ വാനത്തിലെ താമസത്തിൽ വിശ്വസിക്കുന്ന നാം അവരുടെ ധാരണയിൽ നിന്നു വ്യത്യസ്തമായതു സംഭവിപ്പിക്കുവാൻ അല്ലാഹു ശക്തനാണെന്നു ദൃഢമായി വിശ്വസിക്കുന്നു.

ക്വുർആൻ അവതരണശേഷമുണ്ടായ ആയിരം കൊല്ലംവരെയും മനുഷ്യൻ സ്വന്തം ശ്രമത്തിൽ ഒട്ടും ഗ്രഹിക്കാൻ കഴിയാത്തതും ക്വുർആൻ വ്യക്തമാക്കുന്നതുമായ ശാസ്ത്രീയ രഹസ്യങ്ങൾക്കു മാത്രം ഒരായിരം ഉദാഹരണങ്ങൾ നല്കുവാൻ കഴിയും. എന്നാൽ നാം ഇവിടെ സ്പർശിച്ച ഉദാഹരണങ്ങളിൽ നിന്നു നമുക്കു വ്യക്തമാകുന്ന പരമാർഥമാണ്, ഈ നൂറ്റാണ്ടിൽ മാത്രം ശാസ്ത്രജ്ഞന്മാർ ഗ്രഹിച്ചുതുടങ്ങിയതും ഇനിയും ഗ്രഹിക്കേണ്ടതുമായ പല തത്വങ്ങളും മനുഷ്യന്റെ അറിവിൽ വരാവുന്ന വീഴ്ചകളും വൈകല്യങ്ങളും കൂടാതെ പരിശുദ്ധ ക്വുർആനിൽ ഉൾക്കൊള്ളുന്നുണ്ടെന്നുള്ളത്. അതിനാൽ പതിന്നാലു നൂറ്റാണ്ടുകൾക്ക് മുമ്പു ഓരോ വിഷയത്തിലും സാഹിത്യത്തിലും ഏറ്റവും പ്രാവീണ്യം സമ്പാദിച്ച പണ്ഡിതൻമാരെല്ലാം ഒരുമിച്ചു സംഘടിതമായി പല ശതകങ്ങൾ ശ്രമിച്ചിരുന്നെങ്കിൽ തന്നെ ക്വുർആന്റെ സമീപം പോലും നില്ക്കാവുന്ന ഒരു ഗ്രന്ഥം നിർമിക്കുവാൻ അവരുടെ എല്ല അറിവും കഴിവും ഒട്ടും മതിയാവുകയില്ലെങ്കിൽ ഒരു അനാഥനായും ആട്ടിടയനായും അക്ഷരജ്ഞാനമില്ലാത്തവനായും അറേബ്യൻ മരുഭൂമിയിലെ അന്ധവിശ്വാസികളുടെയും മൂഢന്മാരുടെയും ഇടയിൽ ജീവിച്ചുപോന്ന മുഹമ്മദാണ് ഈ വിജ്ഞാന സമ്പൂർണമായ ഉദ്യുക്തവചനങ്ങൾ പ്രബോധനം ചെയ്ത

തെങ്കിൽ, അദ്ദേഹം അല്ലാഹുവിങ്കൽ നിന്നു പ്രചോദനം ലഭിച്ച അന്ത്യ പ്രവാചകനായിരുന്നുവെന്നുള്ളത് അല്പബുദ്ധികൾക്കു പോലും വ്യക്ത മായിക്കാണുവാനും കഴിയും.

"(അല്ലാഹുവിനെ) നിഷേധിക്കുന്നവർ കാണുന്നില്ലേ, നിശ്ചയമായും ആകാശങ്ങളും ഭൂമിയും ഒന്നിച്ചുചേർന്ന (ഏകഘടക) മായിരുന്നു എന്നും പിന്നീടു നാം അവയെ വിടർത്തി വ്യാപിതമാക്കിയും എല്ലാ ജീവ വസ്തു ക്കളെയും നാം ജലത്തിൽ നിന്നു ഉളവാക്കിയതും എന്നിട്ടും അവർ വിശ്വ സിക്കുന്നില്ലേ?"(21:30)

പ്രാപഞ്ചിക പദാർഥത്തിന്റെ ഒരു മുൻ ദശയിൽ അതു അതിസാ ന്ദ്രിതവും പിന്നീട് വിടർന്നു വ്യാപിതവുമായിത്തീർന്ന, മേൽ വാക്യ ത്തിൽ വ്യക്തമാക്കിയ ഈ തത്വം ഗ്രഹിക്കുവാൻ ഗണിതത്തിലും ഖഗോ ളവിദ്യയിലും പ്രശസ്തതി നേടിയ ന് അമ്പാർട്ട് സുമിയ അതിവിപുല മായ ഗവേഷണശാലയിൽ വെച്ചു പല ശാസ്ത്രജ്ഞരുടെയും സഹായ ത്തോടെ രണ്ടു ദശകങ്ങൾ പഠനം നടത്തേണ്ടിവന്നു. മേൽ വാക്യത്തിൽ അതിപ്രധാനമായ മറ്റൊരു ശാസ്ത്രീയ തത്വവും ഉൾക്കൊള്ളുന്നു.

'ശയ്ഇൻ ഹയ്യ്' അല്ലെങ്കിൽ ജീവവസ്തു (Living matter) ജലത്തിൽ നിന്നാണു ആവിർഭവിച്ചതെന്നും ജീവവസ്തുവിലെ ജീവാങ്കുരം (Protoplasm) 90 ശതമാനം ജലം ആണെന്നും ശേഷിച്ചതും ജലാണുക്കളിൽ നിന്നുള്ള രൂപാന്തരമാണെന്നും പ്രാരംഭത്തിൽ അതുളവായതുതന്നെ ജല ത്തിൽ നിന്നാണെന്നും വ്യക്തമായി മനുഷ്യൻ ഗ്രഹിച്ചതു ഈയിടെയാണ്. മറ്റു പല വാക്യങ്ങളിലും 'നീ' 'നിങ്ങൾ' അല്ലെങ്കിൽ 'അവർ' കാണുന്നില്ലേ എന്ന ചോദ്യംകൊണ്ടാരംഭിക്കുന്നതിനു പകരം മേൽ വാക്യം 'ദൈവനിഷേധികൾ കാണുന്നില്ലേ' എന്ന ചോദ്യംകൊ ണ്ടാരംഭിക്കുന്നതിൽ പ്രത്യേക ഔചിത്യമുണ്ട്. എന്തുകൊണ്ടെന്നാൽ ഈ വാക്യത്തിൽ കാണിച്ചിട്ടുള്ള രണ്ടു തത്വങ്ങളും സ്വയം പഠനംകൊണ്ടും ചർച്ചകൾ കൊണ്ടും ആദ്യം കണ്ടെത്തിയതു നിരീശ്വരവാദികളായിരു ന്നു. ശാസ്ത്രം ഇത്ര പുരോഗമിച്ച ഈ യുഗത്തിൽ പലരും പല കൊല്ല ങ്ങൾ ഗവേഷണം ചെയ്തു ഗ്രഹിച്ച തത്വങ്ങൾ 1400 കൊല്ലങ്ങൾക്കു മുമ്പു പരിശുദ്ധ ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ. ".... എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?"(21:30). ഈ വാക്യത്തിൽ ഈ യുഗത്തിലെ മനു ഷ്യസമുദായത്തോട് ഒരു പ്രത്യേക ചോദ്യമുണ്ട് എന്നത് ആർക്കും ഇപ്പോൾ വ്യക്തമായിരിക്കുമല്ലോ.

പരിശുദ്ധ ക്വുർആന് എല്ലാ സമുദായങ്ങൾക്കും അതിന്റെ അവത രണം മുതൽ കാലാവസാനം വരേക്കും പൊതുവിൽ അനുയോജ്യമായ ഒരു പ്രബോധനമാണെങ്കിൽ ഓരോ സമുദായത്തോടും ഓരോ യുഗ ത്തിലും പ്രത്യേകം ബാധകമായ പ്രഖ്യാപനവും അതിൽ ഉൾക്കൊള്ളു ന്നുണ്ട്. മനുഷ്യർ ഇന്നും ഗ്രഹിക്കാത്ത ഒട്ടനേകം ശാസ്ത്രീയരഹസ്യ

ങ്ങൾക്കും പ്രകൃതിയിൽ കാണപ്പെടുന്ന പരസ്പരം വൈരുധ്യങ്ങൾക്കുമുള്ള വിശദീകരണം, ക്വുർആൻ നിസ്സംശയം നല്കുന്നുണ്ട്. മാത്രമല്ല, ഇന്നത്തെ അമുസ്‌ലിം തത്വചിന്തകൻമാർ മനുഷ്യന്റെ ശാരീരികവശവും ആത്മീയവശവും തമ്മിലും മതവും ശാസ്ത്രവും തമ്മിലും അനുയോജ്യത കണ്ടെത്താതെ വിഷമിക്കുകയാണെങ്കിൽ പരിശുദ്ധ ക്വുർആൻ മുഴുവനും അവർ തുറന്ന മനസ്സോടെ പഠിക്കുന്ന പക്ഷം അവരുടെ താത്വിക കുഴപ്പങ്ങളെല്ലാം വെയിൽ കണ്ട മഞ്ഞുപോലെ മാഞ്ഞുപോകും. ഏതൊരു സത്യാന്വേഷകന്റെ ഹൃദയവും ഇന്നും എന്നും പ്രസന്നവും പ്രശോഭിതമാക്കുവാൻ പരിശുദ്ധ ക്വുർആൻ പര്യാപ്തമാണ്.

ലോകം നിലനില്ക്കുന്നിടത്തോളം എത്ര ബുദ്ധിശാലിക്കും ഏതൊരു വിഷയത്തിൽ അവനു കൂടുതൽ പാണ്ഡിത്യമുണ്ടോ ആ വിഷയത്തിൽ പ്രത്യേകമായും ഇതര വിഷയങ്ങളിൽ പൊതുവിലും ക്വുർആനോടു അവൻ അടുക്കുന്ന അളവനുസരിച്ചു വിജ്ഞാനം പ്രദാനം ചെയ്യുവാനും, തദ്വാര ദൈവസ്മരണയിലേക്കും ഭക്തിയിലേക്കും അവനെ ശക്തമായി വശീകരിക്കുവാനുള്ള അളവറ്റ ധന്യത ക്വുർആന്റെ ദിവ്യമായ വിശിഷ്ടതയാണ്. എന്നാൽ ഓരോ സമുദായവും ഓരോ കാലഘട്ടത്തിലും അഭിമുഖീകരിക്കുന്ന പ്രത്യേക ചിന്താവിഷയങ്ങൾക്കോ പ്രശ്നങ്ങൾക്കോ ക്വുർആൻ നല്കുന്ന പരിഹാരമാർഗവും വിജ്ഞാന പ്രകാശവും ലോകസമക്ഷം പ്രഖ്യാപിക്കേണ്ടത് അതത് കാലത്തെ മുസ്‌ലിം പ്രമുകന്മാരുടെ കടമയാണ്. എന്നാൽ തങ്ങൾക്കു ചുറ്റും എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും മനുഷ്യന്റെ ശ്രദ്ധയെ അപ്പപ്പോൾ വിഷയങ്ങളും പ്രശ്നങ്ങളും എന്തൊക്കെയാണെന്നും സസൂക്ഷ്മം അറിയാത്ത ഇന്നത്തെ ഉലമാക്കൾക്കു ഈ ബാധ്യത നിറവേറ്റാനുള്ള സാധ്യത വളരെ പരിമിതമാണ്. നവീന വിദ്യാഭ്യാസവും അതുവഴി യുക്തിബോധത്തിനു കൂർമതയും വിശാലതയും സിദ്ധിച്ച ഇന്നത്തെ യുവാക്കളോട് പ്രബോധനം ചെയ്യുമ്പോൾ ഉദ്ധരിച്ചുകൊടുക്കുന്ന ലക്ഷ്യങ്ങൾ അവരുടെ ബുദ്ധിശക്തിക്കു ആകർഷണീയമായിരിക്കണം. എന്നാൽ മാത്രമേ ആ ലക്ഷ്യങ്ങൾ വഴി വിവരിക്കുന്ന തത്വങ്ങൾ നമ്മുടെ യുവാക്കളെ വശീകരിക്കുകയുള്ളൂ. ക്വുർആനിലെ ശാസ്ത്രസൂചനകൾ വിവരിച്ച് അതുവഴി താത്വിക സിദ്ധാന്തങ്ങൾ സ്ഥാപിച്ചു തെളിയിക്കാമെങ്കിൽ ആ ശാസ്ത്രീയ വിഷയങ്ങളിൽ പാടവം ആവശ്യമാണ്. നല്ല അറിവും ചിന്താശക്തിയും ഇല്ലാത്ത ജനങ്ങളോട് ഉണർത്തുന്നതു ഹാനികരമായിരിക്കുമെന്നു മുമ്പു കരുതിപ്പോന്ന ക്വുർആൻ ഉൾക്കൊള്ളുന്ന പല പ്രതിപാദനങ്ങളും വ്യാഖ്യാനങ്ങളും പൊതുയോഗങ്ങളിൽ വച്ചുപോലും വിവരിക്കേണ്ട കാലഘട്ടമാണിത്. ഈ ബാധ്യത നിർവഹിക്കുവാൻ പ്രഭാവവും ത്രാണിയുമുള്ള ഉലമാക്കളുടെ അഭാവം മുസ്‌ലിംലോകത്തെയും ഇന്ന് അനുഭവപ്പെടുന്ന ഒരു ശോചനീയാവസ്ഥയാണ്.

## മതപാണ്ഡിത്യത്തിലെ വിജ്ഞാന പരിമിതി

മറുവശത്തു, ശാസ്ത്രീയ വിഷയങ്ങളിലും ഭൗതിക കാര്യങ്ങളിലും തഴക്കമുള്ള നമ്മുടെ ഇടയിലെ ബിരുദധാരികൾ ക്വുർആനിലും ഹദീസിലും യാതൊരറിവും ഇല്ലാത്തവരാണ്. ഭൗതികത്വം മാത്രം ആശ്ലേഷിക്കുന്ന അനിസ്ലാമിക പരിഷ്കാരങ്ങളിൽ ആകൃഷ്ടരായി അതനുസരിച്ച് ഇസ്ലാമിനെ 'നവീന'മാക്കി മാറ്റുവാൻ കൊതിക്കുന്ന ഇവരുടെ സാമുദായിക പ്രവർത്തനങ്ങൾ ഗുണത്തെക്കാളേറെ ദോഷകരമാണെന്നു പറയേണ്ടതില്ലല്ലോ. ശാസ്ത്രീയജ്ഞാനം ഒട്ടുമില്ലാത്ത ഉലമാക്കൾ, മതം ഒട്ടുമറിയാത്ത ബിരുദധാരികൾ, ഇവർക്കു മധ്യേ ആലയുന്ന മതമോ ശാസ്ത്രമോ അറിയാത്ത ബഹുഭൂരിപക്ഷം. ഇതാണ് നമ്മുടെ നിലയെങ്കിൽ സമുദായത്തിന്റെ ഭദ്രതയും അന്തസ്സും നമ്മിൽ നിന്ന് അകന്നുപോയതിൽ എന്താണാശ്ചര്യം. ക്വുർആനിലെ തത്വസിദ്ധാന്തങ്ങളിലും അവയോടനുയോജ്യമായ നിലയിൽ ശാസ്ത്രീയ വിഷയങ്ങളിലും പ്രാവീണ്യവും കർമക്ഷമതയും കൈക്കൊണ്ടിരുന്ന മുൻകാലങ്ങളിൽ മുസ്ലിം സമുദായത്തിന് ഇതര സമുദായങ്ങൾക്കെല്ലാം മാതൃക നല്കുവാനും ഇസ്ലാമിന്റെ അന്തസ്സിനെ ശോഭനമായി സൂക്ഷിക്കുവാനും സാധിച്ചുവെന്നത് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

സമുദായത്തിനു നഷ്ടപ്പെട്ടുപോയ ഭദ്രതയും അന്തസ്സും വീണ്ടെടുക്കുവാൻ പരിശുദ്ധ ക്വുർആനിന്റെ പഠനത്തിനും പ്രബോധനത്തിലും നാം ചില കാര്യങ്ങൾ നിർവഹിക്കേണ്ടതുണ്ട്.

മനുഷ്യന്റെ ഇഹ-പരജീവിതങ്ങളെ സ്പർശിക്കുന്ന ക്വുർആനിന്റെ എല്ലാ വശവും ശരിയായി പഠിക്കുവാനും ചർച്ചചെയ്യുവാനും പ്രസിദ്ധീകരിക്കുവാനുമുള്ള ചുരുക്കം ചില കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക. അറബി സാഹിത്യത്തിലും മതകാര്യങ്ങളിലും ഹദീസിലും നല്ല അറിവു സിദ്ധിച്ച പത്തു ഉലമാക്കളെങ്കിലും ക്വുർആൻ പഠനത്തിന് ജീവിതം മുഴുവൻ ഉപയോഗിക്കുന്നവരായി ഓരോ കേന്ദ്രത്തിലും ഉണ്ടായിരിക്കുക. കൂടാതെ, ക്വുർആൻ ചെറുപ്പം മുതൽ അല്പാല്പമായിട്ടെങ്കിലും ഒഴിവു സമയത്തിൽ പഠിച്ചുപോരുകയും ശാസ്ത്രീയ വിഷയങ്ങളിലും ചരിത്രത്തിലും മറ്റും ഗവേഷണബിരുദമോ മറ്റോ നേടിയവർ ഓരോ വിഷയത്തിലും രണ്ടോ മൂന്നോ പേരെങ്കിലും മേല്പറഞ്ഞ കേന്ദ്രത്തിൽ ചേരുകയും കേന്ദ്രത്തിലെ ഉലമാക്കളുടെ ശിഷ്യരായി ക്വുർആന്റെ സാരവും അടിസ്ഥാനപരമായ വ്യാഖ്യാനവും പഠിക്കുകയും വേണം. പിന്നീടു വേണം ക്വുർആനിലെ ഓരോ വിഷയത്തെക്കുറിച്ചും ഗവേഷണം നടത്തുവാൻ. ഗവേഷണഫലം പ്രസിദ്ധീകരിക്കുന്ന മാസികകൾക്കു പുറമെ, ക്വുർആന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പ്രത്യേക ഗ്രന്ഥം രചിക്കുകയും ലോകത്തിലെ പ്രധാന പട്ടണങ്ങളിലെങ്കിലും യോഗ

ങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിക്കുന്ന പരിപാടിയും അവരുടെ പ്രവർത്തനത്തിൽ ഉൾക്കൊള്ളുകയും വേണം. അറബിയല്ലാത്ത ഭാഷകളിൽ പ്രത്യേകിച്ചു പാശ്ചാത്യഭാഷകളിൽ ഇറങ്ങുന്ന ഇസ്‌ലാമിക സാഹിത്യ ഗ്രന്ഥങ്ങൾ ഒന്നുകിൽ ക്വുർആൻ യഥാക്രമം ഗ്രഹിക്കാതെ പല പിഴച്ച ആശയങ്ങളും കൈക്കൊള്ളുന്ന മുസ്‌ലിം നാമധാരികളോ അല്ലെങ്കിൽ ക്വുർആൻ ദിവ്യസന്ദേശമാണെന്നു വിശ്വസിക്കാത്ത മുൻവേദക്കാരോ എഴുതിയ പുസ്തകങ്ങളാണ്. അങ്ങനെ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കുവാനും ഇന്നു ലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു ക്വുർആൻ നല്കുന്ന പോംവഴി പ്രഖ്യാപിക്കുവാനും ഇന്നത്തെ ചിന്താഗതിക്കും ബുദ്ധിവികാസത്തിനും ആകർഷണീയമായ നിലയിൽ ക്വുർആനിൽ തത്വസിദ്ധാന്തങ്ങൾ വിവരിക്കുവാനും ഇങ്ങനെയുള്ള പ്രവർത്തനകേന്ദ്രങ്ങൾ വളരെ സഹായകമായിരിക്കും.

ഈ മാർഗത്തിലേക്കുള്ള മറ്റൊരു പോംവഴിയാണ് അക്ഷരജ്ഞാനമുള്ളവരെല്ലാം ഉപയോഗിക്കുമാറുള്ള വ്യാഖ്യാനസഹിതമുള്ള നല്ല പരിഭാഷകൾ നമ്മിൽ ഒരു വലിയ വിഭാഗം ചെറുപ്രായത്തിൽ ചുരുങ്ങിയ മതപഠനവും പരിശീലനവും ലഭിച്ചതിനെ തുടർന്നു അല്പമായോ, ചുരുക്കം ചിലർ കൂടുതലായോ ഭൗതിക വിദ്യാഭ്യാസത്തിലേക്കും പിന്നീട് ഏതെങ്കിലും ജോലിയിലേക്കും പ്രവേശിക്കുന്നു. ഇവരെ സംബന്ധിച്ചിടത്തോളം അറബി സാഹിത്യത്തിലേക്കും പ്രവേശിക്കുന്നു. ഇവരെ സംബന്ധിച്ചടത്തോളം അറബി സാഹിത്യത്തിലും വ്യാകരണത്തിലും പാടവം നേടുകയും ക്വുർആൻ കൂലങ്കഷമായി പഠിക്കുകയും ചെയ്യുവാനുള്ള അന്തരീക്ഷമോ സാധ്യതയോ പരിമിതമാണെന്നുവേണം പറയുവാൻ. കാരണം ഇതര പഠനത്തിലും ജോലിയിലും നിത്യേന ഒട്ടധികം സമയം വിനിയോഗിച്ചുവേണം അവർക്ക് അഹോവൃത്തി നേടുവാൻ. എന്നാൽ അക്ഷരജ്ഞാനമുള്ള ഇവർ മാതൃഭാഷയിലുള്ള ക്വുർആൻ പരിഭാഷയും വ്യാഖ്യാനവും നിത്യേന ഒന്നോ രണ്ടോ മണിക്കൂർ സശ്രദ്ധം പഠിക്കുന്ന പക്ഷം ക്വുർആനിലെ അടിസ്ഥാന തത്വങ്ങളും വിധികളും ഗ്രഹിക്കുവാൻ കഴിയുമെങ്കിൽ അതു നിർവഹിക്കുക അവരുടെ കടമയാണ്. വക്രതയുള്ള വിവർത്തനത്തിനോ കുതർക്കമുള്ള വ്യഖ്യാനത്തിനോ ഒട്ടും ഇടവരുത്താതെ മൂലവചനങ്ങളുടെ സാക്ഷാൽ സാരവും യഥാർഥ ആശയവും വ്യക്തമാക്കുന്ന പരിഭാഷയും വ്യാഖ്യാനവും പൊതുജനങ്ങളുടെ ഇടയിൽ യാഥാർഥ വിജ്ഞാനം പരത്തുവാനും ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കുവാനും സമുദായത്തെ ഉണർത്തുവാനും അവരെ സത്യമാർഗത്തിലേക്കു നയിക്കുവാനും ഇസ്‌ലാമിന്റെ ഭദ്രതയും അന്തസ്സും സംരക്ഷിക്കുവാനും ഏറ്റവും സഹായകമായിരിക്കും.

## പരിഭാഷയുടെ ആവശ്യകത

ശാസ്ത്രീയ വിഷയങ്ങളിൽ ഉപരിപഠനം ലഭിച്ച സമുദായാംഗങ്ങൾ നല്ലൊരു പരിഭാഷയുടെ സഹായത്താൽ ക്വുർആൻ ഒഴിവുസമയത്ത് പഠിച്ചുതുടങ്ങിയാൽ അവനവന്നു പ്രാവീണ്യമുള്ള വിഷയത്തിൽ, ക്വുർആൻ ഉൾക്കൊള്ളുന്നതും മറ്റുള്ളവർക്ക് ഗ്രഹിക്കുവാൻ സാധ്യമാകാത്തതുമായ പല പ്രത്യേക രഹസ്യങ്ങളും സൂചനകളും കണ്ടെത്തുവാൻ സാധിച്ചേക്കും. അപ്പോൾ ആ വാക്യങ്ങളിലെ പദപ്രയോഗങ്ങളും വ്യാകരണപ്രയോഗങ്ങളും അവയുടെ ശരിയായ സാരവും അവയെ കൂടുതൽ വ്യക്തമാക്കുന്ന നബിവചനങ്ങളും വാക്യങ്ങൾ ഇറങ്ങിയ അന്തരീക്ഷം, മുൻവ്യാഖ്യാതാക്കൾ നല്കിയ വിശദീകരണങ്ങൾ എന്നിവയുമെല്ലാം ഉലമാക്കളുടെ സഹായത്തോടെ പഠിച്ച് ആ പ്രത്യേക അറിവ് പ്രസംഗവും പ്രസിദ്ധീകരണവും മൂലം ലോകസമക്ഷം പരസ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്. ഇതുപോലെത്തന്നെ ചരിത്രത്തിലോ തത്വജ്ഞാനത്തിലോ തന്ത്രജ്ഞാനത്തിലോ കൂടുതൽ പാവടമുള്ളവർ അവരുടെ വിഷയത്തെ കുറഇക്കുന്ന ക്വുർആൻ വാക്യങ്ങൾ പ്രത്യേകം കൂലങ്കഷമായി പഠിച്ചാൽ ലോകം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു ക്വുർആൻ നല്കുന്ന പോംവഴി മറ്റുള്ളവരേക്കാൾ കാര്യകാരണസഹിതം ലോകത്തിനു വ്യക്തമാക്കുവാൻ അവർക്കു സാധിക്കും.

ഓരോ വ്യക്തിയും തന്റെ കഴിവനുസരിച്ച് ക്വുർആൻ സാരം ഗ്രഹിച്ചുപഠിക്കുക എന്ന കടമ നിർവഹിക്കുവാൻ സമുദായത്തിലെ ബഹുഭൂരിപക്ഷം അംഗങ്ങളെയും സഹായിക്കുവാൻ മാതൃഭാഷയിലുള്ള ശരിയായ പരിഭാഷ പര്യാപ്തമാവുമെങ്കിൽ, പരിഭാഷയുടെ പ്രധാന ഉപയോഗവും ആവശ്യവും അതുതന്നെയാണ്.

“ഇത് ഒരു പ്രബോധനവും വ്യക്തമായി വിളങ്ങുന്ന ക്വുർആനും മാത്രമാകുന്നു. ജീവനോടിരിക്കുന്നവനെ താക്കീതുചെയ്യുവാനും സത്യനിഷേധികളുടെ പേരിലുള്ള (അന്ത്യദിനത്തിലെ വിധി) മൊഴി ന്യായീകിരക്കുവാൻ വേണ്ടിയുമാണ്”(36:69,70). അതിനാൽ ചുരുക്കം ചില ഉലമാക്കളുടെ പഠനാവകാശമാകുന്നതുകൊണ്ടോ മരിച്ചവരുടെ തലഭാഗത്തിരുന്ന് അർഥമറിയാതെ ഓതുന്നതുകൊണ്ടോ ക്വുർആൻ അല്ലാഹു ഇറക്കിയതിന്റെ ഉദ്ദേശ്യം സഫലീകൃതമാകുന്നില്ല. അതിലുള്ള താക്കീതുകൾ ജീവനോടിരിക്കുന്ന ഓരോ മുസ്‌ലിമും ഗ്രഹിച്ചേ തീരൂ. മാത്രമല്ല, അത് അവർ സ്വീകരിച്ചാലും ഇല്ലെങ്കിലും അതിന്റെ പ്രബോധനത്തിനു മാത്രം ബാധ്യതയുള്ളവരാണ് നാം.

വിശുദ്ധ ക്വുർആനിന്റെ പല സവിശേഷതകളും മുമ്പു നാം വിവരിക്കുകയും അവയെല്ലാം ഏതൊരു പരിഭാഷയിലും വലിയ നഷ്ടം കൂടാതെ പകർത്തുന്നതിലുള്ള അസാധ്യത വ്യക്തമാക്കുകയും ചെയ്തു. എന്നാൽ ക്വുർആനിന്റെ വാച്യാർഥം പോലും അറിയാത്തവന് അതിന്റെ 99 ശതമാനം വിശേഷതകളും അനുഭവിക്കുവാൻ സാധ്യമാകാതെ

വരും. ഹൃദയത്തെ ആവേശഭരിതമാക്കി ആട്ടിയുലച്ചു വശീകരിക്കുന്ന ക്വുർആനിന്റെ ദിവ്യശക്തി നാം പ്രത്യേകം വിവരിച്ച വിഷയമാണ്. ഈ ഉദ്ദിഷ്ട ശക്തി പരിഭാഷയിൽ പകർത്തുവാൻ സാധ്യമല്ലെങ്കിൽ അതിന്റെ മറുവശം നാം പ്രത്യേകം ശ്രദ്ധിക്കണം. പരിഭാഷയുടെ ഉപയോഗംകൊണ്ടെങ്കിലും വാച്യാർഥം ഗ്രഹിക്കാത്തവനു അതതു വചനം സന്തോഷ വാർത്തയെ കുറിക്കുന്നതോ ഭയവികാരത്തെ ഉളവാക്കുന്നതോ അവന് എങ്ങനെ അനുഭവിക്കാൻ കഴിയും!

മുമ്പു സ്പർശിച്ച ഒരു കാര്യം ഒന്നുകൂടി വ്യക്തമാക്കേണ്ടിയിരിക്കുന്നു. അതായത് മൂലവാക്യം കൂടാതെയുള്ള ക്വുർആൻ പരിഭാഷ ഒരു മുസ്ലിമിനെ സംബന്ധിച്ചു പ്രത്യേകിച്ചും അതായും അതിന്നായും മാത്രം ഉപയോഗിക്കുവാനുള്ള ഒരു ഗ്രന്ഥമല്ല. മൂലവചനങ്ങളുടെ പല വിശിഷ്ട ഗുണങ്ങളും വലിയ അളവിൽ നഷ്ടപ്പെടുന്ന ഒരു പരിഭാഷ, അതു മാത്രമായി വായിച്ചു തുടങ്ങുമ്പോൾ മൂലഗ്രന്ഥത്തിലെ വാക്യങ്ങളുടെ അടുക്ക്, ഛന്ദസ്സ്, സ്വരാവരോഹം, വാക്സരണി, ഭാഷാസരണി, വചനങ്ങളുടെ പരസ്പര സമീപകരണം, ദൃഢീകരണം എന്നിവ ഗ്രഹിക്കുവാൻ കഴിയാതെ വരുന്നതിനാൽ പരിഭാഷയിൽ വാചകങ്ങളുടെ പോക്കിൽ എന്തോ ഒരിടർച്ചയും വിടവും വൈകല്യവും ഉള്ളതു പോലെയും വിഷയങ്ങൾ, ആശയങ്ങൾ, ചരിത്ര സംഭവങ്ങൾ എന്നിവ കലർത്തിക്കുഴച്ച സാഹിത്യ സംഹിതയെന്നോണവും തോന്നിപ്പോകുന്നു. ഇതുകൊണ്ടാണ് പരിഭാഷ മാത്രം വായിച്ചാൽ ക്വുർആനിന്റെ മതിപ്പു കുറഞ്ഞതായി തോന്നിപ്പോകും എന്നു നമ്മുടെ ഉലമാക്കൾ പറയുവാനും പരിഭാഷ മാത്രം വായിച്ച പല പാശ്ചാത്യരും വിഷയങ്ങളും ആശയങ്ങളും കൂട്ടിക്കുഴച്ച ഗ്രന്ഥമാണ് ക്വുർആനെന്ന് എഴുതുവാനും കാരണം. എന്നാൽ മൂലഗ്രന്ഥം വഴി ക്വുർആൻ ഗ്രഹിച്ചുവർക്കെല്ലാം (പാശ്ചാത്യ അമുസ്ലിംകളുൾപ്പെടെ) ഇങ്ങനെയുള്ള ന്യൂനതയോ വൈകല്യമോ ക്വുർആനിനെ ഒട്ടും ബാധിച്ചിരുന്നില്ലെന്നും അതൊരു അതുല്യവും അമാനുഷികവുമായ ഗ്രന്ഥമാണെന്നും നന്നായറിയാം.

## പരിഭാഷയുടെ ഉപയോഗക്രമം

അതിനാൽ അറബി വചനങ്ങൾക്ക് നേർക്കുനേരെ പരിഭാഷകൻ നല്കുന്ന പ്രസിദ്ധീകരണത്തിനു വേണ്ടിവരുന്ന വലിയ ധനച്ചെലവു ഭയന്നോ, അറബി വാക്യങ്ങൾ വായിച്ചു പഠിക്കുവാൻ ഇച്ഛിക്കാത്ത അമുസ്ലിംകളുടെ പ്രത്യേക ഉപയോഗം ഉദ്ദേശിച്ചോ, മൂലവചനങ്ങൾ ഉൾക്കൊള്ളാതെ അച്ചടിച്ച പരിഭാഷയാണ് നമ്മുടെ കൈവശമുള്ളതെങ്കിൽ അതു മാത്രമായി ഒരു സാധാരണ പുസ്തകം പോലെ വായിക്കുന്നതിനെ നമ്മുടെ ഇടയിൽ പ്രോത്സാഹിപ്പിക്കരുത്. എന്നാൽ ക്വുർആൻ പരിഭാഷ സഹിതം വെച്ചുകൊണ്ട് ഓരോ വാക്യവും ഓതുന്നതിനെ തുടർന്ന് അതിന്റെ പരിഭാഷ വായിക്കണം. കാരണം നമ്മുടെ ഉദ്ദേശ്യം പരിഭാഷ

മാത്രം വായിക്കുക എന്നതാകരുത്. പരിഭാഷ ഉപയോഗിച്ചു മൂലവചന ങ്ങളുടെ അർഥം ഗ്രഹിക്കുവാനായിരിക്കണം നമ്മുടെ പഠനം. ഒരു പരി ഭാഷയുടെ 'ക്വുർആനിന്റെ ഭാഷാന്തര ഗ്രന്ഥം' എന്ന സ്ഥാനം അർഹി ക്കുകയില്ല. മൂലഗ്രന്ഥത്തിന്റെ ഉപയോഗമോ മഹത്വമോ ഗണനയോ പരി ഭാഷയ്ക്കു നല്കാവുന്നതുമല്ല. പരിഭാഷയുടെ ഉദ്ദേശ്യം ക്വുർആനിന്റെ സാരം ഗ്രഹിക്കുവാനും അതിന്റെ പ്രചോദനത്തിനും ആവേശത്തിനും നമ്മുടെ വിശ്വാസവശവും പ്രവർത്തനവശവും വിധേയമാക്കുവാൻ സഹായിക്കുക എന്നതു മാത്രമാണ്.

# പഠനവും വ്യാഖ്യാനവും ചില അടിസ്ഥാന തത്വങ്ങളും

"അല്ലാഹു അറിയുന്നു, എന്നാൽ നിങ്ങൾ അറിയുന്നില്ല" (2:232, 3:36). മുതലായ ചില വാക്യങ്ങളുടെ ഒടുവിൽ ഉണർത്തുന്ന പരമാർഥ മാണിത്. "നിങ്ങൾ അറിയുന്നില്ല" എന്നതിന്റെ വിവക്ഷ മനുഷ്യൻ ഒന്നും തന്നെ ലവലേശം അറിയുന്നില്ല എന്നാണ്. അല്പം ചിലതെല്ലാം മനു ഷ്യൻ സ്വയം അറിയുന്നു എന്ന വ്യാഖ്യാനം ഇതിനു ശരിയല്ല. യഥാർഥ അറിവ് മനുഷ്യന് വല്ലതും ലഭ്യമല്ലെങ്കിൽ അത് അല്ലാഹുവിങ്കൽ നിന്നു നല്കപ്പെട്ടത് മാത്രമാണ് (17:85). ഈ തത്വവും ക്വുർആൻ പഠനത്തിൽ മനുഷ്യന്റെ യുക്തിബോധത്തിനുള്ള സ്ഥാനവും ക്വുർആനിലേക്കു പ്രവേശിക്കുന്നതിനു മുമ്പായിത്തന്നെ ഏതൊരു ക്വുർആൻ വിദ്യാർഥിയും വ്യക്തമായി ഗ്രഹിച്ചിരിക്കേണ്ടതാണ്. ഇത് ഗഹനവും വിപു ലവുമായ വിഷയമാണെങ്കിലും അതിന്റെ അടിസ്ഥാന വശം സംക്ഷി പ്തമായി സ്പർശിക്കുവാനേ നിർവാഹമുള്ളൂ.

## എല്ലാം അറിയുന്നവനും ഒന്നും അറിയാത്തവരും

അല്ലാഹു മാത്രം അറിയുന്നു, മനുഷ്യൻ യാതൊന്നും അറിയുന്നി ലല് എന്നതിനു മേൽ വിവരിച്ച തെളിവിനു പുറമെ ഒട്ടധികം സാധാ രണ തെളിവുകളുള്ളതിൽ താഴെ കാണിക്കുന്ന മൂന്നു തെളിവുകൾ പ്രത്യേകം ചിന്താർഹമായിരിക്കും.

1. സജീവ ശ്രദ്ധയിൽ നിലകൊള്ളുന്ന അറിവു മാത്രമേ സാക്ഷാൽ അറിവിന്റെ ഗണനയിൽ വരുകയുള്ളൂ. മനുഷ്യൻ കാലക്രമത്തിൽ പഠി ച്ചുവന്നതെല്ലാം തലച്ചോറാകുന്ന ലൈബ്രറിയിലെ സിരകാളാകുന്ന അല മാരകളിലെ പേശികളാകുന്ന അറകളിൽ ഇരിക്കുന്ന ഗ്രന്ഥങ്ങളിലെ താളു കളിൽ സൂക്ഷിച്ച അറിവിനോടു മാത്രമേ സാദൃശ്യം വഹിക്കുകയുള്ളൂ. അതെല്ലാം അറിവുകൾ ഏതേതു പുസ്തകങ്ങളിലാണെന്നു പറഞ്ഞു കൊടുക്കാൻ കഴിയുന്ന ലൈബ്രറിയിൽ ആ വിഷയങ്ങളെക്കുറിച്ചു സാക്ഷാൽ ഏതു പ്രകാരം അറിയുന്നില്ലയോ അതുപ്രകാരം തന്നെ

സ്മൃതി കേന്ദ്രത്തിൽ (memeory cells) സൂക്ഷിച്ച വിവരങ്ങളെല്ലാം ആ മനുഷ്യൻ സാക്ഷാൽ അറിയുന്നു എന്ന് പറയുന്നതു ശരിയല്ല. 'സൈദ് വലിയ തത്വജ്ഞാനിയാണ്' എന്നത് ഒരുദാഹരണമാണ്. ഭാര്യയെ ചിലപ്പോഴെല്ലാം അടുക്കളയിൽ സഹായിക്കുക കാരണം നല്ല പായസവും ചില മധുരപലഹാരങ്ങളും ഉണ്ടാക്കാൻ സൈദിന്നറിയാം. മതപണ്ഡിതന്മാരുടെ സദസ്സിൽ ഗഹനമായ ഒരു അധ്യാത്മക തത്വം അദ്ദേഹം വിവരിക്കുകയാണ്. പക്ഷേ, ആ സന്ദർഭത്തിൽ പായസമുണ്ടാക്കുന്നതെങ്ങനെ എന്നു സൈദിന്നറിഞ്ഞുകൂടാ. ഓർമയിൽ സൂക്ഷിച്ചുവെച്ച ആ അറിവ് അവന്റെ സജീവ ശ്രദ്ധയിൽ അപ്പോളില്ല. പ്രസംഗമധ്യേയുള്ള നിമിഷത്തിൽ താൻ അപ്പോൾ പറയുവാൻ പോകുന്ന ഒരാശയം അല്ലെങ്കിൽ ഒരു വാചകം മാത്രമേ സജീവമായ ശ്രദ്ധയിൽ വരുന്നുള്ളൂ. ഒരു നിമിഷത്തിൽ കോടിയിലൊരംശത്തിൽ സൈദിന്റെ സജീവ ശ്രദ്ധയിലുള്ള അറിവ് ഒരു ലിപിപോലും നുകരുന്നില്ലെങ്കിൽ സൈദിന്റെ സാക്ഷാൽ അറിവ് വട്ടപ്പൂജ്യമാണ്. ഇതിനുള്ള കാരണം സൈദിന്റെ അറിവും സമയത്തിനു വിധേയമാണെന്നതാണ്.

മനുഷ്യന്റെ സജീവമായ അറിവ് സമയത്തോടു മാത്രമല്ല, തലച്ചോറിലെ Electro Chemical Pulsation (ആലക്തിക-രാസസ്പന്ദന) ഉൾപ്പെടെയുള്ള പല പ്രാപഞ്ചിക ശക്തികൾക്കും കാര്യങ്ങൾക്കും വിധേയമാണ്. ഇവയെല്ലാം തടഞ്ഞാൽ അവന്റെ സജീവമായ ശ്രദ്ധയിൽ വരുന്ന അറിവ് വെറും പൂജ്യമായിരിക്കും. സയമത്തോടോ ഇതര സൃഷ്ടികളുടെ ശക്തികളോടോ ആശ്രിതമല്ലാത്ത അല്ലാഹുവിന്റെ, സർവതിനെയും കവരുന്ന സർവത്ര അറിവുമുള്ള 'അലീമുൻ ഖബീർ' ആയവന്റെ ശ്രദ്ധയിൽ സദാ സജീവമാണ്. സൃഷ്ടിയുടെയും കാലത്തിന്റെയും പ്രാരംഭത്തിനു മുമ്പുതന്നെ അവൻ സർവവും അറിഞ്ഞവനാണ്. അതു സർവദാ തുടരുന്നു. ഏതൊരു നിമിഷത്തിന്റെ കോടിയിലൊരംശം എടുത്താലും അപ്പോഴെല്ലാം അവന്റെ അറിവത്രയും സജീവമായ ശ്രദ്ധയിൽ വിളങ്ങുന്നു.

2. ഏതൊന്നിന്റെയും ഒരു വശത്തെക്കുറിക്കുന്ന അറിവില്ലായ്മയും മുൻകക്കുകയോ പിൻകടക്കുകയോ ചെയ്യാൻ സാധ്യമല്ലാത്ത അല്ലാഹുവിന്റെ അറിവു മാത്രമേ positive ഗണന അർഹിക്കുകയുള്ളൂ. മനുഷ്യന്റെ അറിവിനുള്ള അളവുകോൽ അവൻ എത്ര അറിഞ്ഞിട്ടുണ്ട് എന്നതല്ല, അവന്റെ അറിവ് അവന്റെ അറിവില്ലായ്മയുടെ അകലത്തെക്കുറിച്ചു എത്ര കണ്ടു അവൻ ബോധംവരുത്തി എന്നതാണ്. അതിനാൽ മനുഷ്യന്റെ അറിവിന്റെ അളവ് നിഷേധാർഥത്തിൽ Negative sense മാത്രമാണ്. ഒരു രൂപയിൽ കുറഞ്ഞ തുകയ്ക്ക് സാധനങ്ങൾ വാങ്ങി ഒരു രൂപ കൊടുത്താൽ ബാക്കി എത്ര തുക മടക്കിക്കിട്ടണം എന്നു മാത്രം അറിയുന്ന ഒരു വേലക്കാരി തനിക്കു എല്ലാ കണക്കും അറിയാമെന്നു നടിക്കുന്നു. എന്തുകൊണ്ടെന്നാൽ തനിക്ക് അറിഞ്ഞുകൂടാത്തതിനെക്കുറിച്ചു

അവൾക്കറിയില്ല. കണക്കിലും മറ്റു ഗണിതത്തിലും വളരെ ബിരുദങ്ങൾ നേടിയ പ്രൊഫസർക്ക് എന്തെല്ലാം കണക്കുകൾ തനിക്കു വശമില്ല എന്ന റിയാം. അപ്പോൾ അറിവുള്ളവൻ തന്റെ അറിവില്ലായ്മയുടെ അപാരമായ വശത്തെ കൂടുതൽ ഗ്രഹിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ മുമ്പിലും അവന്റെ സന്ദേശത്തിന്റെ മുമ്പിലും അവൻ കൂടുതൽ വിനയവും ഭക്തിയും പ്രകടിപ്പിക്കുന്നു. "അല്ലാഹുവിന്റെ ദാസൻമാരിൽ അറിവുള്ള വർ മാത്രമാണ് അവനെ ഭയപ്പെടുന്നത്." "സത്യവിശ്വാസികൾക്കു അല്ലാ ഹുവിന്റെ സ്മരണയിലേക്കും സത്യത്തിൽ നിന്നു അവൻ ഇറക്കിയതി ലേക്കും അവരുടെ ഹൃദയങ്ങൾ വിനയാന്വിതമാക്കുവാൻ... ഇനിയും സമ യമായില്ലേ? (57:16)

3. ആനയെ തൊട്ടറിഞ്ഞ അന്ധന്മാർ, ആനയെ അവർക്കു പരിചയ മുള്ള ഉരൽ, ഉലക്ക, മുറം എന്നീ വീട്ടുസാമഗ്രികൾ (അവനവൻ തൊട്ട വശം കാലോ തുമ്പിക്കൈയോ ചെവിയോ വാലോ ആയിരുന്നതിനുസ രിച്ച്) ഒന്നിനെപ്പോലെ മനസ്സിലാക്കി. അവരുടെ ഉപരിപ്ലവമായ ഈ അറി വിന് അറിവെന്നല്ല സാക്ഷാൽ അന്ധതയെന്നേ പറയാനാവൂ. എന്നാൽ കൺകാഴ്ച ഉൾപ്പെടെയുള്ള പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും ഊഹബോ ധം, വിശകലനബോധം എന്ന പാദാർഥിക ബോധങ്ങൾ കൊണ്ടും ഇഹ ലോകത്തിലെ ജീവവും നിർജീവവുമായ വസ്തുക്കളെക്കുറിച്ചു പോലും മനുഷ്യന് അറിയുവാൻ കഴിയുന്നത് ഏറ്റവും തുച്ഛവും ഉപരിപ്ലവുമായ അറിവു മാത്രമാണ്. പരലോകത്തിലെയോ ആധ്യാത്മികതയിലെയോ സൃഷ്ടികളെക്കുറിച്ച് അവൻ യാതൊന്നും അറിയുന്നില്ല എന്ന വശം ഇരിക്കട്ടെ, ഈ പ്രപഞ്ചത്തിലെ നിസ്സാര ജീവിക്കുപോലുമുണ്ട് സർവ പ്രധാനമായ ഒരു അദൃശ്യവശം. അല്ലാഹുവിന്റെ 'വജ്ഹി'ൽ നിന്നുള്ള ഏകമായ പ്രകാശത്തിന്റെ സൃഷ്ടികളിൽ അവൻ പ്രതിഫലനമുണ്ടാക്കു ന്നതും അവയ്ക്കനുയോജ്യമായതുമായ പ്രകാശത്തിന്റെ മണ്ഡലത്തിൽ പെട്ടതാണ് അവയ്ക്കു ലഭിക്കുന്ന ഉൺമ, പ്രകടനം, പ്രവർത്തനം, ജീവി തലക്ഷ്യം പൂർത്തീകരിക്കുന്നതിലേക്കുള്ള വഴികാട്ടൽ എന്നിവ. ഈ അദൃ ശ്യപ്രകാശം ഓരോ സൃഷ്ടിക്കും ഏതു വഴി ലഭിക്കുന്നുവോ ആ മാർഗ ത്തിലേക്ക് അത് അതിന്റെ അദൃശ്യവശത്തെ തിരിക്കുന്നു. "എല്ലാ ഓരോ ന്നിനം (ഓരോരുത്തനും) ഉണ്ട് ഒരു തിരിയേണ്ട മാർഗം. അതിലേക്കു അത് (അല്ലെങ്കിൽ അവൻ) സ്വയം തിരിയുന്നു."(2:148)

സൂര്യകാന്തിപ്പൂ മുഖത്തെ സ്വയം സൂര്യനിലേക്കു തിരിക്കുന്നു. 'സൈദിന്റെ' ഉപദേശം കേൾക്കുവാൻ 'അംറ്' തന്റെ ശ്രദ്ധയെ സൈദി ലേക്കു തിരിക്കുന്നു. ഇത്തരം 'ലക്ഷ്യത്തിലേക്കു തിരിയൽ' നമുക്കറിയാ വുന്ന വശത്തിൽ പെട്ടതാണ്. എന്നാൽ അല്ലാഹുവിങ്കൽ നിന്നു വിവിധ കൃത്യനിർവഹണത്തിലേക്കു പ്രകാശ പീലികൾ ലഭിക്കേണ്ടതിന്നുള്ള അദൃശ്യമായ തിരിയൽ നമുക്കറിയുവാൻ സാധ്യമല്ല. അല്ലാഹുവിന്റെ 'വജ്ഹി'ലേക്കു തിരിച്ചു അവന്റെ പ്രകാശം അനുഭവിക്കാൻ കഴിയുന്ന

സവിശേഷമായ വശം ലോകത്തിൽ പ്രത്യക്ഷമാകുന്ന സ്ഫടികം പോലെ നിഷ്കളങ്കമായ മനുഷ്യന്റെ ആത്മീയവശം മാത്രമാണ്. അതിനാൽ ഇതര സൃഷ്ടികളുടെ അവയ്ക്ക് 'ഉണ്ടായിരിക്കുക' മുതലായ പ്രകാശവശം ലഭിക്കുന്നതു മനുഷ്യന്റെ അദൃശ്യമായ (മുമ്പു വിവരിച്ച) സർവ സൃഷ്ടിയെയും കവരുന്ന (അവനു വിധേയമാക്കുമാറ്) ആത്മീയവശത്തിലെ പ്രഭാകിരണങ്ങൾ വഴി മാത്രമാണ്. ഇതിൽ സൃഷ്ടികളുടെ ഈ അദൃശ്യമായ തിരിയൽ വശം അല്ലാഹു ആർക്കു പ്രത്യക്ഷമാകുന്നുവോ ആ ചുരുക്കം ചിലർക്കു പ്രസ്തുത സൃഷ്ടികളിൽ അല്ലാഹുവിനു ചെയ്യുന്ന സുജൂദും തസ്ബീഹും (നാം പാദാർഥികവശം അല്ലാഹുവിനു ചെയ്യുന്ന സുജൂദും തസ്ബീഹും (നാം പാദാർഥികവശം കണ്ടറിയുന്നതിനേക്കാൾ സുവ്യക്തമായി) വീക്ഷിക്കുവാൻ കഴിയും. ഇതിനുദാഹരമാണ് അല്ലാഹു ദാവൂദ് നബി(അ)ക്കു കുന്നുകളെയും പക്ഷികളെയും തന്നോടൊപ്പം അല്ലാഹുവിനെ കീർത്തനം ചെയ്യുന്ന നിലയിൽ വിധേയമാക്കിയത്. (33:18, 19:34)

ഓരോ സൃഷ്ടിയുടെ ഈ അദൃശ്യവും മനുഷ്യനു വിധേയമായ വശവുമാണ് അവയ്ക്കു നിലനില്പും പ്രവർത്തനവും നല്കുന്നത്. ഈ വശത്തോടു താരതമ്യേന ഏറ്റവും നിസ്സാരമായ വശം മാത്രമേ നമ്മുടെ കാഴ്ചയും ചിന്തയും ഗ്രഹിക്കുന്നുള്ളൂ. അതിനാൽ നമ്മുടെ ഈ പ്രാപഞ്ചിക സൃഷ്ടികളെക്കുറിച്ചുപോലും ഉള്ള അറിവ് ഏറ്റവും തുച്ഛമായ ഒരു പാർശ്വം മാത്രമേ സ്പർശിക്കുന്നുള്ളൂവെങ്കിൽ അവയെക്കുറിച്ചുള്ള നമ്മുടെ അറിവ് ആന 'മുറ'മാണ് അല്ലെങ്കിൽ 'ചൂലാ'ണ് എന്നു പറയുന്ന തരം അന്ധത മാത്രമാണ്. പാർശ്വപരമായ അറിവു സാക്ഷാൽ അറിവല്ല. സർവവശവും സർവത്ര അറിയുവാൻ സ്വയം വ്യത്യസ്തവശമോ അവയോടു സ്ഥാന-സമയബന്ധമോ ഇല്ലാത്ത അല്ലാഹുവിനു മാത്രമേ സാധ്യമാകയുള്ളൂ. "അല്ലാഹു അറിയുന്നു; എന്നാൽ നിങ്ങൾ അറിയുന്നില്ല."

## പ്രകാശം പരത്തുന്ന ആയതുന്നൂർ

വല്ലു തുച്ഛമായ അറിവും മനുഷ്യസൃഷ്ടിയുടെ ഗുണത്തിന്നനുയോജ്യമായ നിലയിൽ മാത്രം (അല്ലാഹുവിന്റെ അറിവിനോടു യാതൊരു സാദൃശ്യവും അർഹിക്കാതെ) സാക്ഷാൽ അറിവ് എന്ന പേര് അർഹിക്കാമെങ്കിൽ അത് അല്ലാഹുവിങ്കൽ നിന്നു സന്ദേശം വഴി 'നല്കപ്പെട്ട അറിവ്' മാത്രമാണ്. വാക്യങ്ങൾ 17:83, 58:11, 2:69 എന്നിവയിൽ ഈ ജ്ഞാനത്തെ 'നല്കപ്പെട്ട' തായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഈ 'നല്കപ്പെട്ട' അറിവിന്റെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ മാത്രം ഇതര അറിവിന്നും വെളിച്ചത്തിന്റെ വകുപ്പിൽ സ്ഥാനമുണ്ടായേക്കാം. അതില്ലാത്ത നിലയിൽ ഈ പ്രപഞ്ചമാകുന്ന തുറന്ന ഗ്രന്ഥത്തിൽ നിന്നു മനുഷ്യനു സ്വയം ലഭിക്കാവുന്ന അറിവ് അതായും അതിന്നായും മാത്രമുള്ള ഗണനയിൽ അന്ധകാരത്തിന്റെ വകുപ്പിൽ മാത്രമേ വരികയുള്ളൂ.

"അല്ലാഹുവാകുന്നു ആകാശഭൂമികളുടെ പ്രകാശം. അവന്റെ പ്രകാശത്തിന്റെ ഉപമ ഒരു 'മിശ്കാത്ത്' പോലെയാണ്. അതിലുണ്ട് ഒരു വിളക്ക്. ആ വിളക്ക് ഒരു പളുങ്കിലാണ്. ആ പളുങ്ക് ഒളിമിന്നുന്ന ഒരു നക്ഷത്രമെന്നോണം (തിളങ്ങുന്നു). (ആ വിളക്ക്) കൊളുത്തപ്പെട്ടത് ഒരു അനുഗൃഹീത വൃക്ഷത്തിന്റെ-സൈത്തുനിന്റെ-(എണ്ണയിൽ നിന്നാണ്). അതു പൂർവ പ്രദേശത്തിന്റെയോ പശ്ചിമ പ്രദേശത്തിന്റെയോ അല്ല. അതിന്റെ എണ്ണ തിളങ്ങുമാറായിരിക്കുന്നു. തീ അതിനെ സ്പർശിച്ചിട്ടില്ലെങ്കിലും (ശരി). (അതിനാൽ തീ അതിനെ സ്പർശിച്ചപ്പോൾ) പ്രകാശത്തിനു മേൽ പ്രകാശം. അല്ലാഹു അവന്റെ പ്രകാശത്തിലേക്ക് അവൻ ഇച്ഛിക്കുന്നവനെ വഴികാട്ടുന്നു. അല്ലാഹു മനുഷ്യർക്ക് ഉപമകൾ നിർണയിച്ചുകൊടുക്കുന്നു. അല്ലാഹു എല്ലാ വസ്തുക്കളെക്കുറിച്ചും (സൂക്ഷ്മമമായി) അറയുന്നവനാണ്."(24:35)

ആയതുന്നൂർ (പ്രകാശവാക്യം) എന്നറിയപ്പെടുന്ന അതിപ്രശോഭീയമായ ഈ വചനത്തിൽ നിന്നും സാധാരണക്കാർക്കു ഗ്രഹിക്കാവുന്നത് തുച്ഛവശം മാത്രം. ആയിരം ഭാഗങ്ങൾ എഴുതിയാലും മതിവരാതിരിക്കുന്ന ഈ വചനത്തിന്റെ വിശദീകരണമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ഇതിലെ സാദൃശ്യപ്രയോഗങ്ങളുടെ ഒരർഥം മാത്രം സൂചിപ്പിച്ചു വിഷയത്തിലേക്ക് പ്രവേശിക്കുവാനേ നിർവാഹമുള്ളൂ. "എങ്കിലും അല്ലാഹുവാകുന്നു ആകാശ ഭൂമികളുടെ പ്രകാശം'' എന്ന ഈ വാക്യത്തിന്റെ ആരംഭ പദങ്ങളിൽ തെറ്റിദ്ധാരണ വരാതിരിക്കുവാൻ അതിന്റെ സാരം കൂടുതൽ പഠിക്കുവാനിടയില്ലാത്തവർ ഇങ്ങനെ ഗ്രഹിക്കാം.

1. ആകാശഭൂമികളുടെ പ്രകാശത്തിന്റെ നാഥനും ദായകനും അല്ലാഹുവാകുന്നു. 2. സൃഷ്ടികൾ സർവവും ഇല്ലായ്മയിൽ നിന്നുണ്ടാകുക, അവയ്ക്കു പ്രത്യക്ഷീകരണം, പ്രവർത്തനം, ലക്ഷ്യസിദ്ധി ലഭിക്കൽ എന്നിവയൊന്നും അവയുടെ സ്വയം പ്രകടനമല്ല. കാരണം അവയ്ക്കു സ്വന്തമായ നിലനില്പോ പ്രകാശമോ ഇല്ല. എന്നാൽ പരിപൂർണ ഏകത്വം യഥാർഥത്തിൽ യാതൊരു പരിശ്രമവും കൂടാതെ എന്നെയും സ്വയം നിലനില്ക്കുന്ന അല്ലാഹുവിനോടു പാടെ ആശ്രിതമാണു സർവ സൃഷ്ടികളും. അതിനാൽ ആകാശഭൂമികൾ സർവവും അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്നുള്ള അവന്റെ 'ഉണ്ടായിരിക്കലി'നു ലക്ഷ്യം വഹിക്കുന്ന പ്രത്യക്ഷീകരണ പ്രകാശം മാത്രമാണ്.(2:115)

"അവന്റെ പ്രകാശത്തിന്റെ ഉപമ" എന്നതിനു ഒരു വ്യാഖ്യാനം സത്യവിശ്വാസികളുടെ ഹൃദയാന്തർഭാഗത്തേക്ക് അല്ലാഹു പ്രവേശിപ്പിക്കുന്ന മാർഗദർശനമാകുന്ന 'പ്രകാശത്തിന്റെ ഉപമ' എന്നാണ് (39:22, 6:125). ഈ പ്രകാശത്തിനുള്ള സാദൃശ്യപ്രയോഗമായി അഞ്ചു ലക്ഷ്യവസ്തുക്കളാണ് ആയത്തുന്നൂർ ഉദ്ധരിക്കുന്നത്. 1.മിശ്കാത്ത് (വിളക്കു വെക്കുവാൻ ചുവരിൽ വെട്ടിയുണ്ടാക്കുന്ന മാളം അല്ലെങ്കിൽ മാടം) 2. പളുങ്ക് 3. വിളക്ക് 4. സൈത്തൂൻ മരം 5.സൈത്തെണ്ണ. സ്വീകാര്യമായ ഒരു വിവ

രണത്തിൽ ഇവ അഞ്ചും ഓരോന്നായി ലക്ഷീകരിക്കുന്നത് മനുഷ്യന്റെ അഞ്ചു ബോധങ്ങളെയാണ്. 1. ഖുവ്വത്തുൽ ഹിസ്സിയ്യ (ഇന്ദ്രിയബോധം- പഞ്ചേന്ദ്രിയങ്ങൾ ഗ്രഹിക്കുന്ന പ്രകാശത്തിന്റെ ബാഹ്യവശം) 2. ഖുവ്വത്തുൽ ഖയാലിയ്യ (ചിന്താബോധം) 3. ഖുവ്വത്തുൽ അലഖിയ്യ (യുക്തിബോധം) 4. ഖുവ്വത്തുൽ ഫിക്രിയ്യ (വിശകലനന ബോധം) 5. ഖുവ്വത്തുൽ ഖുദ്സിയ്യ (ആത്മീയ ബോധം).

പുറംകാഴ്ചക്കും ഉൾക്കാഴ്ചക്കും ശാസ്ത്രജ്ഞനും തത്വജ്ഞാനിക്കും ഒരുപോലെ അനുയോജ്യമായ ഒരു നിർവചനം പ്രകാശത്തിനു പറയുകയാണെങ്കിൽ 'ഏതൊന്നിനാലും ഏതൊന്നിൽ കൂടിയും സംഗതികൾ പ്രത്യക്ഷമാക്കുന്നുവോ' അതാണു പ്രകാശം. എന്നാൽ പ്രകാശത്തിനാലും പ്രകാശത്തിൽ കൂടിയുമാണ് സംഗതികൾ വ്യക്തമാകുന്നതെങ്കിൽ അതിനേക്കാൾ ഉപരി കണ്ണുകൊണ്ടും കണ്ണിൽക്കൂടിയുമാണ് പാദാർഥിക രൂപങ്ങൾ പ്രത്യക്ഷമാകുന്നത്. മാത്രമല്ല, കണ്ണിലെ വെളിച്ചം നിലച്ചാൽ പദാർഥ പ്രകാശം നിരർഥകമാകും. അതിനാൽ പ്രകാശമെന്ന പേരിന് പദാർഥ പ്രകാശം നിരർഥകമാകും. അതിനാൽ പ്രകാശമെന്ന പേരിന് പദാർഥിക പ്രകാശത്തെക്കാൾ മിശ്കാത്തു പോലുള്ള (കൺകുഴിയിൽ നിർത്തപ്പെട്ട) കണ്ണിനാണു കൂടുതൽ അർഹതയുള്ളത്. കേൾവിയുടെയും വാസനയുടെയും അവയവങ്ങളും ദ്വാരങ്ങളിൽ തന്നെയാണു നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. രുചിയും സ്പർശവും വഹിക്കുന്ന മൊട്ടുകളും തൊലിയുടെ ചെറിയ പഴുതുകളിലാണ്. അതിനാൽ പഞ്ചേന്ദ്രിയങ്ങളുടെ ബോധത്തിനു മിശ്കാത്ത് എങ്ങനെ ലക്ഷ്യം വഹിക്കുന്നു എന്നതു വ്യക്തമാണ്.

ഒരു മനുഷ്യൻ നടന്നുപോകുമ്പോൾ കണ്ണിൽ പല വസ്തുക്കളുടെ ഛായകൾ പതിഞ്ഞേക്കും. എന്നാൽ അവന്റെ ചിന്ത മറ്റു വല്ലതിലും ഏകാഗ്രമായിരിക്കുകയാണെങ്കിൽ ആ നടത്തത്തിൽ കണ്ടതൊന്നും അവൻ ഗ്രഹിക്കുന്നില്ല. അതായതു പ്രകാശത്തിനു പ്രവേശനമില്ലാത്ത പരുക്കൻ മണ്ണിൽ നിന്ന് പ്രകാശത്തിനു പ്രവേശം നല്കുന്ന 'പളുങ്ക്' (രണ്ടാം ലക്ഷ്യം) പ്രതിരൂപങ്ങൾ വാർത്തെടുക്കുന്നതുപോലെ പരുക്കൻ പാദാർഥിക രൂപങ്ങളുടെ ദർശനത്തിൽ നിന്നു ചിന്താശകലങ്ങൾ വാർത്തെടുത്താൽ മാത്രമേ കാഴ്ച ഫലപ്രദമാകുകയുള്ളൂ. അതിനാൽ ഇന്ദ്രിബോധത്തെക്കാൾ മാത്രമേ കാഴ്ച ഫലപ്രദമാകുകയുള്ളൂ. അതിനാൽ ഇന്ദ്രിയബോധത്തെക്കാൾ പ്രകാശം എന്ന പേരിനെ കൂടുതൽ അർഹിക്കുന്നത് 'ചിന്താബോധ'മാണ്. പക്ഷേ, പളുങ്കിനു സ്വയം പ്രകാശമില്ല. പളുങ്കിലേക്കു വിളക്കു ജ്വലിച്ചാൽ മാത്രമേ ആ പളുങ്ക് 'ഒളിമിന്നുന്ന ഒരു നക്ഷത്രമെന്നോണം' വിളങ്ങുകയുള്ളൂ. മിഥ്യയും വ്യർഥവുമായ പല ചിന്തകൾ തലച്ചോറിലെ പേശികളിൽക്കൂടി ചലിച്ചേക്കും. അതിലൊന്നും യാതൊരു കാര്യവുമില്ല. ഓരോ ചിന്താശകലവും 'യുക്തിബോധ'ത്തിന്റെ കാര്യകാരണ പരിശോധനയിൽ വിളക്കിന്റെ ജ്വാലയിൽ

വ്യക്തമാക്കുന്നതുപോലെ പ്രകാശമാനമായെങ്കിൽ മാത്രമേ അത് ഏതെങ്കിലും അറിവിനെ പ്രത്യക്ഷമാക്കുകയുള്ളൂ. അതിനാൽ 'ചിന്താബോധ'ത്തെക്കാൾ പ്രകാശമെന്ന പേരിന് കൂടുതൽ അർഹതയുള്ളതു 'യുക്തിബോധ'ത്തിന്നാണ്.

ഒരു സൈത്തൂൻ മരം അതിന്റെ വേരുകളിൽ കൂടിയും ഇലകളിൽ കൂടിയും പോഷണം ശേഖരിക്കുന്നു. മാത്രമല്ല, സൂര്യപ്രകാശത്തിൽ Photo Synthesis വഴി ആവശ്യമുള്ളതിനെ മാത്രം സ്വീകരിച്ചു സംയുക്തമാക്കുകയും ആവശ്യമില്ലാത്തതിനെ വായുവിലേക്കു ത്യജിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനത്താലുള്ള വളർച്ചയിൽ ഒന്നു രണ്ടായും രണ്ടു നാലായും മറ്റും വികസിക്കുന്ന അവയുടെ ശാഖകളിൽ വിളക്കിനെ ജ്വലിപ്പിക്കുവാൻ ഏറ്റവും വിശേഷമായ എണ്ണ വഹിക്കുന്ന ഫലങ്ങൾ കായ്ച്ചു മൂപ്പെത്തുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണ്, യുക്തിബോധം ശേഖരിച്ചുവെക്കുന്ന വിജ്ഞാനശകലങ്ങളെ വിശകലനം ചെയ്തു ആവശ്യമായതിനെ സംയോജിപ്പിച്ചും അനാവശ്യമായതിനെ ത്യജിച്ചും ഒരു കാര്യത്തെക്കുറിച്ചുള്ള വ്യക്തവും സമ്പൂർണവുമായ അറിവു നേടുന്നത്. 'വിശകലനബോധം' ഇങ്ങനെ നിർമിക്കുന്ന ഒരു തത്വത്തിൽ നിന്നു രണ്ടു തത്വങ്ങളും അവയിൽ നിന്നു നാലു വൃക്ഷശാഖകൾ പോലെ വികസിപ്പിക്കുവാൻ അതിനു സാധിക്കും.

സൈത്തുൽ മരത്തിന്റെ നൂറിൽപ്പരം പ്രത്യേക വിശേഷതകൾ ഓരോന്നും എങ്ങനെ വിശകലനബോധത്തിന്റെ ഓരോ വശത്തിനും സാദൃശ്യം വഹിക്കുന്നുവെന്നും മറ്റു യാതൊരു വൃക്ഷമോ വസ്തുവോ അതിനു സാമ്യം വഹിക്കുവാൻ സാധ്യമല്ലെന്നും 'പൂർവദേശത്തിന്റെയോ പശ്ചിമ ദേശത്തിന്റെയോ അല്ലാത്ത' എന്ന വിശേഷണത്തിന്റെ വിപുലമായ അർഥവും മാത്രം ഒരു കനത്ത പുസ്തകം എഴുതത്തക്ക വിഷയമാണ്. യുക്തിബോധം ഗ്രഹിക്കലാണ് ഒരു കാര്യത്തിന്റെ ശരിയായ പ്രത്യക്ഷീകരണമെങ്കിൽ 'യുക്തിബോധത്തെ'ക്കാൾ പ്രകാശം എന്ന പേരിനെ കൂടുതൽ അർഹിക്കുന്നത്, 'വിശകലനബോധ'മാണ്. എന്നാൽ സൈത്തൂൻ മരം 'അനുഗൃഹീതവും' പൂർവപ്രദേശത്തിന്റെയോ പശ്ചിമ പ്രദേശത്തിന്റെയോ അല്ലാതാകുവാനും കാരണം അതിന്റെ എണ്ണയുടെ ഗുണമാണ്. ആ വൃക്ഷം എല്ലാ ദേശത്തും വളരുന്നില്ലെങ്കിലും അതിന്റെ എണ്ണ ലോകമൊട്ടുക്കും വിളക്കെരിക്കാം. മാത്രമല്ല, ഭക്ഷണമായും മരുന്നായും ദേഹത്തിൽ തടകുവാനും മറ്റും ഉപയോഗിച്ചുവരുന്നു. സ്വയം തിളങ്ങുന്നുവോ എന്നു തോന്നുവോളം ശുദ്ധവും തെളിഞ്ഞതുമായ സൈത്തെണ്ണ എരിയുമ്പോൾ അതു ധൂമം പരത്താതെയും തിരിയിൽ കരികണങ്ങൾ ഉണ്ടാക്കുകാതെയും വ്യക്തവും കണ്ണിനും ഹൃദയത്തിനും കുളുർമ നല്കുമാറ് ആകർഷണീയവും ആയ പ്രകാശം പരത്തുന്നു. അതിന്റെ തിളക്കത്തെ 'സ്ഫടികം' നിയന്ത്രിക്കുകയും സുരക്ഷിതമാക്കുകയും വർധിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംശയത്തിന്റെ ധൂമമോ

തെറ്റിദ്ധാരണയുടെ കരികണമോ ഉണ്ടാകാതെ തിളങ്ങുന്ന വിളക്കിനു മുമ്പിൽ മാത്രമാണ് സംഗതികൾ സുവ്യക്തമായി പ്രത്യക്ഷമാകുന്നത്.

എന്നാൽ വിളക്ക് എണ്ണയൊഴിച്ചു കൊളുത്തപ്പെടുക എന്നതാണ് ഏറ്റവും പ്രധാനമായത്. അധ്യാത്മികബോധമാകുന്ന തിളക്കമുള്ള സൈത്തണ്ണ വഹിക്കാതെയോ അതു ദൈവസന്ദേശമാകുന്ന അഗ്നിയുടെ സ്പർശത്തിൽ തിളങ്ങാതെയോ നിലക്കൊള്ളുന്ന കാലത്തോളം വിളക്കിനു ഹൃദയമാകുന്ന വീട്ടിൽ യാതൊരു പ്രകാശവും നല്കാൻ സാധ്യമല്ല. അഗ്നിസ്പർശത്താൽ പ്രകാശമാനമാകാത്ത കാലത്തോളം വിളക്കോ അതേന്തുന്ന സ്ഫടികമോ അതു നില്ക്കുന്ന മിശ്കാത്തോ എണ്ണ നല്കുന്ന വൃക്ഷമോ പ്രകാശത്തിന്റെ ലക്ഷ്യങ്ങളാവുകയില്ല. അതിനാൽ ഇന്ദ്രിയബോധമോ ചിന്താബോധമോ യുക്തിബോധമോ വിശകലന ബോധമോ സ്വയം പ്രകാശമെന്ന പേരിനെ അർഹിക്കുന്നില്ല; ദൈവ സന്ദേശത്താൽ സ്വയം പ്രകാശമെന്ന പേരിനെ അർഹിക്കുന്നില്ല; ദൈവസന്ദേശത്താൽ ആ പ്രകാശമാനമായ ആധ്യാത്മികബോധത്തിന്റെ വെളിച്ചത്തിനു വിധേയമായി ഇവ പ്രവർത്തിക്കുന്നുവരെയും.

ഉജ്ജ്വലമായ സൂര്യപ്രകാശം ചന്ദ്രനിൽ പ്രതിഫലിക്കുന്നു. അതു കണ്ണാടിയിൽ വീഴുന്നു. അതിൽനിന്നു ചുമരിലും ചുമരിൽ നിന്നു നിലത്തും പ്രകാശം പകർത്തപ്പെടുന്നു. തിളക്കത്തിൽ വലിയ വ്യത്യസ്തതയുള്ള മേലുദ്ധരിച്ച അഞ്ചു ബോധങ്ങളുടെ പ്രകാശത്തിലുള്ള വ്യത്യാസം പോലെ ഇവയെ പ്രകാശത്തിന്റെ പിരിവുകളെന്നു പറയാവുന്നതു സൂര്യൻ ഉജ്ജ്വലമാകുമ്പോൾ മാത്രമാണ്. സൂര്യന് പ്രകാശമില്ലെങ്കിൽ മറ്റു നാലിലും യാതൊരു വെളിച്ചവും ഉണ്ടാവുകയില്ല.

ഈ പ്രാപഞ്ചിക പ്രകാശം പദാർഥത്തിൽ നിന്നുളവാകുന്ന സ്ഫുരണമാണ്. അതിന്റെ ഉത്ഭവവും പ്രകടനവും പ്രവർത്തനവും അന്ധകാരങ്ങളിൽ നിന്നും, അന്ധകാരങ്ങളെ അനുബന്ധിച്ചും താരതമ്യേനയും മാത്രമാണ് (6:1). അന്ധകാരങ്ങളോടു ബന്ധപ്പെടുത്തിക്കൊണ്ടു മാത്രം അറിയപ്പെടാൻ അവയുടെ അനുബന്ധിത ക്രിയയും മാത്രമായ ഈ പ്രാപഞ്ചിക പ്രകാശം യഥാർഥത്തിൽ (ഹക്വീത്ത്) അന്ധകാരം മാത്രമാണ്. മാത്രമല്ല, ഈ പ്രകാശം കണ്ണിൽ പദാർഥങ്ങളുടെ നിഴലിടുക മാത്രമാണ് ചെയ്യുന്നത്. കണ്ണിനു വെളിച്ചം കൊടുക്കുകയല്ല ചെയ്യുക. ഉൾക്കണ്ണിനു ഒളിവു കൊടുക്കുന്നതു പിന്നെയല്ലേ?

മനുഷ്യന്റെ കാഴ്ച മാത്രമല്ല, കേൾവി, രുചി, വാസന, സ്പർശം എന്നീ ബാഹ്യബോധനങ്ങളെല്ലാം പാദാർഥിക സ്ഫുരണത്തിന്റെ വ്യത്യസ്ത പ്രതിഫലനങ്ങളാൽ മാത്രമാണ് പ്രവർത്തനം നടത്തുന്നത്. അതിനാൽ അവയ്ക്കെല്ലാം അനുഭവബോധം നല്കുന്നതിലും പാദാർഥിക പ്രകാശം എന്നു പറയാം. ഈ അഞ്ചു ഇന്ദ്രിയബോധങ്ങളും ജനനത്തിൽ തന്നെ നഷ്ടപ്പെട്ട ഒരുവന്ന് (ജീവിച്ചിരിക്കുക സാധ്യമാണെന്നു സങ്കല്പിക്കുന്നപക്ഷം) യാതൊന്നും അനുഭവിക്കാനോ അറിയുവാനോ

സാധ്യമാകയില്ല. അവന്റെ ചിന്താബോധമോ യുക്തിബോധമോ വിശകലനബോധമോ യാതൊരു പ്രവർത്തനവുമില്ലാതെ നിലച്ചുപോകും. എന്തുകൊണ്ടെന്നാൽ പഞ്ചേന്ദ്രിയങ്ങൾ നല്കുന്ന ബാഹ്യലോകത്തെക്കുറിച്ചുള്ള അനുഭവശകലങ്ങൾ വെച്ചുകൊണ്ടു മാത്രമാണ് ചിന്താബോധവും മറ്റും പ്രവർത്തിക്കുന്നത്. അതിനാൽ പാദാർഥിക പ്രകാശം സാക്ഷാൽ അന്ധകാരം മാത്രമാണെങ്കിൽ അതിന്റെ വിശകലനബോധം വരെയുള്ള നാലു ബോധങ്ങളും ഒന്നിനുപരി ഒന്നായിച്ചേർന്ന് ഇരുളകളുടെ അട്ടികൾ ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

## പ്രപഞ്ചം വഞ്ചനയുടെ ലോകം

ഈ പ്രപഞ്ചത്തിന് ഒരു കൊതുകിന്റെ ചിറകിനുള്ളത്ര പോലും മതിപ്പ് അല്ലാഹുവിങ്കൽ ഇല്ല എന്നും തെരുവീഥിയിൽ കെട്ടുനാറുന്ന ശവത്തേക്കാൾ അല്ലാഹുവിങ്കൽ അതു നിസ്സാരമാണ് എന്നും മറ്റും നബിവചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇഹലോകത്തിലെ വസ്തുക്കളെല്ലാം അവയുടെ സ്വയംഗണനയിൽ വഞ്ചനാപരമായ വിഭവങ്ങൾ മാത്രമാണ് (57:20, 3:185). അവയെല്ലാം മായുന്നു (55:26,27) അല്ലെങ്കിൽ നശിക്കുന്നു (28:88). കുറേക്കാലം വിലയോടെ മായുന്നു (55:26,27) അല്ലെങ്കിൽ നശിക്കുന്നു (28:88). കുറേക്കാലം വിലയോടെ നിലനിന്നു പിന്നെ നശിക്കുന്നുവെന്നല്ല ഇതിന്റെ യഥാർഥ സാരം. ഇല്ലായ്മയിൽ നിന്ന് ഇല്ലായ്മയിലേക്കുതന്നെ ചലിച്ചുകൊണ്ടിരിക്കുന്ന ഒന്ന്, നശ്വരതയുടെ ഒരു പ്രകടനം മാത്രമായിട്ടല്ലാതെ ഗണിക്കുവാൻ തരമില്ല. പലകോടി കൊല്ലങ്ങൾ ഈ ലോകം നിലനില്ക്കുന്നുവെന്ന് ഒരുപക്ഷേ പലരും പറഞ്ഞേക്കാം. എന്നാൽ മുമ്പു വിവരിച്ചപോലെ ഒരു ഉപരിസ്ഥാനത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഇവിടത്തെ 177 ലക്ഷം ദിനങ്ങൾ അവിടുത്തെ ഒരു ദിനത്തോടു മാത്രമേ സമമാവുകയുള്ളൂ. യഥാർഥത്തിൽ അല്ലാഹു അവന്റെ വിധിനില്കുന്ന (പ്രാപഞ്ചിക സ്ഥാന-സമയബന്ധങ്ങളെ പാടെ വിട്ടകന്ന) സമയനിർണയത്തിൽ ഇവിടുത്തെ പലകോടി കൊല്ലങ്ങൾ കണ്ണ് ഇമവെട്ടുന്നതിനേക്കാൾ കുറവായത്ര ദൈർഘ്യം അറ്റതായിരിക്കും (16:77). ഇതിലേക്കു മറ്റൊരു വിവരണവും നല്കാം. നാം ഒരു കോടി പ്രകാശവത്സരങ്ങൾ അകലെയുള്ള ഒരു നക്ഷത്രത്തെ നോക്കുമ്പോൾ അതിൽനിന്ന് ഒരു കോടി കൊല്ലങ്ങൾക്കുമുമ്പായ പ്രകാശത്തെയാണ് നാം കാണുന്നത്. അത് 99 ലക്ഷം കൊല്ലങ്ങൾക്കു മുമ്പ് തകർന്നു ധൂളിയായെങ്കിലും അതിനു മുമ്പ് അത് വീശിയിരുന്ന പ്രകാശത്തെയാണ് നാം ഇന്നു കാണുന്നത്. അതുപോലെത്തന്നെ ഭൂമിയിൽ നടക്കുന്ന സംഭവങ്ങളെല്ലാം പ്രകാശത്തിന്റെ വേഗതയിൽ (ഒരു സെക്കന്റിൽ 1,86,000 നാഴിക വേഗതിൽ) ഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു പ്രകാശവർഷമോ ഒരുകോടി പ്രകാശവർഷമോ അകലെ നിന്നു

സൂക്ഷ്മദർശിനിയിൽ കൂടി നോക്കിയാൽ ഭൂമിയിൽ ഒരു കൊല്ലം മുമ്പോ ഒരു കോടിക്കൊല്ലം മുമ്പോ നടന്ന സംഭവങ്ങൾ ഇന്നു നടക്കുന്നതായി കാണാം. അതിനാൽ ഈ പ്രപഞ്ചത്തിൽ ഭൂതകാലം എന്നൊന്നില്ല. കാരണം യാതൊന്നുംതന്നെ മറഞ്ഞുപോയിട്ടില്ല. ഇനി ഈ പ്രപഞ്ചമൊട്ടുക്കും തകർന്ന് നശിക്കാൻ പോകുന്ന അന്ത്യഘട്ടത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, അപ്പോഴും ഭൂതകാലം എന്നൊന്നില്ല. പിന്നെ ഭാവിയാണെങ്കിലോ അത് നശിക്കൽ മാത്രമാണ്. അതിനാൽ ഈ പ്രപഞ്ചത്തിന്റെ നിലനില്പുകാലം സാക്ഷാൽ പൂജ്യമാണ്. ഈ വിവരണങ്ങളെല്ലാം നമ്മെ പഠിപ്പിക്കുന്നതു ഈ പ്രപഞ്ചം വഞ്ചനാപരമായി ഉണ്ടെന്നു തോന്നിപ്പിക്കുന്ന നശ്വരതയുടെ അല്ലെങ്കിൽ ഇല്ലായ്മയുടെ ഒരു പ്രകടനം മാത്രമാണെന്നാണ്. എന്നാൽ ഇല്ലായ്മയേക്കാൾ കടുത്ത അന്ധകാരമില്ല. കാരണം ഇല്ലാത്ത ഒന്നു കാഴ്ചക്കോ ഉൾക്കാഴ്ചക്കോ ഗോചരമല്ല. അപ്പോൾ ഈ പ്രാപഞ്ചിക പ്രകാശം സാക്ഷാൽ അന്ധകാരം മാത്രമാണെന്നതിനുള്ള മറ്റൊരു തെളിവ് ഏതൊരു പദാർഥത്തിൽ നിന്നാണോ അത് സ്ഫുരിക്കുന്നത് ആപദാർഥം തന്നെ ഇല്ലായ്മയുടെ കടുത്ത അന്ധകാരമാണ് എന്നതാകുന്നു.

ഈ പ്രപഞ്ചത്തിലെ പദാർഥങ്ങൾ എല്ലാം സാക്ഷാൽ അടിസ്ഥാനത്തിൽ ഇല്ലായ്മ മാത്രമാണെന്നതിനു താത്വികവും ശാസ്ത്രീയവുമായ ഒട്ടധികം തെളിവുകൾ നല്കാമെങ്കിലും ഇവിടെ ഒന്നുമാത്രം പറയാം. പദാർഥമെല്ലാം അണുക്കളുടെ സംയോഗമാണ്. ഓരോ അണുവും അറ്റമില്ലാതെ വിഭജിച്ചേ തീരൂ! ഇനി വിഭജിക്കാൻ സാധ്യമല്ലെന്ന ഒരു ദശ അതിന്നില്ല. ഈ രഹസ്യം ശാസ്ത്രം ഈയിടെയാണ് ഗ്രഹിച്ചത്. എന്നാൽ ഇസ്‌ലാമിന്റെ 'തൗഹീദ് സിദ്ധാന്തം' നൂറ്റാണ്ടുകൾക്കു മുമ്പ് വ്യക്തമാക്കിയ ഒരു തത്വം മാത്രമാണിത്. വ്യത്യസ്ത അംശമോ വശമോ കൂടിച്ചേരാത്ത സാക്ഷാൽ പരിപൂർണമായ ഏകത്വം അല്ലാഹുവിന്റെ വിശേഷണം മാത്രമാണ്. അതിനാൽ ഒരു അണുവിന്റെ ഏതെങ്കിലും ഒരംശം ഇനിയും ഭാഗിക്കുവാൻ സാധ്യമല്ലാത്ത 'ഒറ്റ' മാത്രമാണ് എന്നു വരികയാണെങ്കിൽ, ആ അംശത്തിന് ദിവ്യമായ ഏകത്വത്തോടു സാദൃശ്യം ഉണ്ടെന്നുവരും. ഈ സാദൃശ്യം അസാധ്യമായിരിക്കേ പദാർഥത്തിന്റെ ഏതൊരംശവും ഇല്ലായ്മയെത്തുന്നതുവരെ വിഭജിച്ചേ തീരൂ. ഈ പരമാർഥം നമ്മെ പഠിപ്പിക്കുന്നതു പാദാർഥിക വസ്തുക്കളെല്ലാം ഇല്ലായ്മയുടെ ധൂളികളുടെ എണ്ണമറ്റ സംയോഗത്തിൽ ഉണ്ടെന്നപോലെ തോന്നിപ്പിക്കുന്ന വഞ്ചനാപരമായ ഒരു പ്രകടനം മാത്രമാണെന്നാകുന്നു.

ഇന്ദ്രിയബോധം അനുഭവിക്കുന്നത് ഈ ലോകത്തിലെ പാദാർഥിക വശം മാത്രമാണ്. അത് അന്ധകാരത്തിൽ നിന്നുള്ള അന്ധകാരമായ അന്ധത മാത്രമാണ്. ഈ അനുഭവം വെച്ചു പ്രവർത്തിക്കുന്ന ചിന്താബോധത്തിന്റെയും മറ്റും പ്രവർത്തനവും അന്ധകാരസമയം മാത്രമാണെന്നു ഇപ്പോൾ വ്യക്തമായിരിക്കുമല്ലോ. പഞ്ചേന്ദ്രിയങ്ങളുടെ ബോധ

ത്തിലുണ്ടാകുന്ന അനുഭവവും ചിന്താബോധത്തിന്റെയും യുക്തിബോധത്തിന്റെയും വിശകലനബോധത്തിന്റെയും പ്രവർത്തനങ്ങളിലെല്ലാം തലച്ചോറിലെ സിരകളിലും പേശികളിലും ഉണ്ടാകുന്ന വൈദ്യുതവും രാസകീയവുമായ പ്രതിഫലനങ്ങളാൽ മാത്രമാണ്. അതുകൊണ്ട് അതെല്ലാം പാദാർഥികമായ പ്രവർത്തനവും പ്രകടനവും മാത്രമാണ്. ഈ പ്രവർത്തനങ്ങളെല്ലാം ഏതാണ്ടൊക്കെ മനുഷ്യനിർമിതമായ വെറും സാധ്യമാണെങ്കിൽ അതിന്റെ പൂർണമായ പാദാർഥികതത്വത്തിൽ ഒട്ടും സംശയത്തിനിടയില്ല. അതിനാൽ മനുഷ്യന്റെ ഇന്ദ്രിയബോധം മുതൽ വിശകലനബോധം അവരെ അവ സ്വയം നിർവഹിക്കുന്നത് അന്ധകാരത്തിന്റെ അട്ടിയുണ്ടാക്കുക മാത്രമാണ്.

## പ്രപഞ്ചം സൃഷ്ടിച്ചതെന്തിന്?

ഈ പ്രപഞ്ചം നിരർഥകവും അന്തഃസാരശൂന്യവുമായ നശ്വരതയുടെ പ്രകടനം മാത്രമാണെങ്കിൽ ഇങ്ങനെയുള്ള ഒരു പ്രപഞ്ചം അല്ലാഹു എന്തിനു സൃഷ്ടിച്ചു?

ആകാശഭൂമികളും അവയിലുള്ള സർവവും അല്ലാഹു സൃഷ്ടിച്ചതു മനുഷ്യനു വേണ്ടിയും മനുഷ്യനു വിധേയമാകും മാത്രമാണ് (31:20, 45:13, 14:32-34, 2:22, 29;16:56, 10:16, 66-69, 36:33-35, 80;80:32, 6:96-97...) മനുഷ്യന് ഇവയെല്ലാം വിധേയമാക്കുന്നവാനും മലക്കുകളെക്കൊണ്ട് സുജൂദ് ചെയ്യിക്കാനുമുള്ള കാരണം അല്ലാഹുവിനാൽ നിക്ഷേപിക്കപ്പെട്ട് മനുഷ്യന്റെ ആത്മീയവശമാണ് (15:29). മനുഷ്യനിലുള്ള സവിശേഷവും വർണനാതീതവുമായ പാദാർഥികമല്ലാത്ത ആ വശം ഏതൊരു വൻപ്രകാശമാനമാക്കുന്നുവോ അതല്ല ഇരുളടഞ്ഞതാക്കുമോ (91:9,10) എന്നു മനുഷ്യന്റെ പരീക്ഷണാർഥം മാത്രമാണ് ആകാശഭൂമികളും അവയിലുള്ളതും അല്ലാഹു സൃഷ്ടിച്ചത് (11:7, 67:2, ...). ആ പരിശോധനാഫലം അറിയുവാൻ ആത്മീയവശത്തിനു പ്രത്യക്ഷതയില്ലാത്ത ഈ പദാർഥലോകത്തിൽ സാധ്യമല്ല. എന്നാൽ ഹൃദയാന്തർഭാഗത്തിലെ ആ ആത്മീയവശം ബാഹ്യത്തിൽ പ്രത്യക്ഷമാക്കപ്പെടുന്ന പരലോകജീവിതത്തിലെ മനുഷ്യൻ തന്റെ പരീക്ഷണഫലം ദൃഢദൃഷ്ടികൊണ്ടു കാണുകയും ദൃഢവിജ്ഞാനം കൊണ്ട് അറിയുകയും പൂർണമായ യഥാർഥത്തിൽ എന്നെന്നേക്കും അനുഭവപ്പെടുകയും ചെയ്യും. (100:10, 79:35, 69:18....)

അതിനാൽ ആകാശഭൂമികളും അവയിലുള്ള സർവവും അല്ലാഹു സൃഷ്ടിച്ചതിലുള്ള അർഥവും സത്യവും ലക്ഷ്യവും മനുഷ്യൻ അവന്റെ മരണാനന്തരം സർകാലവും അനുഭവിക്കേണ്ടിവരുന്ന യഥാർഥ ജീവിതാണ് (44:3840, 38:27...) പരലോകത്തിലെ യാഥാർഥ്യത്തോടു അനുബന്ധിക്കുന്ന മനുഷ്യന്റെ ആത്മീയവശത്തിനു വിധേയമായ ഗണനയിൽ മാത്രമേ ഈ ലോകത്തിനു ഒരു നിലനില്പോ അർഥമോ ലക്ഷ്യമോ നിലനില്പോ ഇല്ല (16:61, 3:45). ഈ ലോകത്തുള്ള സർവവും അതിനെ ഇര

ട്ടിച്ചാൽ പോലും അല്ലെങ്കിൽ അതെല്ലാം വിലയോ അന്തസ്സാരമോ ഇല്ല (39:47,3:91...) അല്ലാഹുവിന്റെ സന്നിധിയിലുള്ള (പരലോകത്തിലെ) യഥാർഥ ജീവിതത്തിന്റെ നേട്ടത്തിനായി എന്തുപയോഗിച്ചുവോ അതിനു മാത്രമേ നിലനില്പുള്ളൂ. (18:46, 16:96). അപ്പോൾ ഇഹലോകത്തെ മാത്രം ലക്ഷ്യമാക്കി ജീവിക്കുന്നവർ സത്യനിഷേധിയാണ് (16:107, 14:2,3; 2:212). ഈ ജീവിതത്തെ അതായും അതിന്നായും ഗണിച്ചവൻ ഏതൊരു നശീകരണ പ്രകടനത്തെയാണോ തുടർന്നത് ആ നശീകരണത്തിന്റെ ആത്മീയ പ്രതിഫലനം അതിന്റെ അസഹ്യതയിലും ഭീകരതയിലും നൈരാശ്യത്തിലും അപമാനത്തിലും അവൻ എക്കാലവും അനുഭവിച്ചേ തീരൂ (27:4,5, 16:109, 11:15,16,...) ഇതിനുള്ള കാരണം അവിശ്വസിക്കുന്നവർ നിരർഥകമായ (ശൂന്യതയെ) അനുഗമിക്കുന്നു. എന്നാൽ വിശ്വസിക്കുന്നവർ അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമായ യാഥാർഥ്യത്തെ തുടരുന്നു... (47:2)

... ഇഹലോക ജീവിതമെന്നതു വഞ്ചനാപരമായ വിഭവങ്ങൾ മാത്രമാണ് (3:185, 57–20). ഇഹലോകത്തെ അതിന്നായി മാത്രം തേടുന്ന സത്യനിഷേധി സാക്ഷാൽ ഇല്ലായ്മയുടെ ഉണ്ടെന്നു തോന്നിക്കുന്ന വഞ്ചനാപരമായ പ്രകടനത്തെ അനുഗമിക്കുകയാണ് ചെയ്യുന്നത്. ഇതിന് ഏറ്റവും പര്യാപ്തമായ ഉപമ, ദാഹം പിടിപെട്ടു ഒരുവൻ ചുട്ടുപഴുത്ത മരുഭൂമിയിൽ ജലാശയം ഉണ്ടെന്നോണം നിഴലിക്കുന്ന (എന്നാൽ ഒരു തുള്ളി വെള്ളം പോലുമില്ലാത്ത) ഒരു മരീചിക (Mirage) യെ ലക്ഷ്യം വെച്ചോടുന്നതുപോലെയാണ്. ആ തരിശുഭൂമിയുടെ മധ്യത്തിൽ എത്തുമ്പോൾ അവനു യാഥാർഥ്യം ഗ്രഹിക്കുന്നു. അവിടെ നിന്നും തിരിച്ചു വന്നു ശരിയായ മാർഗത്തിലൂടെ ജലം കണ്ടെത്തുവാൻ ഒരു ശ്രമം നടത്തുന്നതിനുള്ള കഴിവ് അവന് ഇല്ലതന്നെ. നാശവും നിരാശയും അവനെ ആ 'മഹ്ശറ' മൈതാനത്തിൽ നിന്നു കവരുന്നു. ഈ തത്വം ഖുർആൻ വ്യക്തമാക്കുന്നതു നോക്കുക.

"സത്യം നിഷേധിക്കുന്നവരുടെ പ്രവർത്തനങ്ങൾ മരുഭൂമിയിലെ മരീചികപോലെയാണ്. ദാഹിച്ചവൻ അതു വെള്ളമാണെന്നു ഗണിക്കുന്നു. അങ്ങനെ അവിടെ എത്തിച്ചേരുമ്പോൾ അവൻ യാതൊന്നും തന്നെ കണ്ടെത്തുന്നില്ല. എന്നല്ല, സത്യം വ്യക്തമാകുന്ന ആ അവസരത്തിൽ അവൻ അല്ലാഹുവിനെയാണ് തന്റെ മുമ്പിൽ കണ്ടെത്തുന്നത്. അപ്പോൾ അല്ലാഹു അവന്റെ കണക്കു പൂർത്തിയായി നിർവഹിക്കുന്നു. അല്ലാഹു കണക്കു നിർവഹിക്കുന്നതിൽ അതിവേഗതയുള്ളവനത്രെ!"(24:39)

അല്ലെങ്കിൽ (സത്യനിഷേധികളുടെ പ്രവൃത്തികൾക്കുള്ള മറ്റൊരുപമ) ആഴമറ്റ ആഴിയിലെ ഇരുളുകൾ പോലെയാണ്. തിരമാലകൾ അതിനെ വകരുന്നു. അതിന്നുപരി (വീണ്ടും) തിരമാലകൾ. അതിന്നുപരി (ഇരുണ്ട) മേഘങ്ങൾ, ഒന്നിനുപരി മറ്റൊന്നു കയറ്റിയ ഇരുളുകളുടെ (അട്ടികൾ). ഒരുവൻ അവന്റെ കൈ താഴ്ത്തിയാൽ അതുപോലും

കാണാതാകാറുള്ള (ഇരുളുകളുടെ ആധിക്യം). ഇല്ലാഹു ഏതൊരു വന്നു പ്രകാശം നിയോഗിക്കുന്നില്ലയോ അവന്നപ്പോൾ പ്രകാശം (ഒട്ടും) ഇല്ല തന്നെ."(24:40)

പ്രകാശവാക്യത്തിനു (24:35) അഞ്ചു വാക്യങ്ങൾ ശേഷം വരുന്ന മേർ ഉദ്ധരിച്ച അന്ധകാരങ്ങളുടെ വചനത്തിലെ ഓരോ നിലയിലുള്ള ഇരുളുകൾക്കും പ്രകാശവചനത്തിലെ ലക്ഷ്യങ്ങൾക്കുള്ള വ്യത്യസ്ത വിവരങ്ങൾക്കു നേരെ വിപരീതമായ നിലയിൽ പല വ്യാഖ്യാനങ്ങളു മുണ്ട്.

പരലോകത്തോടനുബന്ധിക്കുന്ന ഏതു യാഥാർഥ്യങ്ങളാണോ ഈ ലോകത്തിനു സാരവും ലക്ഷ്യവും നല്കുന്നത് ആ സത്യത്തെ നിഷേധിക്കുന്ന അവിശ്വാസിയുടെ ഭൗതികത്വം മാത്രം നുകരുന്ന പ്രവർത്തനങ്ങൾ അന്ധകാരത്തിന്റെ അട്ടികളുണ്ടാക്കുക മാത്രമാണെന്നു നാം ഗ്രഹിച്ചുവല്ലോ.

ഒന്നിന്നുപരി മറ്റൊന്നായി കയറ്റുക നാലുതരം ഇരുളുകൾ ഒരർഥത്തിൽ അവിശ്വാസിയുടെ ഇന്ദ്രിയബോധം, ചിചിന്താബോധം, യുക്തിബോധം, വിശകലനബോധം എന്നിവ അനുഭവിക്കുന്ന അന്ധകാരങ്ങളാണ്. പാദാർഥിക വശത്തോട് നേരിൽ പറ്റിക്കൂടുന്ന അവന്റെ ഇന്ദ്രിയബോധം അനുഭവിക്കുന്നതു ഭൗതികത്വത്തിന്റെ ഇരുൾ മുറ്റിയ അഗാധതയിൽ പറ്റിക്കൂടിയ സമുദ്രത്തിലെ അന്ധകാരങ്ങൾ പോലെയാണ്. അതിൽ നിന്നുണ്ടാകുന്ന ചിന്താബോധം വർത്തിക്കുന്നതു ആ സമുദ്രത്തെ ആകമാനം നുകരുന്ന ഓളങ്ങൾ പോലെയാണ്. ഓളങ്ങൾക്കു മീതെ നിന്ന് ഉളവാകുന്ന, ഗർവിതമാകുന്ന നുരകളുടെ പ്രദശനത്താൽ ആരവത്തോടെ കുത്തിമറിയുന്ന തിരമാലകളും ഉയർന്നു തടിച്ചുകൂടി വാനപ്രകാശത്തെ മറച്ചു മൂടിക്കെട്ടുന്ന ഇരുണ്ട മേഘങ്ങളും അവന്റെ ചിന്താബോധത്തിന്റെയും വിശകലനബോധത്തിന്റെയും പ്രവർത്തനത്തിന് ഉപമയാകുന്നു. ഭൗതികത്വത്തെ ആശ്ലേഷിക്കുന്നവന്റെ സ്വേച്ഛാപരമായ കാമം, ക്രോധം, ക്ഷോഭം, വ്യർഥാഭിമാനം, ഗർവ്, ധിക്കാരം എന്നീ വികാരങ്ങൾക്കു വിധേയമായിരിക്കും അവന്റെ ചിന്തയും യുക്തിയും അനുമാനങ്ങളും എന്ന അടിസ്ഥാനത്തിൽ ചിന്തിച്ചാൽ മേൽ ഉപമകളുടെ ഔചിത്യം കൂടുതൽ വ്യക്തമാകും.

ഇതേവരെ നാം വിവരിച്ച ഇന്ദ്രിയബോധം തുടങ്ങി വിശകലനബോധം വരെയുള്ള നാലു ബോധങ്ങളുടെയും പ്രകൃതിയും പ്രവർത്തനവും തനി പാദാർഥികവും അതിനാൽ അന്ധകാരമയവും മാത്രമാണ്. ഇവയുടെ ഓഫീസും (പ്രവർത്തന കേന്ദ്രം) മനുഷ്യന്റെ തലച്ചോറിലെ അറകളാണ്. എന്നാൽ ഇവയ്ക്കെല്ലാം ഉപരിയായി പ്രകൃതിയിലും പ്രഭാവത്തിലും പാദാർഥികമല്ലാത്തതും എന്നാൽ ഐഹിക പ്രഭാവങ്ങളെയെല്ലാം വിധേയമാക്കാനോ കവച്ചുവെക്കാനോ കഴിവുള്ളതുമായ മനുഷ്യന്റെ ഹൃദയാന്തരത്തിലെ ആത്മീയ പ്രതിഫലനത്തോട

നുബന്ധിച്ചുള്ള ഒരു വിശിഷ്ടബോധം (ഖുവ്വത്തുൽ ഖുദ്സിയ്യത്തുബവിയ്യ) ദിവ്യസന്ദേശങ്ങളെ മലക്കുമുഖേനയും മറ്റും ഹൃദയാന്തർഭാഗത്ത് വ്യക്തമായും ശക്തമായും ദൃഢമായും സജീവമായും അനുഭവിക്കുന്ന ദൈവദൂതന്മാർക്ക് മാത്രമുള്ള ബോധമാണ് (25:192 194, 2:7). ഇതിനെ സൂര്യപ്രകാശത്തോടു ഉപമിക്കാം. (91:1, 92:2, 93:1)

എന്നാൽ മറ്റുള്ളവരുടെ ആത്മീയപ്രകാശം സൂര്യപ്രകാശത്തിന്റെ പ്രതിഫലനത്തിൽ ശോഭിക്കുന്ന (ദൈവദൂതനിൽ നിന്നു ലഭിക്കുന്ന പ്രകാശത്തിൽ) ചന്ദ്രികയോട് ഉപമിക്കാം (91:2). മനുഷ്യന്റെ ഹൃദയാന്തരത്തിൽ വിളങ്ങുന്ന ഈ പ്രകാശമാണ് (6:126, 39:22, 64:11). അവനെ അന്ധകാരങ്ങളിൽ നിന്നും വെളിച്ചത്തിലേക്കു നയിക്കുന്നത് (57:9, 5:16, 65:11) പരലോകത്തിലെ യാഥാർഥ്യങ്ങളിൽ വിശ്വസിക്കുന്നതു അന്ധകാരവും അന്ധതയും മാത്രമാണ്. ഈ അവസ്ഥയിലുള്ള സത്യനിഷേധിയുടെ പഞ്ചേന്ദ്രിയങ്ങളും ചിന്താബോധവും മറ്റും ഐഹിക ഗണനയിൽ അനുഭവിക്കുന്നതെല്ലാം സാക്ഷാൽ അന്ധകാരങ്ങളാകയാൽ അവൻ യഥാർഥത്തിൽ കാഴ്ചയോ കേൾവിയോ ബുദ്ധിയോ ലവലേശം ഇല്ലാത്തവനാണ്. (7:179, 8:22, 30:53, 27:81, 36:8,9...)

നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവർ ബധിരന്മാരും മൂകൻമാരും ഇരുളുകളിൽ (അലയുന്നവരും) ആണ് (5.39). "... അവർ ബധിരന്മാരും മൂകന്മാരും അന്ധൻമാരുമാണ്. അവർ യാതൊന്നും ഗ്രഹിക്കുന്നില്ല."(2:171)

എന്നാൽ പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ (യാഥാർഥ്യങ്ങളെ) നിഷേധിക്കുന്നു. അവർ അഹംഭാവികളുമാണ് (10:22). "... അവരുടെ നെഞ്ചകങ്ങളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിച്ചിരിക്കുന്നത്"(22:46). ആ ആന്തരികമായ ആത്മീയാന്ധത പ്രത്യക്ഷമാക്കപ്പെടുന്ന അന്ത്യദിനം (100:10) അതിന്റെ ഭയാനകവും നിന്ദാവഹവുമായ യഥാർഥ മുഖം പ്രകടിപ്പിക്കും. സത്യത്തിന്റെ നേരെ ആര് ഈ ലോകത്തിൽ അന്ധനാകുന്നുവോ അവർ പരലോകത്തിലും അന്ധനായിരിക്കും. (17:72)

## അദൃശ്യങ്ങളാകുന്ന യാഥാർഥ്യങ്ങൾ

പരലോകത്തിലെ അദൃശ്യമായ ഏതു യാഥാർഥ്യങ്ങളാണോ ഈ ലോകത്തിനും അതിലെ അറിവിന്നും ഒരു വിലയും നിലയും വെളിച്ചവും നല്കുന്നത് ആ യാഥാർഥ്യങ്ങളെക്കുറിച്ച് മനുഷ്യന് അവന്റെ സ്വന്തം പരിശ്രമം കൊണ്ടു യാതൊന്നും അറിയുവാൻ കഴിയുകയില്ല. ഈ അറിവു നേടാത്ത കാലത്തോളം മനുഷ്യൻ അവന്റെ സ്വന്തം ബോധങ്ങൾ കൊണ്ട് ഗ്രഹിക്കാവുന്ന വെറും ഐഹികമായ അറിവ് അതായും അതിന്നായും മാത്രം ഗണിക്കുമ്പോൾ അന്ധകാരവും അന്ധതയും മാത്രമാണെങ്കിൽ മനുഷ്യൻ യാതൊന്നും സ്വയം അറിയുന്നില്ല. അവൻ

യാതൊരു പ്രകാശവും അനുഭവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ആകാശഭൂമികളുടെ പ്രകാശം സർവസ്വവും പൂർണമായി ഉടമ വഹിക്കുന്ന "അല്ലാഹു അവന്റെ പ്രകാശത്തിലേക്ക് അവൻ ഇച്ഛിക്കുന്നവരെ വഴി കാട്ടുന്നു"(24:35). "അല്ലാഹു ഏതൊരുവന്നു പ്രകാശം നല്കുന്നില്ലയോ അവന് പ്രകാശമേ ഇല്ല തന്നെ."(24:40)

മനുഷ്യൻ സ്വയം യാതൊന്നും തന്നെ അറിയുന്നില്ലെന്ന തത്വം സ്ഥാപിക്കാൻ വേണ്ടി മാത്രമല്ല, ഈ പദതലത്തിലേക്ക് നാം പ്രവേശിച്ചത്.

"ഈ ഗ്രന്ഥം, ഇതിൽ യാതൊരു സംശയവുമില്ല. (ഇത് സൂക്ഷ്മത പാലിക്കുന്ന) ഭക്തന്മാർക്ക് മാർഗദർശകമാണ്. അവർ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുന്നവരും നമസ്കാരം നിലനിർത്തുന്നവരും നാം അവർക്ക് നല്കിയതിൽ നിന്ന് ചെലവഴിക്കുന്നവരുമാണ്."(2:2,3)

അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്നതിന്റെ പൊരുൾ, അല്ലാഹുവിനെയും അവന്റെ സന്നിധിയിൽ മനുഷ്യനെ നീതിന്യായനടപടികൾക്കായി നിർത്തപ്പെട്ട നാളിനെയും കുറിക്കുന്ന, മനുഷ്യന്റെ കാഴ്ചക്കോ കേൾവിക്കോ ചിന്തയ്ക്കോ സ്വയം ഗ്രഹിക്കാൻ കഴിയാത്ത യാഥാർഥ്യങ്ങൾ അല്ലാഹുവും അവന്റെ റസൂലും അറിയിച്ചതനുസരിച്ചു മാത്രം വിശ്വസിക്കുക എന്നതാണ്. "അദൃശ്യ കാര്യങ്ങളിൽ" ഉൾക്കൊള്ളുന്ന മറ്റു രഹസ്യങ്ങളെല്ലാം ഇവയോടനുബന്ധിക്കുന്നവ മാത്രമാണ്. നമസ്കാരവും ദാനവും മാത്രമല്ല, 2:177, 8:3, 14:31, 22:35,77, 23:14, 35:29, 42:38, 70:22-24, 74:43,45, 75:31, 107:17 മുതലായ വാക്യങ്ങളും ഇത് വ്യക്തമാക്കുന്നു. മേൽ വാക്യങ്ങളും തുടർന്നുവരുന്ന പല വാക്യങ്ങളും നമ്മെ നിസ്സംശയം പഠിപ്പിക്കുന്നതു നമസ്കാരത്തിന്റെയും ദാനത്തിന്റെയും പരമലക്ഷ്യം പരലോക വിജയമാണെന്ന അടിസ്ഥാന തത്വമാണ്. നന്മയിലേക്കു വെമ്പൽകൊള്ളുന്നതിനെയും തിന്മയിൽ അകലുന്നതിനെയും സംബന്ധിച്ച എല്ലാ പ്രവൃത്തികളെക്കുറിച്ചും ക്വുർആൻ ഒടുക്കം വ്യക്തമാക്കുന്ന ലക്ഷ്യം നരകശിക്ഷയിൽ നിന്നുള്ള രക്ഷയും സ്വർഗപ്രവേശവും മാത്രമാണ്.

## പരലോകത്തെക്കുറിച്ച സൂചനകൾ

പരിശുദ്ധ ക്വുർആനിലെ രണ്ടായിരത്തോളം വാക്യങ്ങൾ പരലോക ജീവിതത്തെ വ്യക്തമായി വിവരിക്കുന്നവയാണ്. മറ്റുള്ള അധികം വാക്യങ്ങളിലും പരലകത്തെക്കുറിക്കുന്ന സൂചനയെങ്കിലും ഉണ്ടായിരിക്കും. ഇനി ഏതെങ്കിലും ഒരു വാക്യം ഐഹിക ക്രമത്തെ മാത്രം കുറിക്കുന്നതാണെങ്കിലും അതിന്റെ പാരത്രികലക്ഷ്യം തുടരുന്ന വാക്യത്തിലെങ്കിലും കാണാതിരിക്കില്ല. ഇങ്ങനെ ക്വുർആൻ ഒടുക്കം നല്കുന്ന മാർഗദർശനം മനുഷ്യന്റെ പരലോകവിജയത്തിലേക്കുള്ള അല്ലാഹുവിന്റെ വിളിയാണ്. പരിപൂർണ സമാധാനം വിളങ്ങുന്ന സ്വർഗീയ ഭവനത്തിലേക്കാണ്

അല്ലാഹു മനുഷ്യനെ ക്ഷണിക്കുന്നത്. അവൻ ഇച്ഛിക്കുന്നവരെ (ആ ലക്ഷ്യത്തിലേക്കുള്ള) നേർവഴിയിലേക്കു വഴികാണിക്കുന്നു (10:25). കാരണം, യഥാർഥജീവിതം പരലോക ഭവനത്തിലെ ജീവിതമത്രെ (29:25). പരിശുദ്ധ ക്വുർആൻ മനുഷ്യനെ അന്ധകാരത്തിൽ നിന്നു വെളിച്ചത്തിലേക്കു നയിക്കുന്നു. (14:1, 57:9, 5:16, 65:11) ഇഹത്തിൽ മനുഷ്യഹൃദയാന്തരത്തെ ഒളിമിന്നിന്നു ആ പ്രകാശം (6:126, 39:22, 64:11). അവന്റെ നെഞ്ചിലുള്ളതിനെ പ്രത്യക്ഷമാക്കപ്പെടുന്ന യഥാർഥ ദിനത്തിൽ (100:10). അവന്റെ മുഖത്തു നിന്നും ബാഹ്യതലത്തിൽനിന്നും ആ പ്രകാശം തിളങ്ങി പ്രവഹിക്കും. മുഖങ്ങൾ ആ ദിനത്തിൽ പ്രശോഭിതമായിരിക്കും; (പരമസന്തോഷത്തിൽ) ചിരിച്ചും സംതൃപ്തിയിൽ ആനന്ദം കൊണ്ടും (80:38,39). മുഖം വെണ്മയാർന്നു, (ഒളിമിന്നുന്നവർ) അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിലായിരിക്കും. അതിൽ അവർ ശാശ്വതമായി നിലംകൊള്ളുക (30:107). അവരുടെ പ്രകാശം അവരുടെ മുമ്പിലൂടെയും അവരുടെ വലതുകൈയിലൂടെയും സ്ഫുരിച്ചുകൊണ്ടിരിക്കും. അവർ പ്രാർഥിക്കും! ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശത്തെ നീ ഞങ്ങൾക്കു പൂർത്തിയാക്കിത്തരേണമേ'(66:8, 57:12). മുഖങ്ങൾ ആ ദിനം തിളങ്ങി ഒളിമിന്നും; തങ്ങളുടെ രക്ഷിതാവിങ്കലേക്കു നോക്കിക്കൊണ്ടിരിക്കെ (75:2,3). അല്ലാഹുവിന്റെ തിരുസന്നിധിയിൽ അവന്റെ പ്രകാശവും അവന്റെ തൃപ്തിയും നേരിൽ അനുഭവിക്കുക എന്നതാണ് പ്രകാശത്തിന്റെ പൂർത്തീകരണം. ഇതാണ് എല്ലാറ്റിലും ഉപരിയായ മഹത്തായ വിജയം (9:72, 50:31–55). ഇതാണു മനുഷ്യന്റെ പരമലക്ഷ്യം.

## അബദ്ധങ്ങൾ വരുന്ന വഴി

ക്വുർആൻ പഠിപ്പിക്കുന്ന മാർഗം മരണാനന്തരം ലക്ഷ്യമാകേണ്ട ഈ പരമസൗഭാഗ്യത്തിനുവേണ്ടി അവന്റെ ജീവിതം മുഴുവനും സർവത്ര നിരന്തരം പ്രയത്നിക്കുക എന്നതാണ്. അല്ലയോ മനുഷ്യാ, നീ നിന്റെ രക്ഷിതാവിങ്കലേക്കായി നിരന്തരം പ്രവർത്തിക്കേണ്ടവനാണ്. അപ്പോൾ നീ അവനെ കണ്ടെത്തും. (84:6)

ക്വുർആന്റെ ഈ അടിസ്ഥാനതത്വവും ലക്ഷ്യവും വ്യക്തമായി ഗ്രഹിക്കാത്തതുകൊണ്ടാണ് അതിന്റെ പഠനത്തിലും വ്യാഖ്യാനത്തിലും പല അബദ്ധങ്ങളും വന്നുപോകുന്നത്. ക്വുർആൻ സിദ്ധാന്തങ്ങളുടെ ആധ്യാത്മകവും പാരത്രികവുമായ അനുബന്ധമോ ലക്ഷ്യമോ അവഗണിക്കുകയും അവയുടെ ബാഹ്യമോ പാദാർഥികമോ ശാരീരികമോ ഭൗതികമോ ആയ വശം സർവപ്രധാനമായി ഗ്രഹിക്കുകയും ചെയ്യുമ്പോൾ അതിലെ സത്യമായ അടിസ്ഥാനം തന്നെ നഷ്ടപ്പെട്ടുപോകും. ഇങ്ങനെ പറ്റുന്ന പിഴവുകൾ ഉദാഹരണസഹിതം വിവരിക്കുകയും തിരുത്തുകയും ചെയ്യാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ ക്വുർആൻ സർവോപരി ഉദ്ബോധിപ്പിക്കുന്ന അതിന്റെ പരമലക്ഷ്യം സദാ സൂക്ഷ്മതയോടെ ഓർമ

വെച്ചു നാം ക്വുർആൻ ഗ്രഹിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായത്താൽ ഇത്തരം പിഴവുകളിൽ നിന്നു നമുക്കു രക്ഷപ്പെടാം. പരലോകത്തെക്കുറിക്കുന്ന ഈ അടിസ്ഥാനതത്വം വിശ്വസിക്കുവാനും തുടരുവാനും മനോഭാവമില്ലാത്തവരുടെ ചെവികളിലോ ഹൃദയങ്ങളിലോ ക്വുർആൻ പ്രവേശിക്കുകയേ ഇല്ല. “നീ ക്വുർആൻ ഓതുമ്പോൾ നിനക്കും പരലോകത്തിൽ വിശ്വസിക്കാത്തവർക്കും മധ്യേ നാം ഒരു അദൃശ്യമറയെ വെക്കുന്നു. അതു ഗ്രഹിക്കാതിരിക്കുവാൻ അവരുടെ ഹൃദയങ്ങളിന്മേൽ മൂടികളും അവരുടെ ചെവികളിൽ ബധിരതയും നാം വെക്കുന്നു...”(17:45,46)

അല്ലാഹു സർവവും സമഗ്രമായി അറിയുന്നു. മനുഷ്യൻ സ്വമേധയാ യാതൊന്നും യഥാർഥത്തിൽ അറിയുന്നില്ല. ആകാശഭൂമികളുടെ പ്രകാശം അവയ്ക്കു നിലയും വിലയും പ്രകടനവും പ്രവർത്തനവും നല്കുന്ന ലക്ഷ്യവും സത്യവും അല്ലാഹുവിന്റെ പ്രകാശനവും അവന്റെ പ്രകാശത്തിനാലും അതിന്റെ സാന്നിധ്യത്തിലും മനുഷ്യനു ലഭിക്കേണ്ട പ്രകാശപരമായ പൂർണതയ്ക്കും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രകാശം കൂടാതെ യാതൊരു പ്രകാശവും ഒരിക്കലും ആരിലും ഒന്നിലും എവിടെയും ഒരു വിധേനയും ഇല്ലതന്നെ. അപ്പോൾ ആകാശഭൂമികളുടെ സാക്ഷാൽ പ്രകാശമാകുന്നു അല്ലാഹു... അല്ലാഹു, അവൻ ഇച്ഛിക്കുന്നവനെ അവന്റെ പ്രകാശത്തിലേക്ക് വഴികാട്ടുന്നു (24:35). ഏതൊരുവന്ന് അല്ലാഹു പ്രകാശം തരുന്നില്ലയോ അവന്നു യാതൊരു പ്രകാശവുമില്ല തന്നെ (24:40). അതിനാൽ പ്രകാശത്തിന്റെ യാതൊന്നും സ്വന്തമായി ഇല്ലാത്ത് മനുഷ്യൻ പ്രകാശത്തിന്റെ ഓരോ കിരണത്തിലേക്കും അതിന്റെ പൂർത്തിയിലേക്കും നയിക്കുന്ന ക്വുർആനിന്റെ മുമ്പിൽ ഹൃദയം തുറന്നുപിടിച്ചു എത്ര വിനയഭാവത്തോടെയാണ് അവന്റെ പ്രകാശത്തിനു വിധേയമാക്കേണ്ടതെന്നു പറയേണ്ടതില്ലല്ലോ.

“...അപ്പോൾ അവർ (ക്വുർആന്റെ സന്ദേശങ്ങളിൽ) വിശ്വസിക്കുകയും അവരുടെ ഹൃദയങ്ങളെ വിനയത്തോടെ വിധേയമാക്കുകയും ചെയ്യുന്നു. നിശ്ചയമായും വിശ്വസിക്കുന്നവരെ നേർമാർഗത്തിലേക്ക് വഴികാണിക്കുന്നവനാണ് അല്ലാഹു”(22:54). “നമ്മുടെ സന്ദേശങ്ങളെക്കുറിച്ച് ഓർമിപ്പിക്കുമ്പോൾ സാഷ്ടാംഗം വീഴുകയും തങ്ങളുടെ സ്തുതി കീർത്തനം ചെയ്യുകയും (ഒട്ടും) അഹങ്കരിക്കാതിരിക്കുകയും ചെയ്യുന്നവർ മാത്രമാണ് നമ്മുടെ വചനങ്ങളിൽ വിശ്വസിക്കുന്നവർ”(32:15). “ക്വുർആൻ ഓതപ്പെടുമ്പോൾ അതു ശ്രദ്ധിച്ചുകേൾക്കുകയും നിശ്ശബ്ദമായിരിക്കുകയും ചെയ്യുക; അല്ലാഹുവിങ്കൽ നിന്നുള്ള കരുണ നിങ്ങൾക്കു ലഭിക്കേണ്ടതിലേക്കായി. (7:204)

## അല്ലാഹുവിന്റെ കരുണയും പുണ്യവും

ആകാശഭൂമികളെയും മനുഷ്യനെയും അല്ലാഹു സൃഷ്ടിച്ചത്

അവന്റെ കാരുണ്യത്തെ പ്രത്യക്ഷമാക്കുവാനാണെന്നും അതിനുവേണ്ടി ത്തന്നെയാണ് ക്വുർആൻ ഇറക്കിയതെന്നും പ്രാരംഭദശയിൽ നാം വിവ രിച്ചുവല്ലോ. അല്ലാഹുവിന്റെ പ്രകാശത്താൽ ഇഹത്തിൽ വെച്ചു പ്രകാ ശമാനമായ സത്യവിശ്വാസിയുടെ ഹൃദയാന്തരം പരലോകത്തിൽവെച്ച് ആ യഥാർഥ വശം വെണ്മപൂണ്ട് ഒളിമിന്നുകയും അല്ലാഹുവിന്റെ സന്നി ധിയിൽ വെച്ചു പ്രകാശപരിപൂർത്തി ലഭിക്കുകയും ചെയ്യുക എന്നതു മേൽപറഞ്ഞ കാരുണ്യം തന്നെയാണ്. “മുഖം വെണ്മയാർന്നു (ഒളിമി ന്നുന്നവർ) അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിലായിരിക്കും. അതി ൽ അവർ ശാശ്വതമായി നിലകൊള്ളും”( 3:107). അല്ലാഹുവിന്റെ കരു ണയും പുണ്യവും സ്വന്തം ഉടമയിലാണ്. അത് ആരാലും പിടിച്ചുപറ്റു വാൻ സാധ്യമല്ല. അത് അവർ ഇച്ഛിക്കുന്നവനു മാത്രം നല്കുന്നു. (2:105, 213, 253, 3:72, 73, 128, 57:29, 62:4)

അല്ലാഹുവിന്റെ ഈ പൂർണാവകാശത്തിൽ അവിശ്വാസി മാത്രമേ സംശയിക്കയുള്ളൂ. അതിനാൽ അല്ലാഹുവിന്റെ കരുണയും പുണ്യവും തേടാത്ത നിലയിൽ (പേരോ പെരുമയോ മറ്റു ഭൗതികനേട്ടമോ ആശി ക്കുന്നവർ ചെയ്യുന്നതുപോലൊ ക്വുർആൻ പഠനത്തിൽ കൊല്ലങ്ങൾ കഴി ച്ചാലും അതിന്റെ പ്രകാശം അവനിൽ പ്രവേശിക്കില്ലെന്നു മാത്രമല്ല, അവന്റെ ദുർബുദ്ധി വർധിച്ചുവെന്നും വന്നേക്കാം (9:125, 17:82, 2:26). അതിനാൽ അല്ലാഹുവിനോട് അതിയായ ഭയഭക്തിയോടും വിനയ ത്തോടും അവനിൽ നിന്നുള്ള മാപ്പും മാർഗദർശനവും കരുണയും പുണ്യവും കെഞ്ചിക്കേണുകൊണ്ടും പരമകാരുണികനും കരുണാനി ധിയുമായ അല്ലാഹുവിന്റെ നാമത്തിലും വേണം ക്വുർആൻ പഠനം ആരം ഭിക്കുവാൻ. മാത്രമല്ല, അല്ലാഹു നമ്മെ ഉപദേശിക്കുന്നു: “അതുകൊണ്ടു ക്വുർആൻ പാരായണം ചെയ്യുമ്പോൾ ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നു അല്ലാഹുവിനോടു നീ അഭയം തേടുക”(16:98). ഈ അഭയം തേടൽ അല്ലാഹുവിനോടു നീ അർഥിക്കുന്നതിന്റെ ഒരു പ്രധാന വശമാ ണെന്നു നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. “... നിങ്ങളിൽ അല്ലാഹുവി ങ്കൽ നിന്നുള്ള പുണ്യവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ, ചുരുക്കം ചിലരൊഴികെ മറ്റുള്ളവരെല്ലാം തന്നെ പിശാചിനെ പിന്തുടരു മായിരുന്നു”(4:83). പിശാച് മനുഷ്യന്റെ കഠിനശത്രുവാണ്. (17:53, 35:6)

## വഞ്ചകനായ പിശാച്

പിശാച് കൊടുക്കുന്ന ദുഷ്പ്രേരണകളും മിഥ്യാവിചാരങ്ങളും തുട ച്ചുനീക്കുന്നതും പിന്നീട് അല്ലാഹുവിന്റെ സന്ദേശങ്ങളുടെ പരമാർഥം ഹൃദയങ്ങളിൽ സ്ഥാപിക്കുന്നതും അല്ലാഹുവാകുന്നു (22:53). ക്വുർആൻ വന്നെത്തിയ ശേഷം അതിൽനിന്നു മനുഷ്യനെ വ്യതിചലിപ്പിക്കുന്നതു പിശാചാണെന്നു വാക്യം 25:29 വ്യക്തമാക്കുന്നു.

“അല്ലയോ മനുഷ്യരേ, അല്ലാഹുവിന്റെ വാഗ്ദാനം സത്യംതന്നെയാ

ണ്. അതുകൊണ്ട് ഇഹലോകജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, പരമ വഞ്ചകനായ (പിശാച്) അല്ലാഹുവിനെ സംബന്ധിച്ചു നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. നിശ്ചയമായും പിശാച് നിങ്ങൾക്കുള്ള ശത്രുവാണ്. അതുകൊണ്ട് വിളിക്കുന്നത് അവർ നരകാഗ്നിയുടെ കൂട്ടർ ആകേണ്ടതിലേക്കു മാത്രമാണ്."(35:5,6)

പരലോകജീവിതത്തിന്റെ യാഥാർഥ്യങ്ങളെക്കുറിച്ച് മനുഷ്യരെ അശ്രദ്ധരാക്കുവാനും അവരെ ഭൗതികത്വത്തിലേക്ക് ആകർഷിക്കുവാനും തദ്വാരാ അവർ എന്നെന്നും നരകവാസികളായി കഷ്ടപ്പെടുവാനും വേണ്ടിയാണ് പിശാച് സർവത്ര ശ്രമിക്കുന്നത്. പിശാചിന്റെ പ്രവർത്തനം അല്ലാഹു അനുവദിക്കാനുള്ള കാരണം തന്നെ, മനുഷ്യരിൽ ആരെല്ലാം പരലോകജീവിതത്തിൽ ദൃഢവിശ്വാസം കൊള്ളുന്നു, ആരെല്ലാം അതിൽ സംശയിക്കുന്നു എന്നു തെളിയിക്കുവാൻ വേണ്ടിയാണ്. (34:21)

അതിനാൽ പരലോക യാഥാർഥ്യത്തിൽ അഗണ്യമാക്കി കാര്യങ്ങളുടെ ശാരീരികമോ ഭൗതികമോ ആയ വശത്തിനു മാത്രം പ്രാധാന്യം നല്കുന്ന നിലയിൽ ക്വുർആൻ വാക്യങ്ങൾ ഗ്രഹിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്നവൻ പിശാചിന്റെ ദാസ്യവൃത്തിയാണ് നിർവഹിക്കുന്നത്. കാര്യങ്ങളുടെ യഥാർഥ തത്വമോ ലക്ഷ്യമോ വിവരിക്കുന്ന മുൻവചനങ്ങളെയോ പിൻവചനങ്ങളെയോ നിരസിച്ചുകൊണ്ട്, പ്രതിപാദനം അപൂർണമായ ഒരു മധ്യവചനം അതിന്റെ സന്ദർഭത്തിൽനിന്നും പറിച്ചെടുത്തു സേഛാപരമായ ശസ്ത്രക്രിയയാൽ തെറ്റിദ്ധാരണകൾ പരത്തുന്ന പല ഉദാഹരണങ്ങളും എന്റെ അനുഭവത്തിൽ വന്നിട്ടുണ്ട്. "എന്ത്, അവർ ക്വുർആനിനെക്കുറിച്ചു (ഹൃദയം തുറന്നു) പരിചിന്തനം ചെയ്യുന്നില്ലയോ!"(4:82)

"എന്ത്! അവർ ക്വുർആനിനെ (ഹൃദയം തുറന്നു) ഗ്രഹിക്കുന്നില്ലയോ? അതല്ല, ഹൃദയങ്ങൾക്കു പൂട്ടുവെച്ചിരിക്കുകയാണോ? നേർമാർഗം അവർക്കു വ്യക്തമായ ശേഷം പിന്തിരിഞ്ഞു വ്യതിചലിക്കുന്നവർ, പിശാച് അവർക്ക് ആകർഷകമാക്കുകയും അവരുടെ (അലച്ചിൽ) നീട്ടിക്കൊടുക്കുകയും ചെയ്യുന്നു"(47:24,25). പിശാചിന്റെ പ്രേരണകൾക്കു വിധേയമാകുന്നവൻ ക്വുർആന്റെ യാഥാർഥ്യങ്ങളെ സംബന്ധിച്ച് അവന്റെ ഹൃദയങ്ങളെ അടച്ചുമൂടുകയും അസത്യവും മിഥ്യയുമായ അന്ധകാരങ്ങളിലേക്കു നയിക്കുകയുമാണ് ചെയ്യുന്നത്.

## തുറക്കേണ്ട ഹൃദയത്തിന്റെ വാതിൽ

ക്വുർആനിന്റെ പ്രശോഭിതകിരണങ്ങൾ ഹൃദയത്തിലേക്കു കടക്കുവാൻ പ്രാർഥനാസഹിതം അതിനു മുമ്പിൽ ഹൃദയത്തിന്റെ വാതിൽ തുറന്നുകൊടുക്കുക തന്നെ വേണം. പാടെ അടച്ചുപൂട്ടി ഇരുൾനിറഞ്ഞ അറയിൽ വിഷജീജങ്ങളും ദുർഗന്ധവും മാത്രമേ പെരുകകയുള്ളൂ.

ഹൃദയത്തിന്റെ വാതിൽ തുറന്നുകൊടുത്തു ഹൃദയാന്തരത്തിലെ

ആത്മീയബോധം പ്രകാശമാനമായാൽ അതിന്റെ പ്രതിഫലനത്തിൽ മാത്രമേ മനുഷ്യന്റെ മറ്റു ഭൗതികബോധങ്ങൾ പ്രകാശം സ്വീകരിക്കുക യുള്ളൂവെന്നു മുമ്പ് ഗ്രഹിച്ചുവല്ലോ.

35:27-30 വാക്യങ്ങളിൽ അല്ലാഹു ആകാശത്തുനിന്നു ജലം ഇറക്കു ന്നതും കുന്നുകളിലും മനുഷ്യരിലും മറ്റു ജീവികളിലും കന്നുകാലിക ളിലുമുള്ള വ്യത്യസ്ത വർണങ്ങൾ ഭംഗിയായി വിവരിച്ചുകൊണ്ടും 'അല്ലാഹുവിന്റെ ദാസന്മാരിൽ അറിവുള്ളവർ മാത്രമാണ് അവനെ ഭയ പ്പെടുന്നത്' എന്ന തത്വവും മനുഷ്യന്റെ പരലോകത്തെ കുറിക്കുന്ന യാഥാർഥ്യങ്ങളാണ് വിവരിക്കുന്നത്. എന്നാൽ ഭൗതികത്വത്തിന്റെ പൈശാ ചികമായ മിഥ്യാഭാവനയാൽ വഞ്ചിതനും അന്യരെ വ്യതിചലിപ്പിക്കുന്ന വനുമായ ഒരു കവി (26:221-225) വിവിധ വർണങ്ങളാൽ അലംകൃത മായ കുന്നുകളെയും താഴ്‌വരകളെയും പുകഴ്ത്തിപ്പാടിയേക്കാം. അവന്റെ ചിന്താബോധം മുതൽ വിശകലനബോധം വരെയുള്ള ഭൗതികബോധങ്ങൾ, സ്വയം നിരർഥകവും നശ്വരവുമായ പാദാർഥിക വശങ്ങളുടെ അലങ്കാരങ്ങളാൽ ആവേശിതരായി കാണുന്നതിനെയെല്ലാം സ്തുതികീർത്തനം ചെയ്യാൻ മുതിരുന്നു. അതിനാൽ അവന്റെ ബോധ ങ്ങളെല്ലാം അന്ധകാരത്തിന്റെ അട്ടികൾ കയറ്റുന്നു. എന്തുകൊണ്ടെന്നാൽ അവന്റെ ആധ്യാത്മിക ബോധം പ്രകാശത്തിൽ നിന്നും യാതൊന്നും കണ്ടെത്തിയിട്ടില്ല. 57:20, 18:45,46, 10:24,25 എന്നീ വാക്യങ്ങളുടെ വെളി ച്ചത്തിൽ ഗ്രഹിക്കുന്ന പക്ഷം വാക്യങ്ങൾ 35:27-30 ൽ വിവരിക്കുന്ന ഐഹിക സൃഷ്ടികളുടെ വിവിധ വർണങ്ങൾ നമ്മെ പഠിപ്പിക്കുന്നത് അവയുടെ അന്തസ്സാരശൂന്യവും വഞ്ചനാപരവുമായ പ്രകടനമാണെ ങ്കിൽ, അതിന്റെ ലക്ഷ്യത്തിൽ അല്ലാഹു വ്യക്തമാക്കുന്നതു മനഷ്യന്റെ ആധ്യാത്മിക ബോധത്തെയും പരലോകത്തെയും കുറിക്കുന്ന യാഥാർഥ്യ ങ്ങളാണ്.

എന്നാൽ ആധ്യാത്മികബോധം പ്രശോഭിതമായ ഒരു യഥാർഥവി ശ്വാസി ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ചു ചിന്തിക്കുമ്പോൾ പറയും: "ഞങ്ങളുടെ രക്ഷിതാവേ, ഇതെല്ലാം നീ സൃഷ്ടിച്ചതു വ്യർഥ മായിട്ടല്ല. സ്തുതികീർത്തനങ്ങൾ അർഹിക്കുന്ന പരിശുദ്ധൻ നീയാണ്. അതിനാൽ നരകശിക്ഷയിൽ നിന്നു നീ ഞങ്ങളെ രക്ഷിക്കണേ!"(3:191). (വാക്യങ്ങൾ 3:190 മുതൽ 200 വരെ മുഴുവൻ ഗ്രഹിച്ചാൽ ഈ വിഷയം കൂടുതൽ വ്യക്തമാകും). കണ്ണുകളെ ആകർഷിക്കുന്ന കുന്നുകൾ, വൃക്ഷ ങ്ങൾ, പക്ഷികൾ ഇങ്ങനെ എവിടേക്കു ദൃഷ്ടി തിരിച്ചാലും ആധ്യാത്മിക ബോധത്തിന്റെ പ്രകാശത്തിൽ ഇതര ബോധങ്ങൾ പ്രശോഭിതമാകുന്ന സത്യവിശ്വാസി ഗ്രഹിക്കുന്നത് എന്താണ്? കുന്നുകളും പക്ഷികളും അല്ലാ ഹുവിനെ സ്തോത്രം ചെയ്യുന്നത് (21:79), സസ്യങ്ങളും വൃക്ഷങ്ങളും

അല്ലാഹുവിനു സുജൂദു ചെയ്യുന്നത് (55:7); ഏതൊന്നിനും അറിയാം അതിന്റെ പ്രാർഥനാരൂപവും കീർത്തനമൊഴിയും (24:41). "എന്തുകൊണ്ടെന്നാൽ അല്ലാഹു സൃഷ്ടിച്ച വസ്തുക്കളിൽ അവനെ സ്തുതിച്ചുകൊണ്ടിരിക്കാത്ത യാതൊന്നും തന്നെയില്ല"(17:41) "ആകാശത്തിലുള്ളവരും ഭൂമിയിലുള്ളവരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും കുന്നുകളും വൃക്ഷങ്ങളും എല്ലാ ജന്തുക്കളും മനുഷ്യരിൽ വളരെയെണ്ണവും നിശ്ചയമായും അല്ലാഹുവിന്നാണ് സാഷ്ടാംഗം ചെയ്യുന്നത് എന്ന (യാഥാർഥ്യം) നീ കാണുന്നില്ലേ? എന്നാൽ (മനുഷ്യരിൽ അല്ലാഹുവിനെ വണങ്ങാത്ത) വളരെപ്പേർ ശിക്ഷയ്ക്ക് ബാധ്യസ്ഥരായിരിക്കുന്നു..."(22:18). "രാത്രിയിലും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടവയാണ്. സൂര്യനെയോ ചന്ദ്രനെയോ അല്ല നിങ്ങൾ സാഷ്ടാംഗം ചെയ്യേണ്ടത്. എന്നാൽ അവയെ സൃഷ്ടിച്ച അല്ലാഹുവിന്നാണ് നിങ്ങൾ സാഷ്ടാംഗം ചെയ്യേണ്ടത്; നിങ്ങൾ അവന്നാണ് വിധേയമാകുന്നതെങ്കിൽ..."(41:37-40)

## ചരാചരങ്ങളുടെ സുജൂദും തസ്ബീഹും

ആകാശഭൂമികളും അവയിലുള്ള സർവസ്വവും അല്ലാഹുവിനു സുജൂദും സ്തോത്രവും ചെയ്യുന്നുവെന്നതു ക്വുർആനിലെ വളരെയധികം വാക്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ ഉദ്ദേശ്യം ഇവയെല്ലാം അല്ലാഹുവിന്റെ കല്പനയ്ക്കു വിധേയമായി പ്രാപഞ്ചികമായ അവയുടെ കടമകൾ അണുപോലും വ്യതിചലിക്കാത്ത് നിലയിൽ നിർവഹിക്കുന്നുവെന്നതു മാത്രമാണെന്നു പലരും ഗ്രഹിച്ചുപോരുന്നു. പ്രപഞ്ചത്തിൽ പരിപൂർണമായ ക്രമത്തിലും ക്രമീകരണത്തിലും നാം കാണുന്ന പ്രവർത്തനങ്ങൾ ക്വുർആൻ തനിച്ചായി പല വചനങ്ങളിലും വിവരിച്ചു കാണുന്നതിനാൽ ഇതുതന്നെയാണ് സൃഷ്ടികളുടെയെല്ലാം 'സുജൂദി'ന്റെയും 'തസ്ബീഹി'ന്റെയും രഹസ്യം എന്നു പറുന്നതു ശരിയല്ല. ആയത്തുന്നൂറിന്റെയും അതിനെ തുടരുന്ന വാക്യങ്ങളുടെയും അതിഗഹനവും അഗാധവുമായ ഒരു വ്യാഖ്യാനം ഈ വിഷയത്തെ വ്യക്തമാക്കുന്നുണ്ട്.

സർവ ചരാചരങ്ങളും അവയുടെ സ്രഷ്ടാവും നാഥനുമായ അല്ലാഹുവിന് സുജൂദും തസ്ബീഹും ചെയ്തുകൊണ്ടല്ലാതെ അവയ്ക്കു യാതൊരു നിലനില്പും പ്രകടനവുമില്ല എന്നതാണ് പരമാർഥം. ഈ രഹസ്യം മനുഷ്യന്റെ ഭൗതിക ബോധനങ്ങൾക്ക് കണ്ടെത്താവുന്നതല്ല (17:44). ആധ്യാത്മിക ബോധത്തിന്റെ ഒരു പ്രത്യേക വശം പ്രശോഭിതരായി ചുരുക്കം ചിലർക്കു മാത്രം ഈ രഹസ്യം പ്രത്യക്ഷമായി അനുഭവിക്കാൻ സാധിക്കും. കുന്നുകളെയും പക്ഷികളെയും അല്ലാഹുവിനു സ്തോത്രം ചെയ്യുന്ന നിലയിൽ ദാവൂദു നബി(അ)ക്കു വിധേയമാക്കി എന്ന സത്യം ഇതിനു സാക്ഷ്യം വഹിക്കുന്നു. (21:79, 34:10, 38:18,19)

## ക്രമത്തിനും ക്രമീകരണത്തിനും പിന്നിലെ ശക്തി

പരലോകത്തിലെ യാഥാർഥ്യത്തോടനുബന്ധിക്കുന്ന മനുഷ്യന്റെ ആത്മീയ പ്രകാശത്തിനു വിധേയമായ നിലയിൽ മാത്രമാണ് ഈ പ്രപഞ്ചത്തിന് ഒരു നിലനില്പും പ്രകടനവുമുള്ളത് എന്നു മുമ്പ് സ്പർശിച്ചുവല്ലോ. ആ പ്രകാശം മുഖേനയാണ് സർവ സൃഷ്ടികളെയും അല്ലാഹു മനുഷ്യനു വിധേയമാക്കിയതെങ്കിൽ അതിന്റെ രഹസ്യകിരണങ്ങൾ ഈ പാദാർഥികലോകത്തിൽ മാത്രമല്ല 'ആലമുൽ ജബറൂത്തി'ലും 'മലകൂത്തു'വരെയും വ്യാപിപ്പിക്കുകയും സർവ സൃഷ്ടികളിലും ലയിച്ചു കിടക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിൽ കാണുന്ന ക്രമത്തിനും ക്രമീകരണത്തിനും അടിസ്ഥാനം ഈ സ്വാധീനശക്തിയാണ്.

ഏതോ ഒരു ലോകമൊട്ടുക്കും വ്യാപിക്കുകയും പദാർഥങ്ങളിൽ ഊറിക്കിടക്കുകയും ചെയ്യുന്നുണ്ടെന്നു സങ്കല്പിക്കുവാൻ നിർബന്ധിതരായ ശാസ്ത്രജ്ഞന്മാർ അതിന് Ether എന്നു പേരുകൊടുത്തു. പക്ഷേ, അത് പദാർഥമല്ലന്നു തെളിഞ്ഞപ്പോൾ മറ്റു ചിലർ അതിനെ വ്യാമോഹമാക്കി. വേറെ പല ഗവേഷണങ്ങളുടെയും ഫലമായി ഈ പ്രപഞ്ചത്തിലെ പദാർഥങ്ങളെല്ലാം ഏതോ ഒരു അടിസ്ഥാനശക്തിയുടെ വ്യത്യസ്ത പ്രകടനം മാത്രമാണെന്നു വാദിക്കുന്ന ശാസ്ത്രജ്ഞന്മാർക്ക് ആ അടിസ്ഥാനശക്തിയെക്കുറിച്ചു യാതൊന്നും വിവരിക്കുവാനോ തെളിയിക്കുവാനോ സാധിച്ചിട്ടില്ല. മാത്രമല്ല, മുമ്പ് സ്പർശിച്ച പല ശാസ്ത്രീയസിദ്ധാന്തങ്ങളിലുമുള്ള പരസ്പര വൈരുധ്യങ്ങൾക്കും മനുഷ്യനും പ്രപഞ്ചവും തമ്മിലും പരസ്പര വൈരുധ്യങ്ങൾക്കു മനുഷ്യനും പ്രപഞ്ചവും തമ്മിലും മനുഷ്യന്റെ ശാരീരികവശവും ആത്മീയവശവും തമ്മിലുള്ള ശാസ്ത്രവും മതവും തമ്മിലും അമുസ്ലിം തത്വചിന്തകന്മാർ നേരിടുന്ന വൈപരീത്യങ്ങൾക്കും നാം ഇപ്പോൾ വിവരിക്കുന്ന ഖുർആനിക തത്വം മാത്രമാണ് പ്രത്യുത്തരം നല്കുന്നത്. എന്നാൽ പരലോകത്തിന്റെ യാഥാർഥ്യങ്ങളിൽ വിശ്വസിക്കാതെ ഭൗതികതത്വം മാത്രം നുകരുന്നവർ അന്ധകാരത്തിൽ അന്ധന്മാരായി അലഞ്ഞുകൊണ്ടിരിക്കുന്നു. അവർ എങ്ങനെ സത്യം കണ്ടെത്തും?

ആകാശഭൂമികളിലുള്ള സർവസ്വവും അല്ലാഹു അവനിൽ നിന്നുള്ള അനുഗ്രഹമായി മനുഷ്യന്ന് വിധേയമാക്കിയിരിക്കുന്നു (45:13) എന്നതിന്റെ ആന്തരാർഥം ഇങ്ങനെയാണ്. മനുഷ്യന്റെ ഏതൊരു യഥാർഥമായ ആത്മീയവശത്തോട് അനുബന്ധിച്ചാണോ അവന്നു പ്രകാശപരിപൂർത്തി (അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യത്തിന്റെ പൂർണദശ) എത്തിച്ചേരുന്നത്, അതിനു വിധേയമായിട്ടല്ലാതെ ഏതൊരു സൃഷ്ടിക്കും 'ഉണ്ടായിരിക്കുക' എന്ന നിലയോ ക്രമീകൃതമായ യാതൊരു പ്രത്യക്ഷതയോ ഇല്ല തന്നെ (16:61, 35:45). അപ്പോൾ ആത്മീയപ്രകാശം മനുഷ്യരുടെ ഹൃദയങ്ങളിൽ ഏതൊരു കാലം പാടെ അറ്റുപോകുന്നുവോ അതോടൊപ്പം ഈ പ്രപഞ്ചത്തെ നിലനിർത്തുന്ന സ്വാധീനശക്തിയും അറ്റുപോകുന്നു. ആ

ദിനം ആകാശഭൂമികളും അവയിലുള്ള സർവസ്വവും തകർന്നു നശിച്ചു പോകുന്നു. അല്ലെങ്കിൽ ഏതൊരു ദിനം അല്ലാഹുവിന് സുജൂദൂം സ്തോത്രവും ചെയ്യുന്ന ഒരാൾ പോലും ലോകത്തിൽ ഇല്ലാതാകുന്നുവോ അന്നാണ് ലോകാവസാനം. മനുഷ്യൻ ഇഹത്തിൽ ചെയ്ത പ്രവൃത്തിക ളുടെ യാഥാർഥ്യങ്ങൾ അവനു പ്രത്യക്ഷമായി അനുഭവിപ്പിക്കാൻ വേണ്ടി മനുഷ്യവംശത്തെ വീണ്ടും എഴുന്നേല്പിക്കുമ്പോൾ മാത്രമാണ് അവ യുടെയും പുനരുത്ഥാനം. പക്ഷേ, അത് നമുക്കു ഗ്രഹിക്കുവാൻ കഴി യുന്ന യാദൃച്ഛികമായ ഈ പ്രകൃതിയിലല്ല; യാഥാർഥ്യത്തോടനുയോജ്യ മായ, നമുക്കു ഗ്രഹിക്കുവാൻ കഴിയാത്ത മറ്റൊരു പ്രകൃതിയിലാണ് (14:48, 32-17, 56:60,61). യാഥാർഥ്യം പ്രത്യക്ഷമാകുന്ന ആ ദിനം "ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രകാശത്താൽ പ്രശോഭിതമാകും"(39:69). സാക്ഷാൽ അന്ധകാരമാകുന്ന പാദാർഥിക പ്രകാശമല്ല അവിടെ സംഗതിൾ വ്യക്ത മാക്കുന്നത്. എന്തുകൊണ്ടെന്നാൽ അല്ലാഹു അവന്റെ പ്രകാശത്താൽ നല്കുന്ന പ്രചോദനത്തിൽ ഭൂമി പോലും മനുഷ്യൻ ചെയ്ത സംഭവങ്ങ ളെല്ലാം വിളിച്ചുപറയും. (99:4,5)

പ്രപഞ്ചമൊട്ടുക്കും സ്വാധീനിക്കുന്നത് മനുഷ്യന്റെ ഏതൊരു ആത്മീയ പ്രകാശമാണോ, ആ പ്രകാശത്തിന്റെ ഒളിവും പ്രഭാവവും (ഹൃദയവും കണ്ണുകളും ഭയവിഹ്വലതയാൽ കീഴ്മേൽ മറിയുന്ന) നീതി ന്യായദിനത്തെ ഭയപ്പെടുന്ന മനുഷ്യരുടെ ദൈവസ്തോത്രവും നമസ്കാ രവുമാണെന്ന് ആയത്തുന്നൂറിനെ തുടരുന്ന രണ്ടു വാക്യങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. അപ്പോൾ ഏതൊരു പ്രവർത്തനമാണോ സർവ ചരാചരങ്ങളെയും സ്വാധീനിച്ചു നിലനിർത്തുന്ന മനുഷ്യന്റെ ആത്മീയ പ്രകാശത്തെ പാലിക്കുന്നത് ആ പ്രവർത്തനത്തിനല്ലാതെ, അല്ലാഹു വിനുള്ള സ്തോത്രത്തിലും സുജൂദിലും ആകാശഭൂമികളിലെ ഒരൊറ്റ സൃഷ്ടിക്കും നിലകൊള്ളുന്നവാനോ പ്രത്യക്ഷമാകുവാനോ സാധ്യമല്ല.

പുനരുത്ഥാനദിനം വിചാരണകളുടെ ഗൗരവമോ നരകശിക്ഷയുടെ കാഠിന്യമോ നരകശിക്ഷയുടെ കാഠിന്യമോ ഭയപ്പെടേണ്ടതില്ലാത്ത ആകാ ശഭൂമികളുടെ ഇതര സൃഷ്ടികളെല്ലാം അല്ലാഹുവിന്നു സുജൂദും സ്തോത്രവും എന്തിനു ചെയ്യുന്നു? അതിന്റെ ലക്ഷ്യമെന്ത്? നീതിന്യാ യദിനത്തിന്റെ പരമാധികാരിയുടെ സന്നിധിയിൽ നില്ക്കേണ്ടിവരുന്ന മനു ഷ്യന്റേതാണ് ശാശ്വതമായ യഥാർഥ ജീവിതം. അതുകൊണ്ടു തന്നെ യാണ് ആധ്യാത്മിക ബോധത്തിനു വെളിച്ചം ലഭിച്ചവൻ എവിടെ നോക്കി യാലും അവന്റെ തുടിക്കുന്ന ഹൃദയത്തിന്റെ പ്രതിധ്വനി ഇതായിരിക്കും: "ഞങ്ങളുടെ രക്ഷിതാവേ, ഇതെല്ലാം നീ സൃഷ്ടിച്ചത് വ്യർഥമായിട്ടല്ല! കീർത്തനങ്ങൾക്കു പരിശുദ്ധൻ നീ മാത്രം! അതിനാൽ നരകശിക്ഷയിൽ നിന്നു നീ ഞങ്ങളെ രക്ഷിക്കണേ!" (3:191). ഈ ദൈവഭയമാണ് അറി വിന്റെ ആസ്പദം. ഇതുതന്നെയാണ് ക്വുർആൻ വീശുന്ന പ്രകാശവും.

മനുഷ്യൻ ആഹരിക്കുന്ന ഭക്ഷ്യപദാർഥങ്ങളും ശ്വസിക്കുന്ന

വായുവും ശുദ്ധീകരിക്കാനുപയോഗിക്കുന്ന ജലവും കല്ലും അവന്റെ പാദങ്ങൾക്കിടയിൽ പതിയുന്ന ജീവിയും പുൽക്കൊടിയും മൺതരിയുമെല്ലാം അവയുടെ രക്ഷിതാവിന് സ്തോത്രം ചെയ്യുന്ന നിലയിലാണ് മനുഷ്യന് അല്ലാഹു വിധേയമാക്കിയതെങ്കിൽ, ആ സർവശക്തനും സർവജ്ഞനുമായ അല്ലാഹു 'തബാറക്ക വതആലാ'യെ സ്തുതിക്കുന്നതിൽ നിന്നും അവനു മുമ്പിൽ സാഷ്ടാംഗം വീഴുന്നതിൽനിന്നും പിന്തിരിയുന്ന മനുഷ്യനെക്കാൾ നിന്ദ്യനും നികൃഷ്ടനും നന്ദികെട്ടവനും ശപിക്കപ്പെട്ടവനും ശാശ്വത ശിക്ഷയ്ക്ക് അർഹനും ആരെങ്കിലുമുണ്ടോ?

"തീർച്ചയായും ആദമിന്റെ സന്താനങ്ങളെ നാം ആദരിച്ചിട്ടുണ്ട്. അവരെ നാം കരയിലും കടലിലും (വാഹനങ്ങളിൽ) കയറ്റിവിടുന്നു. ശുദ്ധമായ (പദാർഥങ്ങളാൽ) നാം അവർക്കു പോഷണം നല്കുന്നു. നാം സൃഷ്ടിച്ച എത്രയൊക്കെ സൃഷ്ടികളെക്കാൾ ശ്രേഷ്ഠതയേറിയ പുണ്യമാണ് നാം അവർക്കു നല്കിയിട്ടുള്ളത്!" (17:70) ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം നിങ്ങൾക്കു വിധേയമാക്കിയതിനെ നിങ്ങൾ കാണുന്നില്ലേ? മാത്രമല്ല, ബാഹ്യവും ആന്തരികവുമായ അവന്റെ (എണ്ണമറ്റ) അനുഗ്രഹങ്ങൾ നിങ്ങളിൽ പ്രവഹിപ്പിക്കുകയും ചെയ്യുന്നു... (31:20). "...നിങ്ങൾ അവനോടു ചോദിക്കുന്നതിൽ നിന്നെല്ലാം അവൻ നിങ്ങൾക്ക് നല്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണുന്നപക്ഷം അവയെ എണ്ണിത്തീർക്കുവാൻ നിങ്ങൾക്ക് സാധ്യമാകയില്ല.(എന്നിട്ടും) മനുഷ്യൻ എത്ര നീതികേടു ചെയ്യുന്നവനും നന്ദികെട്ടവനും ആയിത്തീരുന്നു!"(14:34)

"അല്ലയോ മനുഷ്യരേ, അല്ലാഹുവിന്റെ വാഗ്ദാനം സത്യം തന്നെയാണ്. അതിനാൽ ഇഹലോകജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ!" (82:5)

## ആത്മീയ ബോധവും ചിന്താശക്തിയും

മനുഷ്യന്റെ ഇന്ദ്രിയബോധത്തിന്റെ മേലധികാരിയാണ് ചിന്താബോധം. അതിനുപരി യുക്തിബോധവും അതിന്നുപരി വിശകലനബോധവും. ഓരോ ബോധത്തിന്റെയും കടമ സ്വന്തം അനുഭവത്തിന്റെ റിപ്പോർട്ട് മേലധികാരിക്ക് എത്തിക്കുക എന്നതല്ലാതെ അതിന്മേൽ മേലധികാരിക്കുണ്ടാകുന്ന വീക്ഷണത്തെ ചോദ്യംചെയ്യാനോ എതിരിടാനോ അതിന്നവകാശമില്ല. നിങ്ങൾ നീളുന്നതും വളരുന്നതും ചിന്താബോധം ഗ്രഹിക്കുന്നു. ഇവയെ നോക്കുമ്പോൾ നിലച്ചതായി കാണുന്ന കണ്ണിനു ചിന്താബോധത്തിന്റെ അറിവിനെ ചോദ്യംചെയ്യാൻ അധികാരമില്ല. അങ്ങനെയിരിക്കെ ഈ നാലു ബോധങ്ങൾക്കുപരി മാത്രമല്ല (ഈ നാലു ബോധങ്ങൾക്കും കൂടി ഇനിമേൽ (യുക്തി ബോധം' എന്ന വാക്ക് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്) അവയുടെ പാദാർഥിക നിയമത്തിൽ നിന്നുപോലും അവയുടെയെല്ലാം പ്രകാശത്തിന്റെ ഉറവിടമായ ആധ്യാത്മിക ബോധത്തെ

ചോദ്യംചെയ്യുവാനോ എതിർക്കുവാനോ യാതൊരു അവകാശവും ന്യായവുമില്ല എന്നതു വ്യക്തമാണ്.

യുക്തിബോധത്തിന്നുപരി മറ്റൊരനുഭവം മനുഷ്യനുണ്ട് എന്നതിന് ഉദാഹരണമാണ് യഥാർഥ സ്വപ്നം. സൈദ് സ്വയം പറക്കുന്നതായും വളരെ ഉയരത്തിൽ കൈവിടർത്തി വായുവിൽ നിന്നുകൊണ്ടു ചില അത്ഭുത കാഴ്ചകൾ കാണുന്നതായും സ്വപ്നം കാണുന്നു. അവന്റെ കണ്ണിനു ഇതിൽ യാതൊരു പങ്കുമില്ല. കാരണം, കണ്ണ് ഉറങ്ങുകയാണ്. ഈ സന്ദർഭത്തിൽ യുക്തിബോധം അതിന്റെ സാധ്യതയെക്കുറിച്ചും മറ്റും അതിൽ എങ്ങനെ, എന്തുകൊണ്ട് എന്നൊന്നും ചോദ്യം ചെയ്യുന്നില്ല. എങ്കിലും സാധാരണ അനുഭവത്തേക്കാൾ വ്യക്തമായ ചിത്രം കൊത്തിയതുപോലെ ആ അനുഭവം അവന്റെ ഓർമയിൽ പതിഞ്ഞുകിടക്കുന്നു. യഥാർഥ സ്വപ്നത്തിന്റെ അനുഭവം പാദാർഥികമായ നാലു ബോധങ്ങളുടെ അനുഭവത്തിന് ഉപരിയാണ്. അയഥാർഥ സ്വപ്നത്തിന് ഈ നിലയില്ല. എന്തുകൊണ്ടെന്നാൽ അതു ഭയങ്കരമോ വിഷാദകരമോ മറ്റു ഭൗതിക വികാരപരമോ ആയ വല്ല മുൻ അനുഭവങ്ങളിൽ നിന്നും പകുതി ഉറക്കത്തിൽ തലച്ചോറിലെ സിരകളിൽ നിന്നുള്ള വൈദ്യുത-രാസപ്രതിഫലനത്തിൽ നിന്നും ഉണ്ടാകുന്നത് മാത്രമാണ്. യുക്തിബോധത്തിൽ നിന്നു വിമുക്തമായ ഒരു നില അതിന്നില്ല. യഥാർഥ സ്വപ്നത്തെക്കുറിച്ചോ ഉൾക്കാഴ്ചയെക്കുറിച്ചോ നാം ഇവിടെ ചിന്തിക്കേണ്ടതില്ല. പ്രവാചകന്മാരുടെ ആധ്യാത്മിക അനുഭവവും മറ്റുള്ളവരുടെ അനുഭവവും രണ്ടും വ്യത്യസ്ത പിടിയിലാണ്. നബിമാരല്ലാത്തവരുടെ ആന്തരിക പ്രകാശം നബിമാരുടെ പ്രകാശമാകുന്ന സൂര്യകിരണങ്ങൾ വഴി തിളങ്ങുന്ന ചന്ദ്രപ്രഭയോടു മാത്രമേ സമമാവുകയുള്ളൂ (91:1,2). അതിനാൽ നബിമാരല്ലാത്തവർ എത്ര വലിയ പദവി സിദ്ധിച്ചവരായിരുന്നാലും അവരുടെ ഉൾക്കാഴ്ചയുടെയോ മറ്റു പ്രത്യേക അനുഭവങ്ങളുടെയോ പരമാർഥം ക്വുർആനിന്റെയും ഹദീസിന്റെയും അനുയോജ്യതയനുസരിച്ചു മാത്രമേ സ്വീകരിക്കാൻ നിർവാഹമുള്ളൂ.

പാദാർഥിക ബോധങ്ങൾക്കുപരിയായും അവയെ അതിശയിച്ചും ദൈവദൂതൻ മുഖേന പ്രവഹിച്ച സാക്ഷാൽ വെളിച്ചത്തെ ഹൃദയത്തിൽ പ്രതിഫലിപ്പിക്കു എന്നതാണ് ആധ്യാത്മിക ബോധത്തിന്റെ ഉണർച്ച. നമുക്ക് ഇഹലോത്തിൽ നിന്നുതന്നെ അനുഭവപ്പെടുന്ന അതിന്റെ പ്രഭാവമാണ് പരലോക ബോധവും ദൈവഭയവും വർധിപ്പിക്കുന്ന ഹൃദയാന്തരത്തിൽ നിന്നു തുളുമ്പുന്ന മഹത്തായ വികാരങ്ങൾ. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ആത്മീയവശം ഇരുളടഞ്ഞതായിരിക്കും. ആധ്യാത്മികമായി അവർ ബോധരഹിതരാണ്. അവരുടെ വികാരങ്ങൾ കടുത്ത ഭൗതികത്വത്തിന്റെ അലതല്ലൽ മാത്രമായിരിക്കും.

ആധ്യാത്മിക ബോധത്തിന്റെ വെളിച്ചത്തിൽ മാത്രമേ മറ്റു നാലു ബോധങ്ങൾ പ്രകാശം വഹിക്കുകയുള്ളൂവെന്നു മുമ്പു നാം വിവരിച്ചു

വല്ലോ. ആ നിലയിൽ അവ സാക്ഷാൽ പ്രകാശത്തെ പോഷിപ്പിക്കുകയും സുരക്ഷിതമാക്കുകയും ചെയ്യും; മിശ്കാത്തും പളുങ്കും വിളക്കിന്റെ ജ്വാലയെ സുരക്ഷിതവും കൂടുതൽ പ്രശോഭിതവുമായിക്കുന്നതുപോലെ. ഈ അവസ്ഥയിലാണ് സത്യവിശ്വാസി എവിടേക്കു നോക്കിയാലും ഏതൊന്നിൽ ചിന്തിച്ചാലും ദൈവസ്മരണയും പരലോകത്തിന്റെ യാഥാർഥ്യവും അവൻ അനുഭവിക്കുന്നത്. അവൻ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഇതെല്ലാം നീ സൃഷ്ടിച്ചതു വ്യർഥമായിട്ടല്ല. കീർത്തനങ്ങൾക്കു പരിശുദ്ധൻ നീ മാത്രം. അതിനാൽ നരകശിക്ഷയിൽ നിന്നു ഞങ്ങളെ നീ രക്ഷിക്കണേ! (3:121). അപ്പോൾ അവന്റെ കാഴ്ചയും ചിന്താബോധവും അവന്റെ ആധ്യാത്മികബോധത്തെ കൂടുതൽ പ്രശോഭിതമാക്കുന്നു.

യുക്തിബോധം (നാലു ഭൗതികബോധങ്ങൾ) ആധ്യാത്മിക ബോധത്തിന് വിധേയമാകുമ്പോൾ മാത്രമേ ഈ അവസ്ഥ പ്രാപിക്കുകയുള്ളൂവെന്നുകൂടി ഉണർത്തേണ്ടിയിരിക്കുന്നു. നേരെ മറിച്ച് ആധ്യാത്മിക ബോധത്തെ യുക്തിബോധത്തിന് വിധേയമാക്കുന്നതിന്റെ വിവക്ഷ പരലോകജീവിതത്തെ ഇഹലോകജിവിതത്തിന് വിട്ടുകളയുക എന്നതാണ്. ഇവർ ഇസ്‌ലാമിനെ കുറിച്ചു ഗ്രഹിക്കുന്ന ലക്ഷ്യം ഇഹത്തിൽ മനുഷ്യസമുദായത്തിന് സമാധാനം, സമത്വം, സാഹോദര്യം, സംതൃപ്തി എന്നിവ സ്ഥാപിക്കുക എന്നതു മാത്രമാണെന്നും പരലോകത്തെക്കുറിക്കുന്ന മുന്നറിയിപ്പുകളെല്ലാം ഇഹലോകത്തിലെ ഈ നേട്ടത്തിലേക്കു പ്രേരിപ്പിക്കുവാൻ വേണ്ടി മാത്രമാണെന്നുമാണ്. ഇപ്പോൾ അവരുടെ ലക്ഷ്യം പരലോകമല്ല, ഇഹലോകം മാത്രമാണ്. അവരുടെ കാഴ്ചയും സംസാരവും ചിന്തയുമെല്ലാം ഇഹലോകത്തെക്കുറിച്ചു മാത്രമായിരിക്കും. പരലോക വിജയത്തെ അവർ ഗണിക്കായ്കയാൽ ഇഹലോകത്തിനുവേണ്ടിയുള്ള അവരുടെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും വെറും സ്വേച്ഛാപരവും സ്വാർഥവും മാത്രമായിരിക്കും. അവർക്ക് ഇഹത്തിൽ അപമാനവും പരത്തിൽ കഠിനശിക്ഷയുമായിരിക്കും.

ഗ്രന്ഥത്തിൽ ചിലതു നിങ്ങൾ വിശ്വസിക്കുകയും ചിലതു നിഷേധിക്കുകയുമാണോ ചെയ്യുന്നത്? നിങ്ങളിൽ നിന്ന് ഇങ്ങനെ ചെയ്യുന്നവർക്കുള്ള പ്രതിഫലം ഐഹിക ജീവിതത്തിൽ അപമാനം മാത്രമല്ല, പുനരുത്ഥാനദിനം അവർ കഠിനശിക്ഷയിലേക്കു തള്ളപ്പെടുകയും ചെയ്യും. നിങ്ങളുടെ പ്രവൃത്തികളിൽ അല്ലാഹു അശ്രദ്ധനല്ല. ഇവർ പരലോകജീവിതത്തിന് പകരമായി ഇഹലോകത്തെ വാങ്ങിയവരത്രെ! അതിനാൽ അവർക്കുള്ള ശിക്ഷ ലഘൂകരിക്കുകയോ അവർ സഹായിക്കുകയോ ഇല്ല”(2:85,86). ഇതിനുള്ള കാരണം യുക്തിബോധത്തിന് വിധേയമായിരിക്കുന്ന കാലത്തോളം ആധ്യാത്മകിബോധം ഇരുളടഞ്ഞിരിക്കും എന്നതാണ്. ആ നിലയിൽ യുക്തിബോധവും അന്ധകാരമയം മാത്രമായിരിക്കും; അതായത് “ഇരുളുകൾക്കുപരി ഇരുളുകൾ.”

സത്യവിശ്വാസി ക്വുർആൻവാക്യം ഓതുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അത് അവന്റെ വികാരാവേശത്തെ ഉടനടി വിധേയമാക്കുകുയം അതോടൊപ്പം അവന്റെ ഹൃദയത്തിൽ അതിന്റെ സത്യം വിളങ്ങുകയും ചെയ്യുന്നു. തലച്ചോറിലെ ചിന്തയുടെയോ യുക്തിയുടെയോ പ്രവർത്തനം ഇതിനെ മുൻകടക്കുവാൻ അവൻ അനുവദിക്കുകയില്ല. കാരണം ആധ്യാത്മികബോധത്തിനു ലഭിച്ച പ്രകാശത്തിനു കീഴിൽ മാത്രമേ യുക്തിബോധത്തിന്റെ പ്രവർത്തനം പ്രകാശിക്കുകയുള്ളൂ. അല്ലാഹുവിൽ നിന്നുള്ള സത്യം കേട്ട മാത്രയിൽ ദൃഢമായി വിശ്വസിക്കുക. ഈ വിശ്വാസത്തിനു ശേഷവും അതിനു വിധേയമായും മാത്രമേ അതിനുള്ള വിവരണങ്ങളെക്കുറിച്ചും കാര്യകാരണങ്ങളെക്കുറിച്ചും ആരായുവാൻ യുക്തിബോധത്തെ അനുവദിക്കാവൂ. ദൈവസന്ദേശത്തിലെ സത്യത്തിനുള്ള ലക്ഷ്യങ്ങൾ കണ്ടെത്തുവാൻ യുക്തിബോധത്തിന് സാധ്യമായെങ്കിൽ അതിൽ അവന് സന്തോഷവും അറിവും വർധനവും ലഭിക്കും. ന്യായീകരണം കണ്ടെത്തുവാൻ യുക്തിബോധത്തിനു സാധിച്ചില്ലെങ്കിൽ ആ സത്യത്തെ നിഷേധിക്കുവാനോ വക്രപ്പെടുത്തുവാനോ യുക്തിക്ക് അവകാശമില്ല. ദൈവസന്ദേശം കേട്ട മാത്രയിൽ വിശ്വസിക്കുന്നതിനു പകരം ആദ്യമായിത്തന്നെ അതിലെ സത്യത്തെ ചോദ്യംചെയ്യുക, അല്ലെങ്കിൽ യുക്തിയുടെയും വിശകലനത്തിന്റെയും ചർച്ചയ്ക്കു ശേഷമോ വിധേയമായ നിലയിലോ മാത്രമേ വിശ്വസിക്കൂ എന്ന മനോഭാവം 'കുഫ്റ്' ആണെന്നു ക്വുർആൻ വ്യക്തമാക്കുന്നു. "അപ്പോൾ വിശ്വസിക്കുന്നവർ അത് അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് അറിയുന്നു. എന്നാൽ അവിശ്വസിക്കുന്നവർ അപ്പോൾ ചോദിക്കുന്നു, അല്ലാഹു പലരെയും വഴിപിഴവിൽവിടുന്നു. പലരെയും അതുകൊണ്ട് വഴികാണിക്കുന്നു. എന്നാൽ പരിധി ലംഘിക്കുന്നവരെയല്ലാതെ അതുകൊണ്ട് അല്ലാഹു വഴി തെറ്റിക്കുകയില്ല."(2:26)

"അല്ലാഹുവിന്റെ സന്ദേശത്തിൽ (അവനിൽ നിന്നുള്ള) ഒരു തെളിവും ലഭിക്കാതെ വാഗ്വാദം ചെയ്യുന്നവരാരോ അവരുടെ നെഞ്ചകങ്ങളിൽ, വലിപ്പം മാത്രമാണ്; എന്നാൽ ആ വലിപ്പം അവർ പ്രാപിക്കുകയുമില്ല. അതുകൊണ്ട് അല്ലാഹുവിനോട് അഭയം തേടുക. അവനത്രെ എല്ലാം കേൾക്കുന്നവനും കാണുന്നവനും."(40:56)

# മുഅ്ജിസത്തുകൾക്ക് ദുർവ്യാഖ്യാനങ്ങൾ

ക്വുർആൻ വചനത്തിൽ സ്വേച്ഛയനുസരിച്ചു വാഗ്വാദം നടത്തുന്നതും വ്യാഖ്യാനിക്കുന്നതും തെറ്റാണ്. ഒരു വാക്യത്തെക്കുറിച്ച് എന്റെ അഭിപ്രായം ഇന്നതാണെന്നു പറയുന്നവർ അതിരു ലംഘിക്കുന്നു. അങ്ങനെയുള്ളവരെ ക്വുർആൻ വഴിപിഴപ്പിക്കുകയേ ഉള്ളൂ. (2:26)

ഏതാനും നബിവചനങ്ങൾ ശ്രദ്ധിക്കാം: "ഏതൊരുവൻ ക്വുർആനിനെക്കുറിച്ച് സ്വന്തം വീക്ഷണപ്രകാരം (വല്ലതും) പറയുന്നുവോ അവൻ അവന്റെ വാസസ്ഥലം നരകത്തിൽ തേടിക്കൊള്ളട്ടെ"(തിർമിദി). "ക്വുർആനിനെക്കുറിച്ച് തർക്കിന്നത് 'കുഫ്ർ' ആകുന്നു" (അഹ്മദ്, അബൂദാവൂദ്). "ഏതൊരുവൻ ക്വുർആനിനെക്കുറിച്ചു സ്വയം വീക്ഷണപ്രകാരം (വല്ലതും) പറഞ്ഞുവോ, അതു ശരിയാണെങ്കിൽത്തന്നെയും അവൻ കുറ്റം ചെയ്തു"(തിർമിദി, അബൂദാവൂദ്). "അല്ലാഹു അറിയുന്നു; എന്നാൽ നിങ്ങൾ അറിയുന്നില്ല." എന്ന പരമാർഥം നിഷേധിക്കുകയും യുക്തിബോധത്തിന് ആധ്യാത്മികബോധത്തേക്കാൾ മുൻഗണന നല്കുകയും തദ്വാരാ അന്ധതയിൽ അലയുന്ന യുക്തിബോധത്തിനും ഭൗതികത്വത്തിനും പിശാചിന്റെ വഞ്ചനയ്ക്കും വശംവദരാകുകയും ചെയ്തവർ, ക്വുർആനനെക്കുറിച്ചു സ്വാഭിപ്രായം (താന്തോന്നിത്തം) എഴുതിവിടാൻ ആരംഭിച്ചതിന്റെ ഫലമായിട്ടാണ് വളരെയധികം വ്യാജവും വിഡ്ഢിത്തവും ക്വുർആൻ വ്യാഖ്യാനത്തിന്റെ പേരിൽ പുറത്തുവരാൻ ഇടവന്നത്.

## മലയാളികളുടെ സംഭാവന

പാശ്ചാത്യരായ അമുസ്ലിം വ്യാഖ്യാതാക്കളെക്കാൾ, മുസ്ലിംനാമധാരികൾ ദുർവ്യാഖ്യാനം എഴുതുന്നതു കാണുമ്പോഴാണ് സത്യത്തിന് വില നല്കുന്നവരുടെ ഹൃദയം കൂടുതൽ പൊരിയുന്നത്. ക്വുർആനെക്കുറിച്ചുള്ള ഇത്തരം വ്യാജവാദങ്ങൾ നമ്മുടെ യുവാക്കളെ വ്യതി

ചലിപ്പിക്കാതിരിക്കട്ടെ എന്ന ആശയാൽ ചില ഉദാഹരണങ്ങളെങ്കിലും ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു.

(1) "അങ്ങനെ അവർ ഉറുമ്പുകളുടെ താഴ്‌വരയിലെത്തിയപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: ഓ ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ വാസസ്ഥലങ്ങളിൽ പ്രവേശിച്ചുകൊള്ളുക; സുലൈമാനും അദ്ദേഹത്തിന്റെ കൂട്ടരും അവരറിയാത്ത നിലയിൽ നിങ്ങളെ ചവിട്ടിച്ചതച്ചുകളയാതിരിക്കുവാൻ."(27:18)

ഈ വാക്യത്തെ ഹൃദയാന്തരത്തിൽ വിശ്വസിക്കാതെ തലച്ചോറിലെ വൈദ്യുത-രാസപ്രതിഫലനങ്ങൾക്ക് വിട്ടുകൊടുക്കുകയാണ്. അപ്പോൾ യുക്തി ചോദിക്കുന്നു: "എന്ത്, ഒരു ഉറുമ്പ് സംസാരിക്കുകയോ! അത് സുലൈമാൻ നബി കേൾക്കുകയും!!" പിശാച് അവന് പറഞ്ഞുകൊടുക്കുകയാണ്: 'വാദിന്നംല്' (ഉറുമ്പിന്റെ താഴ്‌വര) ഒരു പ്രദേശത്തിന്റെ പേരാക്കുക. 'നംലത്ത്'(ഉറുമ്പ്-സ്ത്രീലിംഗം) എന്നത് നംല് ഗോത്രത്തിൽ പെട്ട ഒരു മനുഷ്യസ്ത്രീയാക്കി മാറ്റുകയും ചെയ്യുക. പിശാചിന്നടിമപ്പെട്ടവൻ വെളിച്ചം കാണുന്നില്ല. അപ്പോൾ "അവർ അറിയാത്ത നിലയിൽ ചവിട്ടിച്ചതച്ചുകളയാതിരിക്കുവാൻ"എന്ന വാക്ക് സ്വയം അറിയാത്ത നിലയിൽ കാലിന്നടിയിൽ ഞെരിച്ചുകളയുന്ന ചെറുജീവികൾക്ക് മാത്രമേ ഉപയുക്തമാവുകുയുള്ളൂവെന്നും അടുത്ത വാക്യത്തിൽ സുലൈമാൻ നബി(അ) ആ വാക്കുകൾ കേട്ട് അത്ഭുതപ്പെട്ടു ചിരിച്ചതും അല്ലാഹുവിനു സമർപ്പിച്ച നന്ദിപ്രകടനത്തിന്റെ പ്രാർഥനയും തുടങ്ങി ആ കേട്ട വാക്കുകൾ മനുഷ്യനിൽനിന്നുള്ള വല്ലവനും വ്യക്തമാക്കുന്നതൊന്നും അവന്റെ തലച്ചോറിൽ കയറുന്നില്ല. എന്തുകൊണ്ടെന്നാൽ അവന്റെ ഹൃദയത്തിൽ അന്ധത ബാധിച്ചു കഴിഞ്ഞു.

(2) അടുത്ത വാക്യത്തിൽ ഇങ്ങനെ കാണാം: "പക്ഷികളെ പരിശോധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്ക് എന്തുപറ്റി! ഞാൻ 'ഹുദ്ഹുദി'നെ കാണുന്നില്ലല്ലോ?..."(27:20)

യുക്തിയുടെ അതിക്രമം തന്നെയാണ് മേൽവാക്യത്തിൽ 'ഹുദ്ഹുദി'നെ പക്ഷിക്കുപകരം മനുഷ്യനാക്കിയതിനു പിന്നിലുള്ളത്. പക്ഷികളെ പരിശോധിച്ച് 'ഹുദ്ഹുദി'നെ കാണുന്നില്ലെന്നു പറുമ്പോൾ, 'ഹുദ്ഹുദ്' എങ്ങനെയാണ് മനുഷ്യനാവുക? 'ഹുദ്ഹുദ്' ഒരു പക്ഷിതന്നെയായിരിക്കേണ്ടേ? മാത്രമല്ല, ഇതിന്റെ മുൻവാക്യങ്ങളിൽ (27:16,17) വ്യക്തമാക്കുന്ന പക്ഷികളുടെ സംസാരം പഠിപ്പിച്ചതും സുലൈമാൻ നബിയുടെ സേനയിൽ പക്ഷികളുണ്ടായിരുന്നുവെന്നതും സത്യം സ്വീകരിക്കുന്ന മനോഭാവമുള്ളവർക്ക് സംശയത്തിന് ഇടവരുത്തുന്നില്ല.

(3) "നാം പറഞ്ഞു: ഓ തീയേ, നീ ഇബ്റാഹീമിനു തണുപ്പും സുരക്ഷിതത്വമാവുക"(21:69). സത്യം വ്യക്തമാക്കിക്കാണിക്കുന്ന ഈ വാക്യത്തെ അലങ്കോലപ്പെടുത്തിക്കൊണ്ട്, "തീ ഒരുക്കിയെങ്കിലും ഇബ്റാഹീം നബിയെ പിടികിട്ടാതെ നീണ്ട സമയത്തിൽ തീ സ്വയം തണു

ത്തുപോയി” എന്നും 29:24-ാം വാക്യത്തിലെ “അല്ലാഹു അദ്ദേഹത്തെ തീയിൽനിന്നു രക്ഷിച്ചു” എന്നതിന് തീയിലിടാനുള്ള അവരുടെ തന്ത്ര ത്തിൽ നിന്നു രക്ഷിച്ചുവെന്നും വ്യാഖ്യാനം എഴുതുന്നവർ എരിയിയുന്ന തീയെ ഇബ്റാഹീം നബിക്കു കുളിരാക്കുവാനുള്ള അല്ലാഹുവിന്റെ കഴി വിനെ നിഷേധിക്കുകയാണു ചെയ്യുന്നത്.

(4) “അപ്പോൾ നാം മൂസാക്കു സന്ദേശം നല്കി: നീ എന്റെ വടി കൊണ്ടു സമുദ്രത്തെ അടിക്കുക. അപ്പോൾ അതു (സമുദ്രം) പിളർന്നു. ഓരോ വിഭാഗവും വൻമലപോലെ ആയിത്തീർന്നു.”(26:63)

ഈ വാക്യത്തിലെ ‘വടികൊണ്ടു സമുദ്രത്തെ അടിക്കുക’ എന്ന വാചകത്തിനുപകരം “വടിയുംകൊണ്ടു സമുദ്രത്തിലൂടെ യാത്രചെയ്തു കൊള്ളുക’’ എന്നു വക്രപ്പെടുത്തി. ഇതിന്നു പുറമെ ഈ വിഷയത്തെക്കുറിക്കുന്ന 20:77 മുതലായ മറ്റു വാക്യങ്ങളും ദുർവ്യാ ഖ്യാനം ചെയ്തുകാണുന്നു. അതായതു മൂസാനബി ആ വഴിക്കുപോയ മുൻപരിചയത്താൽ മണൽത്തിട്ടകളിൽക്കൂടി ചാടിക്കടന്നും വടികൊണ്ടു കുത്തി ആഴമറിഞ്ഞും ആഴം കുറഞ്ഞ കയവുകളെ ഇറങ്ങിക്കടന്നതും താനും അനുയായികളും അക്കരെ പ്രാപിച്ചു. അവരെ തുടർന്നോടിയ ഫിർഔനും കൂട്ടരും ആഴം കൂടിയ കയവിൽ ചാടിപ്പോയോ മറ്റോ നശി ച്ചു. അതായത് ഒരാൾ ചാടിപ്പോയ സ്ഥലത്തുതന്നെ അതു കണ്ടുകൊണ്ടു മറ്റുള്ളവരും ഒരുമിച്ചുചേർന്നു ആത്മഹത്യ നടത്തിയെന്നോണമുള്ള കഥ യാണ് അതു വായിച്ചാൽ നമുക്കു മനസ്സിലാവുക. അതായതു ആധ്യാ ത്മികവശം ഇരുളടയുകയാൽ യുക്തിബോധവും അന്ധമാകുമെന്നു തെളിയിക്കുന്നൊരു കഥ.

അല്ലാഹുവിന്റെ സന്ദേശപ്രകാരം മൂസാനബി(അ) സമുദ്രത്തെ വടി കൊണ്ടടിച്ചപ്പോഴുണ്ടായത് അമാനുഷികവും അതുല്യവുമായ സംഭവ മായിരുന്നു. സമുദ്രം പിളർന്നു ഓരോ ഭാഗവും ഉയർന്ന കുന്നുപോലെ ആയതും ‘‘ഒരു ഉണങ്ങിയ പാത’’(20:77). ഉണ്ടായതും അതുവഴി അല്ലാഹു മൂസാനബിയെയും അനുയായികളെയും രക്ഷിച്ചതും അവ രുടെ പിന്നാലെത്തന്നെ ഓടിയെത്തിയ ഫിർഔനിന്റെ കൂട്ടരെ മുക്കിക്കൊ ന്നതും (2:50, 26:64-68). സമുദ്രം പിളർന്നു എന്നതും (2:50) ക്വുർആൻ വ്യക്തമാക്കുന്നു. അല്ലാഹു ഇസ്റാഈൽ സന്താനങ്ങലെ സമുദ്ര ത്തിൽക്കൂടി കടത്തിക്കൊണ്ടുപോയി എന്നു വാക്യം 7:138 ഉം സമർഥി ക്കുന്നു. മൂസാനബിയുടെയും അദ്ദേഹത്തോട് ഒപ്പമുള്ളവരുടെയും കൺമുമ്പിൽവെച്ചാണ് ഫിർഔനെയും കൂട്ടരെയും മുക്കിക്കൊന്നതെന്നു വാക്യത്തിൽ 26-61 ഉം 2:50ലെ “നിങ്ങൾ നോക്കിക്കൊണ്ടിരിക്കെ” എന്നീ പദങ്ങളും തെളിയിക്കുന്നു. അപ്പോൾ മൂസാനബിയും കൂട്ടരും അക്കരെ എത്തിയശേഷം അവർ കടന്നവഴി കണ്ടെത്താതെ, അവർ കടന്ന് കുറേ ക്കഴിഞ്ഞശേഷം ഉണ്ടായ വേലിയേറ്റത്തിലോ മറ്റോ വെള്ളത്തിൽ കുടുങ്ങി മരിച്ചു എന്ന പ്രസ്താവനയ്ക്കവകാശമില്ല. മാത്രമല്ല, “സമുദ്രത്തിൽ

നിന്നു മൂടന്നത് എന്തോ അത് അവരെ മൂടി”(20:78) എന്ന വാക്യം മൂസാ നബിക്കുവേണ്ടി ഒഴിഞ്ഞുകൊടുത്തുകൊണ്ട് കുന്നുപോലെ ഉയർന്നു നിന്ന വെള്ളം ഫിർഔൻ കൂട്ടരുടെ മേൽ വീണ് അവരെ മൂടിയെന്നതും കുഴിയിൽ ചാടിപ്പോയി നശിച്ചതെന്നും വ്യക്തമാക്കുന്നു.

(5) മറ്റൊരു തെറ്റായ വാദമാണ് ‘ജിന്ന്’ എന്നു ക്വുർആനിൽ പറയുന്ന സൃഷ്ടി, ഇതര മനുഷ്യർക്കായി സമ്പർക്കമില്ലാതെ മലമ്പ്രദേശങ്ങളിലും മറ്റും താമസിക്കുന്ന അപരിഷ്കൃതരോ അപരിചിതരോ ആയ മനുഷ്യർ തന്നെയാണ് എന്നത്. ‘ജിന്നും’ ‘ഇൻസും’ എന്ന പ്രത്യേകമായി പറഞ്ഞതിൽ നിന്നു തന്നെ പാടെ വ്യത്യസ്തരാണെന്നു വാക്യങ്ങൾ 15:26,27, 54:14,15 വ്യക്തമാക്കുന്നു.

(6) ഈസാനബി(അ) മരിച്ചു ക്വബറടക്കപ്പെട്ടുപോയെന്നും വിശ്വസിക്കുകയും വീണ്ടും ഭൂമിയിലിറങ്ങുമെന്ന വിശ്വാസത്തെ എതിർക്കുകയും ചെയ്യുന്ന ഒരു വിഭാഗമുണ്ട്. ഈസാനബി(അ)യെ അല്ലാഹു ഉയർത്തിയതാണെന്നു 4:158 ഉം മറ്റു ചില വാക്യങ്ങളും വ്യക്തമാക്കുന്നു. “അദ്ദേഹത്തിന്റെ (ഈസാനബിയുടെ) മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി വേദക്കാരിൽ ആരും തന്നെയുണ്ടായിരിക്കയില്ല...”(4:159) എന്ന വാക്യം പ്രത്യേകം ശ്രദ്ധേയമാണ്. ഈസാനബിയുടെ കഴിഞ്ഞുപോയ ദൗത്യം വേദക്കാരിൽ എല്ലാവരും വിശ്വസിക്കുന്ന ഒരു കാലഘട്ടത്തിനു ശേഷമേ അദ്ദേഹം മരിക്കുകയുള്ളൂ എന്നതാണ്. അതായത് അദ്ദേഹം ഭൂമിയിൽ ഇറങ്ങിയശേഷം വേദക്കാരെല്ലാം യഥാർഥ സത്യവിശ്വാസികളായതിനു ശേഷം മാത്രമായിരിക്കും അദ്ദേഹം മരണപ്പെടുക. ഈസാനബിയുടെ ഇറക്കത്തെപ്പറ്റിയും അദ്ദേഹത്തിന്റെ ഇസ്‌ലാം മതപ്രചാരണത്തെപ്പറ്റിയും വിവാഹിതരായി സന്താനങ്ങളുണ്ടാകുന്നതിനെപ്പറ്റിയും ദജ്ജാലിനെ കൊല്ലുന്നതിനെപ്പറ്റിയും മറ്റും വളരെയധികം സ്വീകാര്യമായ ഹദീസുകളുണ്ട്. ഇതേ വർഗക്കാരുടെ ഒരു ക്വുർആൻ പരിഭാഷയിൽ മർയം(റ) ഈസാനബിയെ ഗർഭം ധരിച്ചതു സംയോഗത്തിന്റെ ഫലമായിട്ടാണെന്നും വാക്യം (18:25) ൽ പറഞ്ഞ ഗുഹാവാസികൾ 300 കൊല്ലം (ചാന്ദ്രവർഷപ്രകാരം 309 കൊല്ലം) ഇറങ്ങി എന്നു പറയുന്നതു അവരുടെ ഉറക്കത്തെപ്പറ്റിയല്ലെന്നും ക്രിസ്ത്യാനികൾക്കു പൊതുവെ ആ മൂന്നു നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്ന അധിക സമയവും ഗുഹയിൽ കഴിച്ചുകൂട്ടുന്ന സന്യാസിത്വസ്വഭാവത്തെപ്പറ്റിയാണെന്നും മറ്റുമുള്ള വളരെയധികം വലിയ പിശകുകൾ എഴുതിവെച്ചിട്ടുണ്ട്.

(7) ‘ദുൽക്വർനൈൻ’ നിർമിച്ച ഇരുമ്പുകെട്ടിനെപ്പറ്റിയും ‘യഅ്ജൂജ് മഅ്ജൂജ്’ കാരെപ്പറ്റിയും ഇയ്യിടെയുണ്ടായ പല ക്വുർആൻ വ്യാഖ്യാനങ്ങളും ക്വുർആനിനോടും ഒട്ടധികം ഹദീസുകളോടും എതിരുവരുന്ന പലതും കേവലം ഊഹത്തിന്റെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടിട്ടുള്ളവയാണ്. ആ ‘കെട്ട്’ ഇപ്പോഴേക്കു തകർന്ന് ഒന്നാകുവാൻ തരമില്ല.

ആ വർഗം മംഗോളിയരോ മഞ്ചൂരിക്കാരോ സ്കൈതിയന്മാരോ റഷ്യക്കാരോ ചൈനക്കാരോ അല്ല. വാക്യങ്ങൾ 18:98, 99ഉം സ്ഥാപിക്കുന്നത് ആ ഇരുമ്പുകെട്ട് തകരുന്നതും 'യഅ്ജൂജും മഅ്ജൂജും' പുറത്തുവരുന്നതും 'അന്ത്യദിന'ത്തോടടുത്ത സംഭവങ്ങളാണെന്നാകുന്നു. ഈ സംഭവങ്ങൾ നടക്കുന്നതു ഈസാനബി(അ) ഭൂമിയിൽ വീണ്ടും ഇറങ്ങിയശേഷമാണെന്നു പല സ്വീകാര്യമായ ഹദീസുകളും സാക്ഷീകരിക്കുന്നു.

(8) പരലോക ജീവിതത്തിന്റെ വിവരണങ്ങളും ഉപമകളും കുറിക്കുന്ന ഒട്ടധികം ക്വുർആൻ വാക്യങ്ങളുടെ വ്യാഖ്യാനങ്ങൾ അലങ്കോലപ്പെടുത്തിയിട്ടുണ്ട്. ക്വുർആൻ ഏറ്റവും കൂടുതൽ പ്രാധാന്യം നല്കുന്ന ഈ വിഷയത്തിൽ ഏറ്റവുമധികം തെറ്റിദ്ധാരണകൾ പരന്നിരിക്കുന്നതു പരിതാപകരം തന്നെ. എന്നാൽ ഈ വിഷയത്തെക്കുറിച്ചു യുക്തിയുടെ ശസ്ത്രക്രിയ ഒട്ടും അനുവദിക്കാതെ അല്ലാഹുവും അവന്റെ റസൂലും അറിയിച്ചതനുസരിച്ചു മാത്രം വിശ്വസിക്കുക എന്നത് ഏറ്റവും സൂക്ഷ്മമായി നിർവഹിക്കേണ്ട ഒരു വിഷയമാണെന്നു മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

## വാഗ്വാദത്തിലെ അന്യായം

'ക്വുർആനിൽ തർക്കിക്കൽ' വിരോധിക്കുവാനുള്ള പ്രധാന കാരണം, തർക്കത്തിൽ പ്രവേശിച്ചാൽ ഇരുവരും തന്റെ സ്വന്തം വീക്ഷണമാണ് ശരി എന്നു സമർഥിക്കുവാനാണു മുതിരുക. ഒന്നാമതായി സ്വന്തം വീക്ഷണമനോഭാവം തന്നെ ക്വുർആനിനെ സംബന്ധിച്ചിടത്തോളം തെറ്റാണല്ലോ. രണ്ടാമതായി ഏതൊരു വിഷയത്തിന്റെയും പരമാർഥം രണ്ടറ്റങ്ങളുടെയും മധ്യേയായിരിക്കും. നേർവഴി എന്നതു രണ്ടു പരിധികൾക്കിടയിലുള്ള മിതവും സമതുലിതവുമായ മധ്യമമാർഗമാണ്. രണ്ടുപേർ തർക്കമാരംഭിച്ചാൽ ആ വിഷയത്തിലെ സത്യത്തിന്റെ പരിധി വിട്ടകന്നുകൊണ്ട് പരസ്പര വിരുദ്ധവുമായ രണ്ടഗ്രങ്ങളിലേക്കാണ് ഇരുവരും കുതിക്കുക. അപ്പോൾ ഇരുവരും സ്വേച്ഛയ്ക്കു വിധേയമാവുകയും സത്യത്തിൽ നിന്നു വ്യതിചലിക്കുകയും ചെയ്യുന്നു.

വാഗ്വാദം നടത്തുന്നതിന് അല്ലാഹുവിന്റെ റസൂൽ പ്രത്യേകം നിരോധിച്ച ഒരു വിഷയമാണ് 'ക്വദ്ർ'. എന്നാൽ ഇതുതന്നെയാണ് ഇന്നത്തെ ഏറ്റവും വലിയ തർക്കവിഷയം. മനുഷ്യനു പ്രവർത്തനസ്വാതന്ത്ര്യം ഉണ്ടോ, ഇല്ലേ? ഉണ്ടെന്നു പറഞ്ഞാൽ ദൈവവിധിക്കു വിധേയമായി മാത്രം മനുഷ്യർ ചെയ്യുന്ന കുറ്റത്തിനു അവർ എങ്ങനെ ശിക്ഷയർഹിക്കും? ഇവരെ മറുചോദ്യം കൊണ്ടും ഉത്തരംമുട്ടിച്ച വിനയം പഠിപ്പിച്ചശേഷം സംസാരിച്ചാൽ മാത്രമേ ഫലപ്പെടുകയുള്ളൂ. മനുഷ്യനു സ്വാതന്ത്ര്യം ഉണ്ടോ ഇല്ലയോ എന്ന ചോദ്യത്തിനു മുമ്പ് മനുഷ്യർ തന്ന ഉണ്ടോ ഇല്ലയോ എന്നാണു ചോദിക്കേണ്ടത്. മനുഷ്യർ ഉണ്ട് എന്ന് പറഞ്ഞാൽ ഇല്ലെന്നു വാദിക്കാം. ഇല്ലെന്നു പറഞ്ഞാൽ ഉണ്ടെന്നും വാദി

ക്കാം. ഈ ലോകം തന്നെ ഒരർഥത്തിൽ ശൂന്യമാണെന്നും മറ്റൊരു ലക്ഷ്യ ത്തിൽ മാത്രമാണ് അതിനു നിലയും സാരവുമുള്ളതെന്നും മുമ്പു വിവ രിച്ചുവല്ലോ.

## അദ്വൈതവും പരലോകവിജയവും

'ലാ മൗജൂദ ഇല്ലല്ലാ' (അല്ലാഹുവല്ലാതെ യാതൊന്നുമില്ല) എന്നു പറയുന്നവൻ പരലോകത്തിന്റെ യാഥാർഥ്യം ഗ്രഹിച്ചവനല്ല. മാത്രമല്ല, ഈ മൊഴിതന്നെ നിരർഥകമാണ്. കാരണം അതു സത്യമാണെങ്കിൽ അതു 'മൊഴി'യുവാൻ ആരുമുണ്ടാവുകയില്ലല്ലോ. പരലോകത്തിന്റെ യാഥാർഥ്യം ഗ്രഹിച്ചവന്റെ പരമതത്വവും പരമസത്യവും 'ലാ ഇലാഹ ഇല്ലല്ലാ'എന്നതുമാത്രമാണ്. എന്തുകൊണ്ടെന്നാൽ പരലോകജീവിതത്തിൽ വെച്ചാണ് ഈ സത്യം മനുഷ്യൻ പൂർണമായും പ്രത്യേക്ഷമായും അനു ഭവിക്കുന്നത്. ഇഹലോകത്തിൽവെച്ചു കലിമയുടെ സത്യം വിശ്വസിക്കു കയും അറിയുകയും മാത്രമാണു നാം ചെയ്യുന്നത്. അതു പ്രത്യക്ഷ മായി അനുഭവിക്കുന്നില്ല.

ഒരണുവിന്റെ ഇല്ലായ്മവരെയുള്ള അംശങ്ങളിൽ എണ്ണമറ്റ പരസ്പര ബന്ധങ്ങളുണ്ട്. അതുപോലെത്തന്നെ അണുക്കൾ, അണുസങ്കേതങ്ങൾ, വ്യത്യസ്ത വസ്തുക്കൾ, ജീവികൾ, അവയുടെ സമൂഹങ്ങൾ ഇവ യ്ക്കെല്ലാം അന്യോന്യം താരതമ്യേനയുള്ള ബന്ധ-ബന്ധനങ്ങളാൽ മാത്ര മാണു ഈ പ്രപഞ്ചത്തിന്റെ പ്രകടനവും പരിണാമവും. പ്രാപഞ്ചികമായ സമയ സ്ഥാന ബന്ധനങ്ങളിൽ നിന്നു വിമോചനം ലഭിക്കുന്നതുവരെ (ഐഹിക നിലയിൽ നിന്നു വിട്ടകലുന്നതുവരെ) ഒരു സൃഷ്ടിക്കും ഈ എണ്ണമറ്റ ശൃംഖലകളിൽ നിന്നു സ്വാതന്ത്ര്യം സാധ്യമല്ല. എന്നാൽ മനു ഷ്യരുടെ (പരലോകത്തോടു ബന്ധപ്പെടുന്ന) ആത്മീയവശത്തിൽനി ന്നുള്ള അപാരമായ സ്വാധീനിശക്തിയാണ് സൃഷ്ടിസമക്ഷത്തിലുള്ള ഈ ബന്ധങ്ങൾ പാലിക്കുന്നത്. പക്ഷേ, ഐഹികമായി മാത്രം ഗണിക്കു മ്പോൾ ഏതെല്ലാം സൃഷ്ടികൾ അല്ലാഹു മനുഷ്യനുവേണ്ടി സൃഷ്ടി ച്ചുപോ അവയോടെല്ലാം മനുഷ്യൻ ആശ്രിതനാണ്.

ഐഹികഗണനയിൽ മനുഷ്യൻ വിധേയമനായിരിക്കുന്ന ബന്ധ ബന്ധനങ്ങൾക്ക് അവസാനമില്ല. ശാസ്ത്രീയ വിവരണത്തിനുപകരം ഒരു സാധാരണ ഉദാഹരമമെടുക്കാം. ഒരുപിടി ചോറ്, ഇതിനു മഴവേണം. പശി മയുള്ള മണ്ണുവേണം, സൂര്യൻ, വിത്ത്, വിത, കന്നുകാലികൾ, കലപ്പ, കൊയ്ത്ത്, വ്യാപാരി, പാചകപ്പാത്രം, വിറക് തുടങ്ങി പലതും വേണം. ഇവയിൽ ഓരോ ഇനവും മറ്റു പലതിനോടും ആശ്രയിച്ചിരിക്കുന്നു. മഴ പെയ്യുക, മണ്ണിലെ പശിമ സംരക്ഷിക്കുക, പാചകപ്പാത്രങ്ങളുടെ നിർമിതി ഇവയെല്ലാം നമുക്കു പരിചയമുള്ളതും പരിചയമില്ലാത്തതുമായ എത്ര യധികം സൃഷ്ടികളുടെയും പ്രാപഞ്ചിക നിയമങ്ങളുടെയും പ്രവൽത്ത നങ്ങളാണ് ഉളവാകുന്നതെന്നു പറയേണ്ടതില്ലല്ലോ. എണ്ണമറ്റ ആശ്രിത

കണ്ണികളാൽ ബന്ധിക്കപ്പെട്ട മനുഷ്യന് ഐഹികമായി സ്വാതന്ത്ര്യമുണ്ടെന്ന് ആരു പറഞ്ഞു?

ഒരൊറ്റ അണുവോ അതിനേക്കാൾ ചെറുതോ വലുതോ ആയ ഒന്നോ തന്നെ വിട്ടുപോകാതെ ആകാശഭൂമികളിലുള്ള സർവതിനെപ്പറ്റിയും എല്ലാ വസ്തുവിലും ജീവിയിലും മനുഷ്യനിലും മറ്റും ഉണ്ടാകാവുന്ന എല്ലാ സംഭവങ്ങളും മുൻകൂട്ടി രചിക്കപ്പെട്ടിട്ടുണ്ടെന്നും 10:61, 11:6, 57:22 മുതലായ വാക്യങ്ങൾ തെളിയിക്കുന്നു.

ശാസ്ത്രം പറയുന്നതു നോക്കുക: ഒരു മനുഷ്യനിൽ മാത്രം പല സഹസ്രം കോടികൾ Deoxy Nucleic Acid molecule കൾ ഉണ്ട്. മനുഷ്യനിൽ മാത്രമല്ല, ഏതൊരു ജീവിയിലുമുള്ള ഓരോ പേശിയുടെയും അടിസ്ഥാന പ്രവർത്തനവശം അതാണ്. കോടിക്കണക്കായ മനുഷ്യപേശികളിൽ നിന്നു ഒന്നിൽ മാത്രമുള്ള ഡി എൻ എയിൽ എഴുതിവെച്ചിട്ടുള്ള പ്രവർത്തന പദ്ധതി (അതിന്റെ ജീവിതത്തിൽ ചെയ്യുന്നതു മാത്രമല്ല സന്താനപരമ്പരിയിലേക്കു പകർത്തുന്നതും) ഇംഗ്ലീഷ് ഭാഷയിൽ എഴുതുകയാണെങ്കിൽ ആയിരം ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കുമെന്നു ഡോ. ബീഡിൽ പറഞ്ഞിട്ടുണ്ട്. ഡി എൻ എയുടെ അണുസംഹിതകളിൽ രചിക്കപ്പെട്ടതനുസരിച്ചല്ലാതെ ഒരു ജീവിയിലും യാതൊന്നും സംഭവിക്കുകയില്ലെന്നും ശാസ്ത്രം പറയുന്നു.

ആകാശഭൂമിൾ സൃഷ്ടിക്കുന്നതിനു 50,000 കൊല്ലങ്ങൾക്കു മുമ്പ് (ഭൂമിയിലെ ഇപ്പോഴത്തെ കൊല്ലക്കണക്കിലല്ല) എല്ലാ സൃഷ്ടികളെയും കുറിക്കുന്ന എല്ലാ കാര്യങ്ങളും അവയ്ക്കെല്ലാം മുമ്പ് അല്ലാഹു സൃഷ്ടിച്ച പേനയാൽ എഴുതപ്പെട്ടുകഴിഞ്ഞു: മുസ്‌ലിമും തിർമിദിയും ഉദ്ധരിച്ച ഹദീസുകൾ അനുസരിച്ച്. ഇവയെല്ലാം ലവലേശം വ്യത്യാസം കൂടാതെ സൃഷ്ടികളിലേക്കു പകർത്തപ്പെടുന്നത് എത്ര അത്ഭുതാവഹം.

മനുഷ്യൻ അവന്റെ ഐഹികഗണനയിൽ മാത്രം വീക്ഷിക്കുമ്പോൾ എണ്ണമറ്റ ശൃംഖലകളാൽ ബന്ധിതനാണ്. എന്നാൽ പരലോകത്തിൽ മനുഷ്യന് യാതൊരു സൃഷ്ടിയോടും യാതൊരു നിലയിലും ആശ്രയിക്കേണ്ടതില്ല. സ്വ ർഗത്തിൽവെച്ചു അല്ലാഹു അവന്റെ ശാശ്വതമായ തൃപ്തി ഒരു ദാസനിൽ പ്രഖ്യാപിച്ചാൽ ആ ദാസൻ എല്ലാ സൃഷ്ടികളിൽ നിന്നും ഭയത്തിൽ നിന്നും ദുഃഖത്തിൽ നിന്നും എന്നെന്നേക്കും സ്വതന്ത്രനായിത്തീർന്നു. ഇതര സൃഷ്ടികളോടുള്ള ബന്ധ-ബന്ധനങ്ങളെല്ലാം അവിടെവെച്ച് അറ്റുപോകുന്നു. അവൻ ഇച്ഛിക്കുന്നതെല്ലം ഉടനടി അവനു അല്ലാഹുവിന്റെ സന്നിധിയിൽ നിന്നു ലഭിക്കുന്നു. (39:34, 41:31,32, 42:22, 43:71) അവന്റെ ആശയുടെ സഫലീകരണത്തിനും അല്ലാഹുവിന്നും ഇടയിൽ അപ്പോൾ യാതൊരു തടസ്സമോ പരാശ്രമയമോ ഇല്ലതന്നെ. സ്ഥാന-സമയദൈർഘ്യംപോലും ലവലേശമില്ല.

ഇഹത്തിൽ ഭാര്യയുടെയും ഭൃത്യന്റെയും തൃപ്തി, നമ്മുടെ സന്തോ

ഷത്തിനോ സൗകര്യത്തിനോവേണ്ടി ആശ്രയിക്കേണ്ടിവരും. എന്നാൽ ഒരു സ്വർഗവാസിക്കു സ്വർഗീയ ഹൂറിയുടെയോ പരിചാരകന്റെയോ തൃപ്തിപോലും ആശ്രയിക്കേണ്ടതില്ല. കാരണം സ്വർഗവാസിയുടെ തൃപ്തിക്കനുയോജ്യമായിട്ടല്ലാതെ യാതൊന്നും ചെയ്യുക അവർക്ക് സാധ്യമല്ല. ക്വുർആൻ പഠിപ്പിക്കുന്ന മനുഷ്യസ്വാതന്ത്ര്യത്തിന്റെ ലക്ഷ്യമിതാണ്. 'സ്വാതന്ത്ര്യം സ്വാതന്ത്ര്യം' എന്നു ലോകം മുറവിളി കൂട്ടുന്നു. എന്താണീ സ്വാതന്ത്ര്യം? ഐഹിക ബന്ധങ്ങൾക്കു കൂടുതൽ അടിമപ്പെടുവാനുള്ള സ്വാതന്ത്ര്യം! യാതൊരു സൃഷ്ടിയോടും യാതൊന്നും ഒട്ടും വിധേയമായിരിക്കേണ്ടതില്ലാത്ത പരലോകത്തിൽ വെച്ചാണ് 'അല്ലാഹു ഒഴികെ യാതൊരു ദൈവവുമില്ല' എന്ന സത്യം അതിന്റെ പരിപൂർണതയിലും പ്രത്യക്ഷത്തിലും മനുഷ്യൻ ശാശ്വതമായി അനുഭവിക്കുന്നത്. യാതൊരു ഭയമോ ദുഃഖമോ ആശങ്കയോ ഒട്ടുമില്ലാതെ ശാശ്വതമായ പരിപൂർണ സംതൃപ്തിയും സമാധാനവും വിളങ്ങുന്ന ഈ സ്വാതന്ത്ര്യാവസ്ഥയുടെ അടിസ്ഥാനം അല്ലാഹുവിനു മാത്രം വിധേയമാവുക എന്നുള്ളതാണ്. കാരണം പരലോകത്തിൽവെച്ചു മനുഷ്യൻ അല്ലാഹുവിന്റെ തൃപ്തിക്കു മാത്രമേ ആശ്രയിക്കേണ്ടിവരികയുള്ളൂ.

"അല്ല, ഏതൊരുവൻ സദ്വൃത്തനായി തന്റെ സർവസ്വവും അല്ലാഹുവിനു വിധേയമാക്കുന്നുവോ അവനുള്ള പ്രതിഫലം അവന്റെ രക്ഷിതാവിങ്കലുണ്ട്. അവരിൽ ഒരു ഭയമുണ്ടാകുകയോ അവർ ദുഃഖിതരാവുകയോ ഇല്ല"(2:212). പരലോകത്തിൽ അനുഭവിക്കേണ്ട ഈ സ്വാതന്ത്ര്യത്തിലേക്കുള്ള പരിശീലനമാണ് ഒരു സത്യവിശ്വാസിയുടെ അഞ്ചുനേരത്തെ നമസ്കാരം. എന്തുകൊണ്ടെന്നാൽ അവൻ ഭൗതികബന്ധങ്ങളെല്ലാം ഹൃദയത്തിൽ നിന്നും നീക്കിക്കളഞ്ഞ് അല്ലാഹുവിനെ മാത്രം ഓർക്കുകയും അവനോടുമാത്രം അപേക്ഷിക്കുകയും അവനുമാത്രം വിധേയനാവുകയും ചെയ്യുന്നതുമൂലമാണ്.

അവിശ്വാസികൾ ഇഹത്തിൽ ദൈവത്തിന്റെ ഏകത്വം ഗ്രഹിക്കുന്നില്ല. ഭൗതിക ബന്ധബന്ധനങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുക എന്ന ഒരേ ചിന്തയും ഔത്സുക്യവും മാത്രമാണ് അവരുടേത്. ഈ യാദൃച്ഛികജീവിതത്തിനായി ഏതൊരു സൃഷ്ടിയുടെ സഹായവും ആശ്രയവും (അതെല്ലാം സാക്ഷാൽ ശൂന്യംമാത്രം) അവർ ഇച്ഛിക്കുന്നുവോ അതിനെയെല്ലാം അവൻ പൂജിക്കുന്നു, ദൈവമാക്കുന്നു. എന്നാൽ നരകാഗ്നിയെ നേരിടുമ്പോൾ അവർ ഗ്രഹിക്കും, അവർ തേടിയിരുന്നതെല്ലാം വെറും മരീചിക മാത്രമാണെന്നു. 'അല്ലാഹുവിൽ നിന്നല്ലാതെ യാതൊരു രക്ഷയും സഹായവുമില്ലല്ല! അവനെ കൂടാതെ മറ്റൊരു ദൈവവുമില്ലല്ലോ! ഞങ്ങൾ ഇപ്പോൾ സത്യം പ്രത്യക്ഷമായി ഗ്രഹിച്ചു. ഞങ്ങളെ ഒന്നു മടക്കി അയയ്ക്കുകയായിരുന്നെങ്കിൽ ഞങ്ങൾ അവനെ മാത്രം ആരാധിക്കുമായിരുന്നു' എന്ന് അവർ വിലപിക്കും. എന്നാൽ ഈ സത്യം കൊണ്ടുവന്ന ദൂതന്മാരെ അവർ എന്തിന് നിഷേധിച്ചു?

## ദേഹേച്ഛയെ ദൈവമാക്കുന്നവർ

പരലോകത്തിൽ ദൃഢമായി വിശ്വസിക്കാത്തവർ അല്ലാഹുവിന്റെ തൃപ്തിയെക്കാൾ ദേഹേച്ഛയുടെ തൃപ്തിയും ധനത്തിന്റെ തൃപ്തിയും കൂടുതൽ കൊതിക്കുന്നു. അവൻ നിരസിച്ചുകൊണ്ടേയിരിക്കുന്ന ദൈവ തൃപ്തി നഷ്ടപ്പെട്ടാലുള്ള പരലോകത്തിലെ ഭയങ്കരാവസ്ഥയെക്കാൾ, സകാത്തു കൊടുത്താൽ സമ്പത്തു കുറയുമല്ലോ (അത് കുറവാകുക യില്ലെന്ന അല്ലാഹുവിന്റെ വാക്കിൽ അവർക്കു വിശ്വാസമില്ല) എന്നും മറ്റുമുള്ള ഐഹിക നഷ്ടത്തിനു കൂടുതൽ പരിഗണന നല്കുന്നത്. മുസ്‌ലീം നാമധാരികളായിരിക്കാം, ബിംബാരാധന ചെയ്യുന്നില്ലായിരിക്കാം. എന്നാൽ അവർ ദേഹേച്ഛയെയോ ധനത്തെയോ ദൈവമാക്കുകയാണ് ചെയ്യുന്നത്. 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന കലിമ അവരുടെ നാവുക ളിൽനിന്നു മറ്റുള്ളവരുടെ ചെവികളിൽ പതിഞ്ഞേക്കാം. പക്ഷേ, അവ രുടെ ഹൃദയത്തിൽ ആ കലിമ പതിയുന്നില്ല. "നിങ്ങളുടെ ദൈവം ഒരേ യൊരു ദൈവം (മാത്രമാണ്). എന്നാൽ പരലോകത്തിൽ വിശ്വസിക്കാ ത്തവരാകട്ടെ അവരുടെ ഹൃദയങ്ങൾ (ഈ സത്യം) നിഷേധിക്കുന്നു. അവർ അഹങ്കാരികളുമാണ്."(16:22)

അല്ലാഹുവും അവന്റെ ഇച്ഛക്കും പരിപൂർണമായി വിധേയനാവുക എന്നതാണ് മനുഷ്യന്റെ യഥാർഥ സ്വാതന്ത്ര്യം. ഇസ്‌ലാമും ഇസ്‌ലാം പഠി പ്പിക്കുന്ന സ്വാതന്ത്ര്യവും ഇതാണെങ്കിൽ ദൈവേച്ഛക്ക് എതിരെ മനുഷ്യന് സ്വാതന്ത്ര്യമുണ്ടോ എന്നു ചോദിക്കുന്നവനിൽ ഇസ്‌ലാമിന്റെ വല്ല അംശവും എങ്ങനെയുണ്ടാകും? അല്ലാഹുവിന്റെ നിശ്ചയത്തെ കവച്ചു വെക്കുവാൻ വല്ല സൃഷ്ടിക്കും സാധിക്കുമെന്ന ഭാവം അവിശ്വാസമല്ലേ? ഹദീസിൽ ഇങ്ങനെ കാണാം: "എന്റെ ജനതയിൽ ഇസ്‌ലാമിന്റെ യാതൊരു അംശവുമില്ലാത്ത രണ്ടു വർഗക്കാരുണ്ട്. അവരാണ് 'മുർജിഅ'ക്കാരും 'ക്വദ്‌രിയ്യക്കാരും' (തിർമിദി). ഈ രണ്ടുകൂട്ടരും ക്വുദ്‌റിന്റെ വിശ്വാസത്തിൽ രണ്ടിലൊരറ്റം സ്വീകരിക്കുന്നവരാണ്. ഇവർ ക്വുർആനിലെ ചില വാക്യങ്ങളിൽ വിശ്വസിക്കുകയും മറ്റു ചില വാക്യ ങ്ങളെ നിരസിക്കുകയും ചെയ്യുന്നു.

1. അല്ലാഹുവിന്റെ അനുമതി കൂടാതെ സത്യത്തിൽ വിശ്വസിക്കുക ഒരു വ്യക്തിക്കും സാധ്യമല്ല. (10:100)
2. അല്ലാഹു ഇച്ഛിക്കുമായിരുന്നെങ്കിൽ അവൻ നിശ്ചയമായും നിങ്ങ ളെയെല്ലാം സന്മാർഗത്തിലാക്കുമായിരുന്നു. (6:150)
3. അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്കു മാപ്പുകൊടുക്കുന്നു. അവൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുന്നു. (3:126)

ഇത്തരം വാക്യങ്ങളും 'അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്ക് അവ ന്റെ കാരുണ്യം നല്കുന്നു. അനുഗ്രഹം നല്കുന്നു' എന്നും മറ്റും കാണിക്കുന്നവയുമെല്ലാം മുൻകൂട്ടി എഴുതപ്പെട്ടതാണെന്നു തെളിയി ക്കുന്ന വാക്യങ്ങളും ഉദ്ധരിച്ചുകൊണ്ട് മനുഷ്യന്റെ ബാധ്യതയെയും കർമ

ഫലത്തെയും നിഷേധിക്കുന്ന നിലയിൽ ക്വദ്റിനെക്കുറിച്ചു വാദിക്കുന്ന വരാണ് മറ്റൊരു കൂട്ടർ.

1. പശ്ചാത്തപിച്ചു മടങ്ങുന്നവരെ അല്ലാഹു അവനിലേക്കു വഴികാണിക്കുന്നു. (13:27)

2. അതിക്രമികളെ അല്ലാഹു വ്യതിചലനത്തിൽ വിടുന്നു. (14:27)

3. അല്ലാഹു അവരെ അവരുടെ അവിശ്വാസം കാരണമായി ശപിച്ചു. (2:85)

ഇങ്ങനെയുള്ളതും കർമഫലത്തെ കുറിക്കുന്നതുമായ വാക്യങ്ങളും ഉദ്ധരിച്ചുകൊണ്ട് മനുഷ്യൻ അനുഭവിക്കുന്നതെല്ലാം അവന്റെ പ്രവർത്തനഫലം മാത്രമാണെന്നു വാദിക്കുകയും അല്ലാഹു അവനിൽ നിന്നു നല്കുന്നു മാർഗദർശനവും കാരുണ്യവും മറ്റും നിഷേധിക്കുകയും ചെയ്യുന്ന മനോഭാവമുള്ളവരാണ് വ്യതിചലിച്ച മറ്റൊരു കൂട്ടർ.

അല്ലാഹുവിന്റെ നിശ്ചയവും (ഇറാദത്ത്) മറ്റും യാതൊരു സൃഷ്ടിയോടോ സമയത്തോടോ ആശ്രിതമോ വിധയമോ അല്ല. സഹായത്തോട് ബന്ധിതമല്ലാത്ത അല്ലാഹുവിന്റെ ഇറാദത്ത് എന്ന സ്വിഫത്തും സംഭവങ്ങളെല്ലാം കിതാബിൽ മുൻകൂട്ടി എഴുതപ്പെട്ടിട്ടുള്ളതാണെന്ന വസ്തുതയും സമപ്പെടുത്തുക കാരണമാണ് ചില തെറ്റിദ്ധാരണകളുളവാകുന്നത്. ഇത് അല്ലാഹുവിന്റെ സാക്ഷാൽ 'കലാമും' (ഭാഷ, ലിപി, ശബ്ദം എന്നിവയോടു ബന്ധപ്പെട്ടതാണ്) ക്വുർആനും സമപ്പെടുത്തുന്നത് പോലെയാണ്. അല്ലാഹുവിന്റെ 'ക്വുദ്റത്ത്'(ശക്തി) അവനെ സംബന്ധിച്ചിടത്തോളം ഏകവും യഥേഷ്ടവും സ്വതന്ത്രവുമാണ്. എന്നാൽ അവന്റെ ശക്തി പ്രകടനമായ സൃഷ്ടികളിലുള്ള സഫലീകരണത്തിൽ സൃഷ്ടികളിലും അവയുടെ കഴിവുകളിലും വ്യത്യസ്തതയും പരസ്പരാശ്രയവും ഉണ്ടായേക്കാം. അതുപോലെത്തന്നെ അവന്റെ 'ഇറാദത്ത' അവനെ സംബന്ധിച്ചിടത്തോളം മുമ്പ്, അപ്പപ്പോൾ, പിന്നീട് എന്നിങ്ങനെ സമയത്തോട് യാതൊരു ബന്ധമോ സൃഷ്ടികളോട് യാതൊരു ആശ്രയമോ ഒട്ടുമില്ല. അവൻ ഉദ്ദേശിക്കുന്നത് അവൻ യഥേഷ്ടം പ്രവർത്തിക്കുന്നു. (11:107, 14:27)

എന്നാൽ ആ ഇറാദത്തിന്റെ സൃഷ്ടികളിലുള്ള സഫലീകരണത്തിൽ സൃഷ്ടികളുടെ പ്രകൃതിയോടും സ്വഭാവത്തോടും (അവന്റെ ശക്തിയുടെ സഫലീകരണംപോലെയും ക്വുർആൻ ഭാഷയും ലിപിയും മറ്റും ഉള്ളതുപോലെയും) അനുയോജ്യതയുണ്ടാകാം. ഈ തത്വം ക്വുർആൻ വിവരിക്കുന്നതു നോക്കുക: നാം ഒരു പട്ടണത്തെ നശിപ്പിക്കുവാൻ ഉദ്ദേശിച്ചാൽ അവിടുത്തെ സുഖലോലുപന്മാർക്ക് നമ്മുടെ കല്പനകൾ നല്കുന്നു. അവർ അവിടെ അഴിമതിയുണ്ടാക്കുന്നു. അങ്ങനെ അവരിൽ (ശിക്ഷയുടെ) മൊഴി ന്യായമായിത്തീരുന്നു. അപ്പോൾ നാം (ആ പട്ടണത്തെ) ശൂന്യമാക്കി നശിപ്പിക്കുന്നു. (17:16)

അതിനാൽ അല്ലാഹു അവൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുന്നു എന്നു

പറയുന്നതിലും അഴിമതിയുണ്ടാക്കുന്നവരെ ശിക്ഷിക്കുന്നുവെന്നു പറയുന്നതിലും ഒരുപോലെ നീതിയും സത്യവുമുണ്ട്. അല്ലാഹുവിന്റെ സ്വിഫത്തിൽ, 'എന്തുകൊണ്ട്' എന്ന ന്യായീകരണമല്ലാതെ 'എങ്ങനെ' എന്നത് ബുദ്ധിയിൽ വ്യക്തമാക്കുക സാധ്യമല്ല. അതിനാൽ അല്ലാഹുവിന്റെ സ്വിഫത്തിനോട് ബന്ധിച്ചുള്ള ഖദ്റിന്റെ വിഷയത്തിൽ വിഷമമുള്ള ഹൃദയത്തിന് സമാധാനം നല്കുവാനും വ്യതിചലനത്തിൽ നിന്നു സൂക്ഷിക്കുവാനും സഹായകമായി ചിലതു താഴെ സൂചിപ്പിക്കാം.

(1) ഖദ്റിൽ വിശ്വസിക്കാത്തവന്നു നഷ്ടമോ ദോഷമോ പിണഞ്ഞാൽ നിരാശയും, നേട്ടമോ ഗുണമോ ലഭിച്ചാൽ പൊങ്ങച്ചവും ഉണ്ടാകുന്നു. മനുഷ്യനെ അവിശ്വാസത്തിലേക്കും നാശത്തിലേക്കും നയിക്കുന്ന രണ്ടു ഭയങ്കര ദുർവികാരങ്ങളാണു നിരാശും അഹങ്കാരവും. എല്ലാം സ്വന്തം പ്രവർത്തനഫലമാണെന്നു കരുതുന്നവൻ അവനുണ്ടാകുന്ന വിജയത്തിൽ അഹങ്കരിക്കുകയും പരാജയത്തിൽ നിരാശപ്പെടുകയും ചെയ്യുന്നു. ഖദ്റിലുള്ള വിശ്വാസം പരാജയത്തിൽ നിരാശപ്പെടുകയും ചെയ്യുന്നു. ഖദ്റിലുള്ള വിശ്വാസം അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത് അവന്റെ ദാസനെ നിരാശയിൽ നിന്നും അഹങ്കാരത്തിൽനിന്നും രക്ഷിക്കുവാൻ വേണ്ടിയാണ്. (വാക്യം 27:22,23 നോക്കുക)

(2) വാർധക്യം വരെ എല്ലാവിധ നന്മകൾ ചെയ്തവനും സ്വയം വലിപ്പം നടിക്കുവാനോ എത്ര പാപിയായ മറ്റേതൊരുവനെയും പുച്ഛിക്കുവാനോ അവകാശമില്ല. അല്ലാഹുവിന്റെ ഖദ്റിൽ ആർക്കാണ് രക്ഷി എന്നറിയാത്തതിനാൽ വാർധക്യംവരെ നന്മ നേടിയവൻ അല്ലാഹു തനിക്കു സ്വർഗംതരുവാൻ കടപ്പെട്ടുപോയി എന്നു നടിച്ചാൽ അവൻ അതോടെ അവിശ്വാസിയും അതുവരെ ചെയ്ത നന്മ നഷ്ടപ്പെട്ടവനും ആയിത്തീരുന്നു. എന്തുകൊണ്ടെന്നാൽ ദൈവം കടപ്പെട്ടുപോയി, അല്ലെങ്കിൽ നിർബന്ധിതനായി എന്നു കരുതുന്നവൻ ആ നിമിഷത്തിൽ അവിശ്വാസിയായിത്തീരുന്നു. അതിനാൽ ഖദ്റിലുള്ള വിശ്വാസം മരണം വരെ അല്ലാഹുവിനെ കൂടുതൽ കൂടുതൽ ഭയപ്പെടുവാനും അഹങ്കാരത്തിൽ നിന്നും കർക്കശഭാവത്തിൽ നിന്നും മനുഷ്യനെ രക്ഷിക്കുവാനും തദ്വാരാ മനുഷ്യനെ ഉന്നത പദവിയിലേക്ക് ആനയിക്കുവാനും ഇടയാക്കുന്നു.

(3) അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുക എന്നുള്ളത് അവനോടു നാം കാണിക്കേണ്ടുന്ന നന്ദി മാത്രമാണ്. അവൻ നമുക്ക് നല്കുന്ന നന്മയും പ്രകാശവും പരലോക പ്രാപ്തിയും അവനിൽ നിന്നുള്ള കാരുണ്യവും അനുഗ്രഹവും മാത്രമാണ്. അതവകാശപ്പെടുവാൻ ഒരി മനുഷ്യനും അർഹതയില്ല. മനുഷ്യൻ യാതൊന്നുമല്ലായിരുന്നു; അവന് യാതൊന്നുമില്ലായിരുന്നുതാനും.

(4) വളരെക്കൊല്ലങ്ങൾ പാപിയായോ അവിശ്വാസിയായോ ജീവിച്ചവന് അല്ലാഹുവിങ്കലേക്കു മടങ്ങുവാനും അവനിൽ നിന്നുള്ള മാപ്പും മാർഗദർശനവും കാരുണ്യവും ആശിക്കുവാനും അല്ലാഹുവിന്റെ

ക്വദ്ർമാത്രമാണ് ആശ്രയം നല്കുന്നത്. ധൂളിയിൽ പതിച്ച ദരിദ്രന്നും കിടങ്ങിൽ കുടുങ്ങിയ പാപിക്കും അല്ലാഹുവിന്റെ കരുണയിലേക്ക് ഗമിക്കുവാനുള്ള പിടിക്കയർ അതു മാത്രമാണ്.

(5) നാം സദാ ഓർക്കേണ്ടുന്ന വാക്യങ്ങളാണ് 2:64, 24:21, 4:83, 6:16, 3:160 എന്നിവ. ഇവ നമ്മെ പഠിപ്പിക്കുന്നത് അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും കാരുണ്യവും ഇല്ലാതാകുന്ന ഒരു മനുഷ്യനു യാതൊരു രക്ഷയുമില്ലതന്നെ എന്നുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ കരുണയ്ക്കായി കെഞ്ചിക്കേണും കരഞ്ഞുചോദിച്ചും കൊണ്ടല്ലാതെ കർമഫലം കൊണ്ടുമാത്രം സ്വർഗം കണ്ടെത്താനാവില്ല. മാത്രമല്ല, നരകാഗ്നിയിൽ നിന്നു രക്ഷപ്പെടുവാൻ പോലും മനുഷ്യനാൽ സ്വയം സാധ്യമല്ല. എന്തുകൊണ്ടെന്നാൽ 'സ്വയം' നിലവരുമ്പോൾ അവന്റെ കർമമെല്ലാം പൈശാചികം മാത്രമായിത്തീരുന്നു.

(6) കരുണാനിധിയിൽ നിന്നുള്ള കാരുണ്യമായ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത് ആ പരമകാരുണികന്റെ കരുണയാൽ കവരപ്പെടുന്ന കർമഫലം മാത്രമാണ്. "(നബിയേ) പറയുക: സ്വന്തം ആത്മാക്കളോട് (പാപങ്ങളാൽ) അതിക്രമം പ്രവർത്തിച്ച എന്റെ അടിയാന്മാരേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചു നിരാശപ്പെടരുത്! അല്ലാഹു കുറ്റങ്ങൾ സർവവും മാപ്പു ചെയ്തുതരും. നിശ്ചയമായും അവൻ തന്നെയാണു മാപ്പുചെയ്യുന്നവനും പരമകാരുണികനും."(3:53)

"(നബിയേ), പറയുക: അല്ലാഹുവിന്റെ അനുഗ്രഹത്തിലും അവന്റെ കാരുണ്യത്തിലും അവർ സന്തുഷ്ടരാകട്ടെ! അതാണ് അവർ സ്വയം ഒരുക്കൂട്ടുന്ന (ധനശേഖരണത്തേക്കാൾ) തിനെക്കാൾ ഏറ്റവും വിശിഷ്ടമായത്." (10:58)

## ക്വുർആൻവ്യാഖ്യാനങ്ങൾ വഴിമാറരുത്

ക്വുർആനിനെ സംബന്ധിച്ച പല തെറ്റിദ്ധാരണകൾക്കും കാരണം ഒരു വിഷയത്തെക്കുറിച്ചു സ്വന്തം ഊഹാപോഹത്തിൽ ഒരാശയം നിർണയിക്കുകയും അതു സ്ഥാപിക്കുവാനായി ക്വുർആനിലെ ചില വചനവിഭാഗങ്ങളെ അനുയോജ്യമാക്കുവാനും ക്വുർആനിലെ ചില വചനവിഭാഗങ്ങളെ അനുയോജ്യമാക്കുവാനും ആ ആശയത്തോടു യോജിക്കാത്ത വാക്യങ്ങളെ മറച്ചുവെക്കുവാനും ഒരുങ്ങുന്ന അന്ധമായ കപട മനോഗതിയാണ്. ക്വുർആൻ എന്തു പറയുന്നുവോ അതു സ്വീകരിക്കുക എന്നല്ലാതെ സ്വന്തം യുക്തിയുടെ തോന്നലിന് തെളിവു കണ്ടെത്തുവാൻ ക്വുർആനിലെ പേജുകൾ മറിച്ചുനോക്കുന്നവരുടെ ഹൃദയത്തിൽ ക്വുർആനിന്റെ വെളിച്ചം പ്രവേശിക്കുകയില്ല.

ഏതൊരു വിഷയമാകട്ടെ, ക്വുർആനിൽ പൊതുവിൽ വിളങ്ങുന്ന തത്വങ്ങൾക്കും ആ വിഷയത്തെക്കുറിക്കുന്ന എല്ലാ വാക്യങ്ങൾക്കും അനുയോജ്യമായി മാത്രമേ ഗ്രഹിക്കുവാൻ പാടുള്ളൂ. ദൈവിക ഗ്രന്ഥ

ത്തിൽ ചില വശംമാത്രം സ്വീകരിക്കുകയും മറ്റു ചിലത് നിരസിക്കുകയും ചെയ്യുന്നവർ ശിക്ഷാർഹരാണ് (28:5). ഖുർആൻ ആകെക്കൂടി ഒറ്റ ഗ്രന്ഥമാണ്. അത് പല ഭാഗങ്ങളിലായും സന്ദർഭങ്ങളിലായും ഒരു കാര്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നതെല്ലാം കൂടി ഒന്നിച്ചുവെച്ചു വിലയിരുത്തുകയും അങ്ങനെ അക്കാര്യത്തെക്കുറിച്ചു ഖുർആനിന്റെ അഭിപ്രായം ഗ്രഹിക്കുകയും ചെയ്യുന്ന സമഗ്രമായ പഠനമാണ് യഥാർഥ ഖുർആൻ പഠനമെന്നു സൂചിപ്പിക്കുന്ന നബിവചനങ്ങളുണ്ട്.

"…. എന്നാൽ ജ്ഞാനത്തിൽ അടിയുറച്ചവർ പറയുന്നു: ഞങ്ങൾ വിശ്വസിക്കുന്നു, (ഖുർആൻ വചനങ്ങൾ) ഒന്നടങ്കം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാണ്"(3:6). അതിനാൽ നമ്മുടെ അറിവിന്റെ അടിസ്ഥാനം ഖുർആൻ മുഴുവനുമായിരിക്കണം. ജീവിതത്തിൽ ഒരു പ്രാവശ്യം പോലും ഖുർആൻ മുഴുവനും അർഥസഹിതം ഗ്രഹിക്കാത്തവർ, ചില അർധവാക്യങ്ങൾ ഉദ്ധരിച്ച് അടിസ്ഥാനപരവും ഇതര വാക്യങ്ങളിൽ സ്ഥാപിതവുമായ സിദ്ധാന്തങ്ങൾക്കുപോലും എതിരായ വിവരണം നല്കുന്നത് കാണുന്നു. മതം അറിയാത്തവരെക്കൊണ്ട് മത പ്രസംഗം ചെയ്യിക്കുന്ന പല യോഗങ്ങളിലും ഇപ്പോൾ അനുഭവപ്പെടാറുള്ള യാഥാർഥ്യം കൂടിയാണിത്.

ഖുർആൻ മുഴുവനും സുപരിചിതമാകാത്തവർ ഒരു വാക്യത്തിന്റെ അർഥം ഉദ്ധരിക്കുകതന്നെ ചെയ്യരുത് എന്നില്ല. എന്നാൽ അങ്ങനെയുള്ളവർ വിശ്വാസയോഗ്യരായ വ്യാഖ്യാതാക്കളുടെ വ്യക്തമായ അഭിപ്രായങ്ങളെ പ്രത്യക്ഷമായി ആശ്രയിച്ചല്ലാതെ അതിന് ഒരുങ്ങരുത്.

ഖുർആനിൽ സ്വാഭിപ്രായം അരുതെന്നു മുമ്പ് വിവരിച്ചുവല്ലോ. എന്നാൽ മുൻവ്യാഖ്യാനങ്ങൾ നല്കിയ വ്യാഖ്യാനത്തിൽ കൂടുതൽ ആരും ഒന്നും പറഞ്ഞുകൂടാ എന്നതും ശരിയല്ല. എന്തുകൊണ്ടെന്നാൽ ഏതു കാലത്തും ഏതു ജനതയ്ക്കും പ്രായോഗികവും സജീവവുമാണ് അത്. അതിന്റെ വ്യാഖ്യാനം അന്ത്യദിനംവരെ നിലച്ചുപോവുകയില്ല. പക്ഷേ, ഏതൊരു വ്യാഖ്യാനത്തിനും മറ്റു വാക്യങ്ങളുടെയോ സ്വീകാര്യമായ ഹദീസുകളുടെയോ തെളിവുണ്ടായിരിക്കണം.

നബിയുടെ ഉപദേശങ്ങളും ചര്യയും പിന്തുടരുവാൻ നാം നിർബന്ധിതരാണ്. "ദൈവദൂതനെ അനുസരിക്കുന്നവൻ ആരോ അവൻ അല്ലാഹുവിനെ അനുസരിക്കുക; നിങ്ങളുടെ കാരുണ്യലബ്ധിക്കായി"(3:131). അല്ലാഹുവിന്റെ ദൂതനെ അനുസരിക്കണമെന്ന് 4:59,64,5:92,8:20,46,24:52,54, 47:33 എന്നീ വാക്യങ്ങളും നമ്മോട് ആജ്ഞാപിക്കുന്നു.

"നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ അതിവിശിഷ്ടമായ മാതൃകയുണ്ട്; അല്ലാഹുവിനെയും അന്ത്യദിനത്തെയും ആശിക്കുന്നവർക്കും അല്ലാഹുവിനെ ഒട്ടധികം അനുസ്മരിക്കുന്നവർക്കും."(33:21)

"റസൂൽ നിങ്ങൾക്ക് തരുന്നതിനെ സ്വീകരിക്കുകയോ അദ്ദേഹം വിരോധിക്കുന്നതിൽ നിന്ന് വിട്ടകലുകയും ചെയ്യുക…"(59:7)

നബി കല്പിച്ചതിനെയും വിലക്കിയതിനെയും പറ്റി പറയപ്പെടുമ്പോൾ 'അതൊന്നും എനിക്കറിഞ്ഞുകൂടാ, അല്ലാഹുവിന്റെ കിതാബിൽ കണ്ട തിനെ ഞാൻ തുടരുന്നു' എന്നു പറയുന്നവരെപ്പറ്റി അതൃപ്തിയോടെ പ്രവചിക്കുന്ന ഒന്നിലധികം ഹദീസുകളുണ്ട്.

അല്ലാഹുവിന്റെ കല്പനകൾക്കു വിധേയമായി ഇസ്‌ലാമിൽ ജീവി ക്കുവാനിച്ഛിക്കുന്നവന്ന് നബി(സ)യെ പിന്തുടരാതെ ഗത്യന്തരമില്ല. നമ സ്കാരം മുതലായ അനുഷ്ഠാനകർമങ്ങൾ യഥാക്രമം നിർവഹിക്കുവൻ മാത്രമല്ല പല തത്വങ്ങളുടെയും വിശദീകരണങ്ങൾ ഗ്രഹിച്ചു സത്യവി ശ്വാസത്തിൽ ആത്മാർഥതയും ദൃഢതയും പാലിക്കുവാനും നബി(സ) യുടെ ചര്യയും ഉപദേശങ്ങളും അറിയുകയും പിന്തുടരുകയും വേണം.

## വ്യാഖ്യാതാക്കൾ ചെയ്യേണ്ടത്

ക്വുർആൻ വ്യാഖ്യാതാക്കൾ ചെയ്യേണ്ടത് ഒന്നാമതായി ഒരു വചന ത്തിൽ വ്യക്തമാകാത്തവശം ഏതാണോ അത് വ്യക്തമാക്കുന്ന ഇതര വാക്യങ്ങൾ ഉദ്ധരിക്കുക. രണ്ടാമതായി ആ വിഷയത്തെ കൂടുതൽ വിവ രിക്കുന്ന ഹദീസുകൾ ഉദ്ധരിക്കുക. വാക്യം ഇറങ്ങിയ അന്തരീക്ഷവും ആ വാക്യം നബി(സ) പ്രത്യേകം ഉദ്ധരിച്ച സന്ദർഭവും സൂചിപ്പിക്കുക. ചില വാക്യങ്ങളുടെ സാരം ഗ്രഹിക്കുവാൻ ഇത് വളരെ സഹായകമായി രിക്കും. ആ വചനത്തിലെ സന്ദേശത്തെ നബി(സ)തിരുമേനിയോ സ്വഹാ ബികളോ താബിഉകളോ താബിഉത്താബിഉകളോ എങ്ങനെ ഗ്രഹിക്കു കയും അനുസരിക്കുകയും ചെയ്തു എന്നതും ചില സംശയങ്ങൾ തീർക്കേണ്ടതായി വിവരിക്കേണ്ടിവരും. നബിയുടെ വാക്കുകൾ കൊണ്ടു തന്നെ ക്വുർആൻ വ്യാഖ്യാനത്തിലുള്ള പ്രത്യേകം അറിവു സിദ്ധിച്ചവ രാണെന്ന് അറിയപ്പെടുന്ന ഇബ്നുഅബ്ബാസ്(റ) നല്കിയ വ്യാഖ്യാനം, ജീവിതക്രമം, പ്രത്യേകം തുടരുവാൻ നബി ഉപദേശിച്ച ഖുലഫാഉർറാ ശിദുകൾ ദൈവസന്ദേശത്തെ അനുഷ്ഠിക്കുന്നതിന് നല്കിയ മാതൃക കൾ എന്നിവയും ഉപയോഗപ്രദമായിരിക്കും.

ഇങ്ങനെയുള്ള വിവരങ്ങളെല്ലാം ജീവിതകാലം മുഴുവൻ ചെലവ ഴിച്ചു ശേഖരിച്ചെഴുതിയ ക്വുർആൻ വ്യാഖ്യാനങ്ങൾ പലതും അറബിഭാ ഷയിൽ ഉണ്ടായിരിക്കെ, അറബിയിലും വ്യാഖ്യാനമെഴുതുന്ന ഭാഷയിലും പാടവവും അടിസ്ഥാനപരമായ അറിവും ഉദ്ദേശ്യശുദ്ധിയുമുള്ള ഒരാൾക്ക് ഇന്നു ക്വുർആൻ പരിഭാഷയും വ്യാഖ്യാനവും എഴുതുവാൻ അധികം വിഷമിക്കേണ്ടതില്ല. ഓരോ വചനത്തെയും അനുബന്ധിക്കുന്ന വളരെ യധികം ഹദീസുകൾ ഉദ്ധരിച്ചെഴുതിയ വ്യാഖ്യാനങ്ങൾ അറബിഭാഷയി ലുള്ളതിനാൽ ഹദീസുകൾ തെരഞ്ഞുപിടിക്കുവാൻ 'സ്വഹീഹ്' കിതാ ബുകൾ മറിച്ചുനോക്കേണ്ട ആവശ്യംപോലും ഇന്നില്ല. എന്നാൽ അല്ലാ ഹുവിനോടും അവന്റെ കിതാബിനോടും റസൂലിനോടും സമുദായത്തോ ടുമുള്ള ബാധ്യതകൾ ഗ്രഹിക്കാത്തവരും ക്വുർആനിനെക്കുറിച്ചു താന്തോ

ന്നിത്തവും തെറ്റുകളും എഴുതിയാലുള്ള നരകശിക്ഷയെ ഭയപ്പെടാത്ത വരും ഖുർആൻ വ്യാഖ്യാനം ആരംഭിച്ചതിന്റെ ഫലമാണ് ഇന്നു നമ്മുടെയിടയിൽ പരന്നുകിടക്കുന്ന തെറ്റിദ്ധാരണകൾ സർവവും. സ്വാഭി പ്രായങ്ങളുടെയും വളച്ചുകെട്ടിയ യുക്തിവാദങ്ങളുടെയും കുപ്പയ്ക്കു മധ്യേ സത്യം തെളിയിക്കുന്ന ഒരു ഹദീസുപോലും നാം കാണുകയില്ല. സർവ സ്വീകാര്യമായ ഹദീസിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായ വ്യാഖ്യാനത്തിന് എതിരായ സാരം കൊടുത്തതായും വല്ല പദത്തിനും അമുസ്ലിംകളും മറ്റും എഴുതിയ അറബി നിഘണ്ടുവിൽ കൊടുത്ത ഏതെങ്കിലും സന്ദർഭത്തിൽ യോജിക്കാവുന്ന അർഥം വലിയ തെളിവായി ഉദ്ധരിച്ചതായും കാണുന്നു.

ഖുർആനിലെ ചില വചനങ്ങളിൽ നിന്നും കഴിയുന്നത്ര വിവരണ ങ്ങൾ ശേഖരിച്ചാലും നമുക്കു ഗ്രഹിക്കുവാൻ കഴിയാത്ത കൂടുതൽ രഹസ്യം എന്തോ അതിലെ പ്രത്യേക സാദൃശ്യപ്രയോഗങ്ങളിലോ പദ പ്രയോഗങ്ങളിലോ മറ്റോ ഉൾക്കൊള്ളുന്നുണ്ടെന്നു ചിന്തിക്കുമ്പോൾ അനു ഭവപ്പെടും. പക്ഷെ, അതെന്താണെന്നു പ്രത്യക്ഷമായി അറിയുവാൻ കഴി യുകയില്ല. ഇവയിൽ ചിലതു അല്ലാഹവുൽ നിന്നുള്ള പ്രത്യേകാനുഗ്രഹം സിദ്ധിച്ചവർ അറിഞ്ഞേക്കാം. വിശ്വാസത്തിലും ജ്ഞാനത്തിലും അടി യുറയ്ക്കാത്തവർക്ക് ആ അറിവു വഹിക്കുവാൻ കെല്പില്ലാതെ വരും. മനുഷ്യൻ ഏതൊരുവൻ അറിഞ്ഞാലും അത് അവനു വിഷമം നല്കുന്ന ചില രഹസ്യങ്ങൾ മനുഷ്യന്റെ ഗുണത്തിന്നായി അവനിൽ നിന്നും മറ യ്ക്കപ്പെട്ടതുമുണ്ട് (5:101). ഇത്തരം വിഷയത്തെപ്പറ്റിയും പൊതുവിൽ 'അല്ലാഹു അഅ്ലം' (അല്ലാഹു അറിയുന്നു) എന്നു പറയുകയാണ് ഭൂഷ ണം.

ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീസുപ്രകാരം ഒരുവൻ അറി യാത്തതിനെക്കുറിച്ചു 'അല്ലാഹു അറിയുന്നു' എന്നു പറയുവാൻ നബി(സ) പ്രത്യേകം ഉപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ തനിക്ക് അറിയാ ത്തതിനെക്കുറിച്ച് 'അല്ലാഹു അറിയുന്നു' എന്നു പറയുന്നത് അറിവിൽ പെട്ടതാണ്. ഒട്ടധികം വാക്യങ്ങളുടെ വ്യാഖ്യാനത്തിലും മഹാന്മാരായ മുൻ വ്യാഖ്യാതാക്കൾ തങ്ങളുടെ അറിവിൽ വിനയം പ്രദർശിപ്പിക്കുകയും 'അല്ലാഹു അറിയുന്നു' എന്നു പറയുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്തിരിക്കുന്നു.

"(ഒരു തെളിവും കൂടാതെ) അല്ലാഹുവിന്റെ സന്ദേശത്തിൽ വാഗ്വാദം ചെയ്യുന്നവരാരോ അവരുടെ മാറിടങ്ങളിൽ പെരുമ മാത്രമാണ്. എന്നാൽ അവർ അതു പ്രാപിക്കുകയുമില്ല. അതുകൊണ്ട് അല്ലാഹുവിൽ അഭയം തേടുക. അവനത്രെ എല്ലാം കേൾക്കുന്നവനും കാണുന്നവനും."(40:56)

"ഗ്രന്ഥത്തിൽ നിന്ന് അല്ലാഹു അവതരിപ്പിച്ചതിനെ മറച്ചുവെക്കു കയും അതുവഴി തുച്ഛമായ വില വാങ്ങുകയും ചെയ്യുന്നവർ അഗ്നിയെ (നരകം) മാത്രമാണു അവരുടെ വയറ്റിലേക്കു വിഴുങ്ങുന്നത്. ഉയിർത്തെ

ഴുന്നേല്പുനാൾ അല്ലാഹു അവരോട് സംസാരിക്കയില്ല; അവരെ ശുദ്ധീ കരിക്കയുമില്ല. അവർക്കു വേദനാജനകമായ ശിക്ഷയാണുള്ളത്. സന്മാർഗത്തിനുപകരം വ്യതിചലനത്തെയും മാപ്പിനുപകരം ശിക്ഷ യെയും വാങ്ങുന്നവരാണിവർ. നരകാഗ്നിയെക്കുറിച്ച് എന്തൊരു ധൈര്യ മാണ് ഇവർ (പ്രദർശിപ്പിക്കുന്നത്!). ഇതിനുള്ള കാരണം അല്ലാഹു വേദ്തെ അവതരിപ്പിച്ചിരിക്കുന്നതു സത്യത്തോടുകൂടിയാണ്. ഗ്രന്ഥത്തിൽ ഭിന്നി പ്പിക്കുന്നവർ വിദൂരമായ അകല്ചയിലത്രെ."(2:174-176)

"നാം ക്വുർആൻ മുഖേന അവതരിപ്പിച്ചിരിക്കുന്നത് സത്യവിശ്വാസി കൾക്കു ശമന(ഔഷധ)വും കാരുണ്യവും ആയിട്ടാണ്. എന്നാൽ അതി ക്രമികൾക്ക് അതു നഷ്ടത്തെയല്ലാതെ വർധിപ്പിക്കുകയില്ല"(17:82). "...അപ്പോൾ സത്യവിശ്വാസികളാരോ അവരുടെ വിശ്വാസത്തെ അതു വർധിപ്പിക്കുകയും അവർ സന്തുഷ്ടരായിത്തീരുകയും ചെയ്യുന്നു. എന്നാൽ ഹൃദയങ്ങളിൽ രോഗം ബാധിച്ചവരാരോ അത് അവരുടെ മാലി ന്യത്തോടു മേല്ക്കുമേൽ അവർക്കു മാലിന്യം വർധിപ്പിച്ചുകൊടുക്കു കയും അവർ സത്യനിഷേധികളായ നിലയിൽ മരിക്കുകയും ചെയ്യു ന്നു."(9:124,125)

പരിശുദ്ധ ക്വുർആനിന്റെ സാരവും വ്യാഖ്യാനവും നല്കുമ്പോൾ എത്രമാത്രം സൂക്ഷ്മത പാലിക്കണമെന്നു കൂടുതൽ പറയണമെന്നില്ലല്ലോ.

ദേഹശുദ്ധിയോടും ഹൃദയശുദ്ധിയോടും (ഹൃദയത്തിൽ നിന്നു പൊങ്ങച്ചവും സ്വയംകൃതങ്ങളായ ആശയങ്ങളും അകറ്റിക്കൊണ്ട്) പിശാ ചിനെതിരെ അല്ലാഹുവിൽ അഭയം തേടിയും അല്ലാഹുവിന്റെ നാമത്തിൽ ക്വുർആൻ പഠനം ആരംഭിക്കുക. ക്വുർആൻ വഴിയായി അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യവും വെളിച്ചവും സദാ ആശിക്കുക. ഹൃദയാന്തര ത്തിലെ വികാരങ്ങളുടെ കെട്ടുകളെല്ലാം അഴിച്ചു ക്വുർആനിന്റെ പ്രഭാ വത്തിലേക്ക് അതിനെ സ്വതന്ത്രമാക്കിവിടുക. അല്ലാഹു മനുഷ്യനു നല്കിയ അനുഗ്രഹങ്ങളെക്കുറിക്കുന്ന വചനങ്ങളിൽ എത്തുമ്പോൾ ഹൃദ യപൂർവം അവനെ സ്തുതിക്കുക. സ്വർഗത്തിലെ മഹത്തായ അനുഗ്ര ഹങ്ങളെക്കുറിക്കുന്ന വചനങ്ങളിൽ എത്തുമ്പോൾ ആ സൗഭാഗ്യത്തി ലേക്ക് പ്രത്യാശയോടെ (ലോകം മുഴുവൻ നഷ്ടപ്പെട്ടാലും 'അതു ലഭി ച്ചില്ലെങ്കിൽ!' എന്ന് ആർത്തിയോടെ) അല്ലാഹുവിനോടു പ്രാർഥിക്കുക. നബി(സ) നമ്മോട് ഉപദേശിച്ചിട്ടുള്ളത്, സ്വർഗത്തിലെ ഏറ്റവും ഉയർന്ന പദവിക്കായി പ്രാർഥിക്കുവാൻ വേണ്ടിയാണ്. അല്ലാഹുവിനോടു ചോദി ക്കുമ്പോൾ അങ്ങേയറ്റം ആശയോടുകൂടി ചോദിക്കുക: "എന്റെ രക്ഷി താവേ, ഞാൻ പാപത്തിൽ മുഴുകിയവനാണെങ്കിൽ നീ പാപങ്ങളെല്ലാം മാപ്പുചെയ്യുന്നവനാണ്. എന്നിൽ നന്മയില്ലെങ്കിൽ നീ നന്മ വരുത്തുന്ന വനാണ്. എന്റെ നന്മ ലഘുവാണെങ്കിൽ നീ പ്രതിഫലത്തെ അളവറ്റ് പ്രതിഫലം കൂട്ടിക്കൊടുക്കുന്നവനുമാണ്" എന്നും മറ്റും ഉള്ളഴിഞ്ഞു പ്രാർഥിക്കുക.

നമ്മിൽ പലരും സ്വർഗത്തിലെ അനുഗ്രഹങ്ങളെക്കുറിച്ചു കേൾക്കു

മ്പോൾ കച്ചവടത്തിൽ വരുമാനം വർധിക്കുന്നതിനുവേണ്ടി ആശിക്കുന്നത്രയോ ഉദ്യോഗക്കയറ്റം ആശിക്കുന്നത്രയോ എങ്കിലും ആശ ജനിക്കുന്നില്ലെങ്കിൽ ഭൗതികത്വത്തെ പരലോകത്തെക്കാൾ കൂടുതൽ ആശിക്കുന്നവരുടെ ഭയങ്കരമായ നില ഓർക്കുക. സ്വർഗീയാനുഗ്രഹങ്ങൾ കേൾക്കുന്ന മാത്രയിൽ അവയെ ആശിച്ചു ഹൃദയം കുതിച്ചുപായുന്ന നില പ്രാപിക്കേണ്ടതിലേക്കായി ക്വുർആൻ ഓതുമ്പോൾ പ്രത്യേകമായും പരിശീലിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ സന്ദേശങ്ങളിൽ യഥാർഥ വിശ്വാസം കൊള്ളുക എന്ന നില അപ്പോൾ മാത്രമേ പ്രാപിക്കുകയുള്ളൂ. മാത്രമല്ല, ആ ആശ അതിന്റെ സഫലീകരണത്തിലേക്കു നയിക്കുന്ന സദ്കർമങ്ങളെ ലഭ്യമാക്കി അഹമിഹയാ മുന്നോട്ടു കുതിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയും വേണം. പക്ഷേ, ലക്ഷ്യത്തിലേക്കുള്ള ആശയ്ക്കാണു പ്രഥമസ്ഥാനം. എന്തുകൊണ്ടെന്നാൽ ആ ആശയാണ് ലക്ഷ്യപ്രാപ്തിക്കായി പ്രയത്നിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

നാം പതിവായി ഓതാറുള്ള സൂറത്താണ് യാസീൻ. അതിൽ 55 മുതൽ 58 വരെ വാക്യങ്ങൾ സ്വർഗീയ അനുഗ്രഹങ്ങളെ കുറിക്കുന്നു. 58-ാം വാക്യത്തിന്റെ സാരം "സലാം! പരമകാരുണികനായ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു മൊഴി." ഒരാൾ ഭൂലോകം ഒട്ടുക്കും അടക്കിഭരിക്കുന്ന ചക്രവർത്തിയാണെന്നും അളവറ്റ ധനവും സ്വാധീനശക്തിയും പ്രതാപവും ഉള്ളവനാണെന്നും ഊഹിക്കുക. എന്നാൽ ഇവയെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ള 'സലാം' എന്ന ഒരു മൊഴി കേൾക്കുവാനായി ബലി അർപ്പിക്കേണ്ടിവരുന്ന പക്ഷം സസന്തോഷം അതിനു തയ്യാറാണെന്ന മനോഭാവം നാം വളർത്തിക്കൊണ്ടുവരണം.

## തോന്നലുകളുടേയും യാഥാർഥ്യങ്ങളുടേയും ലോകം

ഈ ലോകത്തിൽ സാക്ഷാൽ സുഖാനുഭവം എന്നൊന്നില്ല. അതു ചില പ്രകൃതിനിയമങ്ങളുടെ സഫലീകരണത്തിന്നായി യാദൃച്ഛികവും ആപേക്ഷികവുമായുള്ള വഞ്ചനാപരമായ തോന്നൽ മാത്രമാണ്. ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ രുചി വിശപ്പോ ദാഹമോ ശമിക്കുന്നതുവരെ മാത്രമേയുള്ളൂ. ആ ആവശ്യാർഥം പിടിച്ചുവലിക്കുന്ന സിരകൾ തളർന്നശേഷം ചിന്തിച്ചാൽ നമുക്കറിയാം. ആ സുഖാനുഭവം എത്ര പൊള്ളയാണെന്ന്. സ്വർഗീയാനുഭവങ്ങൾ പ്രകൃതിപരമോ ശാരീരികമോ ആയ ആവശ്യങ്ങൾക്കോ വികാരങ്ങൾക്കോ വിധേയമല്ല. അപ്പോൾ അത്തരം അനുഭവങ്ങൾ സ്ഥായിയായിരിക്കും. മടുപ്പോ വെറുപ്പോ തളർച്ചയോ ആ അനുഭവങ്ങളെ പിന്തുടരുകയില്ല. സ്വർഗീയവിഭവങ്ങളെല്ലാം സാക്ഷാൽ സുഖത്തിനും സന്തോഷത്തിനും ശാശ്വതമായ പരമാനന്ദത്തിനും അല്ലാഹു ഒരിക്കവച്ച വിലമതിക്കാനാവാത്ത അനുഗ്രഹങ്ങളാണ്. അവയുടെ പ്രത്യേകതയും വിശിഷ്ടതയും ഇപ്പോൾ ആർക്കും

ഗ്രഹിക്കുക സാധ്യമല്ല. ഇവയ്ക്കെല്ലാം ഉപരിയാണ് അല്ലാഹുവിന്റെ തൃപ്തിയും അവന്റെ തൃക്കാഴ്ചയും പ്രത്യക്ഷമായി അനുഭവിക്കുക എന്നത്.

ഇഹലോകത്ത് യഥാർഥത്തിൽ വേദനയെന്നൊന്നില്ല. പൊള്ളുകയോ മുറിയുകയോ ചെയ്താൽ അതു ശരിപ്പെടുത്തുവാൻ വേണ്ടിയുള്ള പ്രവർത്തനത്തിലേക്കു സന്ദേശം നല്കിക്കൊണ്ടിരിക്കുന്ന സിരകളുടെ പിടിച്ചുവലിക്കൽ മാത്രമാണു വേദന. എന്നാൽ സഹനത്തിന്റെയോ ആശ്വാസത്തിന്റെയോ ശമനത്തിന്റെയോ പരിധിവിട്ടാൽ ഒന്നുകിൽ ബോധക്ഷയം അല്ലെങ്കിൽ മരണം. അതിനാൽ ഇഹത്തിൽ വേദനയെന്നു പറയുന്നത് ഒരു വിഷമശമനത്തിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള മുന്നറിയിപ്പു മാത്രമാണ്. സാക്ഷാൽ വേദനയെന്നുള്ളത് യാതൊരു ശമനത്തിലേക്കോ സാന്ത്വനാവസ്ഥയിലേക്കോ ബോധക്ഷയത്തിലേക്കോ മരണത്തിലേക്കോ നയിക്കാതെയുള്ള ശാശ്വതമായ ദണ്ഡനാനുഭവമാണ്. അതാണ് നരകാഗ്നിയിലെ വേദനയേറിയ ശിക്ഷ.

"അല്ലാഹുവിന്റെ അഗ്നി, അത് മനുഷ്യഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്നത്; അത് (ജ്വലിച്ചു ചുറ്റും) വികസിക്കുന്ന സ്തംഭങ്ങൾ (നരകവാസികളെ) അടച്ചുമൂടുന്നു"(104:6-9). ആ അഗ്നിപാതത്തെ സ്പർശിക്കുമ്പോൾ തലച്ചോറ് തിളച്ചുമറിയും. "നരകവാസികളുടെ തൊലികൾ കരിയുകയും ഉടനടി മാറുകയും ചെയ്തുകൊണ്ടിരിക്കും; ശിക്ഷയുടെ രുചി പൂർണമായും അനുഭവിക്കാൻ'(4:56). അവരെ കവർന്നുകയറുന്ന വിശപ്പിനാൽ അവർ തിന്നു വയറുനിറയ്ക്കുന്നത് 'സക്വൂം' വൃക്ഷത്തിൽ നിന്നായിരിക്കും. നബി(സ) പറയുന്നു: "ആ സഖൂമിൽ നിന്നുള്ള ഒരു തുള്ളിയെങ്കിലും ഈ ഭൂലോകത്തിൽ വീഴുമായിരുന്നെങ്കിൽ ഭൂലോകവാസികളുടെ ഭക്ഷ്യധാന്യങ്ങളെല്ലാം ദുഷിച്ചുപോകുമായിരുന്നു. അത് ഭക്ഷിക്കുന്നവന്റെ സ്ഥിതി പിന്നെയെന്തായിരിക്കും!" അതിനാൽ ദാഹം അസഹ്യമാകുമ്പോൾ ഉരുകിയ പിത്തളപോലുള്ള 'ഹമീം' ദാഹപ്പൊരിച്ചിലേറ്റ ഒട്ടകം വലിച്ചുകയറ്റുന്നതുപോലെ കുടിക്കുന്നു. ഒരു ഹദീസു പ്രകാരം 'കൽമുഹ്ലി'(ഉരുകിയ പിത്തളപോലെ) എന്നതിന്റെ ഒരു വിവരണം, അതു മുഖത്തോടടുക്കുമ്പോഴേക്കും മുഖത്തിലെ മാംസം ഉരുകി ഇറ്റിവീഴും എന്നാണ്. തിളച്ചുമറിയുന്ന ആ 'ഹമീം' അവരുടെ കുടലുകളെ കഷണങ്ങളാക്കും. (56:52-56, 44:43-50, 47:15, 18:29)

ആ നരകാഗ്നിയിൽ അവർ മരിക്കുകയോ ജീവിച്ചിരിക്കുകയോ ഇല്ല (87:13, 20:74). ആ അഗ്നി അടുക്കുമ്പോഴും മരിച്ചു കരിഞ്ഞു ഭസ്മമാകുന്ന എരിപൊരികൊള്ളൽ മരണപ്പെടാതെ അവർ അനുഭവിച്ചുകൊണ്ടിരിക്കും. അവിടെ അവർ മരണവേദനയെക്കാൾ അസഹ്യമായ വേദന ശാശ്വതമായി അനുഭവിക്കുന്നു. അവർ മരിക്കുന്നില്ല; ജീവിച്ചിരിക്കുകയാണോ? അതുമല്ല! "മരണം എല്ലാ വശത്തുനിന്നും അവനെ നേരിട്ടു ചെല്ലും. പക്ഷേ, അവൻ മരിക്കുകയില്ല"(14:17). 'അവർ നരകത്തിന്റെ

കാവൽക്കാരോടു പറയും: ഒരു ദിവസമെങ്കിലും ഞങ്ങളുടെ ശിക്ഷ കുറച്ചുതരുവാനായി നിങ്ങളുടെ രക്ഷിതാവിനോടു പ്രാർഥിക്കുക' എന്ന് (40:49). അവർ മരണത്തിനായി പ്രാർഥിക്കുമ്പോൾ അവരോട് പറയപ്പെടും: ഈ ദിനം നിങ്ങൾ മരണത്തിന്നായി പ്രാർഥിക്കേണ്ട. എന്നാൽ (തുടർന്നുകൊണ്ടേയിരിക്കുന്ന എണ്ണമറ്റ) അധികമധികം മരണത്തിന്നായി പ്രാർഥിച്ചുകൊള്ളുക (25:13,14). "ഹാ! ആദ്യത്തെ മരണം തന്നെ എന്റെ അവസാനമായിരുന്നെങ്കിൽ!"(69:27). "അവർ വിളിച്ചുപറയും: അല്ലയോ മാലിക്ക്! നിന്റെ രക്ഷിതാവ് ഞങ്ങളെ അവസാനിപ്പിച്ചുകളഞ്ഞെങ്കിൽ."(43:77)

"സമീപസ്ഥമായ ഒരു ശിക്ഷയെക്കുറിച്ചു നാം നിങ്ങളെ താക്കീതു ചെയ്യുന്നു. ആ ദിനം മനുഷ്യൻ അവന്റെ കൈകൾ മുമ്പ് ചെയ്തുവെച്ചതു നോക്കിക്കാണുകയും സത്യനിഷേധി പറയുകയും ചെയ്യും; ഹാ! എന്റെ നാശമേ, ഞാൻ മണ്ണായിപ്പോയെങ്കിൽ!(78:40)

'ആയത്തുന്നൂറി'നുശേഷം രണ്ടാമതായി വരുന്ന വാക്യം (24:37) നമ്മെ പഠിപ്പിക്കുന്നത് അല്ലാഹുവിങ്കൽനിന്നുള്ള മാർഗദർശനമാകുന്ന വെളിച്ചം ഹൃദയത്തിൽ പ്രകാശിക്കുന്ന മനുഷ്യരുടെ ഗുണങ്ങളാണ്. "...വാണിജ്യമാകട്ടെ, കൊടുക്കൽ വാങ്ങലാകട്ടെ, അവരെ അല്ലാഹുവിന്റെ സ്മരണയിൽ നിന്നോ നമസ്കാരത്തെ നിലനിർത്തുന്നതിൽ നിന്നോ സകാത്തു കൊടുക്കുന്നതിൽ നിന്നോ പിന്തിരിപ്പിക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും (ഭയവിഹ്വലമായി) കീഴ്മേൽമറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദിനത്തെ അവർ ഭയപ്പെടുകയും ചെയ്യുന്നു."

അതായത് ഭൗതികകാര്യങ്ങളെക്കാൾ അല്ലാഹുവിന്റെ തൃപ്തിയെയും തദ്വാരാ സ്വർഗപ്രാപ്തിയെയും അവർ കൂടുതൽ വിലമതിക്കുന്നു. ധനം കൊണ്ട് പല ഭൗതിക ആശകളും അവർ സഫലീകരിച്ചേക്കാം. പക്ഷെ, താല്ക്കാലികമായ ധനനഷ്ടത്തെക്കാൾ അല്ലാഹുവിന്റെ ക്രോധത്തെ അവർ കൂടുതൽ ഭയന്ന് അവൻ കല്പിച്ച സകാത്തുകൊടുക്കുന്നു. അവർ യഥാർഥ നമസ്കാരക്കാരാണ്. ഭൗതികമായ ബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും വിമുക്തനായി ഏകനായി നീതിന്യായദിനം അല്ലാഹുവിന്റെ സാക്ഷാൽ സന്നിധിയിൽ നില്ക്കുന്നതിന്റെ ഒരു പ്രകടനം. ഇഹത്തിൽ മനുഷ്യനാൽ സാധ്യമാകുന്ന നിലയിലും ആന്തരികമായി രക്ഷിതാവിന്റെ സാക്ഷാൽ സന്നിധിയിൽ നില്ക്കുന്നതുപോലെ അനുമാനിച്ചും അവൻ കൃത്യസമയത്തു (നമസ്കാരത്തിന്) ഓടിയെത്തി മുന്നണിയിൽ നില്ക്കുകയാണ്. സാക്ഷാൽ നമസ്കാരക്കാരുടെ വിവരണം സൂറതുൽ 'മആരിജി'ലെ 22 മുതൽ 35 വരെയുള്ള വാക്യങ്ങൾ (70:22-35) നല്കുന്നു. അവയിൽപെട്ടതാണ്, "അവർ നീതിന്യായദിനത്തെ (സംശയലേശമെന്യേ) സത്യമാക്കിയവരാണ്. അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് അവർ അതിയായി ഭയപ്പെടുന്നവരുമാണ്. (കാരണം) നിശ്ചയമായും അവരുടെ രക്ഷിതാവിന്റെ ശിക്ഷ എന്നത് (അതിന്നെതിരെ)

യാതൊരു രക്ഷയുമില്ലാത്തതാണ്" (70:26-28). അതായത് മാർഗദർശനം സിദ്ധിച്ച ഒരുവന്റെ ഭൗതിക പ്രവർത്തനങ്ങളെ എല്ലാം നിയന്ത്രിക്കുന്ന മനോഭാവം. "ഹൃദയങ്ങളും കണ്ണുകളും (ഭയത്താൽ) കീഴ്മേലായി മറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു നാളിന്റെ" ഭയമാണ്.

അല്ലാഹുവിനോടുള്ള സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്. (1) അവന്റെ സ്നേഹം(തൃപ്തി) എനിക്കു ലഭിക്കുമെങ്കിൽ, ലഭിക്കുമെങ്കിൽ എന്ന അതിയായ ആകാംക്ഷ! (2) അവന്റെ സ്നേഹം (തൃപ്തി) നഷ്ടപ്പെടുകയാണെങ്കിൽ അവൻ എന്നെ കൈവെടിയുകയാണെങ്കിൽ എന്ന ഭയം!

മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്ലാഹുവിങ്കൽ നിന്നുള്ള മാർഗദർശനം ലഭിച്ചവൻ സ്വർഗത്തെ അഭിമുഖീകരിച്ചും നരകത്തെ പിന്തിരിഞ്ഞും നില്ക്കുന്നവനാണ്. അല്ലാഹുവിന്റെ സാക്ഷാൽ സന്നിധിയിൽ അവനെ ദർശിച്ചുകൊണ്ടു അവനിൽനിന്നുള്ള കാരുണ്യവും അനുഗ്രഹവും തൃപ്തിയും അനുഭവിക്കാനുള്ള പ്രത്യാശ അവനെ മുന്നോട്ടാകർഷിക്കുന്നു. മാത്രമല്ല, അല്ലാഹുവിന്റെ ക്രോധത്തോടും നരകശിക്ഷയോടമുള്ള ഹൃദയത്തെ ഞെട്ടിവിറപ്പിക്കുന്ന ഭയം അവനെ പിന്നിൽനിന്നു (നരകത്തിന്റെ ഭാഗത്തുനിന്നു) മുമ്പോട്ടു തള്ളുന്നു. അപ്പോൾ ക്വുർആൻ പഠിപ്പിക്കുന്നതുപോലെ അല്ലാഹുവിനോടു ഏറ്റവും അടുക്കുന്നവർക്കുള്ള വിശേഷണങ്ങളാണ് അല്ലാഹുവിന്റെ കാരുണ്യത്തെ ഏറ്റവും കൂടുതൽ ആശിക്കുക, അവന്റെ ശിക്ഷയെ ഏറ്റവും കൂടുതൽ ഭയപ്പെടുക എന്നുള്ളത്. എന്തുകൊണ്ടെന്നാൽ അതിന്റെ ഫലമായി അവൻ നന്മയിലേക്ക് വെമ്പൽകൊള്ളുകയും തിന്മയിൽ നിന്നു ദൂരത്താവുകയും ചെയ്യുന്നു. ശാശ്വതമായ പരലോകലബ്ധിക്കായി ഈ രണ്ടു ശക്തികൾക്കും നാം ഒരുപോലെ വിധേയമാകണം. എന്തുകൊണ്ടെന്നാൽ പിശാചിന്റെ പ്രവർത്തനവും രണ്ടു വഴികളിൽ കൂടിയാണ്; മനുഷ്യനെ നന്മയിൽ നിന്നു ദൂരത്താക്കുവാനും തിന്മയിലേക്കു വലിച്ചിടുവാനും.

ക്വുർആനിലെ വളരെയധികം വാക്യങ്ങൾ സ്വർഗീയജീവിതത്തെക്കുറിച്ചുള്ള സന്തോഷവാർത്തകളും നരകാഗ്നിയെക്കുറിച്ചുള്ള താക്കീതുകളഉം ഉൾക്കൊള്ളുന്നതിന്റെ തത്വം ഇതാണ്. ക്വുർആനിൽ നിന്നു പ്രവഹിക്കുന്ന പ്രഭയുടെ സുശക്തമായ പ്രഭാവം ഇതാണെങ്കിൽ ക്വുർആനിൽ നിന്നുള്ള വെളിച്ചം സിദ്ധിക്കുവാൻ രണ്ടുതരം ശക്തികളും ഹൃദയത്തെ ആട്ടിയുലച്ചു ഹൃദയാന്തരത്തിൽ ആഞ്ഞുഫലിക്കുവാൻ നാം അനുവദിക്കണം. സ്വർഗത്തെ സംബന്ധിച്ച സന്തോഷവാർത്തകളെക്കുറിച്ചു, ഹൃദയത്തിൽ വരുത്തേണ്ട പ്രതിഫലനങ്ങളെപ്പറ്റി അല്പം പറഞ്ഞുവല്ലോ. ക്വുർആനിന്റെ ഉദ്യുക്തശക്തി മുമ്പു വിവരിച്ചതിൽ അല്ലാഹുവിന്റെ ശിക്ഷയെ കുറിക്കുന്ന വാക്യങ്ങൾ കാരണം പൊട്ടിക്കരഞ്ഞ ഭക്തന്മാരുടെ സംഭവങ്ങളും വിവരിക്കുകയുണ്ടായി. ക്വുർആൻ ചിത്രീകരിക്കുന്ന നരകശിക്ഷയുടെ ഭയങ്കരതയെ കാണിക്കുകയും രക്ഷയ്ക്കോ

ശമനത്തിനോ സാന്ത്വനത്തിനോ യാതൊരു വഴിയും ഇല്ലാതെ എന്നെന്നേക്കും തീരാദുഃഖത്തിലും നിരാശയിലും അന്തമില്ലാത്ത നാശത്തിലും മുഴുകുന്ന നരകവാസികളുടെ സ്ഥിതി വിവരിക്കുകയും ചെയ്യുന്ന ക്വുർആനിലെ ചില ഉദാഹരണങ്ങളും നല്കുകയുണ്ടായി.

ഇന്നത്തെ മുസൽമാൻ കളവുപറയുകയും അളവിലും തൂക്കത്തിലും മറ്റും വഞ്ചനചെയ്യുകയും കൈക്കൂലിയും പലിശയും വാങ്ങുകയും സകാത്തു കൊടുക്കാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവന്റെ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമയ്ക്കു ഹൃദയത്തിൽ സ്ഥാനം കൊടുത്തിട്ടുണ്ടോ? കളവിലും വഞ്ചനയിലും പലിശയിലും പതിക്കുന്നതിന്റെ അർഥമെന്ത്? ഭൗതികത്വം, ധനം, ധനത്തിന്റെ തൃപ്തിക്കായി ദൈവത്തിന്റെ തൃപ്തിയെ വിറ്റുകളയുന്നതിൽ സങ്കോചമില്ലായ്മ! "സ്വർണത്തിന്റെ അടിമ ശപിക്കപ്പെട്ടവൻ വെള്ളിയുടെ അടിമയും ശപിക്കപ്പെട്ടവൻ (ഹദീസ്).

എന്തുകൊണ്ട്? ധനത്തെ ദൈവേതര ദൈവമാക്കുന്നതുകൊണ്ട് നരകശിക്ഷയെ ഭയപ്പെടാതാതിരിക്കാൻ. നീതിന്യായദിനത്തെ വകവെക്കായ്കയാൽ! "വഞ്ചകന്മനാർക്ക് നാശം! അവർ മറ്റുള്ളവർക്ക് അളന്നോ തൂക്കിയോ കൊടുക്കുമ്പോൾ കുറച്ചുകൊടുക്കുന്നു. അവരെ വമ്പിച്ച ഒരു ദിനത്തിലേക്കു ഉയിർത്തെഴുന്നേല്പിക്കുമെന്ന് അവർ വിചാരിക്കുന്നില്ലേ? (അതേ); സർവലോകരക്ഷിതാവിങ്കൽ മനുഷ്യൻ നില്ക്കേണ്ടിവരുന്ന ഒരു നാൾ!"(83:16)

## ക്വുർആനാകുന്ന ശുപാർശകൻ

"ഭൂമിയിൽ മേന്മസ്ഥാനമോ അഴിമതിയോ ഇച്ഛിക്കാത്തവർക്കാണു പരലോകത്തിലെ ആ വീട് നാം വെച്ചിട്ടുള്ളത്. ദൈവഭക്തന്മാർക്കാണ് അന്തിമവിജയം."(28:83)

അതിഭയങ്കരമായ നരകശിക്ഷയെ വിവരിക്കുന്ന ക്വുർആനിലെ ദൃഢമായ വചനങ്ങൾ സത്യം ഗ്രഹിക്കുന്നവരുടെ ഹൃദയത്തെ വിറപ്പിക്കുകയും ചർമത്തെ തുടിപ്പിക്കുകയും കണ്ണുകളെ പ്രവഹിപ്പിക്കുകയും ചെയ്യുന്നു (39:23, 17:107-109, 5:83). എന്നാൽ ഈ വചനങ്ങൾ ഓതുമ്പോഴോ കേൾക്കുമ്പോഴോ ഇന്നുള്ള വികാരമോ ആവേശമോ ഉളവാകുന്നില്ലെങ്കിൽ അല്ലാഹുവിന്റെ സത്യവചനങ്ങളുടെ പരമാർഥങ്ങൾ ഗ്രഹിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്നില്ല എന്നതു മാത്രമാണ് അതിനു കാരണം.

പരിശുദ്ധ ക്വുർആൻ സാവധാനത്തിലും ഹൃദയത്തിൽ പ്രതിധ്വനിപ്പിച്ചും ഓതുക. അല്ലാഹുവിന്റെ ശിക്ഷയെ കുറിക്കുന്ന വചനങ്ങൾ നമ്മുടെ വികാരത്തെ ആഞ്ഞു ഫലിപ്പിക്കുന്നതിനും അനുഭവിക്കേണ്ടതിനുമായി പരിശീലിക്കുക. ഈ നിലയിൽ പരിശുദ്ധ ക്വുർആൻ മുഴുവനും അർഥം ഗ്രഹിച്ചുകൊണ്ട് പത്തോ ഇരുപതോ പ്രാവശ്യം ഓതിക്ക

ഴിഞ്ഞാൽ, ഒരു വാക്യമെത്തുമ്പോൾ അതിനെ സമീകരിക്കുകയോ വിശദീകരിക്കുകയോ ദൃഢീകരിക്കുകയോ ചെയ്യുന്ന മറ്റു വാക്യങ്ങൾ നമ്മുടെ മനസ്സിൽ ഉദിച്ചുവരും. ഹൃദയാന്തരം പ്രകാശമാനമായ ആ ദശയിലാണ് സ്വയം നമ്മുടെ ചിന്ത ആ പ്രകാശത്തെ വർധിപ്പിക്കുന്നത്. ദൈവവചനങ്ങളുടെ മഹത്വവും ധന്യതയും അർഥപുഷ്ടിയും ആഴവും ഉദ്യുക്തശക്തിയും ആ ദശയിലാണ് സ്വയം അനുഭവപ്പെടുക. അർധരാത്രിയുടെ ഏകാന്തതയിൽ വിചാര വികാരങ്ങൾ പരിശുദ്ധ ക്വുർആനിന്റെ പ്രഭാവത്തിനു വിധേയമാക്കി സമയത്തെയും ഈ ലോകത്തെത്തന്നെയും നാം മറന്നുപോകുന്ന മാനസികഭാവം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് അനുഭവപ്പെടുന്ന ദശയിലാണ് ദൈവവചനങ്ങൾ നമുക്കു സാക്ഷാൽ സാക്ഷാൽ ആസ്വദിക്കുവാൻ കഴിയുക. അപ്പോൾ നമ്മുടെ ഹൃദയാന്തരത്തിൽ നിന്നു പ്രവഹിക്കുന്ന ദൈവസ്തോത്രങ്ങൾ നാം അറിയാതെത്തന്നെ നമ്മുടെ അധരങ്ങൾ ഏറ്റുപാടും. "...അതിനാൽ തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ വിറകൊള്ളുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവിന്റെ ഓർമയിലേക്ക് അലിഞ്ഞുചേരുന്നു. ഇതത്രെ അല്ലാഹുവിന്റെ വഴികാട്ടൽ..."(39:23)

ജീവിതത്തിലെ ഏതെങ്കിലും പ്രതിസന്ധിയിലോ വിഷാദഘട്ടത്തിലോ പരിശുദ്ധ ക്വുർആനിന്റെ സന്ദർഭോചിതമായ ഒരു വചനം ഹൃദയത്തിൽ ആഞ്ഞുഫലിക്കുകയും അതിന്റെ ഒളിവിൽ (ഇരുൾമുറ്റിയ മൈതാനത്തിൽ എങ്ങോ വീണുപോയ രത്നമാല മിന്നിൽപ്പിണരിൽ തിളങ്ങിക്കണ്ടെത്തുന്നതുപോലെ) വിഷമത്തിനു സ്വയം പരിഹാരം ലഭിക്കുകയും ചെയ്യുക എന്നതു ക്വുർആൻ വാക്യങ്ങളിൽ ആദരവും ഓർമയുമുള്ള ചുരുക്കം ചിലർ അനുഭവിച്ചിരിക്കാം. ഇവിടെ ഐഹിക വെളിച്ചവും ആത്മീയവെളിച്ചവും തമ്മിലുള്ള പ്രത്യേക വ്യത്യാസം ഉദാഹരിക്കേണ്ടിയിരിക്കുന്നു. ഒരേ നിലയിൽ അറയിൽ കത്തുന്ന വിളക്ക് എത്ര നേരം എരിഞ്ഞാലും ഭിത്തിയിൽ പ്രതിഫലിക്കുന്ന വെളിച്ചം നിമിഷം പ്രതി വർധിച്ചുവരുന്നില്ല. വിളക്കണഞ്ഞാൽ അതേവരെ വീണ വെളിച്ചം മറയുകയും ചെയ്യുന്നു. നേരെമറിച്ച് ഒരു കുഴയിൽക്കൂടി ഒരേ തോതിൽ ശുദ്ധജലം ഒഴുകിവന്നു വീഴുകയാണെങ്കിൽ അതു വീഴുന്ന പാത്രത്തിൽ നിമിഷംപ്രതി ജലം വർധിച്ചുവരുന്നു. ജലത്തിന്റെ ഒഴുക്കു നിലച്ചാൽ അതുവരെ വീണ ജലം പാത്രത്തിൽ നിലകൊള്ളുകയും ചെയ്യും. പാത്രം ചരിച്ചുകളയുകയോ അതിനു ചോർച്ചയുണ്ടാക്കുകയോ ചെയ്യരുതെന്നു മാത്രം. ഏതാണ്ടിങ്ങനെയാണ് ആത്മീയ വെളിച്ചത്തിന്റെ പ്രവാഹത്തിനു നമുക്ക് ഊഹിക്കാൻ കഴിയുന്ന ഉപമ.

മനുഷ്യന്റെ ജീവാത്മാവാകുന്ന തീജ്വാല അണഞ്ഞുപോയാലും അവന്റെ വിശിഷ്ടാത്മാവിൽ ആധ്യാത്മിക ബോധത്തിൽ അതുവരെ പ്രതിഫലിച്ച പ്രകാശം എന്നെന്നും നിലകൊള്ളും. ഏതൊരു നിമിഷം

വീശിയ പ്രകാശകിരണവും മുമ്പുവീശിയ കിരണത്തിനുമേൽ ഒളിവു വർധിപ്പിക്കുകയും (അവയെ മായ്ക്കുകയോ മറയ്ക്കുകയോ ചെയ്യുന്ന പൈശാചിക പ്രേരണകളും പാപങ്ങളുമാകുന്നു ധൂമത്തിൽ നിന്നും കരി കണങ്ങളിൽ നിന്നും സൂക്ഷിക്കുന്നതുവരെ) ചെയ്യും. അപ്പോൾ നഷ്ട പ്പെട്ട രത്നമാല കണ്ടെത്തിയാൽ സഹായിച്ച മിന്നിൽപ്പിണർ അതിന്റെ തുടർന്നുള്ള തിളക്കത്തിൽ മഹത്തരങ്ങളായ മറ്റു പല ദർശനങ്ങളും ഉൾക്കാഴ്ക്കു നല്കിക്കൊണ്ടേയിരിക്കും. വിശുദ്ധ ക്വുർആനിന്റെ പ്രശോ ഭിത കിരണങ്ങൾ ഹൃദയാന്തരത്തെ കൂടുതൽ കൂടുതൽ ഒളിമിന്നിച്ചു കൊണ്ടേയിരിക്കും.

ക്വുർആനിലെ ചില വാക്യങ്ങളുടെയെങ്കിലും ഉദ്യുക്ത ശക്തിയേറ്റ് ഹൃദയം കുലുങ്ങുകയും പിന്നീട് അവയുടെ പ്രഭാവത്തിൽ ഹൃദയം ലയി ച്ചു പ്രസന്നമാവുകയും ചെയ്തവരുടെ സംസാരത്തിലും എഴുത്തിലും സ്വയം അനുഭവപ്പെട്ട ആവേശം നിഴലിച്ചുകാണും. വാക്യപ്പൊരുൾ അനു സരിച്ചുള്ള ഗാംഭീര്യമോ ആനന്ദമോ മാധുര്യമോ അവ വായിക്കുന്നവ രുടെയോ കേൾക്കുന്നവരുടെയോ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുകയും ചെയ്യും. ആദരവോടും ഭീതിയോടും കൂടിയല്ലാതെ അതിലെ ദിവ്യസൂ ക്തങ്ങളെക്കുറിച്ച് അവർ ഒന്നും പറ്റുകയുമില്ല. ക്വുർആനിന്റെ അടിച്ചു വീശുന്ന പ്രഭാവം ജീവിതത്തിലെ ചില പ്രത്യേക ഘട്ടങ്ങളിലും ഏകാ ന്തയിൽ പാരായണം ചെയ്യുന്ന അവസങ്ങളിലും അനുഭവിച്ച് അതിനു ഹൃദയം സവിനയം വിധേയമാക്കിയവരാണ് ക്വുർആൻ വ്യാഖ്യാനത്തിൽ മുന്നിൽ നില്ക്കുന്ന മഹാന്മാരായ ഇമാമുകൾ. ക്വുർആനിൽ നിന്നു ലഭിച്ച അവരുടെ പ്രത്യേക അനുഭവങ്ങളായിരുന്നു അതിന് സൂക്ഷ്മമായ വ്യാഖ്യാനം രചിക്കുന്നതിലും അതിന്റെ സന്ദേശം കൂടുതൽ പരസ്യപ്പെ ടുത്തുന്നതിലും അവർക്കു പ്രചോദനം നല്കിയത്.

ക്വുർആൻ സ്വയം അന്തരംഗത്തെ വശംവദരാക്കുന്ന സവിശേഷ മായ അനുഭൂതിയാണ് അത് കൈകാര്യം ചെയ്യാനുള്ള പ്രത്യേക അർഹത നല്കുന്നത്. പക്ഷേ, ഇതു പലപ്പോഴും വ്യക്തിപരമായ രഹസ്യമായിരി ക്കും. എന്നാൽ നിഷ്കളങ്കമായ മനോഭാവം, സ്വഭാവഗുണം, മതനിഷ്ഠ, സത്യനിഷ്ഠ, ദൈവഭക്തി, ദൈവസൂക്തങ്ങളിലുള്ള ആത്മാർഥമായ ആദ രവ് എന്നീ ഗുണങ്ങൾ ക്വുർആൻ വ്യാഖ്യാനം ചെയ്യുന്ന ഒരാൾക്ക് ഉണ്ടാ യിരിക്കേണ്ടതാണ്. കാരണം, ഈ ഗുണങ്ങളില്ലാത്തവർ സ്വേച്ഛക്കു വശംവദരായി ഇതരൻമാരുടെ തൃപ്തിക്കനുയോജ്യമായി സത്യം വക്ര പ്പെടുത്തുവാനോ മറച്ചുവെക്കുവാനോ മടിച്ചില്ലെന്നുവരും.

അല്ലാഹുവിന്റെ തൃപ്തിയും സഹായവും ആശ്രയവും ആത്മാർഥ മായി കാംക്ഷിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ പ്രവർത്തിക്കുന്നവരുടെ പ്രയത്നസിദ്ധി അവരുടെ കഴിവിന്റെ പരിധിയെ ഒട്ടധികം വിട്ടുകടക്കാം എന്നത് അല്ലാഹുവിന്റെ തൃപ്തിക്കായി നിസ്വാർഥസേവനത്തിൽ ഏർപ്പെ ടുന്നവർക്ക് അനുഭവപ്പെടുന്ന ഒരു പരമാർഥമാണ്. ക്വുർആനിലുള്ള പ്രയ

ത്നത്തിൽ ഹൃദയപൂർവം പ്രവേശിച്ചാൽ ദൈവകാരുണ്യവും വർധിച്ചു വരുന്ന വെളിച്ചംവഴി ലഭ്യമാകുന്ന മനോഗുണവും വികാസവും വിജ്ഞാനവും വിശുദ്ധ ക്വുർആനിനുള്ള സവിഷേതയാണ്. ഭക്തിയും ഉദ്ദേശ്യശുദ്ധിയും ദൈവാനുഗ്രഹവും ഉണ്ടെങ്കിൽ ഓരോ വചനത്തിനും ഹൃദയം വിധേയമാക്കുന്നതിൽ നിന്നും ഈ വിശേഷത അനുഭവപ്പെടാതിരിക്കയില്ല. "അന്ത്യദിനം പരിശുദ്ധ ക്വുർആൻ അതിന്റെ കൂട്ടുകാരന് ശുപാർശ ചെയ്യുവാനായി വരു'മെന്നു മുസ്‌ലിമും മറ്റും നിവേദനം ചെയ്ത ഒന്നിലധികം ഹദീസുകളിൽ വന്നിട്ടുണ്ട്. അപ്പോൾ പരിശുദ്ധ ക്വുർആനിനെ കട്ടുപിടിക്കുകയും മറ്റുള്ളവരെ അതിലേക്കു പ്രേരിപ്പിക്കുകയും ചെയ്യുന്നത് മഹത്തായ ഒരു കൃത്യമാണ്. ക്വുർആൻ അതുമായി ഉറക്കമൊഴിച്ചവനുവേണ്ടി അന്ത്യദിനം അല്ലാഹുവിനോട് അർഥിക്കുന്നതാണ്. "ഞാൻ അവന്റെ ഉറക്കത്തെ അപഹരിച്ചു. അതിനാൽ അവനു വേണ്ടി എന്നെ ഒരു ശുപാർശക്കാരനാക്കിയാലും!"(ഹദീസ്)

പരിശുദ്ധ ക്വുർആനിന് സാക്ഷാലൊരു ഭാഷാന്തരഗ്രന്ഥം സാധ്യമല്ല. മൂലവചനങ്ങളുടെ സവിശേഷതകൾ നഷ്ടപ്പെടാതെയുള്ള ഒരു പരിഭാഷ നിർമിക്കുന്നതിന് അപാരമായ വൈഷമ്യമുണ്ട്. എത്ര നല്ല പരിഭാഷയ്ക്കും മൂലഗ്രന്ഥത്തോടു ലയിക്കാവുന്നത്ര സാമീപ്യത്തിന് അതിവിദൂരമായ ഒരു പരിധിയുണ്ട്. ഏതൊരു പരിഭാഷയുടെ ഗുണവും നാം വീക്ഷിക്കേണ്ടത് ഈ പരിധി ഗണിച്ചുവേണം.

# തേജോവാഹിയായ ദൈവസന്ദേശം

"ഈ ക്വുർആനിനെ ഒരു പർവതത്തിനു മേൽ നാം ഇറക്കുമായിരുന്നെങ്കിൽ അല്ലാഹുവിനെക്കുറിച്ച ഭയത്താൽ അതു താഴ്മപ്പെടുന്നതും പിളർന്നു തകരുന്നതും നിശ്ചയമായും നീ കാണുമായിരുന്നു..."(59:21)

## മനുഷ്യന്റെ ഗർവും ഇതര സൃഷ്ടികളുടെ തിന്മയും

അതിവിശാലമായ ശുപാർശ്വത്തിന് ഞടുക്കവും കിടിലവും ഉണ്ടാകാൻ അനുവദിക്കാതെ ഭാരിച്ച കാലുകളാൽ ഊന്നിപ്പിടിച്ചും കാർമേഘപുടവയെ ചുമലുകളിൽ ഏന്തിയും വാനിലേക്കു തല ഉയർത്തിനില്ക്കുന്ന അതിഗംഭീരമായ പർവതത്തിനു മുമ്പിൽ, മനുഷ്യൻ എത്ര ബലഹീനൻ! എന്നാൽ ഈ പർവതം പോലും തേജോവാഹിയായ ക്വുർആൻ സന്ദേശത്തിന്റെ അടിച്ചുവീശൽ ഏല്ക്കുമായിരുന്നെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയത്താൽ കമിഴ്ന്നുവീഴുകയും പൊട്ടിപ്പിളരുകയും ചെയ്യുമായിരുന്നു. സത്യനിഷേധികളായ മനുഷ്യരാകട്ടെ, "അവരിൽ ക്വുർആൻ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അവർ സാഷ്ടാം വീഴുന്നില്ല"(84:21). "അല്ലാഹുവിന്റെ സന്ദേശങ്ങൾ അവനിൽ ഓതപ്പെടുന്നത് അവൻ കേൾക്കുന്നു. എന്നിട്ടും അവ കേൾക്കാത്ത ഭാവേന അവൻ ഗർവിഷ്ഠനായി ശഠിച്ചുനില്ക്കുന്നു. വേദനാജനകമായ ശിക്ഷയുടെ വാർത്ത അവനെ അറിയിച്ചാലും!"(45:8)

ഗംഭീരനായ ഊക്കൻ പർവതം ക്വുർആനിനു മുമ്പിൽ താഴ്മപ്പെടുമായിരുന്നെങ്കിൽ ഈ നിസ്സാരനായ മനുഷ്യൻ ക്വുർആനിന്നെതിരെ ഗർവിഷ്ഠനായി ശഠിച്ചുനില്ക്കുന്നുവെന്നത് എന്തൊരു വൈപരീത്യം! മലയുടെ ഹൃദയം കടുപ്പമേറിയ പാറയാണ്. ക്വുർആൻ വാക്യങ്ങൾ ഏല്ക്കുന്നപക്ഷം അതികഠിനമായ ആ കരിമ്പാറ പോലും പൊട്ടിപ്പിളർന്നു പൊടിഞ്ഞുപോകുമായിരുന്നെങ്കിൽ മൃദുലവും മാംസളവുമായ മനുഷ്യഹൃദയം ദൈവസന്ദേശങ്ങൾക്കു മുമ്പിൽ കരിമ്പാറപോലെയോ അതിനേക്കാൾ കടുപ്പമേറിയതോ ആയി മാറുന്നത് എന്തൊരു വൈപരീത്യം! "എന്നാൽ ഇതിനുശേഷവും നിങ്ങളുടെ ഹൃദയങ്ങൾ കടുത്തുപോയി.

അപ്പോൾ അവ പാറപോലെയോ അല്ലെങ്കിൽ അതിനേക്കാൾ കാഠിന്യമുള്ളതോ ആയി. (എന്തുകൊണ്ടെന്നാൽ) പറക്കല്ലുകളിൽ ചിലതിൽ നിന്നു ഉറവകൾ പൊട്ടി ഒഴുകുന്നു. അവയിൽ ചിലതു പൊട്ടിപ്പിളരുകയും അതിൽക്കൂടി അല്ലാഹുവിനെ ഭയന്നു ഉരുണ്ടുവീഴുകയും ചെയ്യുന്നു. നിങ്ങളുടെ പ്രവൃത്തികളിൽ അല്ലാഹു അശ്രദ്ധനാല്ല"(2:74).

ഇടിനാദം അല്ലാഹുവിന് സ്തുതികീർത്തനം ചെയ്യുന്നു. അവനോടുള്ള ഭയംകൊണ്ടു മലക്കുകളും അവനെ വാഴ്ത്തുന്നു. (13:13)

കാർമേഘം അല്ലാഹുവിനോടുള്ള ഭയംകൊണ്ടു ഇടിനാദത്തിൽ അട്ടഹസിച്ചു കരയുന്നു. അതു പൊഴിക്കുന്ന കണ്ണുനീരാൽ സ്വയം തേഞ്ഞുമാഞ്ഞ് ഇല്ലാതാകുന്നു. ഈ മേഘസന്ദേശത്തിന്റെ പ്രതിധ്വനിയിൽ പാറകൾ പൊട്ടിപ്പിളരുന്നു. ഈ വിടവുകൾ മേഘം വാർക്കുന്ന ബാഷ്പകണങ്ങളെ വലിച്ചുചേർക്കുന്നു. മേഘത്തിന്റെ കരച്ചിൽ പിന്നീടു പർവതം ഏറ്റുപാടുന്നു. അവൻ ആകാശത്തുനിന്നു ജലം വർഷിപ്പിക്കുന്നു. അപ്പോൾ മലയോരങ്ങൾ അവയുടെ കണക്കനുസരിച്ചു (നീർച്ചാലുകൾ) പ്രവഹിപ്പിക്കുന്നു..."(13:17)

"ആകാശത്തുനിന്നു നിശ്ചിത തോതിൽ നാം ജലം വർഷിപ്പിക്കുന്നു. എന്നിട്ടു ഭൂമിയിൽ അതിനെ നാം നിക്ഷേപിക്കുന്നു. അനന്തരം അതിനെ വാർത്തുകളയുവാൻ തീർച്ചയായും നാം ശക്തനാണ്."(23:18)

"നീ കാണുന്നില്ലേ. അല്ലാഹു അകാശത്തിനിന്ന് ജലം ഇറക്കുന്നതും പിന്നീട് അതിനെ ഭൂമിയിലെ ഉറവകളാക്കി ചലിപ്പിക്കുന്നതും..." (39:21)

ഉറച്ചുനില്ക്കുന്ന ഉന്നത പർവതങ്ങളെ നാം അതിൽ വെക്കുകയും നിങ്ങൾക്കു കുടിക്കുവാൻ രുചിയുള്ള ശുദ്ധജലം നാം നല്കുകയും ചെയ്തു. (77:27)

പാറകൾ പൊട്ടിപ്പിളരുകയും ആ വിടവുകൾ മഴവെള്ളത്തെ വലിച്ചെടുത്തു ശേഖരിക്കുകയും പിന്നീട് അല്ലാഹു നിശ്ചയിച്ച തോതനുസരിച്ച് കാലക്രമത്തിൽ മിതമായി ഒഴുക്കിവിടുകയും ചെയ്യുന്നില്ലായിരുന്നെങ്കിൽ അതിവർഷം പെയ്യുന്ന മലകളിലെ വെള്ളമൊട്ടുക്കും താമസംവിനാ താഴോട്ട് ഒഴുകിത്തീരുകയും മഴ അവസാനിച്ചാൽ ഒരാഴ്ചക്കുള്ളിൽ താഴ്‌വാരകളിലൂടെ പ്രവഹിക്കുന്ന ഉറവകളും നീർച്ചാലുകളും പുഴകളും വറ്റിവരണ്ടുപോകുകയും ചെയ്യുമായിരുന്നു. "പറയുക നിങ്ങൾ വീക്ഷിച്ചിട്ടുണ്ടോ? നിങ്ങളുടെ ജലം വറ്റി മറഞ്ഞുപോകുമായിരുന്നെങ്കിൽ ഊറിവരുന്ന ജലത്തെ നിങ്ങൾക്ക് അപ്പോൾ വരുത്തിത്തരുവാൻ ആരാണുള്ളത്?"(67:30)

മനുഷ്യനു ശുദ്ധജലം ദൈനംദിനം ലഭിക്കുന്നത് കാർമേഘത്തിന്റെ കരച്ചിൽ മലകൾ ഏറ്റുപാടുന്നതുകൊണ്ടു മാത്രമാണ്. അല്ലാഹുവിനെ ഭയന്ന് അവന്റെ പ്രതിനിധിയായ മനുഷ്യനു വേണ്ടിയുള്ള ഈ കരച്ചിൽ അലങ്കാരപ്രയോഗമാണെന്ന് ചിലർ ഊഹിച്ചേക്കാം. എന്നാൽ പല പ്രാവശ്യങ്ങളിലായി വിവിധ മലകളിൽ 500 ൽ പരം ദിനങ്ങൾ കരിങ്കൽപ്പാറ

കൾ വാർക്കുന്ന നീർച്ചാലുകൾ സൂക്ഷ്മമായി മഴക്കാലത്തും വേനൽക്കാലത്തും പരിശോധിക്കുവാൻ അവസരം സിദ്ധിച്ച ഞാൻ ഈ കരച്ചിൽ പരമാർഥമാണെന്നു വിശ്വസിക്കുന്നു. നാം ഇവിടെ ഒന്നോർക്കണം; കാർമേഘത്തിന്റെ കണ്ണുനീർ എത്ര ശുദ്ധം! അതു വലിച്ചെടുത്തു രുചിയും ഉപശാന്തിയും നല്കുന്ന ഖനിജം കലർത്തി കലിങ്കൽപ്പാറകൾ അവയുടെ വിടവുകളിൽക്കൂടി ദൈവഭയത്താൽ വാർക്കുന്ന നീർച്ചാലുകൾ എത്ര ആസ്വാദ്യം. എന്നാൽ അതു കുടിച്ച മനുഷ്യൻ വാർക്കുന്ന കണ്ണുനീരിന് ഉപ്പുരസമല്ല ഉള്ളത്. കാർമേഘമോ കരിമ്പാറയോ അല്ലാഹുവിന്റെ നിയമങ്ങളിൽനിന്നു ലവലേശം വ്യതിചലിക്കാതെ അവനു സമ്പൂർണമായി വിധേയമായിരിക്കുന്നു. “അവർ (ആകാശഭൂമികളിലെ സർസ്വവും) അവരുടെ രക്ഷിതാവിനെ അധികമസമയം ഭയപ്പെടുകയും അവരോടു കല്പിക്കുന്നതിനെ അവർ പ്രവർത്തിക്കുകയും ചെയ്യുന്നു.”(16:50)

എന്നാൽ ഭൗതികത്വത്തിന്റെ ഉപ്പും പാപങ്ങളുടെ അഴുക്കും നുകരുന്ന മനുഷ്യന്റെ വൈകല്യങ്ങളുടെ ബഹിർസ്ഫുരണമാണ് അല്ലാഹുവിനോടുള്ള ഭയത്താൽ വാർക്കുന്ന അവന്റെ കണ്ണുനീർത്തുള്ളികൾ. (തന്റെ ദാസന്മാർക്കു പരലോകവിജയം ഇച്ഛിക്കുന്നു) “അല്ലാഹു (8:67) ഏറ്റവും പ്രിയപ്പെട്ട രണ്ടു തുള്ളികളിൽ ഒന്ന് അവന്റെ ഭയംകൊണ്ടു വാർക്കുന്ന കണ്ണീർക്കണവും മറ്റേത് അവന്റെ മാർഗത്തിൽ ചൊരിക്കുന്ന രക്തബിന്ദുവും...”(ഹദീസ്). നരകാഗ്നി പിടികൂടുവാൻ പാഞ്ഞെത്തുന്ന മനുഷ്യന്റെ പാപങ്ങളിൽ നിന്നുള്ള മോചനമാണ് ദൈവഭയത്താൽ വാർക്കുന്ന അശ്രുകണങ്ങൾ നിർവഹിക്കുന്നതെങ്കിൽ” കറന്ന പാൽ മുലയിലേക്ക് മടങ്ങിയെത്തുന്നതുവരെ അല്ലാഹുവിനെക്കുറിച്ച ഭയത്താൽ കരഞ്ഞവനെ നരഗാഗ്നി സ്പർശിക്കുകയില്ല.”

കാർമേഘവും കരിമ്പാറയും അല്ലാഹുവിന്റെ ഭയത്താൽ കരഞ്ഞുകൊണ്ടു പ്രവഹിപ്പിക്കുന്ന ശുദ്ധജലം മനുഷ്യന്റെ ഉപയോഗത്തിനും ഉപശാന്തിക്കുമുള്ള അല്ലാഹുവിന്റെ ഒരനുഗ്രഹമായിരിക്കെ, ഇന്നത്തെ മുസ്ലിംനാമധാരികളുടെ പോലും കൺചാലുകളെ പ്രവഹിപ്പിക്കുവാൻ ആ ശുദ്ധജലത്തിൽ നിന്നുള്ള ഒരു തുള്ളിപോലും ഉപയോഗപ്പെടുന്നില്ലെങ്കിൽ അല്ലാഹുവിനെക്കുറിച്ചും അന്ത്യദിനത്തെക്കുറിച്ചും താക്കീതു ചെയ്യുന്ന ദിവ്യസന്ദേശങ്ങൾക്കു മുമ്പിൽ അവരുടെ നയനങ്ങളിലെ ബാഷ്പമൊട്ടുകൾ വറ്റിവരണ്ടിരിക്കുകയാണെങ്കിൽ, അവരുടെ ഹൃദയം കാർമേഘത്തെക്കാൾ ഇരുൾമുറ്റിയതും കരിമ്പാറയേക്കാൾ കഠോരവും തന്നെ! മേഘവും പാറയും അവയുടെ കരച്ചിൽ ലോകാവസാനംവരെ ഏറ്റുപാടിയേക്കാം. പക്ഷേ, ആ ശിലാപ്രവാഹം ആകമാനവും യഥാർഥലോകത്തിലെ നിത്യതയുടെ ഗണനയിൽ ഒരു ഇമവെട്ടലിൽ പൊഴിയുന്ന ബാഷ്കണത്തിനേ സമാനമാകയുള്ളൂ. അതിന്നപ്പുറം അവ കരയേണ്ടതില്ല. എന്നാൽ ഐഹിക ജീവിതത്തിൽ ചിരിച്ചും സുഖിച്ചും അഹ

ങ്കരിച്ചും നടന്ന മനുഷ്യൻ ശാശ്വതമായി കരയേണ്ടിവരും. "ദൗർഭാഗ്യവാൻമാരാകട്ടെ, അവർ നരകാഗ്നിയിലായിരിക്കും. അതിൽ അവർക്കു നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണുണ്ടായിരിക്കുക. അതിൽ അവർ നിത്യമായി പാർക്കുകയായിരിക്കും...."(11:106). "അപ്പോൾ അവർ അല്പം ചിരിച്ചുകൊള്ളട്ടെ! എന്നാൽ അവർ സമ്പാദിച്ചതിന്റെ ഫലമായി അവർ അത്യധികം കരയേണ്ടിവരും."(9:82)

കാർമേഘം അതിന്റെ കരച്ചിലിൽ ലയിച്ചു സ്വയം ഇല്ലാതാകുന്നു. കരിങ്കൽപ്പാറ ആ ബാഷ്പപ്രവാഹമേറ്റും സ്വയം വിലപിച്ചും കാലാന്തരത്തിലും മണൽത്തരികളായി നുറുങ്ങുന്നു. എന്നാൽ നരകവാസിയുടെ "ഞാൻ ഇല്ലാതായിപ്പോയെങ്കിൽ; ഞാൻ മണ്ണായിപ്പോയെങ്കിൽ!" എന്ന വിലാപം ഒരിക്കലും അവസാനിക്കുകയില്ല. അവൻ നാശം അനുഭവിച്ചുകൊണ്ടേയിരിക്കും. എന്നാൽ നശിച്ചുപോകുകയില്ല; മരണം രുചിച്ചുകൊണ്ടിരിക്കും. പക്ഷേ, മരിച്ചുപോവുകയില്ല. എന്തുകൊണ്ടെന്നാൽ ക്വുർആൻ അവനെ ചലിപ്പിച്ചില്ല. ക്വുർആൻ അവന്റെ ഹൃദയത്തെ തുറന്നില്ല. ക്വുർആൻകൊണ്ട് അവൻ സംസാരിച്ചില്ല. ക്വുർആൻകൊണ്ട് അവൻ കരഞ്ഞതുമില്ല.

## ജീവനുള്ളവരുടെ കണ്ണ് തുറപ്പിക്കണം

"(ഒരു അത്ഭുത ഗ്രന്ഥമുണ്ടായിരിക്കുമെങ്കിൽ) അതുമൂലം മലകൾ ഇളക്കപ്പെടുകയോ അല്ലെങ്കിൽ അതുമൂലം ഭൂമി പിളർക്കപ്പെടുകയോ അല്ലെങ്കിൽ അതുമൂലം മരിച്ചവർ സംസാരിക്കപ്പെടുകയോ ചെയ്യാവുന്ന ഒരു ക്വുർആൻ ഉണ്ടായിരിക്കുമെങ്കിൽ (തീർച്ചയായും അത് ഈ ഗ്രന്ഥം തന്നെയായിരിക്കും)..."(13:31)

ഈ ക്വുർആൻകൊണ്ട് പർവതങ്ങളെ നടത്തിച്ചോ ഭൂമിയെ ഭേദിച്ചോ ജീവാത്മാവ് വിരമിച്ചു മരിച്ചവന്റെ നാവുകൊണ്ട് സംസാരിപ്പിച്ചോ കൺകാഴ്ചക്കു പ്രത്യക്ഷമാക്കിക്കൊടുത്ത് അവിശ്വാസികളുടെ കണ്ണുകളെ മാത്രം കവർന്നു അവരുടെ ഹൃദയാന്തരത്തെ വികസിപ്പിക്കാതെ അവർ വിശ്വസിക്കണമെന്ന് അല്ലാഹു ഇച്ഛിച്ചില്ല. എന്നാൽ ക്വുർആൻകൊണ്ട് ഹൃദയം വികസിക്കുകയും പ്രകാശമാനമാവുകയും ചെയ്തവർ ക്വുർആനിന്റെ ഇത്ര അപാരമായ അമാനുഷിക ശക്തികളിൽ ഒട്ടും സംശയിക്കുകയില്ല.

പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് ആത്മീയവംശം ശവസമാനമായി കെട്ടുനാറിയിരുന്ന അറേബ്യൻ ഹൃദയങ്ങളെ തുടിപ്പിക്കുവാനും ചലിപ്പിക്കുവാനും സജീവരായ ശുദ്ധാത്മാക്കളാക്കുവാനും അവരെക്കൊണ്ട് സുശക്തമായി സംസാരിപ്പിക്കുവാനും പരിശുദ്ധ ക്വുർആനിനു സാധിച്ചു. സുശക്തവും തേജോവാഹിയുമായ പരിശുദ്ധ ക്വുർആനിന്റെ സമഗ്രമായ വാക്വൈഭവം മരിച്ചവരെക്കൊണ്ട് സംസാരിപ്പിക്കുവാൻ പര്യാപ്തമാണെന്നതിനു വേറെ ഉദാഹരണം ആവശ്യമില്ല. പരിശുദ്ധ ക്വുർ

ആനിന്റെ ഈ അമാനുഷിക ശക്തി അന്നും അതിനു ശേഷവും വിള ങ്ങുന്ന അതിന്റെ ദിവ്യഗുണങ്ങളാണ്. ഈ അമാനുഷിക ശക്തി ഇന്നു നമുക്ക് അനുഭവപ്പെടുന്നില്ലെങ്കിൽ അതിന്റെ അനന്തരാവകാശിയായ ഇന്നത്തെ മുസ്‌ലിം ആ അമൂല്യസ്വത്തിനെ അവഗണിച്ചിരിക്കുകയാണ്. അതിന്റെ ഉത്തരവാദിത്തം പോലും അവൻ മറന്നിരിക്കുകയാണ്. ജീവാ ത്മാവ് തുറക്കപ്പെടുന്നത് ജീവാത്മാവിന്റെ യാത്രയയപ്പിനുവേണ്ടിയാണ്. ജീവനോടിരിക്കുന്നവരെ താക്കീതുചെയ്യുവാനുള്ള ക്വുർആൻ (36:70) ഇന്ന് ജീവിച്ചിരിക്കുന്നവരുടെ അധരങ്ങളിൽ നിന്നും ചെവികളിൽ നിന്നും ഹൃദയങ്ങളിൽ നിന്നും വിദൂരത്തിലാണ്.

പർവതങ്ങളെ ചലിപ്പിക്കുകയോ വീഴ്ത്തുകയോ തകർക്കുകയോ ചെയ്യാവുന്ന ഒരു ഗ്രന്ഥമുണ്ടാകുമായിരുന്നെങ്കിൽ ആ ഗ്രന്ഥം തന്നെയല്ലേ ഇന്നത്തെ മുസൽമാന്റെ വീട്ടിൽ, തൂക്കാലയുടെ മേൽത്ത ട്ടിൽ പൊടിപുരണ്ട് അവഗണനയുടെ അറ്റത്തേക്കു നീക്കിവെക്കപ്പെട്ടി ട്ടുള്ളത്. “ശുദ്ധിയുള്ളവരല്ലാതെ അതു സ്പർശിക്കുകയില്ല”(56:79). എന്നാൽ അതു തൊടുന്നതിൽ നിന്നുപോലും വിരമിക്കുന്നവർക്കുണ്ടോ വല്ല ശുദ്ധിയും?

അല്ലാഹുവിൽ നിന്നുള്ള മാർഗദർശനം പ്രത്യക്ഷമായ ശേഷം അതു വീക്ഷിക്കുവാനോ കേൾക്കുവാനോ പ്രഖ്യാപിക്കുവാനോ മനോഭാവമി ല്ലാത്തവർ തന്നെയാണ് സാക്ഷാൽ അന്ധന്മാരും ബധിരന്മാരും മൂകൻമാരും

## ക്വുർആൻകൊണ്ട് സംസാരിക്കട്ടെ

ക്വുർആൻ ലഭിച്ച ശേഷം അതുകൊണ്ട് സംസാരിക്കാത്തവർ ശാശ്വ തമായ പരലോകത്തും സംസാരിക്കുകയില്ല. അവർ മരിച്ചവർ മാത്രമാ യിരുന്നെങ്കിൽ അവർ സംസാരിക്കുമായിരുന്നു. മരിച്ചവരെക്കൊണ്ട് സംസാരിപ്പിക്കുവാൻ ശക്തിയുള്ള ക്വുർആൻകൊണ്ട് ഇന്ന് ആര് സംസാ രിക്കുന്നില്ലയോ അവരുടെ നില മരിച്ചവരെക്കാൾ നികൃഷ്ടവും ശോച നീയവുമത്രെ. കാരണം, “നരകാഗ്നിയിൽ അവർ ജീവിക്കുകയോ മരി ക്കുകയോ ഇല്ല”(87:13). “മരണം എല്ലായിടത്തുനിന്നും അവനെ നേരി ട്ടുചെല്ലും. പക്ഷേ, അവൻ മരിക്കുകയില്ല. അതിന്നപ്പുറവും കഠോര ശിക്ഷ”(14:17). “മരിച്ചുപോകാൻവേണ്ടി അവർ പ്രാർഥിക്കുകയും (എ ന്നാൽ അവരോടു പറയപ്പെടും): ഈ ദിനം ഒരേ മരണത്തിന്നായി വിളി ച്ചുകെഞ്ചേണ്ട. (ശാശ്വതമായി) സദാ ആവർത്തിക്കപ്പെടുന്ന) പല മരണ ങ്ങൾക്കായി വിളിച്ചുപറഞ്ഞോളൂ.” നിരാശയുടെ ആഴമറ്റ അഗാധതയിൽ പിണഞ്ഞ് ഹാ! ഞാൻ മരിച്ചുപോയെങ്കിൽ, ഞാൻ മണ്ണായിപ്പോയെങ്കിൽ എന്നു തീരാദുഃഖത്തിൽ വിലപിക്കേണ്ടിവരുന്നതിനെ ഭയപ്പെടുന്നവർ അല്ലാഹുവിന്റെ വചനത്തിൽ ഇപ്പോഴേ അഭയം പ്രാപിച്ചുകൊള്ളട്ടെ! ആ വിലാപം തന്നിലേക്കു മാത്രം എന്നെന്നേക്കും പ്രതിധ്വനിക്കാതെ, തന്റെ

വിളി അല്ലാഹുവിന്റെ കാരുണ്യമേറിയ കേൾവിക്കു പാത്രമാകുവാൻ ആശിക്കുന്നവൻ അല്ലാഹുവിന്റെ  കാരുണ്യമായ ക്വുർആൻകൊണ്ട് ഇപ്പോഴേ വിളിച്ചുപറയട്ടെ. ശാശ്വതമായ അന്ധതയിൽ നിന്നു രക്ഷ ആശിക്കുന്നവർ അല്ലാഹുവിങ്കൽ നിന്നുള്ള പ്രകാശമായ ക്വുർആനിന്റെ വെളിച്ചത്തിൽ സത്യം വീക്ഷിച്ചുകൊള്ളട്ടെ! ബധിരനാകുന്നതിനു പകരം 'കരുണാനിധിയായ റബ്ബിൽ നിന്നുള്ള സലാം എന്ന മൊഴി'(36:58)

കേൾക്കാൻ ഇച്ഛിക്കുന്നവൻ, അല്ലാഹുവിന്റെ രക്ഷയിലേക്കും സമാധാനത്തിലേക്കും ആശീർവാദത്തിലേക്കും നയിക്കുന്ന അവന്റെ ക്വുർആനിലെ മൊഴികളെ സശ്രദ്ധം ശ്രവിച്ചുകൊള്ളട്ടെ. കണ്ണുകൾ നിശ്ചേഷ്ടമായി മേലോട്ടു തുറിച്ചും കാഴ്ച അവരിലേക്കു തന്നെ തിരിച്ചടിച്ചും തലകൾ മേലോട്ടു തുറിച്ചും കാഴ്ച അവരിലേക്കു തന്നെ തിരിച്ചടിച്ചും തലകൾ മേൽപ്പോട്ടുയർത്തി നീട്ടിയും ഹൃദയങ്ങൾ ആശയറ്റു ശൂന്യമായും (14:42,43) പതിക്കുന്നതിനുപകരം ആ ദിനം ആശങ്കകളുടെയെല്ലാം സഫലീകരണവും സംതൃപ്തിയും പ്രാപിക്കുന്ന 'ശുദ്ധ സമ്പൂർണമായ ഹൃദയത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ ചെന്നെത്തുന്ന'തിനു (28:89) ആശിക്കുന്നവൻ ക്വുർആൻകൊണ്ടു അവന്റെ ഹൃദയത്തെ ശുദ്ധീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യട്ടെ!

ജീവിച്ചിരിക്കുന്നവർക്കുള്ള താക്കീതായ ക്വുർആൻകൊണ്ടു ചിന്തിക്കുകയും പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നവരാണ് സാക്ഷാൽ ജീവിക്കുന്നവരും ശാശ്വതമായ സൗഭാഗ്യത്തിൽ എത്തിച്ചേരുന്നവരും. അല്ലാഹുവിനും അവന്റെ റസൂലിനും സത്യവിശ്വാസികൾക്കും മാത്രമുള്ള ഇസ്സത്ത് ഇഹത്തിൽത്തന്നെ അവരിൽ വിളങ്ങിക്കാണും. ഇന്നത്തെ മുസ്‌ലിമിൽ നിന്നും വിദൂരമായിപ്പോയ ആ 'ഇസ്സത്തി'നെ വീണ്ടെടുക്കാൻ തൂക്കാലയിൽ കയറ്റിവെച്ച ക്വുർആനിനെ നാം  ചേർത്തണയ്ക്കുക.

ഇന്ത്യയിൽ ക്വുർആനിന്റെ പ്രകാശം ആദ്യം വീശിയ കേരളക്കരയുടെ ഇന്നത്തെ നില ഇതര പ്രദേശങ്ങളുടെതിനേക്കാൾ ശോചനീയമാണ്. ക്വുർആനിൽ പാണ്ഡിത്യം ലഭിച്ച ചിലരുണ്ടെങ്കിൽ അവർ ദൈവവചനങ്ങളെ പ്രഖ്യാപിക്കുന്നത് സ്വാർഥവും സ്വേച്ഛാപരവുമായ തുച്ഛലാഭത്തിനോ അല്ലെങ്കിൽ സമുദായത്തിൽ പരസ്പരം തർക്കവും സ്പർധയും വർധിപ്പിക്കുവാനോ ആണെന്നാണ് ഇന്നത്തെ അനുഭവം. അല്ലാഹുവിന്റെ മാർഗത്തിൽ ഭിന്നിക്കുകയും ഭിന്നിപ്പുണ്ടാക്കുകയും ചെയ്യുന്നവരുടെ ഭയങ്കര നിലയും അവർക്കുള്ള കഠിനശിക്ഷയും ക്വുർആൻ വാക്യങ്ങൾ 3:104, 30:32, 23:52,53, 43:64,65, 19:36,37, 45:17,42:14 എന്നിവ വ്യക്തമാക്കുന്നുണ്ട്.

"(സമുദായത്തിൽ) ഭിന്നിപ്പുണ്ടാക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല''(ബുഖാരി, മുസ്‌ലിം). മറ്റൊരു ഹദീസുപ്രകാരം "അല്ലാഹുവിന്റെ ദാസന്മാരിൽ ഉത്തമൻമാർ (പരസ്പരം) കാണുമ്പോൾ

അല്ലാഹുവിനെ സ്മരിക്കുകയും (സ്മരിപ്പിക്കുകയും) ചെയ്യുന്നവരാണ്. അല്ലാഹുവിന്റെ ദാസന്മാരിൽ ഏറ്റവും നികൃഷ്ടൻ (മറ്റുള്ളവരെ) കുറ്റം പറഞ്ഞു നടക്കുകയും സ്നേഹിതന്മാർക്കിടയിൽ സ്പർധയുണ്ടാക്കുകയും ഭക്തന്മാർക്കു വിഷമമുണ്ടാക്കുകയും ചെയ്യുന്നവരാണ്." ഈ നികൃഷ്ട ഗുണമല്ലേ ഇന്നു തഴച്ചുവളരുന്നത്.

ക്വുർആനിനെ നിരുപയോഗമാക്കി വ്യതിചലിച്ചു ജീവിക്കുന്ന ഭൂരിപക്ഷം. അവരുടെ വ്യതിചലനത്തിനു മൂർച്ചകൂട്ടുകയും ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുന്നവരായി ക്വുർആനിനെ ദുരുപയോഗപ്പെടുത്തുന്ന ന്യൂനപക്ഷം. ഈ കോലാഹലത്തിന്നിടയിൽ സമുദായാംഗങ്ങളെ അല്ലാഹുവിന്റെ മാർഗത്തിൽ ഇണക്കിച്ചേർക്കുവാൻ വേദനപ്പെടുന്ന ചുരുക്കം ചിലരുടെ വിളി പുറത്തേക്കു കേൾക്കുന്നില്ല. നഷ്ടത്തിൽ നിന്നു വിജയത്തിലേക്കു സമുദായത്തെ നയിക്കുവാൻ ഒരേയൊരു മാർഗമാണുള്ളത്. "നന്മയിലേക്കു (അല്ലെങ്കിൽ ക്വുർആനിലേക്ക് 2:105) ക്ഷണിക്കുകയും നല്ലതുകൊണ്ടു കല്പിക്കുകയും നിഷിദ്ധകാര്യങ്ങളെ വിരോധിക്കുകയും (ദൈവസന്ദേശമനുസരിച്ചു) ചെയ്യുന്ന ഒരു സംഘം മുന്നോട്ടുവരട്ടെ; അവരത്രെ വിജയികൾ. വ്യക്തമായ ദൃഷ്ടാന്തങ്ങൾ വന്നെത്തിയ ശേഷം ഭിന്നിച്ച് വ്യത്യസ്ത (കക്ഷികളായവ)വരെപ്പോലെ നിങ്ങൾ ആകരുത്." അവർക്കു കഠിനശിക്ഷയാണുള്ളത്. (3: 104,105)

"അല്ലാഹുവിങ്കൽ നിന്നു നിങ്ങൾക്കിത് വെളിച്ചവും വ്യക്തമായ ഗ്രന്ഥവുമായി വന്നെത്തിയിരിക്കുന്നു. അതുവഴി അല്ലാഹു അവന്റെ തൃപ്തി തേടുവന്നവരെ സമാധാന മാർഗങ്ങളിലേക്കു വഴികാണിക്കും. അവന്റെ ഉത്തരവാൽ അവരെ ഇരുട്ടുകളിൽ നിന്നു വെളിച്ചത്തിലേക്കു കൊണ്ടുവരികയും അവരെ നേർമാർഗത്തിലേക്കു വഴികാണിക്കുകയും ചെയ്യും."(5:15,16)

■